വാല്യം 19

കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

# ജനകീയാസൂത്ര

## വികസന റിപ്പോർട്ട




# വെളിയം ഗ്രാമപഞ്ചായത്ത്

# വെളിയം ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന്

ആശംസകൾ

## നായേഴ്സ് അസ്സോസിയേറ്റ്സ് & എക്സ്പോർട്ട്സ്

E. 131 അമർകോളനി,

ലജ്പത് നഗർ - IV, ന്യൂഡൽഹി - 110024. ഫോൺ. 6432575, 6441084, ഫാക്സ് 011 - 6462071, കേരളാ (R)0475 - 462459

## സുജിത് ഇന്റർനാഷണൽ

107 A. പോക്കറ്റ് - F, മയൂർവിഹാർ, ഫേസ് II, ഡൽഹി - 110091. ഫോൺ. 2476913 (R)

19-1



000001

വെളിയം ഗ്രാമപഞ്ചായത്ത്

വികസന സെമിനാറിന്

ആശംസകൾ

*


വെളിയം റീജണൽ കോ-ഓപ്പറേറ്റീവ് ബാങ്ക്

ക്ലിപ്തം നമ്പർ 4171

ഓടനാവട്ടം.


000002



ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്

കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി.

ചെയർമാൻ, സംസ്ഥാന ജനകീയ ആസൂത്രണ മാർഗോപദേശകസമിതി.

000003

ഉള്ളടക്കം


- നാം മുന്നോട്ട്
- പഞ്ചായത്തു പൊതു വിവരണം
- സാമൂഹിക സാംസ്കാരിക ചരിത്രം
- ഭൂപ്രകൃതിയും വിഭവങ്ങളും
- വികസനമേഖലകളുടെ അവലോകനം
  - കൃഷിയും ജലസേചനവും
  - മൃഗസംരക്ഷണവും മത്സ്യകൃഷിയും
  - വ്യവസായം
  - വിദ്യാഭ്യസം
  - കുടിവെള്ളവും പൊതുജനാരോഗ്യവും
  - ഗതാഗതം, ഊർജ്ജം
  - പാർപ്പിടവും സാമൂഹികക്ഷേമവും
  - സംസ്കാരം, യുവജനക്ഷേമം
  - വനിത
  - സഹകരണം
  - പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
  - വിഭവസമാഹരണം
- ഉപസംഹാരം


000005

# നാം മുന്നോട്ട്

എട്ട് പഞ്ച് വത്സരപദ്ധതികൾ പിന്നിട്ട നാം ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഒമ്പതാം പദ്ധതിയ്ക്ക് രൂപം കൊടുക്കുകയാണ്. അധികാരം ജനങ്ങളിലേക്ക് എന്ന സാധാരണ ജനത്തിന്റെ സങ്കൽപ്പത്തിൽ പോലുമില്ലാതിരുന്ന ആശയം ,ഇതാ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. വോട്ടുചെയ്യാനുള്ള ബാധ്യതയിൽ മാത്രം തളക്കപ്പെട്ടിരുന്ന ജനത്തെ ആവശ്യങ്ങൾ തിട്ടപ്പെടുത്താൻ, നിർവ്വഹിക്കാൻ, അവലോകനം നടത്തുവാൻ അധികാരി വൃന്ദം മാടിവിളിക്കുന്നു.

വെളിയം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണത്തിന്റെ തനതായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ഒന്നും രണ്ടും ഘട്ട പരിശീലനങ്ങളും വിശേഷാൽ ഗ്രാമസഭകളും പൂർത്തീകരിച്ച് അടുത്തഘട്ടത്തിലേക്ക് നമ്മൾ നീങ്ങുകയാണ്. നാളിതുവരെ നമുക്ക് നേരിട്ട് അനുഭവപ്പെട്ടിട്ടില്ലാത്ത ഈ പുതിയ സംരംഭത്തെ നാം ഏവരും കൗതുകത്തോടെ വീക്ഷിക്കുകയും വർദ്ധിച്ച വിശ്വാസം അർപ്പിക്കുകയുമാണ്. ഈ വികസനരേഖ തയ്യാറാക്കുന്നതിൽ ഈ പഞ്ചായത്തിലും വെളിയിലുമുള്ള പലരുടേയും നിസീമമായ സഹകരണം ലഭിച്ചിട്ടുണ്ട്. നാളിതുവരെ ലഭിക്കാതിരുന്ന പല രേഖകളും ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ സെസ്സിലെ ഉദ്യോഗസ്ഥനായ ശ്രീ. കുമരേശൻ, വി.ഇ.ഒ. ശ്രീ. എം. സജീവ്, ഡി.ആർ.പി. മാരായ ശ്രീ.റ്റി.ജി. അരവിന്ദാക്ഷൻ, ശ്രീ. എം. ശിവരാജൻ, പഞ്ചായത്തു മെമ്പർ ശ്രീ. വെളിയം ശ്രീ. ശ്രീകുമാർ എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്. വെളിയം ഗ്രാമപഞ്ചായത്ത് ഒമ്പതാം പദ്ധതിയോടനുബന്ധിച്ചുള്ള ആസൂത്രണ പ്രവർത്തനങ്ങളിൽ അഹോരാത്രം പങ്കാളികളായ നാട്ടുകാരോടും ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടുമുള്ള അകൈതവമായ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

നേട്ടങ്ങളിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് ജനപങ്കാളിത്വത്തിന്റെ വിജയഗാഥയുമായി നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനുള്ള തീവ്ര യജ്ഞത്തിൽ നമുക്ക് പങ്കാളി കളാകാം. ഗ്രാമങ്ങളിൽ ഭാരതത്തിന്റെ ആത്മാവിനെ ദർശിച്ച രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെയും കേരളത്തിൽ ഈ മഹാ പ്രസ്ഥാനത്തിന്റെ ശിൽപ്പിയായ ശ്രീ. ഇ.എം.എസിന്റേയും കാഴ്ചപ്പാടുകളെ സാക്ഷാ ത്കരിക്കാനുള്ള കടമ നമുക്ക് ഏറ്റെടുക്കാം.

എന്ന്
സ്നേഹാദരങ്ങളോടെ

എസ്. ഗോപാലകൃഷ്ണപിള്ള
പ്രസിഡന്റ്



900000

# മുൻ പ്രസിഡന്റന്മാർ

ഉദിയന്നൂർ ജി. ചന്ദ്രൻപിള്ള

കുടവട്ടൂർ മാധവൻ പിള്ള

ഡി. കുഞ്ഞുകുഞ്ഞ്

ജി. നാരായണപിള്ള

കെ. ശ്രീധരൻ

കെ. കുമാരൻ നായർ

എൻ. ഗോപാലകൃഷ്ണൻ

000007

# 1. പഞ്ചായത്തു പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | വെളിയം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | വെളിയം, ഓടനാവട്ടം |
| ബ്ലോക്കുപഞ്ചായത്ത് ഡിവിഷനുകൾ | വെളിയം എ., വെളിയം ബി. |
| ബ്ലോക്കു പഞ്ചായത്ത് | കൊട്ടാരക്കര |
| ജില്ലാപഞ്ചായത്ത് | കൊല്ലം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | വെളിയം |
| നിയമസഭാ നിയോജകമണ്ഡലം | നെടുവത്തൂർ (എസ്.സി) |
| ലോകസഭാമണ്ഡലം | അടൂർ (എസ്.സി) |
| ജില്ലാ | കൊല്ലം |
| താലൂക്ക് | കൊട്ടാരക്കര. |
| വിസ്തീർണ്ണം | 30.28 ച.കി.മീ. |
| അതിരുകൾ | വടക്ക് കൊട്ടാരക്കര, നെടുവത്തൂർ, ഉമ്മന്നൂർ ഗ്രാമപഞ്ചായത്തുകൾ.<br>തെക്ക് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ് കരീപ്ര ഗ്രാമപഞ്ചായത്ത്<br>കിഴക്ക് ഇളമാട് ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| ജനസംഖ്യ | 29927 |
| സാക്ഷരതാ നിരക്ക് | 93.11% |
| വാർഡുകളുടെ എണ്ണം | 12 |

000008

## *പഞ്ചായത്ത് ഭരണസമിതി*

ശ്രീ. എസ്. ഗോപാലകൃഷ്ണപിള്ള (പ്രസിഡന്റ്)

ശ്രീ. റ്റി. പ്രസാദ് (വൈസ് പ്രസിഡന്റ്)

ശ്രീ. എൻ. ഗോപാലകൃഷ്ണൻ *(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)*

ശ്രീമതി. പി. പൊന്നമ്മ

ശ്രീ. ജി. തോമസ്

ശ്രീമതി. അന്നമ്മാ ജോർജ്ജ്

ശ്രീമതി. എൽ. ശ്യാമളകുമാരി

ശ്രീ. എൻ.കെ. കൃഷ്ണകുമാർ

ശ്രീ. വെളിയം ശ്രീകുമാർ

ശ്രീ. എം. ശ്രീകുമാർ

ശ്രീ. കുഞ്ഞച്ചൻ വർഗ്ഗീസ്

ശ്രീമതി. പ്രഭാവതിയമ്മ ഗോപാലകൃഷ്ണപിള്ള

---

ബ്ലോക്ക് പഞ്ചായത്ത് മെമ്പറന്മാർ

ശ്രീ. സി. രാജു (വെളിയം - എ)

ശ്രീ. എം. രാജീവ് (വെളിയം - ബി.)

---

ജില്ലാ പഞ്ചായത്ത് മെമ്പർ

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ

## പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**എസ്. ഗോപാലകൃഷ്ണപിള്ള**
*പ്രസിഡന്റ്*



**റ്റി. പ്രസാദ്**
*വൈ. പ്രസിഡന്റ്*



**എൻ. ഗോപാലകൃഷ്ണൻ**
*സ്റ്റാ.കമ്മിറ്റി ചെയർമാൻ*



**എൽ.ശ്യാമളകുമാരി**
*മെമ്പർ*



**ജി. തോമസ്**
*മെമ്പർ*



**അന്നമ്മ ജോർജ്**
*മെമ്പർ*



**എൻ. കെ. കൃഷ്ണകുമാർ**
*മെമ്പർ*



**പ്രഭാവതി അമ്മ**
*മെമ്പർ*



**കുഞ്ഞച്ചൻ വർഗീസ്**
*മെമ്പർ*



**വെളിയം ശ്രീകുമാർ**
*മെമ്പർ*



**എം. ശ്രീകുമാർ**
*മെമ്പർ*



**പൊന്നമ്മ**
*മെമ്പർ*



എഴുകോൺ നാരായൺ M.L.A.



കെ. ആർ. ചന്ദ്രമോഹൻ
*ജില്ലാ പഞ്ചായത്ത് മെമ്പർ*



സി. രാജു
*ബ്ലോക്ക് പഞ്ചായത്ത് മെമ്പർ*



എം. രാജീവ്
*ജില്ലാ പഞ്ചായത്ത് മെമ്പർ*

സൂപ്രണ്ട് ശ്രീ. യൂസഫ് കുഞ്ഞിന് പഞ്ചായത്തു കമ്മിററിയും ജീവനക്കാരും ഡി.ആർ.പി. ശ്രീ. ടി.ജി. അരവിന്ദാക്ഷനും ചേർന്നു നല്കിയ യാത്രയയപ്പ്



000012

## വാർഡുകളുടെ വിവരം

| വാർഡ് നമ്പർ | വാർഡുകളുടെ പേര് |
|---|---|
| 1 കുടവട്ടൂർ | ജനറൽ മണ്ഡലം |
| 2 മാരൂർ | ജനറൽ മണ്ഡലം |
| 3 മുട്ടറ | വനിതാസംവരണമണ്ഡലം |
| 4 വെളിയം പടിഞ്ഞാറ്റിൻകര എ. | പട്ടികജാതി സംവരണമണ്ഡലം |
| 5 വെളിയം പടിഞ്ഞാറ്റിൻകര ബി. | ജനറൽ മണ്ഡലം |
| 6 കട്ടയിൽ | വനിതാസംവരണമണ്ഡലം |
| 7 പരുത്തിയറ | പട്ടികജാതി വനിതാസംവരണമണ്ഡലം |
| 8 വെളിയം | ജനറൽ മണ്ഡലം |
| 9 മാലയിൽ | ജനറൽ മണ്ഡലം |
| 10 കളപ്പില | ജനറൽ മണ്ഡലം |
| 11 ഓടനാവട്ടം | ജനറൽ മണ്ഡലം |
| 12 ചെപ്ര | വനിതാസംവരണമണ്ഡലം |

0000130


MAP OF
VELIYAM
GRAMA PANCHAYAT
DISTRICT QUILON
TALUK KOTTARAKKARA
KOTTARAKARA VILLAGE.
NEDUVATTOOR VILLAGE.
UMMANNOOR VILLAGE
KAREEPRA VILLAGE.
ELAMAD VILLAG
POOYAPALLY VILLAGE
1 KUDAVATOOR. WARD.
2 MARDOR WARD.
3 MUTTARA WARD.
4 VELIYAM PADINJATTINKARA WARD.
5 PADINJATINKARA THEKKU. WARD
6 KATTAYIL WARD
7 PARUTHIYAKA WARD
8 VELIYAM TOWN WARD.
9 MALAYIL WARD.
10 KALAPPILA WARD
11 ODANAVATTOM WARD
12 CHEPRA WARD.

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. സർവ്വശ്രീ. കെ.ജി. രാധാകൃഷ്ണപിള്ള (കൺവീനർ)
2. " റ്റി.ജി. അരവിന്ദാക്ഷൻ
3. " എം. സജീവ് (വി.ഇ.ഒ. വെളിയം)
4. " കെ.എൻ. സഹദേവൻ
5. " എൻ. ശിവരാജൻ
6. " ആർ. തങ്കപ്പൻനായർ
7. " എൽ. മത്തായിക്കുട്ടി
8. " ശിവദാസപ്പണിക്കർ (കൃഷി ഓഫീസർ)
9. " ഡോ. ആർ.സജീവ് (വെറ്റിനറി സർജൻ)
10. " എസ് നടേശൻ
11. " എം.ബി. പ്രകാശ്
12. " ജി. ഉദയകുമാർ

AAA0015

## കോർ ഗ്രൂപ്പ് കൺവീനർമാർ

| | |
|---|---|
| 1. കൃഷിയും ജലസേചനവും | ശ്രീ. ആർ. തങ്കപ്പൻനായർ |
| 2. മൃഗസംരക്ഷണം, മത്സ്യബന്ധനം | ശ്രീ. റ്റി. പ്രസാദ് (വൈസ് പ്രസിഡന്റ്) |
| 3. വ്യവസായം | ശ്രീ. എം. സജീവ് (വി.ഇ.ഒ.,വെളിയം) |
| 4. ഊർജ്ജം ഗതാഗതം | ശ്രീ. ജി. തോമസ് |
| 5. പാർപ്പിടവും സാമൂഹ്യക്ഷേമം | ശ്രീ. എൻ. കെ. കൃഷ്ണകുമാർ |
| 6. ആരോഗ്യം കുടിവെള്ളം | ശ്രീ. എൻ. ശിവരാജൻ |
| 7. വിദ്യാഭ്യാസം | ശ്രീ. റ്റി.ജി. അരവിന്ദാക്ഷൻ |
| 8. സംസ്കാരം, യുവജനക്ഷേമം | ശ്രീ. വെളിയം ശ്രീകുമാർ |
| 9. വനിത | ശ്രീമതി. എൽ. ശ്യാമളകുമാരി |
| 10. സഹകരണം | ശ്രീ. കെ.എൻ. സഹദേവൻ |
| 11. പട്ടികജാതി പട്ടികവർഗ്ഗവികസനം | ശ്രീ. സി. രാജു (ബ്ലോക്ക് മെമ്പർ) |
| 12. വിഭവസമാഹരണം | ശ്രീ. എം. രാജീവ് (ബ്ലോക്ക് മെമ്പർ) |


ഇൻഡ്യാ
72°
88°
28°
12°
0 600 കി.മി.


കേരളം
75°
76°
77°
12°
11°
10°
9°
0 80 കി.മി.


കൊല്ലം
ബ്ലോക്കുകൾ
0 10 കി.മി.
പത്തനാപുരം
അഞ്ചൽ
ഓച്ചിറ
ശാസ്താംകോട്ട
വെട്ടിക്കവല
കരുനാഗപ്പള്ളി
വെട്ടിക്കവല.
ചിറ്റുമല
ചവറ
കൊട്ടാരക്കര
ചടയമംഗലം
അഞ്ചാലുംമൂട്
മുഖത്തല
ഇത്തിക്കര




Source : PRM Programme, CESS

00000018

# MAP OF VELIYAM PANCHAYAT




N. Revelendran
Achar
F. G. D.



# സാമൂഹ്യ സാംസ്കാരിക ചരിത്രം

നമ്മുടെ സാംസ്കാരിക പൈതൃകത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ മഹത് വ്യക്തികളുടെ നാടാണ് വെളിയം. ഒരുമയുടേയും സാഹോദര്യത്തിന്റേയും നേട്ടങ്ങൾ പേറി വെളിയം എവിടെയും അറിയപ്പെടുന്നു. സാംസ്കാരിക രംഗത്തെ നായകന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, വിദ്യാഭ്യാസരംഗത്ത് നേട്ടങ്ങൾ കൊയ്ത പ്രഗത്ഭർ, ഔദ്യോഗിക രംഗത്തെ പ്രമുഖർ, അപൂർവ്വമായ സാമൂഹിക പശ്ചാത്തലം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ.

കഥകളി, ഹരികഥ, ഓട്ടൻതുള്ളൽ, ശാസ്താംപാട്ട്, പുരാണപാരായണം, മരമടി മഹോത്സവം, കാക്കാരിശ്ശി നാടകം, കമ്പടി കളി, ഭാരതക്കളി, തിരുവാതിര തുടങ്ങിയ കലാരൂപങ്ങൾ വെളിയത്തിന്റെ തനതായ കലാരൂപങ്ങളായി നിലനിന്നിരുന്നു. ഒരു കാലഘട്ടത്തിൽ കഥകളിയ്ക്ക് നേതൃത്വം നൽകിയ ചിറക്കര ആശാൻ, പ്രശസ്ത കഥകളി നടൻ വെളിയം ഗോപാലപിള്ള, കുടവട്ടൂർ ഉമ്മിണികുറുപ്പ്, വാമനൻ നമ്പൂതിരി എന്നിവർ കഥകളി രംഗത്ത് നമ്മുടെ നാടിന്റെ സംഭാവനയാണ്. കെ.പി.എ.സി. യുടെ സംഘാടകരിൽ ഒരാളായിരുന്ന വെളിയം പടിഞ്ഞാറ്റിൻകര ഇടയിലഴികത്തുവീട്ടിൽ ശ്രീ. ഭാസ്കരപണിക്കർ, നാടകരംഗത്ത് പ്രശസ്തരായ ശ്രീ. വെളിയം ചന്ദ്രൻ പിൽക്കാലത്ത് ചലചിത്രരംഗത്ത് തന്റെ പ്രഗാത്ഭ്യം തെളിയിച്ചിട്ടുണ്ട്.

1940 കളിൽ നാടുവാഴി, ജന്മി, ഭൂപ്രഭുത്വത്തിനെതിരായി ഒട്ടനവധി പ്രവർത്തനങ്ങൾ വെളിയത്ത് നടന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ നൽകിയ സംഭാവനകൾ സ്മരണീയമാണ്. പിൽക്കാലത്ത് നമ്മുടെ നാട്ടിൽ സ്ഥിതി സമത്വം നിലനിർത്തുവാനും സാഹോദര്യം കാത്തുസൂക്ഷിക്കുവാനും പ്രസ്തുത സംരംഭങ്ങൾക്ക് കഴിഞ്ഞു. ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളിൽ ശ്രീ. വെളിയം ദാമോദരൻ, ശ്രീ. മുനപ്പമൺ ശ്രീധരൻ തുടങ്ങിയവർ രാഷ്ട്രീയരംഗത്തും സാംസ്കാരികരംഗത്തും അവിസ്മരണീയമായി ഒട്ടനവധി ചരിത്രമുഹൂർത്തത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളവരാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് ഒളിസങ്കേതങ്ങൾ ഒരുക്കുന്നതിൽ നിസ്വാർത്ഥമതികളായ രാഷ്ട്രീയ നേതാക്കൾക്ക് അഭയസങ്കേതവും പ്രവർത്തന സൗകര്യവും നൽകുന്നതിനും വെളിയത്തിന്റെ പല പ്രദേശങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. ശ്രീ. വെളിയം ദാമോദരൻ ഏറ്റവും കൂടുതൽ ഒളിവു ജീവിതം നയിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പടുത്തുയർത്തിയ ജനനേതാവാണ്. സഹകരണരംഗത്തും ഗ്രന്ഥശാലാപ്രസ്ഥാനത്തിനും രാഷ്ട്രീയരംഗത്തും വിലപ്പെട്ട സേവനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.സി.പി.ഐ. യുടെ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിൽ സംസ്ഥാനത്തൊട്ടാകെയുള്ള ജനങ്ങളുടെ ആദരണീയനായി മാറിയ ശ്രീ. വെളിയം ഭാർഗ്ഗവൻ വെളിയം പഞ്ചായത്തിന്റെ ആദ്യകാല മെമ്പർമാരിൽ ഒരാളായിരുന്നു. രണ്ട് തവണ എം.എൽ.എ. യായും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അദ്ദേഹം വെളിയത്തിന്റെ അഭിമാനമാണ്. വെളിയത്തിന്റെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉദിയന്നൂർ ചന്ദ്രൻപിള്ളയാണ്. ശ്രീ. കുടവട്ടൂർ മാധവൻപിള്ള, ശ്രീ. കുഞ്ഞുകുഞ്ഞ് ഓടനാവട്ടം ശ്രീ. ജി. നാരായണപിള്ള,



000020

ശ്രീ. കെ. ശ്രീധരൻ, ശ്രീ. കെ. കുമാരൻനായർ, ശ്രീ. എൻ. ഗോപാലകൃഷ്ണൻ എന്നിവർ പിൽക്കാലത്തെ പഞ്ചായത്ത് പ്രസിഡന്റു മാരായിരുന്നു. 1951 ൽ വെളിയം പഞ്ചായത്ത് പ്രവർത്തനം ആരംഭിക്കുമ്പോൾ ഇപ്പോഴത്തെ ആയുർവേദ ആശുപത്രിയായ പരുത്തിയറ കേശവൻമുതലാളിയുടെ കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. ആദ്യകാല പഞ്ചായത്തു ജീവനക്കാരുടെ കൂട്ടത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചവരിൽ ശ്രീ. എൻ. വിദ്യാധരൻ, ഗാന്ധിശ്രീധരൻ എന്നിവരുടെ പേരുകൾ ഇവിടെ സ്മരണീയമാണ്.

വെളിയത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അടിസ്ഥാന കാരണവും നമ്മുടെ സാംസ്കാരിക പശ്ചാത്തലവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളും ഭംഗിയുമാണ്. കാർഷിക വൃത്തി തൊഴിലാക്കിയ തൊഴിലാളികൾ കനകംവിളയിക്കുന്ന മണ്ണാണ് വെളിയത്തിന്റേത്. ഇന്ത്യയുടെ ഭൂപടത്തിൽ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയരം കൂടിയ മലയുള്ള നമിക്കാംകുന്ന് വെളിയത്തിന്റെ തിലകക്കുറിയാണ്. അഞ്ചുവർഷം കൂടുമ്പോൾ ഭൂപടസർവ്വേ നടത്തുവാൻ ഉദ്യോഗസ്ഥന്മാർ ഇവിടെയെത്തുന്നു. ഇന്നും നിലനിൽക്കുന്ന പുലിച്ചാണും വന്യമൃഗസങ്കേതവുമായിരുന്ന മുട്ടറ മരുതിമല നമ്മുടെ പ്രകൃതി രമണിയതയുടെ മറ്റൊരു ഉദാഹരണമാണ്. വാനരക്കൂട്ടവും പാറകുളവും മരുതിമലയുടെ പ്രത്യേകതയാണ്. പാറയിൽ നിന്നും ഊറിവരുന്ന ഔഷധമൂല്യമുള്ള ജലം ലഭിക്കുന്ന കന്യാർകുഴിപാറ വെളിയത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. പുല്ലുകൊണ്ടുള്ള കൂടാരവും പുലിച്ചാണും രഥം ഉരുണ്ടപാടും ഏത് കാലാവസ്ഥയിലും ശുദ്ധജലം ലഭിക്കുന്ന ആയിരവല്ലിപ്പാറയും വെളിയത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്. മണ്ടക്കാട് പാറ, കുടവട്ടൂരിലെ ചാവരു പാറ, മഞ്ചാടിപ്പാറ വെളിയത്തെ കോട്ടേപ്പാറ, വെളിയം പടിഞ്ഞാറ്റിൻകരയിലെ അറവലക്കുഴിപ്പാറ എന്നിവ വെളിയത്തിന്റെ പുരാതന സ്മരണകളായി സ്ഥിതിചെയ്യുന്നു. 35 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന വെളിയത്തെ കിളിമരം വെളിയത്തിന് കിളിമരംമുക്ക് എന്ന പേര് സംഭാവന ചെയ്തു. പുരാതന ആചാരാനുഷ്ഠാനങ്ങളായിരുന്ന കാവ് തീണ്ടലും വേട്ടയാടലും ഇവിടെ നിലനിന്നതിന്റെ ഓർമ്മയ്ക്കായി വെളിയം അഞ്ച്മൂർത്തി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് പള്ളിവേട്ട ക്ഷേത്രത്തിൽ നിന്നും കിളിമരം മുക്കിൽ ഇന്നും എത്തുന്നു. വെളിയം ഗ്രാമപഞ്ചായത്തിന്റെ ശ്രേഷ്ഠമായ സാംസ്കാരിക സ്മരണകളിൽ മുതിർന്ന തലമുറയിൽപ്പെട്ട ആളുകളുടെ ഓർമ്മയിൽ വെളിയം കിളിമരംമുക്ക് ചരിത്രം ഉറങ്ങുന്ന സ്ഥലമാണ്. വെളിയം പഞ്ചായത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ വെളിയം അഞ്ചുമൂർത്തിക്ഷേത്രം, പുല്ലാഞ്ഞിക്കാട് ശ്രീ. ഗുരുഗ്വേശ്വരം മഹാവിഷ്ണുക്ഷേത്രം, കട്ടയിൽ പാലക്കോട് ഭഗവതീക്ഷേത്രം തുടങ്ങിയവ അതിപ്രശസ്തങ്ങളാണ്. ഇവയിൽ പടിഞ്ഞാറോട്ട് ദർശനമുള്ള ഏക ക്ഷേത്രമാണ് പുല്ലാഞ്ഞിക്കാട് ക്ഷേത്രം. ഈ ക്ഷേത്രത്തിലെ കൊടിയേറ്റ് ഉത്സവവുമായി ബന്ധപ്പെട്ടാണ് തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവച്ച ടങ്ങുകൾ ആരംഭിക്കുന്നത്.

ചരിത്രപശ്ചാത്തലം പരിശോധിക്കുമ്പോൾ വെളിയൻ എന്ന രാജാവിന്റെ ഭരണത്തിൻകീഴിൽ ഉള്ള ഒരു രാജ്യമായിരുന്നു വെളിയം എന്നും ഓയൂർ ചുങ്കത്തറ തെക്കേ അതിർത്തിയും ഓടനാവട്ടം ചുങ്കത്തറ വടക്കേ അതിർത്തിയും ആയിരുന്നെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. മുട്ടറയിലുള്ള ഇരവിയും കട്ടയിലുള്ള ആദിച്ചനും രാജാവിന്റെ ചുങ്കം പിരിവുകാർ ആയിരുന്നു. പിന്നീട് രാജാവ് ഇവരെ തൂക്കിലേറ്റിയതായി കഥകളുണ്ട്. അമ്പിയിലഴികത്ത് കാവിനടുത്തുള്ള കളിത്തട്ട് വഴിയാത്രക്കാരുടെ വിശ്രമസങ്കേതമായിരുന്നു. അത് ഇന്നും

സാംസ്കാരിക പൈതൃകമായി ഇന്നും നിലനിൽക്കുന്നു. ഓടനാവട്ടത്ത് ജംഗ്ഷനിൽ സ്ഥിതി ചെയ്തിരുന്ന ഇരുമ്പറുപ്പ് മരം 40 വർഷങ്ങൾക്കു മുമ്പ് മുറിച്ചു മാറ്റി. അപൂർവ്വമായ ഈ മരം സംഭാവന ചെയ്ത ഇരുമ്പറുപ്പുമുക്ക് (ഓടനാവട്ടം) ഇന്ന് വിസ്മൃതിയിലാണ്ടുപോയി.

ക്ഷേത്രങ്ങളും ക്രൈസ്തവദേവാലയങ്ങളും മുസ്ലീം പള്ളികളും ഇടകലർന്ന നമ്മുടെ ആരാധനാ സമ്പ്രദായം സാഹോദര്യത്തിന്റേയും മതമൈത്രിയുടേയും ഉതാത്തമായ പ്രതീകങ്ങളാണ്. അതി പ്രശസ്തമായ വെളിയത്ത് അഞ്ചുമൂർത്തിക്ഷേത്രം പാലയ്ക്കോട് ദേവീക്ഷേത്രം പുല്ലാഞ്ഞിക്കാട് ഗുരുഗ്വേശ്വരം ക്ഷേത്രം പൂവണശിവക്ഷേത്രം, ഇടപ്പാംകോണം ഭഗവതിക്ഷേത്രം, പുതുവാ കുരിശാലാ ദേവീക്ഷേത്രം, ചെപ്ര ഉടയൻകാവ്ക്ഷേത്രം പരുത്തിയറ അയ്യപ്പക്ഷേത്രം, വെളിയം സുബ്രഹ്മണ്യസ്വാമിക്ഷേത്രം, മാലയിൽ ദേവീക്ഷേത്രം, കുടവട്ടൂർ ശിവശാസ്താക്ഷേത്രം, മാരൂർ ദുർഗ്ഗാദേവീക്ഷേത്രം, ചെറുകരക്കോണം പരബ്രഹ്മക്ഷേത്രം, മുട്ടറ ഇണ്ടിളയപ്പൻക്ഷേത്രം, കട്ടയിൽകാവിൽ ഭഗവതീക്ഷേത്രം, വെളിയം പടിഞ്ഞാറ്റിൻകര കാവിൽ ഭഗവതിക്ഷേത്രം തുടങ്ങിയവയും ക്രൈസ്തവ ആരാധനാലയങ്ങളായ ഓടനാവട്ടം മാർത്തോമ്മാപള്ളി, സിറിയൻ കത്തോലിക്കാപള്ളി, വാപ്പാല സിറിയൻ കത്തോലിക്കാപള്ളി, ഓടനാവട്ടം സെന്റ്ജോർജ്ജ് ഓർത്തഡോക്സ് പള്ളി, മലപ്പുത്തൂർ സിറിയൻ കത്തോലിക്കാപള്ളി, ഓടനാവട്ടം ശാരോൻ ഫെലോഷിപ്പ് ചർച്ച്, പരുത്തിയറ ദി പെന്തക്കോസ്ത് ചർച്ച്, മുട്ടറ സാൽവേഷൻ ആർമി, വാപ്പാല ദി പെന്തക്കോസ്ത് ചർച്ച, ചെപ്ര സാൽവേഷൻ ആർമി, ഓടനാവട്ടം സി.എസ്സ്.ഐ. ചർച്ച്, ഐ.പി.സി. ഓടനാവട്ടം, കൊട്ടറ മലങ്കരപള്ളി, ഐ.പി.സി. ആറ്റുവാരം, തുറവൂർ ബാപ്റ്റിക്സ് ചർച്ച്, ഓടനാവട്ടം ബ്രദറൺ ചർച്ച് തുടങ്ങിയവ മതമൈത്രിയുടെ പ്രതീകങ്ങളാണ്. ആശാൻ പടിയിൽ സ്ഥിതിചെയ്യുന്ന പഴയപള്ളി, വെളിയം പഞ്ചായത്തിലെ സ്ഥാപിതമായ അതി പുരാതനമായ പള്ളിയാണ്. നാനാ ജാതിമത സ്ഥരുടേയും വിശ്വാസ സ്ഥലമാണവിടം. വെളിയം പടിഞ്ഞാറ്റിൻകരയിലുള്ള മുസ്ലീം പള്ളിയും (മസ്ജിത്ത്) നമ്മുടെ മൈത്രീ ബന്ധം വെളിവാക്കുന്നു.

സാംസ്കാരിക രംഗത്തെ നവോത്ഥാന കാലഘട്ടത്തിൽ തന്നെ വെളിയം പഞ്ചായത്തിൽ വായനശാല സ്ഥാപിക്കപ്പെട്ടിരുന്നു. ശ്രീ. ദാമോദരദീക്ഷിതരും ശ്രീ. കുമാരനും ചേർന്ന് കളപ്പിലാ വായനശാലയും, ശ്രീ. ചെമ്പകശ്ശേരി പരമേശ്വരൻ പിള്ളയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സ്ഥാപിതമായകുടവട്ടൂർ ദേശ സേവിനി വായന ശാലയും വെളിയം പടിഞ്ഞാറ്റിൻ കരയിൽ സ്ഥിതിചെയ്യുന്ന ജനതാ വായന ശാലയും, മുട്ടറ ഹരിജൻ വായനശാല, ഓടനാവട്ടത്ത് പഞ്ചായത്ത് ലൈബ്രറി ചെറുകരക്കോണം വിവേകോദയം വായനശാല, ചെപ്ര വിഞ്ജാനപോഷിണി വായനശാലയും മാരൂർ ധമനി വായന ശാലയും നാമമാത്രരീതിയിൽ പ്രവർത്തിക്കുന്ന പരിത്തിയറ കോളനിൽ സ്ഥിതിചെയ്യുന്ന ഹരിജൻ വായന ശാലയും, വെളിയം ശ്രീനാരായണ ലൈബ്രറിയും, സാംസ്കാരികതയുടെ വെളിപ്പെടുത്തലുകളാണ്. ചരിത്രം ഉറങ്ങുന്ന കായില എസ്. കെ.വി. യു.പി.എസ്സ് സാംസ്കാരിക നായകൻമാരുടെ പാദസ്പർശമേറ്റ പുണ്യഭൂമിയാണ്.

1935 ൽ സംസ്കൃത സ്കൂൾ സ്ഥാപിച്ച ശ്രീ. തോട്ടുവ നാരായണൻസാർ സാംസ്കാരിക വിദ്യാഭ്യാസരംഗത്ത് സ്മരണീയനാണ്. സിംഗപ്പൂർ മലയാള സമാജത്തിന്റെ സെക്രട്ടറി എന്നനിലയിൽ വർഷങ്ങളായി പ്രവർത്തിച്ച ശ്രീ. എൻ. സി. കട്ടേൽ നമ്മുടെ നാടിന്റെ മറ്റൊരു സാംസ്കാരിക സമ്പത്താണ്.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അദ്ധ്യാപകനായ പ്രൊ. അലിയാര് നാടകരംഗത്തും ചലച്ചിത്രരംഗത്തും നമ്മുടെ അഭിമാനമാണ്. സിനിമയിൽ ഒട്ടനവധി കഥാപാത്രങ്ങളെ അവതരിപ്പിക്കുവാൻ അവസരം ലഭിച്ച ശ്രീമതി.

വെളിയം ആനന്ദവല്ലി പ്രഗത്ഭരായ അനേകം നടികൾക്ക് തന്റെ ശബ്ദം നൽകി ഇന്നും സിനിമാരംഗത്ത് പ്രവർത്തിച്ചുവരുന്നു. പുരാണപാരായണത്തിലൂടെ ഒരു തലമുറയുടെ ശ്രദ്ധ പിടിച്ചുപറ്റിയ ശ്രീ. വെളിയം രാമകൃഷ്ണപിള്ള വെളിയത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ സ്മരണീയനാണ്. പ്രശസ്ത വയലിൽ വിദ്വാൻ മുട്ടറ എൻ. രവീന്ദ്രൻ റേഡിയോ ടെലിവഷൻ രംഗത്ത് ശോഭിക്കുന്നു. സംഗീതരംഗത്ത് ശ്രീ. ഗോപിക്കുട്ടൻ ഭാഗവതർ സംഗീത വിദ്വാൻ ശ്രീ. കളിയിലിൽ നാരായണൻ ഭാഗവതർ തകിലിൽ നാദബ്രഹ്മം ഉയർത്തിയ ശ്രീ. കെ.വി. ഗംഗാധരപണിക്കർ എന്നിവർ

വെളിയത്തിന്റെ കലാരംഗത്തെ സംഭാവനകളാണ്. ദേശീയ സ്വാതന്ത്ര്യ സമരത്തിലും ഉത്തരവാദഭരണപ്രക്ഷോഭണത്തിലും അനിശ്ചിതത്വത്തിനെതിരായ സമരത്തിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് പുറത്തുനിന്നുകൊണ്ട് നമുക്ക് സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടി പടപൊരുതിയ ഐ.എൻ.എ. യിൽ അംഗങ്ങളായിരുന്ന സ്വാതന്ത്ര്യ സമരസേനാനികൾ നമ്മുടെ നാടിന്റെ സംഭാവനയായി ഒട്ടനവധി ആളുകളുണ്ട്.

വിദ്യാഭ്യാസരംഗത്ത് സംസ്ഥാനദേശീയ അവാർഡുകൾ നേടിയിട്ടുള്ള അദ്ധ്യാപകർ വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ളവർ, സെഷൻസ് ജഡ്ജി, ഡോക്ടർമാർ,എഞ്ചിനീയറന്മാർ എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ ഔന്നത്യം പുലർത്തുന്ന ഒട്ടേറെ പ്രഗത്ഭമതികളെ സംഭാവന ചെയ്യുവാൻ കഴിഞ്ഞ വെളിയം ഗ്രാമപഞ്ചായത്ത് തനതായ സാംസ്കാരിക പൈതൃകത്തിന് ഉടമയാണ്.



COMPUTER TYPE SETTING:- HALLMARK, KTR.



000023

# ഭൂപ്രകൃതിയും വിഭവങ്ങളും

1. ഭൂപ്രകൃതി
2. ജലപ്രകൃതി
3. ജനപ്രകൃതി

*1. ഭൂപ്രകൃതി*

കേരളസംസ്ഥാനത്ത് കൊല്ലം ജില്ലയിൽ ഇടനാട്ടിൽപ്പെട്ട ഏതാണ്ട് മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന കുന്നുകളും പാറക്കെട്ടുകളും, വയലേലകളും, തെങ്ങിൻതോപ്പുകളും റബ്ബർതോട്ടങ്ങളും മിശ്രകാർഷിക വിളകളും, കൈത്തോടുകളും, ചെറുപുഴകളും ഉൾപ്പെട്ട ഇത്തിക്കരയാറിന് തൊട്ടുരുമി കിടക്കുന്ന ഹരിതാഭമായ ഭൂപ്രദേശമാണ് ഇന്നത്തെ വെളിയം പഞ്ചായത്ത്.

പഞ്ചായത്തിൽ എടുത്തുപറയത്തക്ക പ്രകൃതി വിഭവമാണ് വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്ന ചെറുതും വലുതുമായ പാറക്കൂട്ടങ്ങളുടെ നീണ്ട നിര. ഈ പഞ്ചായത്തിന്റെ മറ്റൊരു സവിശേഷത മരുതിമല എന്ന വിശാലമായ പാറക്കെട്ട് നിറഞ്ഞപ്രദേശത്ത് ധാരാളം കുരങ്ങുകളെ കാണാവുന്നതാണ്. അക്ഷാംശം $8^0 54' 14''$നും $8^0 58' 30''$വടക്കിന് രേഖാംശം $76^0 44' 45''$നും $76^0 48' 30''$തെക്കിനും ഇടയിൽ കൊല്ലം ജില്ലയുടെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്താണ് വെളിയം. കൊല്ലം ജില്ലയിലെ 71 പഞ്ചായത്തുകളിൽ വച്ച് വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ 16ാം സ്ഥാനം വെളിയം പഞ്ചായത്തിനുണ്ട്.

പഞ്ചായത്തിന്റെ വടക്ക് കൊട്ടാരക്കര ഉമ്മന്നൂർ നെടുവത്തൂർ പഞ്ചായത്തുകളും തെക്ക് പൂയപ്പള്ളി പഞ്ചായത്തും പടിഞ്ഞാറ് കരീപ്ര പഞ്ചായത്തും കിഴക്ക് ഇളമാട് പഞ്ചായത്തും അതിരുകളായി 30.28 ചതുരശ്ര കിലോമീറ്ററിൽ (3028 ഹെക്ടർ) വ്യാപിച്ചുകിടക്കുന്ന വിസ്തൃതിയിൽ സാമാന്യം വലിപ്പമുള്ള ഒരു പഞ്ചായത്താണ് വെളിയം.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ വീക്ഷിക്കുമ്പോൾ ഏറ്റവും ഉയരം കൂടിയ കുന്ന് 139 മീറ്റർ ഉയരമുള്ള മറവൻകോട് തെക്ക് കിഴക്കായും 126 മീറ്റർ ഉയരമുള്ള ചെന്നാ പാറ വടക്കു കിഴക്കായും 125 മീറ്റർ ഉയരമുള്ള മരുതിമല വടക്കു പടിഞ്ഞാറായും 106 മീറ്റർ ഉയരമുള്ള കോട്ടേപാറ തെക്ക് കിഴക്കായും സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതിയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ചിത്രം നാല് നോക്കുക

ഭൂപ്രകൃതി അനുസരിച്ച് വെളിയം പഞ്ചായത്തിനെ നാല് പ്രധാന മേഖലകളായി തിരിക്കാം.

1. താഴ്വര
2. ഇടത്തരം ചരിവുകൾ
3. ചരിവുകൾ
4. കുന്നിൻപുറങ്ങൾ

ഇവ ഓരോന്നിന്റേയും വിസ്തൃതി താഴെ ചേർക്കുന്നു.

| ന. | ഭൂപ്രകൃതി മേഖല | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | താഴ്‌വര | 533 | 17.6 |
| 2 | ഇടത്തരം ചരിവുകൾ | 1256 | 41.48 |
| 3 | ചരിവുകൾ | 756 | 24.97 |
| 4 | കുന്നിൻപുറം | 483 | 15.95 |
| ആകെ | | 3028 | 100 |

നിമ്നോന്നതിയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ചിത്രം രണ്ട് നോക്കുക

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. 20 മീറ്ററിൽ താഴെ
2. 20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ
3. 60 മീറ്ററിനും 100 മീറ്ററിനും മദ്ധ്യേ
4. 100 മീറ്ററിന് മുകളിൽ

നെൽവയലുകൾ 20 മീറ്ററിന് താഴെയായി സ്ഥിതി ചെയ്യുന്നു. അതായത് 6.03 ചതുരശ്ര കിലോമീറ്റർ 603 കി.മീ. നെൽപ്പാടങ്ങളുണ്ട്. നിമ്നോന്നതമേഖലകളുടെ വിസ്തൃതി താഴെക്കാണുന്നവയാണ്.

അവലംബം : CESS REPORT

| ന. | നിമ്നോന്നതമേഖലകൾ | വിസ്തീർണ്ണം(ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | 20 മീറ്ററിൽ താഴെ | 6.03 | 19.91 |
| 2 | 20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ | 12.39 | 40.92 |
| 3 | 60 മീറ്ററിനും 100 മീറ്ററിനും മദ്ധ്യേ | 11.20 | 36.99 |
| 4 | 100 മീറ്ററിന് മുകളിൽ | 0.66 | 2.18 |
| ആകെ | | 30.28 | 100 |

# ഭൂപ്രകൃതിയും വിഭവങ്ങളും

*a). താഴ്‌വര*

പഞ്ചായത്ത് താഴെ കാണുന്ന പ്രദേശങ്ങളെയാണ് താഴ്‌വര എന്ന നാമത്തിൽ ഇവിടെ കാണുന്നത്. സാധാരണയായി താഴ്‌വര പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യുവാൻ യോജിച്ച് ഫലഭൂയിഷ്ഠിയുള്ള എക്കൽ കലർന്ന ചെളിമണ്ണാണ് കാണപ്പെടുന്നത്. മറ്റ് പ്രദേശങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ജലലഭ്യത ഇവിടെ കൂടുതലാണ്. ഉയർന്ന താഴ്‌വരപ്രദേശങ്ങളിലെ തലകുളം നല്ലരീതിയിൽ നിലനിർത്തി വേനൽക്കാലത്ത് കൃഷിയ്ക്ക് ആവശ്യമായ വെള്ളം ഉപയുക്തമാക്കാവുന്നതാണ്. താഴ്‌വരപ്രദേശങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം മറ്റ് കൃഷി ആവശ്യത്തിനും താമസത്തിനുവേണ്ടി താഴ്‌വരപ്രദേശങ്ങൾ മാറ്റാനുള്ള പ്രേരണ നിരുത്സാഹപ്പെടുത്തുവാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തണം. താഴ്‌വരപ്രദേശത്താണ് പ്രധാന നീർച്ചാലുകൾ കാണുന്നത്. ഈ പഞ്ചായത്തിൽ 533 ഹെക്ടർ വിസ്തൃതിയിലാണ് താഴ്‌വര കാണപ്പെടുന്നത്.

*പ്രധാന ഏലകളുടെ പേരുകൾ*

1. നെടുമ്പണ ഏലാ
2. തിതിയൂർ ഏലാ
3. പൂവത്തൂർകോണം ഏലാ
4. കോണത്ത് ഏല
5. മാതേവൻകോണം ഏല
6. അറയ്ക്കറ ഏല
7. പുതപ്പമൺ ഏല
8. മാലയിൽ ഏല
9. പരുത്തിയറ ഏല
10. കാഞ്ഞിരത്തുംമൂട്ടിൽ ഏല
11. വിത്തോട്ട് ഏല
12. തുറവൂർ ഏല
13. ചെപ്ര ഏല
14. അയണിക്കോട്ട് ഏല
15. കട്ടയിൽ ഏല
16. ചിറവക്കോണം ഏല
17. ആമ്പല്ലൂർ ഏല
18. അവണിയിൽ ഏല
19. ആക്കെകോണം ഏല
20. തോണ്ടാംകോണം ഏല
21. പൂവക്കോണം ഏല
22. മാങ്ങോട്ടുകോണം ഏല
23. മാരൂർ ഏല
24. വാര്യംകോണം ഏല
25. പോച്ചെറ ഏല
26. മംഗാരത്ത് ഏല
27. കുടവട്ടൂർ ഏല
28. പെരുങ്ങള്ളൂർ ഏല
29. പനിച്ചിക്കൽ ഏല
30. കായില ഏല
31. കുമ്പുക്കാട് ഏല
32. ആലംകോട് ഏല
33. പടിയാരം ഏല
34. ഞാരയ്ക്കാട് ഏല
35. നെടിയകോണം ഏല
36. കൊഴവിൽ ഏല
37. കുളക്കോട് ഏല
38. കരിങ്ങോല ഏല
39. പുല്ലാഞ്ഞിക്കാട് ഏല
40. തുടയംകോട് ഏല
41. നെടുമ്പണ ഏല

*b). ഇടത്തരം ചരിവുകൾ*

പഞ്ചായത്തിൽ 5 ഡിഗ്രി യ്ക്കും 18 ഡിഗ്രിയ്ക്കും ഇടയിൽ ചരിവുള്ള ഭാഗങ്ങളെയാണ് ഇടത്തരം ചരിവുകൾ എന്നുപറയുന്നത്. ഈ പ്രദേശങ്ങൾ സാധാരണയായി സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിനും 60 മീറ്ററിനും ഇടയിൽ കാണപ്പെടുന്നു. ഈ പ്രദേശങ്ങൾ സാധാരണയായി മിശ്രിത വിളകളാണ് കാണപ്പെടുന്നത്. കമുക്, വാഴ,



KS0000-000026

തെങ്ങ്, മരച്ചീനി, പയർവർഗ്ഗങ്ങൾ, കിഴങ്ങ്വർഗ്ഗങ്ങൾ എന്നിവ പ്രധാന മിശ്രവിളകളാണ്. ചില സ്ഥലങ്ങളിൽ റബ്ബറും കാണപ്പെടുന്നു. ഇവിടങ്ങളിൽ പശിമരാശി മണ്ണാണ് കാണപ്പെടുന്നത്. ഇത് മിശ്രിത കൃഷിയ്ക്കും മറ്റും അനുയോജ്യമായ മണ്ണാണ്. ജലലഭ്യതയുടെ കാര്യത്തിൽ താഴ്വരയെ താരതമ്യപ്പെടുത്തുമ്പോൾ ഈ പ്രദേശം തൊട്ടു പിന്നിലാണെങ്കിലും മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. ചുരുക്കത്തിൽ സാമാന്യം തെറ്റില്ലാത്ത ജലലഭ്യത ഇവിടെ കാണപ്പെടുന്നു. ഇടത്തരം ചരിവുകൾ 1256 ഹെക്ടർ വിസ്തൃതിയിൽ കാണപ്പെടുന്നു.

*c). ചരിവുകൾ*

പഞ്ചായത്ത് പ്രദേശത്ത് 18 യ്ക്ക് മുകളിലുള്ള പ്രദേശങ്ങളെയാണ് ചരിവുപ്രദേശം എന്നുപറയുന്നത്. ഈ ഭൂപ്രദേശങ്ങൾ സാധാരണയായി 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ കാണപ്പെടുന്നു. ഇവിടങ്ങളിൽ റബ്ബറാണ് കൂടുതലായി കാണപ്പെടുന്നത്. കൂടാതെ മിശ്രിത കൃഷിയും ചില സ്ഥലങ്ങളിൽ കാണാം. മരച്ചീനി പോലുള്ള കൃഷിയ്ക്ക് ഈ പ്രദേശം യോജിച്ചതല്ല. മേൽപ്പറഞ്ഞ കൃഷി ചെയ്യുകയാണെങ്കിൽ ഈ ഭൂപ്രദേശങ്ങളിലെ മുകൾ തട്ടിലെ മണ്ണ് മഴക്കാലത്ത് മണ്ണൊലിപ്പിന് വിധേയമാകുന്നു. ഈ പ്രദേശങ്ങളിൽ കാണുന്നത് ചരൽ കലർന്ന ചെമ്മണ്ണാണ്. ജലലഭ്യതയുടെ കാര്യത്തിൽ ഈ പ്രദേശങ്ങൾ തൃപ്തികരമല്ല. ഇവിടങ്ങളിലെ കിണറുകളിൽ ഏപ്രിൽ മേയ് മാസങ്ങളിൽ വെള്ളം വറ്റിപ്പോകുന്നു. 756 ഹെക്ടർ വ്സതൃതിയിൽ ചരിവുകൾ വ്യാപിച്ചുകിടക്കുന്നു.

*d). കുന്നിൻപുറങ്ങൾ*

മറ്റ് ഭൂവിഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്നു കാണുന്ന പ്രദേശങ്ങളെയാണ് കുന്നിൻപുറങ്ങൾ എന്നുപറയുന്നത്. ഈ ഭാഗങ്ങൾ സാധാരണയായി 5 യിൽ താഴെയുള്ള പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ റബ്ബറാണ് പ്രധാനമായും കൃഷി ചെയ്യുന്നതെങ്കിലും മറ്റ് കൃഷികളും കാണപ്പെടുന്നു. പാറകളെ ഭൂഗർഭശാസ്ത്രത്തിൽ ചാർണകേറ്റ് എന്നുവിളിക്കുന്നു. ജലലഭ്യതയുടെ കാര്യത്തിൽ വളരെ മോശമായ സ്ഥിതിയാണ് ഈ സ്ഥലങ്ങളിൽ അനുഭവപ്പെടുന്നത്. കുന്നിൽപുറങ്ങളിലുള്ള മണ്ണൊലിപ്പ് ത്വരിതപ്പെടുത്താത്ത തരത്തിലുള്ള കൃഷി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കുന്നിൻപുറങ്ങൾ 483 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു.

## *കാലാവസ്ഥ*

വെളിയം ഗ്രാമപഞ്ചായത്ത് പ്രദേശം സമശീതോഷ്ണമേഖലയിൽ ഉൾപ്പെടുന്നു. ഏപ്രിൽ, മേയ് മാസങ്ങളിൽ കഠിനമായ വേനൽക്കാലവും രണ്ട് സീസണിലായി മഴക്കാലവുമാണ്. ജനുവരി മാസത്തിൽ ഊഷ്മാവ് 21 ഡിഗ്രി വരെ താഴുകയും മാർച്ച് ഏപ്രിൽ മേയ് മാസങ്ങളിൽ 38 വരെ ഉയരുകയും ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ ശരാശരി ലഭിക്കുന്ന മഴ 2552 മില്ലിമീറ്ററാണ്. ജൂൺ ജൂലൈ മാസങ്ങളിലും ഒക്ടോബർ നവംബർ മാസങ്ങളിലും കാലവർഷം കൊണ്ട് വെള്ളപ്പൊക്കമുണ്ടാകുന്നതുകാരണം മടവീഴ്ചയും കൃഷിനാശവും സംഭവിക്കുന്നു. ഏപ്രിൽ മേയ് മാസങ്ങളിൽ വരൾച്ചമൂലവും കൃഷിനാശമുണ്ടാകാറുണ്ട്. കിഴക്ക് ആര്യങ്കാവ് പാത കടന്നുവരുന്ന വൃശ്ചിക കാറ്റിന്റെ സ്പർശം കൊല്ലം ജില്ലയിൽ പ്രത്യേകിച്ചും വെളിയം പഞ്ചായത്തിനും ലഭിക്കുന്നു.

## *ജല ലഭ്യത*

ഒരു തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ഇടവപ്പാതിമഴയും തെക്കുകിഴക്കൻ മൺസൂണിന്റെ ഭാഗമായി തുലാവർഷവും ലഭിക്കുന്നു. കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതി കാലത്താണ്. തുലാവർഷം വേണ്ടത്ര



000027

ലഭിക്കാത്ത വർഷങ്ങളിൽ മാർച്ച് ഏപ്രിൽ മാസങ്ങളിൽ വരൾച്ച് രൂക്ഷമാകുകയും ജലസ്രോതസുകൾ വറ്റി വരണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.. പുഴകൾ, തോടുകൾ, കുളങ്ങൾ ഇവ ചേർന്നതാണ് ഉപരിതല ജലസ്രോതസ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുനിന്ന് വടക്കോട്ടും വടക്കു കിഴക്കായും തെക്കു കിഴക്കായും തെക്ക് പടിഞ്ഞാറായും പ്രധാനതോടുകളും കൈത്തോടുകളും വ്യാപിച്ചുകിടക്കുന്നു. പഞ്ചായത്തിന്റെ എല്ലാ തോടുകളും ഇത്തിക്കര ആറിലാണ് ചെന്നുചേരുന്നുത്. ആകെ തോടുകൾ 21 കി.മീ. നീളം വരും. ഇതിൽ പ്രധാന തോട് 11 കി.മീ. നീളം വരുന്നതാണ്. ചെറുതും വലുതുമായ 15 കുളങ്ങൾ കൂടി ചേർന്നതാണ് പഞ്ചായത്തിലെ ജലസ്രോതസ്.

പഞ്ചായത്തിലെ പ്രധാന കുളങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

| നമ്പർ | പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1 | മാലയിൽകുളം | 8 | വെളിയം |
| 2 | വെളിയംചിറ | 8 | വെളിയം |
| 3 | വെളിയംക്ഷേത്രകുളം | 8 | വെളിയം |
| 4 | പടി.കര, ക്ഷേത്രകുളം 4 | | വെളിയം |
| 5 | നെടുംമ്പണകുളം | 4 | വെളിയം |
| 6 | കുട.എൽ.പി.എസ്സിന് സമീപമുള്ള കുളം | 1 | ഓടനാവട്ടം |
| 7 | വീരഭദ്രക്ഷേത്രക്കുളം | 2 | ഓടനാവട്ടം |
| 8 | മണ്ണാർകോണം കുളം | 3 | ഓടനാവട്ടം |
| 9 | തുടയൻകോട് ഏലാകുളം | 10 | വെളിയം |
| 10 | പൂവണക്ഷേത്രകുളം | 10 | വെളിയം |
| 11 | പുതുവാകുളം | 3 | ഓടനാവട്ടം |
| 12 | കളപ്പിലാകുളം | 12 | ഓടനാവട്ടം |

മുകളിൽപ്പറഞ്ഞിട്ടുള്ള എല്ലാ കുളങ്ങളും വർഷം മുഴുവനും വെള്ളം കിട്ടുന്നതാണ്.

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ജലലഭ്യതപ്രദേശങ്ങളെ മൂന്നായി തരം തിരിക്കാം

1. കുറഞ്ഞ തോതിൽ വെള്ളം കിട്ടുന്ന പ്രദേശങ്ങൾ
2. മിതമായി വെള്ളം കിട്ടുന്ന പ്രദേശങ്ങൾ
3. സമൃദ്ധമായി വെള്ളം കിട്ടുന്ന പ്രദേശങ്ങൾ

കുന്നിൻപുറങ്ങളിലും ചരിവുകളിലും ജലലഭ്യത കുറവായിരിക്കും. ഇടത്തരം ചരിവുകളിൽ ജലലഭ്യത മിതമായും താഴ്വരകളിൽ ലഭ്യത സമൃദ്ധിയുള്ളതുമായിരിക്കും.

വാർഡ് തിരിച്ചുള്ള ജലലഭ്യതാപ്രദേശങ്ങളുടെ വിസ്തൃതി ചുവടെചേർക്കുന്നു.

| വാർഡ് നമ്പർ | കുറവായി | | മിതമായി | | സമൃദ്ധിയായി | |
|---|---|---|---|---|---|---|
| | വിസ്തീർണ്ണം ച. ഹെക്ടർ | ശതമാനം | വിസ്തീർണ്ണം ച. ഹെക്ടർ | ശതമാനം | വിസ്തീർണ്ണം ച. ഹെക്ടർ | ശതമാനം |
| 1 | 9 | 65 | 25 | 18 | 23 | 17 |
| 2 | 222 | 58 | 117 | 31 | 44 | 11 |
| 3 | 18 | 7 | 155 | 56 | 101 | 37 |
| 4 | 65 | 34 | 89 | 47 | 37 | 19 |
| 5 | 98 | 73 | 30 | 22 | 6 | 5 |
| 6 | | | 132 | 59 | 92 | 41 |
| 7 | | | 75 | 59 | 52 | 41 |
| 8 | 48 | 25 | 127 | 67 | 14 | 8 |
| 9 | 288 | 88 | 38 | 12 | | |
| 10 | 63 | 25 | 130 | 51 | 60 | 24 |
| 11 | 39 | 13 | 157 | 63 | 72 | 24 |
| 12 | 309 | 63 | 153 | 31 | 29 | 6 |

പഞ്ചായത്തിലെ ഓരോ വാർഡിലേയും
ഭൂലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ
ചിത്രം 6 നോക്കുക.

അതുപോലെ തന്നെ ഭൂജലലഭ്യത
(കുറവായി, മിതമായി, സമൃദ്ധമായി) താരതമ്യം

പഠനം ചിത്രം 7 നോക്കുക.



000029

## *4. മൺതരങ്ങൾ*

വെളിയം പഞ്ചായത്തിൽ ഉപരിതല മണ്ഡലങ്ങളുടെ ഇനവും വിസ്തൃതിയും താഴെക്കൊടുക്കുന്നു.

| നമ്പർ | മൺതരങ്ങൾ | ഹെക്ടർ |
|---|---|---|
| 1 | കരിമണ്ണ് | 483 |
| 2 | ചരലുകലർന്ന ചെമ്മണ്ണ് | 756 |
| 3 | പശിമരാശിമണ്ണ് | 1256 |
| 4 | എക്കൽ കലർന്ന മണ്ണ് | 533 |

## 5. ഭൂവിനിയോഗം

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതി 3028 ഹെക്ടർ ആണ്.

ഭൂവിനിയോഗം (CESS REPORT)

| ന. | വിനിയോഗം | വിസ്തീർണ്ണം(ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | റബ്ബർ | 9.49 | 31.24 |
| 2 | നെല്ല് | 2.29 | 7.56 |
| 3 | നികത്തിയ നെൽപ്പാടം | 0.12 | 0.42 |
| 4 | ജലാശയം | 0.21 | 0.70 |
| 5 | കൃഷിക്കനുയോജ്യമായതരിശ് | 0.04 | 0.13 |
| 6 | മിശ്രിതവിളകൾ | 17.08 | 56.40 |
| 7 | കമുക് | 0.05 | 0.76 |
| 8 | വാഴ | 0.07 | 0.23 |
| 9 | തെങ്ങ് | 0.59 | 1.94 |
| 10 | മരച്ചീനി | 0.91 | 0.38 |
| 11 | പയറുവർഗ്ഗങ്ങൾ | 0.03 | 0.85 |
| | ആകെ | 30.28 | 100 |

## *6. ജൈവസമ്പത്ത്*

നമ്മുടെ പഞ്ചായത്തിലെ വന്യമൃഗങ്ങളോ വന്യമൃഗ സങ്കേതങ്ങളോ ഇല്ല. കാള, പശു, പോത്ത്, എരുമ, ആട്, പട്ടി എന്നിവയാണുള്ളത്. യഥാക്രമം 412, 7698, 54, 40, 3493, 1217 എന്നിങ്ങനെയാണ്. വളർത്തുപക്ഷികളായി 3462 പൂവൻകോഴിയും, 7527 പിടക്കോഴിയും 67 താറാവും ഈ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ പഞ്ചായത്തിൽ 30 വളർത്തുപ്രാവുകളുമുണ്ട്.

ചിത്രം . III.


76° 45'
76° 49'
വെളിയം ഗ്രാമ പഞ്ചായത്ത്
വടക്ക്
0 1 കി.മീ.
8° 58'
8° 55'
കൊട്ടാരക്കര
അമ്പലപ്പുറം
ഉമ്മന്നൂർ
ഓടനാവട്ടം
കരീപ്ര
ചെപ്ര
ഇളമാട്
വെളിയം
നെട്ടയം
പൂയപ്പള്ളി
I
II
III
IV
V
VI
VII
VIII
IX
X
XI
XII
① പഞ്ചായത്ത് ആഫീസ്
② മൃഗാശുപത്രി
③ വില്ലേജ് ആഫീസ്
④ പ്രാഥമിക ആരോഗ്യകേന്ദ്രം
⑤ ആയുർവേദ ആശുപത്രി.
⑥ വിദ്യുച്ഛക്തി കാര്യാലയം
⑦ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ആഫീസ്
⑧ കൃഷിഭവൻ
⑨ സഹകരണ ബാങ്ക്
⑩ തപാലാഫീസ്
⑪ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
⑫ ഹൈസ്കൂൾ.
പഞ്ചായത്ത് അതിര്
വാർഡ് അതിര്
റോഡ്
I, II, .. XI വാർഡ് നമ്പർ.
അവലംബം : വിഭവ ഭൂപടം, സെസ്സ്

ചിത്രം. IV.



76° 45'
76° 49'
വെളിയം ഗ്രാമ പഞ്ചായത്ത്
ഭൂരൂപങ്ങൾ
വടക്ക്
0
1 കി.മി.
8° 58'
8° 55'
താഴ്വര
ഇടത്തരം ചെരിവുകൾ
ചെരിവുകൾ
കുന്നിൻ പുറങ്ങൾ
അവലംബം : വിഭവ ഭൂപടം, സെസ്സ്

ചിത്രം · V ·



വെളിയം ഗ്രാമ പഞ്ചായത്ത്
നിമ്നോന്നതി
വടക്ക്
0 1 കി.മി.
76° 45'
76° 49'
8° 58'
8° 55'
20
60
100
20 മീറ്ററിൽ താഴെ
20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ
60 മീറ്ററിനും 100 മീറ്ററിനും മദ്ധ്യേ
100 മീറ്ററിനു മുകളിൽ
അവലംബം : വിഭവ ഭൂപടം, സെസ്


000033

ചിത്രം VI


76° 45'
76° 48'
വെളിയം ഗ്രാമ പഞ്ചായത്ത്
ഭൂജല ലഭ്യതാ ഭൂപടം
വടക്ക്
0
1 കി.മി
8° 58'
8° 55'
I
II
III
IV
V
VI
VII
VIII
IX
X
XI
XII
വാർഡ് അതിര്
സമൃദ്ധിയായി വെള്ളം കിട്ടുന്ന പ്രദേശം
മിതമായി വെള്ളം കിട്ടുന്ന പ്രദേശം
കുറഞ്ഞ തോതിൽ വെള്ളം കിട്ടുന്ന പ്രദേശങ്ങൾ
I to XII
വാർഡ് നമ്പർ
പഞ്ചായത്ത് അതിര്
അവലംബം : വിഭവ ഭൂപടം, സെസ്സ്

ചിത്രം. VII

## വെളിയം ഗ്രാമ പഞ്ചായത്ത്

### ഭൂജല ലഭ്യത




അവലംബം: വിഭവ ഭൂപടം, സെസ്സ്

000035

ചിത്രം. VIII



76° 45'
76° 49'
വെളിയം ഗ്രാമ പഞ്ചായത്ത്
വടക്ക്
നീരൊഴുക്ക്
0
1 കി.മീ.
8° 58'
8° 55'
I
II
III
IV
V
VI
VII
നീർമറിപ്രദേശം
I
II ഓടനാവട്ടം
III കുടവട്ടൂർ
IV
V
VI
VII വെളിയം
നീർമറിപ്രദേശം
തോടുകൾ
അവലംബം : വിഭവ ഭൂപടം, സെസ്സ്
76° 45'
76° 49'

## 7. മനുഷ്യ വിഭവങ്ങൾ

1991 ലെ സെൻസസ് പ്രകാരം വെളിയം വില്ലേജിൽ 15052 ഉം ഓടനാവട്ടം വില്ലേജിൽ 14004 ഉം ഉൾപ്പെടെ വേളിയം പഞ്ചായത്തിലെ ജനസംഖ്യ 29056 ആയിരുന്നു. ഇതിൽ 14005 പുരുഷൻമാരും 15051 സ്ത്രീകളും ആണ്. പുരുഷൻ മാരെ അപേക്ഷിച്ച് 1046 സ്ത്രീകൾ കൂടുതൽ ആണ്. ആകെ വീടുകൾ 6634 ആണ്. ശരാശരി വീട് ഒന്നിന് 4.37 ആളുകൾ വീതം താമസമുണ്ട്. ജനസാന്ദ്രത ച.കി.മീ. 988 ആണ്. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2436 ആണ്. ഇതിൽ ആൺകുട്ടികൾ 1213ഉം പെൺകുട്ടികൾ 1223ഉം ആണ്. പട്ടിക ജാതി ജനസംഖ്യാ 3100ആണ്. അതിൽ 1515 പുരുഷൻമാരും 1585 സ്ത്രീകളുമുണ്ട്. 1990 ലെ സാക്ഷരതാപ്രവർത്തനത്തോട് അനുബന്ധിച്ച് നടത്തിയ സർവ്വേയിൽ 2825 നിരക്ഷരരാണ് ഈപഞ്ചായത്തിൽ ഉണ്ടായിരുന്നത്. വെളിയം ഗ്രാമപഞ്ചായത്തിൽ 93.11 ശതമാനം പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1996ലെ സാമൂഹിക സാമ്പത്തിക സർവ്വേപ്രകാരം വെളിയം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യാ 29927ആണ്. ഇതിൽ 14424 പുരുഷൻമാരും 15503 സ്ത്രീകളുമാകുന്നു.

വാർഡുതലത്തിലെ ജനസംഖ്യാ വിവരങ്ങൾ താഴെപ്പറയുന്ന പട്ടികയിൽ കാണുന്നു. വിദ്യാഭ്യാസരംഗത്ത് കൊല്ലം ജില്ലയിൽ വളരെ മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് വെളിയം. എന്നാൽ പഠനനിലവാരത്തിലും ഗുണമേന്മയിലും കുറേപിന്നോക്ക്പോയിട്ടുണ്ടമ. ഇത് മാറ്റിയെടുക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്.

വാർഡുതല ജനസംഖ്യാ വിവര പട്ടിക

| | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി | ഹിന്ദു | മുസ്ലീം | ക്രിസ്ത്യൻ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 1259 | 1279 | 2538 | 125 | 496 | 1 | 1 | 623 |
| 2 | 1201 | 1238 | 2439 | 119 | 457 | 1 | 7 | 584 |
| 3 | 1065 | 1078 | 2143 | 257 | 152 | 36 | 25 | 500 |
| 4 | 1331 | 1257 | 2588 | 82 | 391 | 75 | 1 | 549 |
| 5 | 1321 | 1415 | 2736 | 78 | 363 | 70 | 110 | 621 |
| 6 | 1236 | 1364 | 2606 | 19 | 309 | | 231 | 559 |
| 7 | 1159 | 1187 | 2346 | 223 | 215 | | 15 | 453 |
| 8 | 1251 | 1352 | 2603 | 41 | 435 | | 7 | 483 |
| 9 | 1075 | 1290 | 2365 | 97 | 304 | | 110 | 511 |
| 10 | 1076 | 1276 | 2342 | 25 | 422 | | 83 | 530 |
| 11 | 1146 | 1255 | 2401 | 31 | 171 | | 384 | 586 |
| 12 | 1378 | 1448 | 2826 | 93 | 429 | | 113 | 635 |
| Total | 14498 | 15429 | 29927 | 1190 | 4174 | 183 | 1087 | 6634 |

അഭ്യസ്തവിദ്യരായ 4000 ത്തോളം ആളുകൾ തൊഴിൽ രഹിതരായി പഞ്ചായത്തിലുണ്ട്. ഇതിൽ പകുതിയി കൂടുതൽ സ്ത്രീകളുമാണ്. കൂടാതെ 5000 പേർ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുമാണ്. ഇക്കാരണത്താൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സാങ്കേതിക പരിശീലനത്തിനും ഊന്നൽ നൽകിയാൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൽ കഴിയുകയുള്ളൂ.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായ കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റുതൊഴിൽ മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പാറക്വോറി, കെട്ടിടനിർമ്മാണം, കശുവണ്ടി സംസ്കരണം, കൈത്തറി, മരാമത്ത്, ഖാദി, റബ്ബർ എന്നീ മേഖലകളിൽ

ഗണ്യമായ ജനവിഭാഗം തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്നു.

കൈത്തറി മേഖലയും കശുവണ്ടി മേഖലയും പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുന്നു.

50 വർഷം മുമ്പു വരെ പലവിധത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു പ്രദേശമാണ് വെളിയം പഞ്ചായത്ത്. അതിനെതിരെ ഉജ്ജ്വലമായ സമരങ്ങളും പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും നടന്നിട്ടുണ്ട്. പുരോഗമനപ്രസ്ഥാനങ്ങളും ശ്രീനാരായ ണപ്രസ്ഥാനങ്ങളും ഈ പോരാട്ടത്തിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ജന്മിത്വം ഒരു പരിധി വരെ അവസാനിപ്പിക്കുവാനും വിവിധ ജാതിവിഭാഗങ്ങൾ ഐക്യത്തോടെ കഴിയാനുമുള്ള അവസ്ഥ സംജാതമായിട്ടുണ്ട്.



# വിദ്യാഭ്യാസം

ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഔപചാരിക വിദ്യാഭ്യാസരംഗത്ത് കൈത്തിരി തെളിച്ച അഭിമാനകരമായ ചരിത്രമാണ് വെളിയം ഗ്രാമപഞ്ചായത്തിനുള്ളത്. 1896 ൽ വെളിയം ജംഗ്ഷനിൽ പഞ്ചായത്തിലെ ആദ്യത്തെ സരസ്വതിക്ഷേത്രം ഇന്നത്തെ എൽ.പി.ജി.എസ്. സ്ഥാപിച്ചുകൊണ്ട് യശഃശരീരനായ ശ്രീ. ഇലവുംമൂട്ടിൽ പപ്പുവാധ്യാർ തുടക്കം കുറിച്ചതോടെ ഇവിടത്തെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നു. അതിനുമുമ്പു തന്നെ നല്ല നിലയിൽ കുടിപ്പള്ളിക്കൂടങ്ങൾ പ്രവർത്തിച്ച് തുടങ്ങിയിരുന്നതായി പഴമക്കാർ പറയുന്നു. അക്കൂട്ടത്തിൽ ലഭ്യമായ തെളിവുകൾ അനുസരിച്ച്, പരേതരായ കട്ടയിൽ നടയിൽ പടിഞ്ഞാറ്റതിൽ ശ്രീ. നാരായാണപിള്ള ആശാന്റെ ചുമതലയിൽ കട്ടയിലും, ഉവെളിയം പടിഞ്ഞാറ്റിൻകര വട്ടവിളവീട്ടിൽ ശ്രീ. നീലകണ്ഠപിള്ള ആശാന്റെ ചുമതലയിൽ പടിഞ്ഞാറ്റിൻകരയിലും പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ ഏറെ പഴക്കമുള്ളവയായി കണക്കാക്കാം. അതേ കാലയളവിൽതന്നെ കളപ്പില എന്ന സ്ഥലത്ത് ഗുരുകുല മാതൃകയിൽ യശഃശരീരനായ പൂവണത്തിൻമൂട്ടിൽ ശ്രീ കണ്ണൻ ആശാൻ നടത്തിയിരുന്ന സംസ്കൃത പാഠശാലയിൽ അകലങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ എത്തിയിരുന്നതായി പറയുന്നു.

1904 ലാണ് രണ്ടാമത്തെ ഔപചാരിക വിദ്യാലയം ആരംഭിക്കുന്നത്. തുടർന്ന് 1916, 1919, 1920 എന്നീ വർഷങ്ങളിൽ ഓരോ പ്രാഥമിക വിദ്യാലയങ്ങൾകൂടി സ്ഥാപിതമായി. അടുത്തത് ഇംഗ്ലീഷ് വിദ്യാലയത്തിന്റെ രംഗപ്രവേശമായിരുന്നു. എന്നാൽ പരേതനായ ഉതിയന്നൂർ ശ്രീ. ആർ. കേശവപിള്ള (ബി.എ.എം.എൽ.) വെളിയം ജംഗ്ഷനിൽ സ്ഥാപിച്ച ആ ഇംഗ്ലീഷ് മിഡിൽ സ്കൂൾ കുറച്ചുകാലമേ നിലനിന്നുള്ളു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലുള്ള താൽപ്പര്യകുറവുമൂലം പഠനത്തിന് വേണ്ടത്ര കുട്ടികൾ എത്താതിരുന്നതാണ് അതിന്റെ കാരണമായി പറയപ്പെടുന്നത്.

വീണ്ടും, 1932 ൽ ഒരു മലയാളം പ്രൈമറി സ്കൂളും, 1935 ൽ ഒരു സംസ്കൃതവിദ്യാലയവും ആരംഭിച്ചു. അതിനുശേഷം പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായ കുടവട്ടൂരിൽ പരേതനായ ശ്രീ. ചെമ്പകശ്ശേരി പരമേശ്വരൻപിള്ള (ബി.എ.ബി.എൽ.) സ്ഥാപിച്ച മലയാളം പ്രൈമറി സ്കൂളിന് വെളിയത്തെ ഇംഗ്ലീഷ് സ്കൂളിനെക്കാൾ ആയുസ് കുറവായിരുന്നു. എന്നാൽ വിദ്യാഭ്യാസ തൽപ്പരരായ ജനങ്ങൾ നിരാശരായില്ല. 1941 ൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ഒരു മലയാളം മിഡിൽ സ്കൂൾ സ്ഥാപിച്ചുകൊണ്ട് മുന്നേറി. 9 വർഷത്തെ ഇടവേളയ്ക്ക് ശേഷം 1950 ൽ രണ്ട് സ്കൂളുകളും 1952 ൽ ഒരു സ്കൂളും കൂടി ഉണ്ടായി. പിന്നീട് കേരളപിറവിയ്ക്ക് ശേഷമാണ് പഞ്ചായത്തിൽ സ്കൂളുകൾ ഉണ്ടാകുന്നത് 1957, 1962, 1968, 1979 എന്നീ വർഷങ്ങളിൽ. 1962 ൽ ഓരോ എൽ.പി., യു.പി. സ്കൂളുകളാണ് ഉണ്ടായത്.

അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയങ്ങൾ ചേർത്ത് ഗവൺമെന്റ് സ്വകാര്യമേഖലകളിലായി ഇപ്പോൾ രണ്ട് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും ഒരു സാധാരണ ഹൈസ്കൂളും, അഞ്ച് അപ്പർ പ്രൈമറി സ്കൂളുകളും എട്ട് ലോവർ പ്രൈമറി സ്കൂളുകളും ഉൾപ്പെടെ പതിനാറ് വിദ്യാലയങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന

പ്രസ്തുത സ്ഥാപനങ്ങൾക്ക് പുറമേ പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഒന്നും സ്കൂൾ പി.റ്റി.എ. കൾ നടത്തുന്ന രണ്ടും പ്രീപ്രൈമറി സ്കൂളുകളും, സാമൂഹ്യക്ഷേമവകുപ്പിന്റെ ധനസഹായത്തോടെയുള്ള പന്ത്രണ്ട് നഴ്സറി സ്കൂളുകളും, സ്വകാര്യവ്യക്തികളോ സ്ഥാപനങ്ങളോ നടത്തുന്ന അംഗീകാരമില്ലാത്ത എട്ട് നഴ്സറി സ്കൂളുകളും ഒൻപത് സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിൽപ്രവർത്തിക്കുന്നു.

സമീപപഞ്ചായത്തുകളായ കൊട്ടാരക്കരയിൽ (ഗവൺമെന്റ് ബോയ്സ് എച്ച്.എസ്സ്.) 1894 ലും, ഉമ്മന്നൂരിൽ (എം.ടി.എച്ച്.എസ്. വാളകം) 1945 ലും, പൂയപ്പള്ളിയിൽ (റ്റി.ഇ.എം.എച്ച്.എസ്സ്. മൈലോട്), കരീപ്ര (ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുഴിമതിക്കാട്) എന്നിവിടങ്ങളിൽ 1951 ലും, ഇളമാടിൽ (ഗവൺമെന്റ് ഡി.വി.എച്ച്.എസ്സ്. തേവന്നൂർ) 1962 ലും, വെളിനല്ലൂരിൽ (എച്ച്.എസ്. ചെറിയവെളിനല്ലൂർ) 1964 ലും ഹൈസ്കൂൾ സ്ഥാപിതമായപ്പോൾ 1966ൽ മാത്രമാണ് ഇവിടെ ഒരു ഹൈസ്കൂൾ ആരംഭിക്കുന്നത്. അതുവരെ മുഖ്യമായും കൊട്ടാരക്കര, വാളകം, മൈലോട് എന്നീ സ്കൂളുകളെയാണ് ഹൈസ്കൂളുകൾ വിദ്യാഭ്യാസത്തിന് വെളിയം പഞ്ചായത്തുകാർ ആശ്രയിച്ചിരുന്നത്. തന്മൂലം പഴയകാലങ്ങളിൽ ഇവിടെ വളരെ പേർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. എന്നിരിക്കിലും 75 വർഷങ്ങൾക്കു മുമ്പുതന്നെ സർവ്വകലാശാലാ ബിരുദവും നിയമബിരുദവും നേടിയ ചുരുക്കം ചിലർ ഇവിടെ ഉണ്ടായിരുന്നു. യശഃശരീരനായ ഉദിയന്നൂർ ശ്രീ. ആർ. കേശവപിള്ള, ചെമ്പകശ്ശേരി പി. പരമേശ്വരൻപിള്ള എന്നിവർ. ആ സ്ഥിതി ഇന്ന് വളരെ മെച്ചപ്പെട്ടിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയവരും മെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദ ബിരുദാനന്തര ബിരുദങ്ങൾ നേടിയവരും വിരളമല്ല. സർവ്വകലാശാലാ ബിരുദമുള്ളവർ അനവധിയാണ്. സെക്കന്ററി വിദ്യാഭ്യാസം കടന്നു ചെന്നിട്ടില്ലാത്ത കുടുംബങ്ങൾ തുലോം തുച്ഛമാണ്. 10 ശതമാനത്തിൽ താഴെമാത്രമാണ് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം ആ രംഗത്തുള്ള പ്രതിഭകളുടെ എണ്ണം കുറയാൻ ഇടവരുത്തിയിട്ടുണ്ട്. പൊതുവിൽ, പഞ്ചായത്തിലേയും പരിസരപ്രദേശങ്ങളിലേയും വിദ്യാലയങ്ങൾ ഇവിടത്തെ സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളുടെ വളർച്ചയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ കുറച്ചൊന്നുമല്ല.

## പഞ്ചായത്തിലെ വിദ്യാലയങ്ങൾ

### 1. എൽ.പി.ജി.എസ്., വെളിയം

അവർണ്ണർക്ക് അയിത്തം കൽപ്പിക്കുകയും അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാ സംനിഷേധിക്കുകയും ചെയ്തിരുന്ന കാലത്ത് മുഖ്യമായും അവരുടെ ഉന്നമനം ലക്ഷ്യമാക്കി ആ വിഭാഗത്തിൽപ്പെട്ട യശഃശരീരനായ ശ്രീ. ഇലവുംമൂട്ടിൽ പപ്പുവാധ്യാർ 1896 ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ എന്ന ശ്രീനാരായണ സന്ദേശം ശ്രീ. പപ്പുവാധ്യാരിൽ ചെലുത്തിയ സ്വാധീനത്തിന്റെ അളവുകോലായി ഈ സംഭവത്തെ കാണുന്നത് തികച്ചും ഉചിതമായിരിക്കും. പെൺപള്ളിക്കൂടമായി ആരംഭിച്ചതിൽ നിന്നും സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന മഹനീയ ലക്ഷ്യം കൂടി ഉണ്ടായിരുന്നതായി മനസിലാക്കാം. ഇപ്പോൾ മിക്സഡ് സ്കൂളുകളാണ്. വെളിയം ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം ദീർഘകാലം വളരെ കൂടുതൽ കുട്ടികളെ ഉൾക്കൊണ്ടിരുന്നെങ്കിലും പലകാരണങ്ങളാൽ കുട്ടികൾ കുറഞ്ഞുകുറഞ്ഞു അൺഇക്കണോമിക് സ്കൂളുകളുടെ ലിസ്റ്റിൽപ്പെട്ടതാണ്. എന്നാൽ ഇപ്പോഴത്തെ മാനേജ്മെന്റിന്റെ സമർത്ഥമായ കരുനീക്കങ്ങൾ കാരണം ആ നില മാറി കുട്ടികളുടെ സംഖ്യ 264 ആയി ഉയർന്നിട്ടുണ്ട്.

8 അദ്ധ്യാപകരാണുള്ളത്. ഒരു പ്രീപ്രൈമറി സ്കൂൾ ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ഇന്നും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇതിന്റെ ഭൗതിക സൗകര്യങ്ങൾക്ക് വലിയ മാറ്റമൊന്നും വന്നിട്ടില്ല. ആരംഭകാലത്തെ 51 സെന്റ് സ്ഥലം മാത്രമാണ് ഇപ്പോഴും കാമ്പൗണ്ടിന്റെ വിസ്തീർണ്ണം. വൈദ്യുതീകരിച്ചിട്ടില്ല, നല്ല പാചകപുരയില്ല, വേണ്ടത്ര കളിസ്ഥലമില്ല, ചുറ്റുമതിൽ പൂർണ്ണമായിട്ടില്ല, കുടിവെള്ളസൗകര്യമുണ്ട്. അധ്യയനനിലവാരം സാമാന്യം തൃപ്തികരമാണ്. കൊഴിഞ്ഞുപോക്ക് തീരെ കുറവാണ്.

പഞ്ചായത്തിലെ ആദ്യത്തെ സബ് രജിസ്ട്രാർ ആയ കായില ശിവമന്ദിരത്തിൽ ശ്രീ. എൻ. സദാശിവൻ തന്റെ പ്രൈമറി വിദ്യാഭ്യാസം നടത്തിയത് ഇവിടെയാണ്.

**2. എൽ.എം.എസ്സ്.എൽ.പി.എസ്സ്. ഓടനാവട്ടം**

പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സ്കൂളുകളിൽ രണ്ടാമത്തേതാണിത്. 1904 ൽ ക്രിസ്ത്യൻ മിഷിണറിമാരാണ് സ്ഥാപിച്ചത്. ഓടനാവട്ടം ജംഗ്ഷനു വളരെയടുത്ത് സ്ഥിതിചെയ്യുന്നു. കാമ്പൗണ്ടിന് ഒരേക്കറിൽപ്പരം വിസ്തീർണ്ണമുണ്ടെന്നതൊഴിച്ചാൽ മറ്റ് ഭൗതിക സൗകര്യങ്ങൾ പരിമിതമാണ്. ഒരു കാലത്ത് എഴുനൂറിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിച്ചിരുന്നു. അന്ന് അക്കോമഡേഷൻ സൗകര്യം കുറവായിരുന്നതിനാൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിച്ചിരുന്നത്. വർഷങ്ങളായി കുട്ടികളുടെ സംഖ്യ കുറഞ്ഞ് കുറഞ്ഞ് ഇപ്പോൾ 153 ൽ എത്തി നിൽക്കുകയാണ്. അഞ്ച് അദ്ധ്യാപകരാണ് ഉള്ളത്. വളരെ ഉയർന്ന നിലവാരം പുലർത്തിയിരുന്ന ഈ സ്കൂളിന്റെ ഇപ്പോഴത്തെ നില തൃപ്തികരമല്ല. അധ്യയന നിലവാരം സാമാന്യം തൃപ്തികരമാണ്. കൊഴിഞ്ഞുപോക്ക് പറയത്തക്കതരത്തിലില്ല. പി.ടി.എ. യുടെ പ്രവർത്തനം ശക്തമല്ല. കുടിവെള്ളം സുലഭമാണ്.

3. (ഗവൺമെന്റ് എൽ.പി.എസ്സ്. ഓടനാവട്ടം)

പഞ്ചായത്തിലെ ആദ്യത്തെ ഗവൺമെന്റ് സ്കൂളാണ്. 1916 ൽ ആണ് സ്ഥാപിക്കപ്പെട്ടത്. ഓടനാവട്ടം ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ തെക്ക്മാറി റോഡരികിൽ സ്ഥിതിചെയ്യുന്നു. കാമ്പൗണ്ടിന്റെ വിസ്തീർണ്ണം 50 സെന്റ് മാത്രമേയുള്ളു. കെട്ടിടം കുടിവെള്ളം വൈദ്യുതി എന്നിവയുടെ ലഭ്യതയൊഴിച്ചാൽ മറ്റ് ഭൗതിക സൗകര്യങ്ങൾ ഇല്ലെന്നുതന്നെ പറയാം. ദീർഘകാലം 600 ൽ പ്പരം കുട്ടികൾ നിലനിന്നിരുന്ന ഇവിടെ ഇപ്പോൾ ഉള്ളത് കേവലം 131 കുട്ടികൾ മാത്രമാണ്. അദ്ധ്യാപകരുടെ എണ്ണം 17 ൽ നിന്ന് 5 ആയി ചുരുങ്ങിയിരിക്കുന്നു. പ്രഗത്ഭരായ പല അദ്ധ്യാപകരും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ അദ്ധ്യാപകരുടെ ദേശീയ അവാർഡ് നേടിയ ശ്രീ. ആർ. കേശവപിള്ള സാറിന്റെ പേര് എടുത്ത് പറയേണ്ടതാണ്. പഞ്ചായത്തിലെ ആദ്യത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ ഡോ. ജി. ഗോപിനാഥൻ, ശ്രീമാൻ. എം. ശ്രീകുമാർഎന്നിവരും 1995 ൽ കേരളാ യൂണിവേഴ്സിറ്റി നടത്തിയ ഫിസിക്സ് ഡിഗ്രി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ എസ്സ്. ജയ എന്ന കുട്ടിയും കാർട്ടൂണിസ്റ്റും പ്രൊഫസറുമായ ജി. സോമനാഥൻ തുടങ്ങി പ്രശസ്തരായ പല വ്യക്തികളും അവരുടെ പ്രഥമിക വിദ്യാഭ്യാസം നടത്തിയത് ഈ സ്കൂളുകളിലാണ്. ഇന്നും വിദ്യാർത്ഥികളുടെ നിലവാരം ഉയർന്നുതന്നെ നിൽക്കുന്നു. കൊഴിഞ്ഞുപോക്ക് തീരെ ഇല്ല. പി.ടി.എ. കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അതിന്റെ ചുമതലയിൽ പല നിർമ്മാണപ്രവർത്തനങ്ങളും നടക്കുന്നത് കൂടാതെ ഇപ്പോൾ ഒരു പ്രീപ്രൈമറി സ്കൂൾ നല്ലനിലയിൽ നടക്കുന്നുണ്ട്. ധാരാളം വാഹനങ്ങളോടുന്ന റോഡിന്റേയും വളരെ താഴ്ച്ചയിലുള്ള തോടിന്റേയും അരിക് ചേർന്നുള്ള ഈ സ്കൂളിന് ചുറ്റുമതിലില്ല എന്നത് കുട്ടികളുടെ ജീവനുതന്നെ ഭീഷണിയായി നിലനിൽക്കുന്നു. സ്ഥിരമായ പാചകപുരയില്ല.

### 4. ഗവൺമെന്റ് എൽ.പി.എസ്സ്. പാലക്കോട്

യശഃശരീരനായ ശ്രീ. ഇലവുംമൂട്ടിൽ കൊച്ചുകുട്ടി വാധ്യാർ 1919 ൽ സ്ഥാപിച്ച ഈ വിദ്യാലയം പഞ്ചായത്തിൽ നാലാമത്തേതാണ്. ഒന്നാമത്തെ വിദ്യാലയത്തിന് ഒരു കിലോമീറ്റർ പടിഞ്ഞാറ് മാറി റോഡരികിലാണ് സ്ഥിതിചെയ്യുന്നത്. കട്ടയിൽ പാലക്കോട്ടു പരിസരത്ത് അനുവദിക്കപ്പെട്ട ഈ സ്കൂൾ സ്ഥാപിക്കാൻ സൗകര്യപ്രദമായ സ്ഥലം ലഭിക്കായ്കയാൽ ഇപ്പോഴത്തെ സ്ഥലത്ത് സ്ഥാപിക്കുകയായിരുന്നു എന്നു പറഞ്ഞുകേൾക്കുന്നു. എൽ.പി.ജി.എസ്സിന്റെ സ്ഥാപകനായ ശ്രീ. പപ്പുവാധ്യാരുടെ മാതുലനാണ് കൊച്ചുകുട്ടിവാധ്യാർ എന്നറിയുമ്പോൾ ആ കുടുംബത്തിന്റെ വിദ്യാഭ്യാസത്തോടുള്ള അഭിനിവേശത്തിന്റെ അളവ് മനസിലാക്കാം. യാതൊരു ധനമോഹവുമില്ലാതെ സ്ഥാപിച്ചുവന്ന ഈ വിദ്യാലയം ഒരു രൂപ പ്രതിഫലം പറ്റിക്കൊണ്ട് 1947 ൽ സർക്കാരിലേക്ക് വിട്ടുകൊടുത്തു. ആദ്യകാലത്തുണ്ടായിരുന്ന അമ്പത് സെന്റ് സ്ഥലം മാത്രമാണ് ഇപ്പോഴും സ്വന്തമായിട്ടുള്ളത്. കെട്ടിടസൗകര്യവും വറ്റാത്ത ഒരു കിണറും പാചകപുരയും ഉണ്ട്. മറ്റ് ഭൗതികസൗകര്യങ്ങൾ കുറവാണ്. അത്യാവശ്യം വേണ്ട ചുറ്റുമതിൽ ഇല്ല. അധ്യയന നിലവാരം താഴാതെ നിലനിൽക്കുന്നു. സമൂഹത്തിലെ ഉന്നതസ്ഥാനീയരായ പലരുടേയും പ്രാഥമിക വിദ്യാഭ്യാസത്തിന് വേദിയായ ഈ സരസ്വതീ ക്ഷേത്രത്തിലാണ് അദ്ധ്യാപകരുടെ സംസ്ഥാന അവാർഡിന് അർഹനായ ശ്രീ. എം. ബാലകൃഷ്ണപിള്ളയുടേയും ബാല്യകാലവിദ്യാഭ്യാസം നടന്നത്. കൂടുതൽ കുട്ടികളുമായി വളരെക്കാലം നിലനിന്ന ഈ വിദ്യാലയത്തിലിപ്പോൾ ഇരുനൂറ്റിപത്ത് കുട്ടികളും എട്ട് അദ്ധ്യാപകരുമുണ്ട്. കലാരംഗത്ത് കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകിയ പാരമ്പര്യമാണുള്ളത്. ബാലകലോത്സവ വേദികളിൽ പല തവണ ഈ സ്കൂൾ മുന്നിലെത്തിയിട്ടുണ്ട്.

### 5. ഗവൺമെന്റ് എൽ.പി.എസ്സ്., കളപ്പില

1932 ൽ സ്വകാര്യമേഖലയിൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ ഓടനാവട്ടത്ത് പുതിയവീട്ടിൽ ശ്രീ. എസ്സ്. മാധവൻപിള്ള സാറാണ്. കൂടുതലും സാധാരണക്കാരായ ആളുകൾ പാർക്കുന്ന കളപ്പില എന്ന സ്ഥലത്ത് അവരുടെ ഉന്നമനം മാത്രം ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ടതാണ് ഈ വിദ്യാലയം. 1947 ൽ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യപ്പെട്ടു. പല ഘട്ടങ്ങളിലായി കുട്ടികൾ കുറഞ്ഞു കുറഞ്ഞു ഇപ്പോൾ 79 കുട്ടികൾ മാത്രമാണുള്ളത്. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകൾ ഉണ്ടെങ്കിലും 3 അദ്ധ്യാപകർ മാത്രമേയുള്ളൂ. അൺ എക്കണോമിക്ക് സ്കൂളുകളുടെ ലിസ്റ്റിൽപ്പെട്ടതാണ്. ആദ്യകാലത്തുണ്ടായിരുന്ന അമ്പതു സെന്റ് സ്ഥലമാണ് ഇപ്പോഴും ഉള്ളത്. ഒരു കെട്ടിടമുണ്ട്. കിണർ ഇല്ല. കുട്ടികളുടേയും അദ്ധ്യാപകരുടേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല. ചുറ്റുമതിലോ കമ്പിവേലികളോ ഇല്ല. പൈപ്പ് ലൈൻ ഉണ്ടെങ്കിലും അതിൽ നിന്ന് ജലം ലഭ്യമല്ല. പാചകപ്പുരയുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. ഫലപ്രദമായ പി.ടി.എ. ഇല്ല. കുട്ടികളുടെ നിലവാരം സാമാന്യം തൃപ്തികരമാണ്. ഗതാഗതസൗകര്യവും പരിമിതമാണ്. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ കുട്ടികൾ ഇല്ലാത്ത കുടുംബം പോലെ പ്രതീക്ഷയറ്റതാണ്.

### 6. എൽ.പി.എസ്സ്. കുടവട്ടൂർ

1957 ൽ എൻ.എസ്സ്.എസ്സ്. കരയോഗം മുൻകൈയെടുത്ത് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. പിന്നീട് കുടവട്ടൂർ പുതിയവീട്ടിൽ പരേതനായ ശ്രീ. രാമൻപിള്ളയുടെ മാനേജ്മെന്റിൻ കീഴിലായി. ഓടനാവട്ടത്തുനിന്നും ഉദ്ദേശ്യം 3 കിലോമീറ്റർ പടിഞ്ഞാറ് പബ്ലിക് റോഡിനോട് അടുത്ത് സ്ഥിതിചെയ്യുന്നു. കാമ്പൗണ്ടിന്റെ വിസ്തീർണ്ണം 50 സെന്റ് മാത്രമാണ്. എന്നാൽ അതിനോടു ചേർന്നുള്ള അമ്പലം കാമ്പൗണ്ട് വേർതിരിച്ചിട്ടില്ലാത്തതിനാൽ അതിന്റെ വിശാലമായ കാമ്പൗണ്ട് കുട്ടികൾ



000042

കളിസ്ഥലമായി ഉപയോഗിക്കുന്നു. വൈദ്യുതീകരിച്ചിട്ടില്ല. വറ്റാത്ത കിണർ ഉണ്ട്. സ്ഥിരം പാചകപുരയില്ല. കെട്ടിടസൗകര്യമുണ്ട്. ഒരു കാലത്ത് 560 കുട്ടികളും 17 അദ്ധ്യാകരും ഉണ്ടായിരുന്നസ്ഥാനത്ത് ഇപ്പോൾ 9 അദ്ധ്യാപകരും 245 വിദ്യാർത്ഥികളുമാണുള്ളത്. പൂർവ്വ വിദ്യാർത്ഥികളിൽ പലരും അത്യുന്നതങ്ങളിൽ എത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ പഞ്ചായത്തിലെ ആദ്യത്തെ ന്യായാധിപതിയും ഇപ്പോൾ അസിസ്റ്റന്റ് സെഷൻസ് ജഡ്ജിയുമായ ശ്രീമതി. എൻ. തുളസീഭായി, സിനിമാരംഗത്ത് അഖിലേന്ത്യാ പ്രശസ്തി നേടിയ ശ്രീ. കുടവട്ടൂർ മുരളി എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്. പൊതുവിൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസ പുരോഗതിയുടെ വിഭവ ഭൂപടത്തിൽ തെളിഞ്ഞ ഛായക്കൂട്ടുകൊണ്ട് കുടവട്ടൂർ പ്രദേശത്തെ അടയാളപ്പെടുത്തുവാൻ കാരണമാക്കിയ സരസ്വതീക്ഷേത്രമാണിത്. 1958 ലെ കേരളാ വിദ്യാഭ്യാസ ബില്ലിനെതിരെ സ്വകാര്യ വിദ്യാലയങ്ങൾ അടച്ചുപൂട്ടി സമരം ചെയ്തപ്പോൾ തുറന്നു പ്രവർത്തിച്ച സ്കൂൾ എന്ന ബഹുമതിയും, കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് ആചാര്യനുമായ ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട് ആദ്യം മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഒരു മേളയോടനുബന്ധിച്ച് സന്ദർശിച്ചിട്ടുള്ള സ്കൂൾ എന്ന ബഹുമതിയും ഇതിനുണ്ട്. ഇത്രയൊക്കെ പാരമ്പര്യമുള്ള ഈ സ്കൂളിന്റെ ഇന്നത്തെ അവസ്ഥ ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾകുറഞ്ഞ ഒരു സാധാരണ പ്രൈമറി സ്കൂൾ എന്നുള്ളതിൽ നിന്നും തെല്ലും വ്യത്യസ്ഥമല്ല.

### 7. ഗവൺമെന്റ് എൽ.പി.എസ്സ്. വെളിയം വെസ്റ്റ

1962 ൽ ഗവൺമെന്റ് ഉടമയിൽ സ്ഥാപിതമായ സ്കൂളാണിത്. വെളിയം ജംഗ്ഷനിൽ നിന്നും ഉദ്ദേശ്യം 3 കിലോമീറ്റർ പടിഞ്ഞാറ് കലയക്കോട് അറവലക്കുഴി റോഡിന്റെ അരുകിൽ സ്ഥിതി ചെയ്യുന്നു. ഈ സ്കൂൾ സ്ഥാപിതമാകുന്നതുവരെ ഇവിടുത്തെ കുട്ടികൾ രണ്ടു കിലോമീറ്ററിലധികം സഞ്ചരിച്ചാണ് പ്രൈമറി വിദ്യാഭ്യാസം നടത്തിയിരുന്നത്. സ്കൂൾ സ്ഥിതി ചെയ്യുന്നത് സാമാന്യം ഉയർന്ന ഒരു സമതല പ്രദേശത്താണ്. ഒരേക്കർ ഗ്രൗണ്ട് ഉണ്ട്. സാമാന്യം നല്ല ഒരു കെട്ടിടവുമുണ്ട്. കിണർ ഉണ്ട്. സാമാന്യം വിസ്തൃതമായ കളിസ്ഥലമാണുള്ളത്. പാചകപുര ആവശ്യത്തിന് മതിയാകുന്നതാണ്. വൈദ്യുതീകരിച്ചിട്ടില്ല. കുട്ടികളുടേയും അദ്ധ്യാപകരുടെയും പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങൾ പരിമിതമാണ്. ചുറ്റുമതിലില്ല. കുട്ടികളും അദ്ധ്യാപകരും കുറവാണ്. ഇപ്പോൾ നാല് അദ്ധ്യാപകരും 106 കുട്ടികളുമാണുള്ളത്. ഇരട്ടിയിലേറെ കുട്ടുകളും അദ്ധ്യാപകരും ഉണ്ടായിരുന്നിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് നന്നേ കുറവാണ്. അധ്യയന നിലവാരം സാമാന്യം തൃപ്തികരം. പി.ടി.എ. യുടെ പ്രവർത്തനം ശ്ലാഘനീയമാണ്. അതിന്റെ ചുമതലയിൽ ഒരു പ്രീപ്രൈമറി സ്കൂൾ പ്രസ്തുത സ്കൂളിന്റെ ഒരു ഒഴിഞ്ഞ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ചുറ്റുമതിൽ ഇല്ല. സ്കൂളിന് അരികിലൂടെ മിനിട്ടുകൾ ഇടവിട്ടോടുന്ന പാറലോറികൾ കുട്ടികളുടെ സുരക്ഷിതത്വത്തിന് വലിയ ഭീഷണിയാണ്.

### 8. ഗവൺമെന്റ് എൽ.പി.എസ്സ്. ചെപ്ര

1968 ൽ ഗവൺമെന്റ് ഉടമയിൽ സ്ഥാപിതമായി. പഞ്ചായത്തിൽ ഏറ്റവും ഉദുവിൽ അനുവദിക്കപ്പെട്ട പ്രൈമറി സ്കൂളാണിത്. പഞ്ചായത്തിന്റെ ഏതാണ്ട് വടക്കേ അറ്റത്തുള്ള കടകമ്പോളങ്ങൾ ഒന്നും ഇല്ലാത്ത ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. വാഹനഗതാഗതത്തിന് യോഗ്യമല്ലാത്ത ഒരു പഞ്ചായത്ത് റോഡ് ഇതിന് മുമ്പിൽകൂടി കടന്നുപോകുന്നുണ്ട്. 50 സെന്റാണ് കാമ്പൗണ്ടിന്റെ വിസ്തൃതി. കഷ്ടിച്ച് നാല് ഡിവിഷനുകൾ നടത്താനുള്ള കെട്ടിടമുണ്ട്. കുടിവെള്ളസൗകര്യമുണ്ട്. പ്രാഥമിക



000043

ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ തൃപ്തികരമാണ്. സ്ഥിരം പാചകപുരം നിർമ്മിക്കുവാനുള്ള തുക അനുവദിച്ചിട്ടുണ്ട്. 4 ക്ലാസുകൾ ഉണ്ടെങ്കിലും 3 അദ്ധ്യാപകരേയുള്ളൂ. തന്മൂലം അധ്യയനം മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. അൺ എക്കണോമിക്ക് സ്കൂളുകൾ നിലനിർത്തുവാനുള്ള പദ്ധതിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ പരിഷ്കാരത്തിന്റെ ഫലമായാണ് ഇങ്ങനെ സംഭവിച്ചത്. കെട്ടിടസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന്റെ പ്രത്യേക പദ്ധതി അനുസരിച്ച് ഏതാനും വർഷങ്ങൾക്ക് മുമ്പ് ഒരു കെട്ടിടത്തിന്റെ പണി ആരംഭിച്ചെങ്കലും പൂർത്തീകരിച്ചില്ല. കൂരയുടെ ഘട്ടം വരെയെത്തിയ ആ കെട്ടിടത്തിന്റെ ഭിത്തികൾ ഏത് നിമിഷവും ഇടിഞ്ഞ് വീണ് കുട്ടികൾക്കും അദ്ധ്യാപകർക്കും അപകടം സംഭവിക്കാവുന്ന സ്ഥിതിയാണുള്ളത്. വളരെ പ്രതീക്ഷയോടെ നാട്ടുകാർ ഉറ്റുനോക്കിയിരുന്ന ഈ വിദ്യാലയത്തിന്റെ ഇന്നത്തെ സ്ഥിതി ആശാവഹമല്ല.

### 9. എസ്.കെ.വി.യു.പി.എസ്സ്., കായില

1935 ൽ ആരംഭിച്ച ഈ വിദ്യാലയം യശഃശരീരനായ ശ്രീ. തോട്ടുവാ നാരായണൻസാറാണ് സ്ഥാപിച്ചത്. പഞ്ചായത്തിലെ ആദ്യത്തെ സംസ്കൃത ഹൈസ്കൂൾ എന്ന പദവിയോടെ 1952 വരെ നിലനിന്നു. 1952 ൽ വിദ്യാഭ്യാസപരിഷ്കാരത്തിന്റെ ഫലമായി സംസ്കൃതം ഒന്നാം ഭാഷയായ യു.പി. സ്കൂളായി മാറ്റപ്പെട്ടു. വെളിയം പഞ്ചായത്തിന്റെ തെക്ക് കിഴക്കേ അതിർത്തിയായ കായില എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം ഒരു കാലത്ത് പേരും പെരുമയും ആർജ്ജിച്ചിരുന്ന ഒരു വിദ്യാലയമാണ്. എന്നാൽ ഇപ്പോൾ ആളൊഴിഞ്ഞ അരങ്ങുപോലെ ചലനമറ്റനിലയിലാണ്. 1975 വരെ ധാരാളം കുട്ടികളും അദ്ധ്യാപകരുമായി പ്രതാപത്തോടെ പ്രവർത്തിച്ചിരുന്ന ഈ സ്കൂളിൽ ഇപ്പോൾ ഏഴ് അദ്ധ്യാപകരും 65 വിദ്യാർത്ഥികളും മാത്രമേയുള്ളൂ. അൺ എക്കണോമിക്ക് ലിസ്റ്റിൽപ്പെട്ടുവെങ്കിലും സംസ്കൃതസ്കൂൾ എന്ന പരിരക്ഷയിൽ നിലനിൽക്കുന്നു. സാഹിത്യാരാധാകനും കവിയുമായിരുന്ന മാനേജർ മുൻകൈയെടുത്ത് മഹാകവി വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയവരേയും മുതിർന്ന സാഹിത്യനായകന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഇവിടെ നടത്തിയിട്ടുള്ള കവിയരങ്ങുകളുടേയും സാഹിത്യ സദസ്സുകളുടേയും മധുരസ്മരണകൾ അയവിറക്കിക്കൊണ്ട് കഴിയുന്ന പഴയ തലമുറക്കാർ ഇന്നത്തെ സ്ഥിതി കണ്ട് ദുഖിക്കുന്നുണ്ടാകും. ഒന്നരയേക്കർ ഭൂമിയും, ഒരു സ്ഥിരം കെട്ടിടവും ഉൾപ്പെടെ 3 കെട്ടിടങ്ങളുമുണ്ട്. ഒരു ഓപ്പൺ എയർ ആഡിറ്റോറിയം ഈ സ്കൂളിന്റെ പ്രത്യേകതയാണ്. കുടിവെള്ളക്ഷാമം ഇല്ല. വൈദ്യുതീകരിച്ചിട്ടില്ല എന്നതും പാചകപുര ഇല്ല എന്നതും ഭൗതിക സൗകര്യങ്ങളുടെ കുറവായി ശേഷിക്കുന്നു. മെച്ചപ്പെട്ട ഗതാഗത സൗകര്യമുണ്ട്. പി.ടി.എ. യുടെ പ്രവർത്തനം ഇപ്പോൾ ശക്തമല്ല.

### 10. എസ്സ്.എ.ബി.യു.പി.എസ്സ്. ചെപ്ര

1950 ൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം പഞ്ചായത്തിന്റെ വടക്ക് കിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. ചെപ്ര ഇളവം വീട്ടിൽ പരേതനായ ശ്രീകെ. കേശവൻനായർ സാറാണ് സ്ഥാപകൻ. അദ്ദേഹം ദീർഘകാലം ഈസ്കൂളിലെ ഹെഡ്മാസറ്ററായും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഓടനാവട്ടത്ത് നിന്നും 4 കി.മീ. കിഴക്ക്മാറി ചെപ്ര ജംഗ്ഷനിൽ രണ്ട് പബ്ലിക്ക് റോഡുകളുടെ ഇടയിൽ സാമാന്യം ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ സ്കൂളിന്റെ നില ആകർഷണീയമാണ്. ഒരേക്കറാണ് കാമ്പൗണ്ടിന്റെ വിസ്തീർണ്ണം. ഭൗതികസൗകര്യങ്ങൾ മിക്കതുമുണ്ട്. എന്നാൽ കുട്ടികളുടെ എണ്ണം ഇപ്പോൾ കുറവാണ്. 222 കുട്ടികളും 11 ആദ്ധ്യാപകരുമാണ് നിലവിലുള്ളത്. ധാരാളം കുട്ടികളും അദ്ധ്യാപകരുമായി പ്രതാപത്തോടെ കഴിഞ്ഞിരുന്ന ആ പഴയ കാലം ഇനിയും വരും എന്നു പ്രതീക്ഷിക്കട്ടെ, അധ്യയന

നിലവാരം സാമാന്യം തൃപ്തികരമാണ്. പി.ടി.എ.യുടെ പ്രവർത്തനം ശക്തമല്ല.

### 11. യു.പി.എസ്സ്. കുടവട്ടൂർ

പഞ്ചായത്തിന്റെ താൽപ്പര്യപ്രകാരം അനുവദിക്കപ്പെട്ട ഈ വിദ്യാലയം 1957 ൽ അന്നത്തെ പസിഡന്റ് ശ്രീ. പി. മാധവൻപിള്ളയുടെ മാനേജ്മെന്റിൽ ആരംഭിച്ചു. ആദ്യകാലത്ത് മാനേജ്മെന്റിനുപുറമേ ഒരു കറസ്പോണ്ടന്റുകൂടി ഉണ്ടായിരുന്നെങ്കിലും കുറേ വർഷങ്ങൾക്കുശേഷം ആ പ്രത്യേക പദവി ഇല്ലാതായി. മാനേജ്മെന്റിൽ മാറ്റമൊന്നും സംഭവിച്ചില്ല. ഓടനാവട്ടം ജംഗ്ഷനിൽ നിന്ന് മൂന്നു കിലോമീറ്റർ പടിഞ്ഞാറ് കുടവട്ടൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. കുടവട്ടൂർ ഇടയ്ക്കിടം പബ്ലിക് റോഡിൽ നിന്നും ഉദ്ദേശ്യം 200 മീറ്റർ അകലത്തിലാണ്. സ്കൂൾ കാമ്പൗണ്ടിന്റെ വിസ്തീർണ്ണം ഒരു ഏക്കർ 25 സെന്റാണ്. കെട്ടിടമുണ്ടെങ്കിലും മറ്റ് ഭൗതികസൗകര്യങ്ങൾ ഒന്നും തന്നെയില്ലെന്നു പറയാം. മുമ്പു 9 ഡിവിഷനുകളിലായി മുന്നൂറിൽപ്പരം വിദ്യാർത്ഥികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 6 ഡിവിഷനുകളിലായി 170 കുട്ടികൾ പഠിക്കുന്നു. അദ്ധ്യാപകർ 10 പേരുണ്ട്. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ ഏറെ മുന്നിലെത്താൻ കുടവട്ടൂരിനെ സഹായിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണിത്. കുടവട്ടൂർ എൽ.പി.എസ്സിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികളിൽ അധികം പേരും ഇവിടെയാണ് തുടർ വിദ്യാഭ്യാസം നടത്തിയിട്ടുള്ളത്. കലാകായികരംഗങ്ങളിൽ മികവ് കാട്ടിയിട്ടുള്ള പാരമ്പര്യം ഈ സ്കൂളിനുണ്ട്. ഉന്നതങ്ങളിൽ എത്തിയിട്ടുള്ള പൂർവ്വവിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന്റെ വലിയൊരു സമ്പത്താണ്. അധ്യയന നിലവാരം സാമാന്യം തൃപ്തികരമായി തുടരുന്നു. കൊഴിഞ്ഞുപോക്ക് തീരെ കുറവാണ്.

### 12. വിവേകോദയം യു.പി.എസ്സ്. വെളിയം

1962 ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. വെളിയം പടിഞ്ഞാറ്റിൻകര കളീലഴികത്തുവീട്ടിൽ ശ്രീ. എൻ. ശങ്കരനായിരുന്നു സ്ഥാപക മാനേജർ. ഇപ്പോൾ ക്രിസ്ത്യൻ കോർപ്പറേറ്റ് മാനേജ്മെന്റാണ് ഭരണം നടത്തുന്നത്. വെളിയം ജംഗഷനിൽ നിന്ന് ഏകദേശം ഒന്നരകിലോമീറ്റർ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്നു. പബ്ലിക് റോഡ് നൂറ് മീറ്റർ അകലെക്കൂടിയാണ് കടന്നുപോകുന്നത്. ഒരു ഏക്കർ ആണ് കാമ്പൗണ്ടിന്റെ വിസ്തീർണ്ണം. കെട്ടിടസൗകര്യമുണ്ട്. വിശാലമായ കളിസ്ഥലം ഈ പഞ്ചായത്തിൽ മറ്റൊരു സ്കൂളിനുമില്ലാത്ത പ്രത്യേകതയാണ്. കിണർ ഉണ്ടെങ്കിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമമുണ്ട്. പൊതുവേ ഭൗതിക സൗകര്യങ്ങൾ കുറവാണ്. 5,6,7, സ്റ്റാൻഡേർഡുകളിലായി 300 ലധികം കുട്ടികൾ പഠിച്ചിരുന്നു. ഇപ്പോൾ 116 കുട്ടികളാണുള്ളത്. അദ്ധ്യാപകരുടെ എണ്ണം 14 ൽ നിന്നും 8 ആയി കുറഞ്ഞിട്ടുണ്ട്. അധ്യയന നിലവാരം സാമാന്യം തൃപ്തികരമാണ്. ഇതിനോടുചേർന്നൊരു പ്രീപ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നു. അതിന്റെയും നിയന്ത്രണം സ്കൂൾ മാനേജ്മെന്റിനാണ്. പി.ടി.എ. ശക്തമല്ല. കലാകായികരംഗങ്ങളിൽ മികവ് കാട്ടിയ പാരമ്പര്യമുള്ള സ്കൂളാണിത്. ഇപ്പോഴത്തെ കുട്ടികളുടെ എണ്ണം വച്ച് നോക്കുമ്പോൾ സ്കൂളിന്റെ ഭാവി ഇരുളടഞ്ഞതാണ്.

### 13. ഗവൺമെന്റ് വെൽഫെയർ യു.പി.എസ്. വെളിയം

1952 ൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രൈമറി സ്കൂളായി ആരംഭിച്ചു. 1980 ൽ അപ്പർപ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. വെളിയം ജംഗ്ഷന് ഒരു കിലോമീറ്റർ വടക്കുമാറി പട്ടികജാതി കോളനിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. കാമ്പൗണ്ടിന്റെ വിസ്തൃതി രേഖകളനുസരിച്ച് ഒരേക്കർ അമ്പതു സെന്റാണ്. എന്നാൽ 84 സെന്റ് മാത്രമേ ഇപ്പോൾ കൈവശമുള്ളൂ. കെട്ടിക സൗകര്യം തീരെ കുറവായതിനാൽ സെഷണൽ സമ്പ്രദായത്തിലാണ് ക്ലാസുകൾ നടക്കുന്നത്.



000042

ഇപ്പോൾ 3 മുതൽ 7 വരെ സ്റ്റാൻഡേർഡുകളിലായി 453 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 147 കുട്ടിൽ പട്ടികജാതിയിൽപ്പെട്ടവരാണ്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 15 അദ്ധ്യാപകരാണ് ഇപ്പോൾ ഉള്ളത്. അധ്യയന നിലവാരം തൃപ്തികരമാണ്. കലാകായികരംഗങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. പി.ടി.എ. യുടെ പ്രവർത്തനം ശക്തമാണ്. അപ്ഗ്രേഡ് ചെയ്യപ്പെട്ടപ്പോൾ കുറച്ച് സ്ഥലവും 40' X 20' ഉള്ള ഒരു സെമി പെർമനെന്റ് ഷെഡ്ഡും സ്പോൺസറിംഗ് കമ്മിറ്റിയുടെ ചുമതലയിൽ സംഭാവന ചെയ്തിട്ടുണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം ഇല്ല. സ്ഥിരം പാചകപ്പുരയും കുട്ടികൾക്കുവേണ്ടി കക്കൂസുമില്ല. ഒരു വശത്തുമാത്രമേ മതിലുള്ളൂ. ശേഷിച്ച മൂന്നുവശങ്ങളും അടവില്ലാതെ കിടക്കുന്നതിനാൽ ക്ലാസ് സമയത്തുപോലും ജനങ്ങൾ സ്കൂൾ കാമ്പൗണ്ടിൽ കൂടി സഞ്ചരിക്കുക പതിവാണ്. മിക്ക സ്കൂളുകളിലുമുള്ളതുപോലെ രാത്രികാലങ്ങളിൽ സാമൂഹിക വിരുദ്ധരുടെ ശല്യമുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് ഇപ്പോൾ ഈ സ്കൂൾ പ്രവർത്തിക്കുന്നത്.

## 14. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ഓടനാവട്ടം

പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് ഏറെ സംഭാവന നൽകിയ സ്കൂളാണിത്. 1941 ൽ മലയാളം മിഡിൽ സ്കൂളായി ആരംഭിച്ചു. 1946 ൽ ഇംഗ്ലീഷ് മിഡിൽ സ്കൂളായി. 1966 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1993 മുതൽ വൊക്കേഷണൻ ഹയർസെക്കന്ററി ക്ലാസുകൾ കൂടി നടക്കുന്നു. തുറവൂർ വലിയവീട്ടിൽ പരേതനായ ശ്രീ. കെ.ആർ. ഗോപാലപിള്ളയാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകമാനേജർ. ഉന്നത നിലവാരം പുലർത്തിയിരുന്ന ഈ സ്കൂളിന്റെ സ്ഥിതി ഇടയ്ക്കുവച്ച് മോശപ്പെട്ടു. മിഡിൽ സ്കൂളിന്റെ അവസാനഘട്ടങ്ങളിലാണു തകർച്ചയുടെ ആരംഭം. ആകയാൽ എസ്സ്.എസ്സ്.എൽ.സി. വിജയശതമാനത്തിൽ പഞ്ചായത്തിലെ മറ്റ് രണ്ട് സ്കൂളുകൾക്കൊപ്പം എത്താൻ ഇതിന് കഴിഞ്ഞിട്ടില്ല. കുട്ടികളുടെ എണ്ണം ഗണ്യമായി കുറയാൻ ഇത് കാരണമായി. ഇപ്പോൾ സ്ഥിതി വളരെയേറെ മെച്ചപ്പെട്ടു വരുന്നുണ്ട്. പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന് ഉയരങ്ങളിലെത്താൻ എല്ലാ ഭൗതിക സാഹചര്യങ്ങളുമുണ്ട്. കാമ്പൗണ്ടിന്റെ വിസ്തീർണ്ണം 3 ഏക്കർ ആണെങ്കിലും നല്ല കളിസ്ഥലമില്ല. കളിസ്ഥലമായി കരുതിയിട്ടിരിക്കുന്ന ഭാഗം വേണ്ടത്ര വിസ്തൃതമാണെങ്കിലും നിരപ്പില്ലായ്കയാൽ പ്രയോജനപ്രദമല്ല. കായികപ്രതിഭകൾ വളർന്നുവരാതിരിക്കാൻ ഇതും ഒരു കാരണമാണ്. മിഡിൽ സ്കൂൾ ഹൈസ്കൂൾ വിഭാഗങ്ങളിലെ 50 ഡിവിഷനുകളിലായി 1500 ൽ പ്പരം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ഹയർസെക്കന്ററി വിഭാഗം കൂടി ചേർത്ത് 884 കുട്ടികൾ മാത്രമാണുള്ളത്. 52 അദ്ധ്യാപകരും പണിയെടുക്കുന്നു. പഞ്ചായത്തിലെ ആദ്യത്തെ മിഡിൽ സ്കൂളെന്നും ഹൈസ്കൂളെന്നുമുള്ള ബഹുമതികൾ നിലനിൽക്കുന്ന ഈ വിദ്യാലയത്തിന് അത്തരത്തിലുള്ള ബഹുമതികൾ ഇനിയും കരസ്ഥമാക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. ആയുർവേദത്തിൽ ബിരുദാനന്തരബിരുദം നേടിയ പഞ്ചായത്തിൽ ആദ്യത്തെ വ്യക്തിയായ ഡോ. കെ. ഗോപിനാഥൻ തന്റെ മിഡിൽ സ്കൂൾ വിദ്യാഭ്യാസം നടത്തിയത് ഈ സ്കൂളിലാണ്.

## 15. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മുട്ടറ

1920 ൽ സ്വകാര്യമേഖലയിൽ ഒരു പ്രാഥമിക വിദ്യാലയമായി ആരംഭിച്ച മുട്ടറ സരസ്വതീവിലാസം വെർണാക്കുലർ പ്രൈമറി സ്കൂളാണ് നീണ്ട 69 വർഷങ്ങൾക്കിടയിൽ നടന്ന പരിവർത്തനങ്ങളുടെ ഫലമായി

ഇന്നത്തെ മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി മാറിയത്. ഈ കാലയളവിൽ നാടെല്ലാം നഗരങ്ങളായി മാറിയിട്ടും ഇനിയും നാഗരികതയൊന്നും എത്തിനോക്കിയിട്ടില്ലാത്ത മുട്ടറ ഗ്രാമത്തിന്റെ അന്നത്തെ സ്ഥിതി പുതിയ തലമുറയ്ക്ക് ഊഹിക്കാൻ കഴിയുന്നതല്ല. പുരാണ പ്രസിദ്ധമായ മുട്ടറ മരുതി മലയുടെ അടിവാരത്ത് കാടുകൾ വെട്ടി തെളിച്ച് ആ സരസ്വതിക്ഷേത്രം സ്ഥാപിച്ച യശഃശരീരനായ പുതുവാ നാണുപിള്ളസാർ കുറേക്കാലം അതിന്റെ മാനേജരായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു. പിന്നീട് ഹെഡ്മാസ്റ്ററുടെ കസേര മറ്റൊരു ഗുരുനാഥന് കൈമാറിക്കൊണ്ട് 1920 വരെ മാനേജരായും അദ്ധ്യാപകനായും തുടർന്നു. 1947 ൽ നാട്ടിലെ പല ഗ്രാന്റ് സ്കൂളുകളുടേയും കൂട്ടത്തിൽ ഒരു രൂപാ പ്രതിഫലം പറ്റിക്കൊണ്ട് സർക്കാരിലേക്ക് വിട്ടുകൊടുത്തു. അതോടെ മുട്ടറ ഗവൺമെന്റ് എൽ.പി.എസ്സ്. ആയി. അഞ്ചാം ക്ലാസുള്ള പ്രീപ്രൈമറി സ്കൂളായി തുടരവേ 1974 ൽ യു.പിയസ്കൂളായി ഉയർത്തപ്പെട്ടു. കേവലം 36 സെന്റ് സ്ഥലം മാത്രം സ്വന്തമായുണ്ടായിരുന്ന സ്കൂളിന് ഒരേക്കർ 34 സെന്റ് സ്ഥലവും 60' X 20' സെമി പെർമെനെന്റ് കെട്ടിടവും ആവശ്യത്തിനുള്ള അകസാമാനങ്ങളും നാട്ടുകാർ സംഭാവന ചെയ്താണ് സ്കൂളിന്റെ അംഗീകാരം വാങ്ങിയത്. 1982 ൽ ഹൈസ്കൂളായും 1989 ൽ വൊക്കേഷണൽ ഹയർ സെക്കന്ററിയായും ഉയർന്നു. ഹൈസ്കൂളായ ഘട്ടത്തിലും നാട്ടുകാർ വഹിച്ച ഭാരം ചെറുതായിരുന്നില്ല. ഒരു ഏക്കർ സ്ഥലവും 60 അടി കെട്ടിടവും ഉപകരണങ്ങളും അന്നും സംഭാവന ചെയ്തു. രണ്ടു ഘട്ടങ്ങളിലായി പഞ്ചായത്തു നൽകിയ ധനസഹായം മറ്റേതു സ്കൂളിനും നൽകിയിട്ടുള്ളതിലും കൂടുതലാണ്. 1 ാം സ്റ്റാൻഡേർഡ് മുതൽ വി.എച്ച്.എസ്.സി. വരെയായി 1143 കുട്ടികളും 56 അദ്ധ്യാപകരുമാണ് ഇപ്പോൾ ഉള്ളത്. കുട്ടികളിൽ 309 പേർ പട്ടികജാതിയിപ്പെടുന്നു. ഈ വിഭാഗത്തിൽ ഇത്രയധികം കുട്ടികൾ പഠിക്കുന്ന മറ്റൊരു സ്കൂളും പഞ്ചായത്തിലില്ല. എസ്സ്.എസ്സ്.എൽ.സി. യ്ക്ക് ആദ്യത്തെ രണ്ടു തവണ 100 ശതമാനം വിജയം കൈവരിക്കാൻ കഴിഞ്ഞെങ്കിലും തുർന്നുള്ള വർഷങ്ങളിൽ ആ സ്ഥിതി നിലനിർത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും വിജയശതമാനത്തിൽ ഇന്നും പഞ്ചായത്തിലെ സ്കൂളുകളുടെ മുൻനിരയിൽ തന്നെയാണ്. സ്ഥാനം. കായികലാരംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രോത്സാഹനം നൽകുന്ന പാരമ്പര്യമാണുള്ളത്. ഉപജില്ലാ യുവജനോത്സവത്തിൽ പങ്കെടുത്ത ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് നന്നേ കുറവാണ്. ഊർജ്ജസ്വലമായ പി.ടി.എ. ഉണ്ട്. ഗതാഗത സൗകര്യമുണ്ട്. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കുടിവെള്ളം ദുർലഭമാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പരിമിതമാണ്. കെട്ടികസൗകര്യം തീരെ കുറവാണ്. ചുറ്റുമതിലില്ല. കളിസ്ഥലമില്ല.

### 16. ടി.വി.ടി.എം. ഹൈസ്കൂൾ, വെളിയം

ഇത് പഞ്ചായത്തിൽ ഏറ്റവും ഒടുവിൽ സ്ഥാപിതമായ സ്കൂളാണ്. ഒന്നാം കേരള മന്ത്രി സഭയിലെ വ്യവസായവകുപ്പ് മന്ത്രിയും കമ്മ്യൂണിസ്റ്റ് നേതാവുമായ ശ്രീമാൻ ടി.വി. തോമസിന്റെ സ്മരണ നിലനിർത്തുന്നതിനു വേണ്ടി കമ്മ്യൂണിസ്റ്റുപാർട്ടിയുടെ താൽപ്പര്യപ്രകാരം വെളിയം കൊടിലഴികത്ത് വീട്ടിൽ ശ്രീ കെ. വാസുദേവനാണ് സ്ഥാപിച്ചത്. വെളിയത്തെ പട്ടികജാതി കോളനിയിൽ ഗവൺമെന്റുടമയിലുള്ള യു.പി. സ്കൂളിനു തൊട്ടടുത്തായി സ്ഥിതിചെയ്യുന്നു. 1979 ൽ ആരംഭിച്ച ഈസ്കൂളിൽ ഹൈസ്കൂൾ ക്ലാസുകൾ മാത്രമേയുള്ളു. ഈ വിഭാഗത്തിൽ ഏറ്റവും അധികം കിട്ടികൾ പഠിക്കുന്നത് ഇവിടെയാണ്. ആരംഭം മുതൽ ഇന്നോളം ഓരോവർഷവും കുട്ടികൾ വർദ്ധിക്കുന്ന പ്രവണത ഈ സ്കൂളിന്റെ ഒരു പ്രത്യേകതയായി എടുത്തു കാട്ടാം. ഇപ്പോൾ 30 അദ്ധ്യാപരും 704 കുട്ടികളുമുണ്ട്. അധ്യയന നിലവാരം



00004700

മെച്ചപ്പെട്ട നിലയിൽ തുടരുന്നു. കഴിഞ്ഞ നാല് വർഷങ്ങളിലേയും വിജയശതമാനം 70 ന് അടുത്താണ്. ഇതുവരെയുള്ള പുരോഗതി പരിശോധിക്കുമ്പോൾ ശോഭനമായ ഭാവിയുള്ള സ്കൂളാണെന്ന് തീർത്തും പറയാം. അത് കൈവരിക്കുന്നതിന് മാനേജ്മെന്റിന്റേയും അദ്ധ്യാപരുടേയും രക്ഷകർത്താക്കളുടേയും കൂട്ടായപ്രവർത്തനം അനുസൃതമായി തുടരേണ്ടത് അനിവാര്യമാണ്.

## സാക്ഷരതാ പ്രവർത്തനം

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയ പഞ്ചായത്താണ്. തുടർ വിദ്യാഭ്യാസ പരിപാടികൾ വേണ്ടത്ര പുരോഗമിച്ചിട്ടില്ല. ഇടക്കാലത്ത് സംസ്ഥാനത്തുണ്ടായ ഭരണമാറ്റവും പഞ്ചായത്തിന്റെ അലസ മനോഭാവവും ഇതിന് കാരണമായി കണക്കാക്കാം.

കണക്കുകൾ പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നതായി കാണാം.

1. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം സ്റ്റാൻഡേർഡിൽ എത്തുന്ന കുട്ടികൾ 400 ന് പുറത്തും അവരിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിച്ചവർ 200 ൽ താഴെയുമാണ് (ഇത്തരം സ്കൂളുകളിൽ 1ാം സ്റ്റാൻഡേർഡിൽ എത്തിച്ചേരുന്നവരിൽ നഴ്സറി വിദ്യാഭ്യാസം ലഭിക്കുന്നവർ 365 ഉണ്ടെങ്കിലും പകുതിപേർ മാത്രമേ അഞ്ച് വയസ് പൂർത്തിയായവർ ഉണ്ടാകൂ.
2. പട്ടികജാതിയിൽപ്പെട്ട കുട്ടിളിൽ വളരെ കുറച്ചുപേർക്കു മാത്രമേ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നുള്ളൂ.
3. സർക്കാർ, എയിഡഡ് അംഗീകാരമില്ലാത്ത സ്വകാര്യപ്രൈമറികൾ ഇവയിൽ എല്ലാംകൂടി ഒന്നുമുതൽ നാല് വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുട്ടികളുടെ സംഖ്യ 2498 ആയിരിക്കുമ്പോൾ 796 കുട്ടികൾ 32 ശതമാനം അംഗീകീരമില്ലാത്ത സ്വകാര്യസ്കൂളുകളിൽ വമ്പിച്ച ഫീസ് കൊടുത്ത് പഠിക്കുന്നു.
4. മൊത്തം പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾ 2498 ആണെങ്കിലും അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ എത്തിച്ചേരുന്നവരുടെ എണ്ണം കേവലം 1557 ആണ്. പഞ്ചായത്തിന് പുറത്തുള്ള വിദ്യാലങ്ങൾ തേടിപ്പോകുന്നവരും പഠനം നിർത്തുന്നവരുമായി 950 നടുത്ത് കുട്ടികളുണ്ട്.
5. അപ്പർ പ്രൈമറി വിദ്യാർത്ഥികളുടെ എണ്ണവും ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണവും തമ്മിൽ വലിയ അന്തരമില്ല. 1557: 1491
6. ലോവർ പ്രൈമറി വിഭാഗത്തിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ എണ്ണത്തിൽ വലിയ വ്യത്യാസമില്ല. 1296 : 1202
7. അപ്പർപ്രൈമറി വിദ്യാഭ്യാസത്തിൽ ആൺകുട്ടികളുടേയും എണ്ണത്തിൽ കാര്യമായ വ്യത്യാസമുണ്ട്. 855 : 702
8. ഹൈസ്കൂൾ തലത്തിൽ ആൺകുട്ടികൾ 717 ഉം പെൺകുട്ടികൾ 774 ഉം ആണ്. വലിയ വ്യത്യാസമില്ലെങ്കിലും പെൺകുട്ടികളാണ് കൂടുതൽ.
9. വി.എച്ച്.എസ്.സി. യിൽ ആൺകുട്ടികളുടെ മൂന്നിൽ രണ്ട് മാത്രമേ പെൺകുട്ടികളുള്ളൂ.
10. വി.എച്ച്.എസ്സ്.സി. യിൽ ആകെ 329 കുട്ടികൾ പഠിക്കുമ്പോൾ പട്ടികജാതിക്കാർ 8 പേർ മാത്രമാണ്.

മേൽപ്പറയപ്പെട്ട കാര്യങ്ങൾക്ക് പ്രത്യേകമായ കാരണങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഈ സമിതിയ്ക്ക് ചുമതലയുണ്ട്. നിലവിലുള്ള സ്കൂളുകളുടെ അക്കാദമിയ്ക്കും ഭൗതികവുമായ നിലവാരം എങ്ങനെ മെച്ചെപ്പെടുത്താം ? പുതുതായി വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ അത് എവിടെയൊക്കെ ? അൺ എക്കണോമിക് സ്കൂളുകൾ നിർത്തലാക്കുന്നത് പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് സഹായകമാണോ ? ഗവൺമെന്റിന്റെ യാതൊരുവിധ നിയന്ത്രണവുമില്ലാതെ തഴച്ചുവളരുന്ന വിദ്യാലയങ്ങൾ മറ്റ്

വിദ്യാലങ്ങളുടെ നിലനിൽപ്പിനെ എങ്ങനെ ബാധിക്കും ? പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണവും നിലവാരവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ചെയ്യണം ? അഞ്ച് വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിന് എന്ത് ചെയ്യാൻ കഴിയും ? തുടങ്ങിയ വിഷയങ്ങൾക്കും ഉത്തരം കണ്ടുപിടിക്കേണ്ടത് നാം തന്നെയാണ്. അത് പിന്നാലെ നിർവ്വഹിക്കാം.

വെളിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

1964 ൽ സ്ഥാപിതമായ വെളിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലാണ് നമ്മുടെ എൽ.പി., യു.പി. സ്കൂളുകൾ സ്ഥിതി ചെയ്യുന്നത്. അതുവരെ നമ്മോടൊപ്പം കൊട്ടാരക്കര ഉപജില്ലയിലായിരുന്ന ഉമ്മന്നൂർ, ഇളമാട്, വെളിനല്ലൂർ, പൂയപ്പള്ളി, കരീപ്ര എന്നീ പഞ്ചായത്തുകളിലെ സ്കൂളുകൾക്കുവേണ്ടി കൂടി നമ്മുടെ പഞ്ചായത്തിൽ സ്ഥാപിതമായ പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം 32 വർഷം പിന്നിട്ടിരിക്കുന്നു. എന്നാൽ ഇനിയും അതിന് സ്വന്തം കെട്ടിടം ഉണ്ടായിട്ടില്ലാത്തതിനാൽ പല വാടക കെട്ടിടങ്ങളിലുമായി മാറി മാറി പ്രവർത്തിച്ചു വരികയാണ്. ഈ നിലതുടർന്നാൽ വാടകയില്ലാതെ കെട്ടിടം ലഭ്യമാക്കുന്ന മറ്റേതെങ്കിലും പഞ്ചായത്തിലേയ്ക്ക് ഈ ഓഫീസ് മാറ്റപ്പെടാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. അങ്ങനെ സംഭവിക്കുന്നത് പഞ്ചായത്തിന്റെ തൽപ്പര്യങ്ങൾക്ക് ഹാനികരമായിരിക്കുമെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

*പ്രശ്നങ്ങൾ*

1. മാലയിൽ വാർഡിലെ കുട്ടികൾ പ്രഥമിക വിദ്യാഭ്യാസത്തിന് 3 കിലോമീറ്ററോളം ദൂരം നടന്നുപോകേണ്ടതായി വരുന്നു.

2. കളപ്പില ഗവൺമെന്റ് എൽ.പി.എസ്സിലെ കുട്ടികൾ കുടിവെള്ളത്തിന് വൃത്തിഹീനമായ പൊതുകിണറിനെ ആശ്രയിക്കാൻ നിർബന്ധിതരായിരിക്കുന്നു. സ്കൂളിന് തെക്കുവശത്തുകൂടി ഒഴുകുന്ന തോട്ടിൽ വെള്ളം കൂടുമ്പോൾ സ്കൂളിലെത്താൻ കുട്ടികൾ വളരെ ബുദ്ധിമുട്ടുന്നു.

3. കുട്ടികളുടെ എണ്ണം മുഖ്യമായും ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ വർഷംതോറും കുറയുന്നു.

4. ക്ലാസിലെ കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും നിലവാരം ഉയരുന്നില്ല.

5. വിജയശതമാനം കൂടുതലുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഗുണനിലവാരം കുറവാണ്.

6. അദ്ധ്യാപകരുടെ ഒഴിവുകൾ തക്കസമത്ത് നികത്തപ്പെടുന്നില്ല.

7. മിക്ക സ്കൂളുകളിലും പി.ടി.എ. കൾ മാതൃസമിതികൾ ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല.

8. ക്ലാസ് പരിശോധന കാര്യക്ഷമമല്ല.

9. ഒന്നാം ക്ലാസിലെത്തുന്ന മുഴുവൻ കുട്ടികൾക്കും പ്രീപ്രൈമറി പരിശീലനം ലഭിക്കുന്നില്ല.

10. പൊതുവേ സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളാണ് പി.ടി.എ. കൾ നടത്തുന്ന പ്രീപ്രൈമറി സ്കൂളുകളിലും അംഗൻവാടികൾ നടത്തുന്ന നഴ്സറി സ്കൂളുകളിലും എത്തുന്നത്. അവരിൽ നിന്നും ലഭിക്കുന്ന തുച്ഛമായ ഫീസുകൊണ്ട് ഒരു ടീച്ചറേയും ആയയേയും നിലനിർത്താൻ വിഷമമായതുകൊണ്ട് അത്തരം പ്രീപ്രൈമറികൾ നടത്താൻ പി.ടി.എ. കൾ മുന്നോട്ടുവരുന്നില്ല.

11. അംഗൻവാടികൾ നടത്തുന്ന നഴ്സറി സ്കൂളുകളും പഠിപ്പിക്കുന്ന അദ്ധ്യാപികമാരിൽ പലരും ഒരു വർഷത്തെ ട്രെയിനിംഗ് ലഭിച്ചവരല്ല.

12. പരീക്ഷ നടത്തിപ്പും കുട്ടികളുടെ പ്രമോഷൻ രീതിയും തൃപ്തികരമല്ല.

13. തങ്ങളുടെ കുട്ടികൾ മിടുക്കരാണെന്ന് ഭൂരിപക്ഷം രക്ഷകർത്താക്കളും വിലയിരുത്തുന്നത് അവർക്ക് ലഭിക്കുന്ന തുടർച്ചയായ ക്ലാസ് കയറ്റത്തെ ആധാരമാക്കിയാണ്. നിലവാരം ഇല്ലെങ്കിലും ഒന്നാം സ്റ്റാൻഡേർഡിൽ 100 ശതമാനവും തുടർന്നുള്ള ക്ലാസുകളിൽ 80 ശതമാനത്തിന് മുകളിലും പ്രമോഷൻ

ലഭിക്കുന്നതിനാൽ അധികം രക്ഷകർത്താക്കളും അവരുടെ കുട്ടികളുടെ പഠിത്തകാര്യത്തിൽ പ്രത്യേകിച്ച് ശ്രദ്ധിക്കുന്നില്ല.

14. കൂടുതൽ വിദ്യാലയങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.

15. ചില വിദ്യാലങ്ങൾക്ക് ആവശ്യമുള്ളത്ര കെട്ടിടങ്ങളും കളിസ്ഥലങ്ങളുമില്ല. വെളിയം നഴ്സറി സ്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

16. ധാരാളം വാഹനങ്ങൾ ഓടുന്ന റോഡുകളുടെ അരികിലുള്ള വിദ്യാലയങ്ങൾക്കുപോലും ചുറ്റുമതിൽ ഇല്ല.

17. ഏറെ വിദ്യാലയങ്ങളും വൈദ്യുതീകരിച്ചിട്ടില്ല. തന്മൂലം ആധുനികപഠനോപകരണങ്ങൾ ഉണ്ടായിരുന്നാൽ തന്നെയും അവ ഉപയോഗിക്കാൻ കഴിയുന്നില്ല.

18. ഏറെ സ്കൂളുകൾക്കും ആവശ്യത്തിനുള്ള അകസാമാനങ്ങളില്ല.

19. ഹൈസ്കൂൾതലം കഴിഞ്ഞാൽ തുടർവിദ്യാഭ്യാസത്തിന് വളരെയകലെ പോകേണ്ടതായി വരുന്നു.

20. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളില്ല.

21. വിദ്യാലയങ്ങളെക്കുറിച്ച് പരിസരവാസികൾക്കുപോലും ഒരു അന്യ ചിന്തയാണുള്ളത്. തന്മൂലം വേണ്ടത്ര ജനപങ്കാളിത്തം ലഭിക്കുന്നില്ല.

22. പ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുള്ള അധികൃതരുടെ അവഗണന.

23. വിദ്യാഭ്യാസത്തെ ലാഭനഷ്ടകണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന രീതി.

24. ശാസ്ത്രീയമല്ലാത്ത വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

25. സർക്കാരിന്റെ യാതൊരുവിധ നിയന്ത്രണത്തിനും വിധേയമാകാതെ സർവ്വതന്ത്രസ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യവിദ്യാലയങ്ങൾ

26. ഒരു സ്കൂളിലും മെച്ചപ്പെട്ട ലൈബ്രറിയോ ലബോറട്ടറിയോ ഇല്ല. ഉള്ളവ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.

27. പ്രൈമറി സ്കൂളുകളിൽ കാലാകാലങ്ങളിൽ ലഭിക്കുന്ന സയൻസ് കിറ്റുകൾ വേണ്ടവിധം ഉപയോഗപ്പെടുത്താതെ തുരുമ്പെടുക്കുന്നു.

28. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയനുസരിച്ച് സ്കൂളുകൾക്ക് ലഭിച്ചിട്ടുള്ള സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരില്ലാത്തതിനാൽ അവകൊണ്ട് ഉണ്ടാകേണ്ട പ്രയോജനം കുട്ടികൾക്ക് ലഭിക്കുന്നില്ല.

29. പ്രൈമറി സ്കൂളുകളും ഏക ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളും ഉൾപ്പെടെ 9 വിദ്യാലയങ്ങളിൽ കായികാധ്യാപകരില്ല. തന്മൂലം ആ സ്കൂളുകളിലെ കുട്ടികൾക്ക് ശാസ്ത്രീയമായ കായികശിക്ഷണം ലഭിക്കുന്നില്ല.

30. ബന്ദുകൾ പണിമുടക്കുകൾ തുടങ്ങിയ കാരണങ്ങളാൽ ഏറെ അധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നു.

31. കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണെങ്കിലും ഇപ്പോഴും തുടരുന്നു.

## *സാധ്യതകൾ*

1. മാലയിൽ വാർഡിൽ ഗവൺമെന്റെ ഉടമയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

2. കളപ്പില എൽ.പി.എസിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ കേടുപാടുകൾ അടിയന്തിരമായി പരിഹരിക്കണം.

3. കളപ്പില സ്കൂളിന് അടുത്തുകൂടി ഒഴുകുന്ന തോട്ടിൽ പണിതീർന്ന പാലം അപ്രോച്ച്റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

4. സ്കൂളുകളിലെ അക്കാഡമിക്കും ഭൗതികവുമായ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യവസ്ത്രങ്ങളും പോഷകാഹാരവും മറ്റും നൽകിയും കുട്ടികളെ ആകർഷിക്കണം.

5. ക്ലാസ് റൂം, പി.ടി.എ. കൾ, മാതൃസംഗമം എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം

6. സിലബസും പരീക്ഷാസമ്പ്രദായവും ശാസ്ത്രീയമായി പരിഷ്കരിക്കണം.

7. എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കാൻ പഞ്ചായത്തിന് അധികാരം നൽകണം.

8. പി.ടി.എ. കൾക്ക് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകണം.

9. ക്ലാസ് പരിശോധനയ്ക്ക് മാത്രമായി ഓരോ ഉപജില്ലയിലും അഡീഷണൽ എ.ഇ.ഒ. മാരേയും ജില്ലകളിൽ ഡി.ഇ.ഒ. മാരേയും നിയമിക്കണം.

10. എല്ലാ സ്കൂളുകളോടും ചേർന്ന് പ്രീപ്രൈമറി ആരംഭിക്കണം.

11. പി.ടി.എ. നടത്തുന്ന പ്രീപ്രൈമറി ക്ലാസുകളിൽ എത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റും സൗജന്യവസ്ത്രങ്ങളും നൽകുന്നത് കൂടാതെ അദ്ധ്യാപികമാരുടേയും ആയമാരുടേയും വേതനം വർദ്ധിപ്പിക്കുകയും ചെയ്യണം.

12. അംഗൻവാടികളിലെ എല്ലാ വർക്കർമാർക്കും നഴ്സറി ട്രെയിനിംഗ് നൽകണം.

13. പഞ്ചയാത്ത് പ്രസിഡന്റ് ചെയർമാനും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ ഒരാൾ കൺവീനറും, മറ്റ് ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളുമായി പഞ്ചായത്ത് തലത്തിൽ ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിക്കുകയും പരീക്ഷാ നടത്തിപ്പ് അതിന്റെ ചുമതയിൽ ആക്കുകയും വേണം. ചോദ്യപേപ്പറുകൾ അക്കാഡമിക് കൗൺസിലുകൾ തന്നെ തയ്യാറാക്കുകയും പ്രമോഷൻ രീതിയിൽ മാറ്റം വരുത്തുകയും വേണം.

14. എം.എൽ.എൽ. പദ്ധതി എല്ലാ എൽ.പി. സ്കൂളുകളിലും കർശനമായി നടപ്പാക്കണം. യു.പി, എച്ച്.എസ്സ്. തലങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തണം. 4,7,9, എന്നീ സ്റ്റാൻഡേർഡുകളിൽ പഞ്ചായത്തുതലത്തിൽ പൊതുപരീക്ഷ ഏർപ്പെടുത്തണം.

15. അടിസ്ഥാനസൗകര്യങ്ങളില്ലാത്ത ഗവൺമെന്റ് സ്കൂളുകളിൽ പഞ്ചായത്തിന്റേയും എയിഡഡ് സ്കൂളുകളിൽ അതാത് മാനേജർമാരുടേയും ചുമതലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തണം.

16. വെളിയം ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂൾ കാമ്പൗണ്ടിൽ 120' X 20' ഒരു ഇരുനില കെട്ടിടം നിർമ്മിച്ച് അവിടെ നടക്കുന്ന സെഷണൽ സിസ്റ്റം അവസാനിപ്പിക്കുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് അവിടേയ്ക്ക് മാറ്റുകയും ചെയ്യണം. ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെളിയം നഴ്സറി സ്കൂളിനെ സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടവും കിണറും കക്കൂസും നിർമ്മിക്കണം. മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്

15 ഡിവിഷനുകൾ നടത്താവുന്ന സൗകര്യത്തിൽ ഒരു മൂന്നുനിലകെട്ടിടം നിർമ്മിക്കുകയും വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസുകൾ പൂർണ്ണമായി അതിലേയ്ക്ക് മാറ്റുകയും ചെയ്യണം.

17. ഓടനാവട്ടം ഗവൺമെന്റ് എൽ.പി.എസ്., പാലക്കോട് ഗവൺമെന്റ് എൽ.പി.എസ്സ്., വെളിയം ഗവൺമെന്റ് വെൽഫെയർ യു.പി.എസ്സ്., മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവയ്ക്ക് ചുറ്റുമതിലും, കളപ്പില, ചെപ്ര, വെളിയം വെസ്റ്റ് എന്നീ എൽ.പി.എസ്സുകൾക്ക് കമ്പിവേലിയും നിർമ്മിക്കണം. എയിഡഡ് സ്കൂളുകളിൽ ഇവ ചെയ്യുന്നതിന് മാനേജർമാർക്ക് കർശനനിർദ്ദേശം നൽകണം.

18. വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കണം.

19. അകസാമാനങ്ങൾ കുറവുള്ള സ്കൂളുകളിൽ അടിയന്തിരമായി അവ എത്തിക്കണം.

20. പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളോടും ചേർന്ന് പ്ലസ്ടു കോഴ്സ് ആരംഭിക്കണം.

21. പഞ്ചായത്തിൽ ഒരു പോളിടെക്നിക് വിദ്യാലയം ആരംഭിക്കണം.

22. വെളിയം, ഉമ്മന്നൂർ, ഇളമാട്, വെളിനല്ലൂർ, പൂയപ്പള്ളി, കരീപ്ര പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു ആർട്സ് ആന്റ് സയൻസ് ഡിഗ്രി കോളേജ് ആരംഭിക്കണം.

23. ഓരോ വിദ്യാലയത്തിനും പ്രത്യേകമായും, പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് മൊത്തമായും ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കണം.

ബന്ദ്, പണിമുടക്ക്, വിദ്യാലയ രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളിൽ ഈ സമിതികളും പി.ടി.എ. കളും സംയുക്തമായി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കണം. ഗവൺമെന്റിന്റേയും രാഷ്ട്രീയപാർട്ടികളുടേയും പരിപൂർണ്ണമായ സഹകരണം ഇതിന് ഉണ്ടാകേണ്ടതാണ്.

24. പ്രൈമറി വിദ്യാഭ്യാസത്തിന് പ്രത്യേകമായ ഡയറക്ട്രേറ്റ് രൂപീകരിക്കണം.

25. കുട്ടികൾ കുറഞ്ഞതിന്റെ പേരിൽ ഒരു വിദ്യാലയവും നിർത്തൽ ചെയ്യരുത്. നാല് ക്ലാസുകൾ ഉള്ള സ്കൂളിൽ മൂന്ന് അദ്ധ്യാപരെക്കൊണ്ട് ക്ലാസ് നടത്തുന്ന ഇന്നത്തെ രീതി മാറ്റണം. അത്തരത്തിൽ കളപ്പില, ചെപ്ര, എന്നീ സ്കൂളുകളിൽനിന്നും മാറ്റപ്പെട്ട അദ്ധ്യാപരെ തിരിച്ചുകൊണ്ടുവരണം.

26. വിദ്യാഭ്യാസ വിദഗ്ദ്ധരെയും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി വിദ്യാഭ്യാസ പരിഷ്കരണകമ്മിറ്റി രൂപീകരിക്കണം.

27. ഇപ്പോൾ സർക്കാർ നിയന്ത്രണമില്ലാത്ത എല്ലാ വിദ്യാലയങ്ങൾക്കും ഫലപ്രദവും പ്രായോഗികവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.

28. അദ്ധ്യാപകർക്ക് ആവശ്യമുള്ള റഫറൻസ് ബുക്കുകൾ കൂടി ഉൾപ്പെടുത്തി സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തണം. ഏറ്റവും നല്ല ലൈബ്രറിക്ക് ഗ്രാന്റും ലൈബ്രേറിയന് പാരിതോഷികവും ഏർപ്പെടുത്തണം.

29. പഞ്ചായത്തിലെ സ്കൂളുകളിൽ സയൻസ് പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപരേയും ചേർത്ത് സയൻസ് ഫോറം രൂപീകരിക്കണം. ഫോറത്തിന്റെ ചുമതലയിൽ പ്രൈമറി സ്കൂളുകളിലുള്ള സയൻസ് കിറ്റുകൾ പ്രയോജനപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

30. ഇപ്പോൾ സംഗീതാദ്ധ്യാപകരും കായികാദ്ധ്യാപകരുമില്ലാത്ത 9 സ്കൂളുകൾക്കുവേണ്ടി 2 സംഗീതാദ്ധ്യാപകരേയും 2 കായികാദ്ധ്യാപകരേയും ക്ലബ്ബിംഗ് വ്യവസ്ഥയിൽ നിയമിക്കണം.

31 എല്ലാവിധ പണിമുടക്കുകളിൽ നിന്നും ബന്ദുകളിൽ നിന്നും വിദ്യാലയങ്ങളെ ഒഴിവാക്കണം. സെൻസസ്, വോട്ടർപട്ടിക പുതുക്കൽ, റേഷൻകാർഡ് വെരിഫിക്കേഷൻ തുടങ്ങിയ ജോലികളിൽ നിന്നും അദ്ധ്യാപകരെ ഒഴിവാക്കണം. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ കാലാവധി തീരും വരെ സ്കൂളിൽ നിന്ന് വിട്ടുനിൽക്കണം പകരം അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കുകയും വേണം.

32. കൊഴിഞ്ഞുപോയ കുട്ടികളുടെ പുനഃപ്രവേശനത്തിന് ഇന്നുള്ള നിബന്ധനകൾ ലഘൂകരിച്ച് ഹെഡ്മാസ്റ്റർമാർക്ക് അതിനുള്ള പൂർണ്ണ അധികാരം നൽകണം.

33. ചെപ്ര, കളപ്പില, വെളിയം പടി. കര എന്നിവിടങ്ങളിലെ പ്രൈമറി സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തണം. കുടവട്ടൂർ വാർഡിൽ വട്ടമൺതറ ഭാഗത്ത് ഗവൺമെന്റ് പ്രൈമറി സ്കൂൾ ആരംഭിക്കണം.

34. എൽ.എം.എസ്സ്.എൽ.പി.എസ്സിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.

35. എൽ.എസ്സ.എസ്സ്., യു.എസ്സ്.എസ്സ്. സ്കോളർഷിപ്പ് തുകകൾ ഗണ്യമായി വർദ്ധിപ്പിക്കണം.

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏറെ പണച്ചെലവുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതിനുവേണ്ടി വരുന്ന മൊത്തം തുകയും കണ്ടെത്താൻ നമ്മുടെ സംസ്ഥാന ഗവൺമെന്റനു മാത്രമായി കഴിയുന്നതല്ല, കേന്ദ്രഗവൺമെന്റിന്റേയും ധനകാര്യ സ്ഥാപനങ്ങളുടെയും ഉദാരമനസ്കരായ വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും നിർലോപമായ സഹായം കൂടി ലഭിക്കേണ്ടതുണ്ട്. പദ്ധതി വിഹിതത്തിനുപുറമേ പഞ്ചായത്തു തലത്തിൽ ഒരു വിദ്യാഭ്യാസനിധി രൂപീകരിച്ചു തനതായി കുറെ തുക പഞ്ചായത്തിന് സ്വരൂപിക്കാൻ കഴിയും. ഏത് വിധവും ഈ മേഖല ചൈതന്യവത്താക്കാനുള്ള മഹായജ്ഞത്തിൽ നാം ഓരോരുത്തരം പങ്കാളികളാകേണ്ടതുണ്ട്.



000052

## 1.8 അദ്ധ്യാപകരെയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref. A V F. G

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആൺ | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S. | 54 | 86 | 140 | 717 | 774 | 1491 | 2 | 1 | 2 | 1 |
| U.P.S. | 12 | 39 | 51 | 855 | 702 | 1557 | 4 | 1 | 3 | 2 |
| L.P.S. | 10 | 36 | 46 | 881 | 821 | 1702 | 6 | 2 | 4 | 4 |
| Pre-primary | — | 3 | 3 | 55 | 50 | 105 | — | 3 | — | 3 |
| ആകെ | 76 | 164 | 240 | 2508 | 2347 | 4855 | 12 | 7 | 9 | 10 |

~~വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക :~~

~~മൊത്തം ചെലവിന്റെ എത്ര ശതമാനം (1995-96) :~~

000053

## 1.7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

Ref. AV·G.

| വാർഡ് | സ്ക്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S/H.S | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ.വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്ക്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | | – | – | – | – | – | – | – | – | – | – | – | – |
| II | 1 | | – | | 1 | 1 | 1 | – | – | 2 | 1 | – | – | – | 1 | – | – | – | – | – | – | – | – | – | – | 1 | – | – |
| III | – | – | – | – | – | – | – | – | – | – | – | 1 | – | – | 1 | – | – | – | – | – | – | – | – | – | – | 2 | – | – |
| IV | – | – | – | – | – | – | 1 | – | – | 1 | 1 | – | – | – | 1 | – | – | 1 | 1 | – | – | – | – | – | – | – | – | – |
| V | – | – | – | – | – | – | – | – | – | – | 1 | – | – | – | 1 | – | – | 1 | 1 | – | – | – | – | – | – | – | – | – |
| VI | – | – | – | – | – | – | – | – | – | – | 1 | – | – | 2 | 3 | – | | 3 | 3 | – | 2 | 2 | – | – | – | – | – | 2 |
| VII | – | 1 | – | – | 1 | 1 | – | – | – | 1 | 1 | – | – | – | 1 | 1 | – | – | 1 | – | – | – | – | – | – | 1 | – | 1 |
| VIII | – | – | – | – | – | – | 1 | – | – | 1 | – | 1 | – | 1 | 2 | – | – | 1 | 1 | – | 1 | 1 | – | – | – | – | – | – |
| IX | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| X | – | – | – | – | – | – | – | – | – | – | 1 | – | – | – | 1 | – | – | – | – | – | – | – | – | – | – | – | – | – |
| XI | – | 1 | – | – | 1 | – | 1 | – | – | 1 | – | – | – | 3 | 3 | – | – | 4 | 4 | – | – | – | – | – | – | 2 | | 1 |
| XII | – | – | – | – | – | – | 1 | – | – | 1 | 1 | – | – | – | 1 | – | – | – | – | – | – | – | – | – | – | – | – | – |
| ആകെ | 1 | 2 | – | – | 3 | 2 | 5 | – | – | 7 | 7 | 3 | – | 6 | 16 | 1 | 0 | 10 | 11 | – | 3 | 3 | – | – | – | 6 | – | 4 |

N.B. 1. സാങ്കേതിക വിദ്യാലയങ്ങൾ എന്നു കാണിച്ചിട്ടുള്ളത് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാകുന്നു.

2. നഴ്സറി സ്കൂളുകളുടെ പട്ടികയിൽ സ്കൂൾ പി.ടി.എ കൾ നടത്തുന്ന രണ്ടു പ്രീ പ്രൈമറി സ്കൂളുകൾ ഉൾപ്പെടുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളും ക്രഷ് സെന്ററുകളും നടത്തുന്ന നഴ്സറികളെ പട്ടികയിൽ ചേർത്തിട്ടില്ല.

(3) ഹൈസ്കൂളുകളോടും യു.പി. സ്കൂളിനോടും ചേർന്നുള്ള എൽ.പി. വിഭാഗം എൽ.പി.എസ് കളുടെ കൂട്ടത്തിലും ഹൈസ്കൂളുകളോടു ചേർന്നുള്ള യു.പി. വിഭാഗം യു.പി. സ്കൂളുകളുടെ പട്ടികയിലും ചേർത്തിട്ടുണ്ട്.

# സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം.

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനിയും വേണ്ട ക്ലാസ്സ് മുറികളുടെ എണ്ണം | ഇനി ആവശ്യമുള്ള ഓഫീസ്/സ്റ്റാഫ് റൂം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ആവശ്യമുള്ള മൂത്രപ്പുരകൾ ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റേജ് | നിലവിലുള്ള കളിസ്ഥലം മതിയാകും/ഇല്ല | ഇനി ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം: ഡെസ്ക് | ബെഞ്ച് | മേശ | കസേര | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | L.P.G.S. വെള്ളിയം | 8 | 2 | — | 1 | 9 | — | — | 2 | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 5 | 5 | മേശ 2 കസേര 2 |
| 2 | L.M.S L.P.S. ഓടനാവട്ടം. | 6 | 1 | 1 | — | — | — | — | ഇല്ല | ഉണ്ട് | 1 | 5 | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 3 | 3 | കസേര 2 മേശ 1 |
| 3 | G.L.P.S. ഓടനാവട്ടം. | 5 | 2 | — | 1 | 7 | — | — | ഇല്ല | ഇല്ല | 1 | 2 | 2 | 1 | ഇല്ല. | കിണർ | ഉണ്ട് | ഇല്ല. | ഇല്ല ഉണ്ട് | മതിയാകും | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | G.L.P.S. പാലക്കോട് | 7 | 1 | — | — | 2 | — | — | ഇല്ല | ഇല്ല | 2 | 20 | 1 | 1 | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 2 | 3 | അലമാര 1 റാക്ക് 1 |
| 5 | G.L.P.S. കളപ്പില | 4 | 1 | — | — | 5 | — | — | ഇല്ല | ഇല്ല | ഇല്ല | ഇല്ല. | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 1 | 1 | അലമാര 1 ബ്ലാക്ക്ബോർഡ്-1 |
| 6 | L.P.S. കുടവട്ടൂർ | 8 | 2 | 1 | 1 | 2 | 1 | 1 | ഇല്ല | ഇല്ല | 1 | 5 | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല. | ഉണ്ട് | ഇല്ല | ഇല്ല | 10 | 4 | 5 | കസേര 5 അലമാര 1 |
| 7 | G.L.P.S. വെള്ളിയം വെസ്റ്റ് | 4 | 1 | — | — | 1 | — | — | ഇല്ല | ഉണ്ട് | 1 | 4 | 1 | 1 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല. | 5 | 2 | 4 | അലമാര 1 പെട്ടി 1 |
| 8 | G.L.P.S. ചെപ്ര. | 4 | 1 | — | — | 1 | — | — | 1 | ഉണ്ട് | 2 | 5 | — | 1 | ഇല്ല | കിണർ | ഇല്ല | ഇല്ല. | ഇല്ല | ഇല്ല | ഇല്ല | 5 | 1 | 2 | അലമാര 1 പെട്ടി മേശ 1 |
| 9 | S.K.V. U.P.S. കായില | 3 | 1 | 2 | — | 3 | — | — | ഇല്ല | ഉണ്ട് | 2 | 5 | — | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല | ഉണ്ട്. | മതിയാകും | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല. |
| 10 | S.A.B. U.P.S. ചെപ്ര | 7 | 1 | — | — | 1 | — | — | ഇല്ല | ഉണ്ട് | 2 | 1 | 2 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 10 | 2 | 5 | ഷെൽഫ് 2 |
| 11 | U.P.S. കുടവട്ടൂർ | 6 | 2 | — | 1 | — | — | — | 1 | ഉണ്ട് | 2 | 1 | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല. | ഉണ്ട് | മതിയാകും | 12 | 12 | 4 | 4 | ഷെൽഫ് 1 |
| 12 | V.U.P.S. വെള്ളിയം | 4 | 1 | — | — | 10 | — | — | ഇല്ല | ഉണ്ട് | 1 | 2 | 2 | ഇല്ല | ഇല്ല | കിണർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 20 | 10 | 4 | 4 | ഷെൽഫ് 1 |
| 13 | G.W.U.P.S. വെള്ളിയം | 13 | 2 | — | — | 5 | — | — | 5 | ഉണ്ട് | 2 | 15 | 1 | 1 | ഇല്ല | കിണർ | ഉണ്ട് | ഇല്ല. | ഇല്ല | ഇല്ല | 9 | 25 | 5 | 5 | അലമാര 1. |
| 14 | V.H.S.S. ഓടനാവട്ടം | 22 | 3 | 3 | — | 15 | 11 | — | ഇല്ല | ഇല്ല. | 4 | 15 | 2 | 3 | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | ഇല്ല. | ഇല്ല | ഇല്ല | ഇല്ല | ഇല്ല. |
| 15 | GOVT. V.H.S.S. മുട്ടറ | 29 | 3 | 4 | 3 | 14 | 12 | 8 | 15 | ഉണ്ട് | 3 | 12 | 2 | 2 | 2 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 | 50 | 10 | 10 | മേശ 1 കസേര 8 അലമാര 1 റാക്ക് 1 |
| 16 | T.V.T.M.H.S. വെള്ളിയം. | 18 | 2 | — | — | 22 | — | — | ഇല്ല | ഉണ്ട് | 2 | 15 | — | 2 | ഇല്ല | കിണർ | ഉണ്ട് | ഇല്ല. | ഉണ്ട് | മതിയാകും. | ഇല്ല. | ഇല്ല | ഇല്ല | ഇല്ല. | ഇല്ല. |

കുറിപ്പ് – മുറികൾ ഇല്ല എന്ന് കാണിച്ചിട്ടുള്ളത് വേർതിരിച്ചിട്ടില്ല എന്ന അർത്ഥത്തിലാണ്. അവിടങ്ങളിൽ ഹാളുകളായി കിടക്കുന്നു.

## വെളിയം പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിവരം.

### എ. എല്ലാ വിഭാഗക്കാരും കൂടി.

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ ഉടമസ്ഥത | കുട്ടികളുടെ എണ്ണം. പ്രീപ്രൈമറി | | | എൽ. പി | | | യു. പി. | | | എച്ച്. എസ് | | | വി.എച്ച്.എസ്.എസ് | | | മറ്റുള്ളവ | | | ഒന്നാം ക്ലാസ്സ് മുതൽ വ: ആകെ മൊത്തം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആ. | പെ. | ആകെ | ആ. | പെ | ആകെ | ആ. | പെ. | ആകെ | ആ. | പെ. | ആകെ | ആ. | പെ. | ആകെ | ആ. | പെ. | ആകെ | ആൺ | പെൺ | ആകെ. |
| 1 | 2 | | 3 | | | 4 | | | 5 | | | 6 | | | 7 | | | 8 | | | 9 | |
| 1 | ഗവൺമെന്റ്. | | | | 541 | 472 | 1013 | 388 | 300 | 688 | 185 | 203 | 388 | 68 | 72 | 140 | .. | .. | .. | 1182 | 1047 | 2229 |
| 2 | എയിഡഡ്. | | | | 340 | 349 | 689 | 467 | 402 | 869 | 532 | 571 | 1103 | 124 | 65 | 189 | .. | .. | .. | 1463 | 1387 | 2850 |
| | ആകെ | | | | 881 | 821 | 1702 | 855 | 702 | 1557 | 717 | 774 | 1491 | 192 | 137 | 329 | - | - | - | 2645 | 2434 | 5079 |
| 3 | പട്ടികജാതിക്ഷേമവകുപ്പ് | 18 | 16 | 34 | | | | | | | | | | | | | | | | | | |
| 4 | സാമൂഹ്യക്ഷേമ വകുപ്പ് | 134 | 126 | 260 | | | | | | | | | | | | | | | | | | |
| 5 | സ്കൂൾ പി.ടി.എ. | 37 | 34 | 71 | | | | | | | | | | | | | | | | | | |
| | ആകെ | 189 | 176 | 365 | | | | | | | | | | | | | | | | | | |
| 6 | അംഗീകാരമില്ലാത്ത സ്വകാര്യ വിദ്യാലയങ്ങൾ | 331 | 274 | 605 | 415 | 381 | 796 | | | | | | | | | | 403 | 597 | 1000 | 818 | 978 | 1796 |
| | ആകെ മൊത്തം | 520 | 450 | 970 | 1296 | 1202 | 2498 | 855 | 702 | 1557 | 717 | 774 | 1491 | 192 | 137 | 329 | 403 | 597 | 1000 | 3463 | 3412 | 6875 |

### ബി. പട്ടികജാതിയിൽപ്പെട്ട ~~കുട്ടികൾ~~ വർഗം

| 1 | 2 | | 3 | | | 4 | | | 5 | | | 6 | | | 7 | | | 8 | | | 9 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവൺമെന്റ്. | | | | 106 | 93 | 199 | 119 | 106 | 225 | 51 | 48 | 99 | 0 | 2 | 2 | | | | 276 | 249 | 525 |
| 2 | എയിഡഡ് | | | | 90 | 74 | 164 | 93 | 76 | 169 | 115 | 137 | 252 | 4 | 2 | 6 | | | | 302 | 289 | 591 |
| | ആകെ | | | | 196 | 167 | 363 | 212 | 182 | 394 | 166 | 185 | 351 | 4 | 4 | 8 | | | | 578 | 538 | 1116 |
| 3 | പട്ടികജാതിക്ഷേമ വകുപ്പ് | 16 | 11 | 27 | | | | | | | | | | | | | | | | | | |
| 4 | സാമൂഹ്യക്ഷേമ വകുപ്പ് | 38 | 36 | 74 | | | | | | | | | | | | | | | | | | |
| 5 | സ്കൂൾ പി.ടി.എ. | 4 | 5 | 9 | | | | | | | | | | | | | | | | | | |
| | ആകെ. | 58 | 52 | 110 | | | | | | | | | | | | | | | | | | |
| 6 | അംഗീകാരമില്ലാത്ത സ്വകാര്യ വിദ്യാലയങ്ങൾ | 18 | 19 | 37 | 11 | 17 | 28 | – | – | – | – | – | – | – | – | – | | | | 11 | 17 | 28 |
| | ആകെ മൊത്തം | 76 | 71 | 147 | 207 | 184 | 391 | 212 | 182 | 394 | 166 | 185 | 351 | 4 | 4 | 8 | | | | 589 | 555 | 1144 |

0000056

-21 (?)

## വിദ്യാലയങ്ങൾ തിരിച്ചുള്ള കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം.

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികളുടെ എണ്ണം: എൽ.പി.എസ്. | | | യു.പി.എസ് | | | ഹൈസ്കൂൾ | | | വി.എച്ച്.സി. | | | ആകെ മൊത്തം | | | അദ്ധ്യാപകരുടെ എണ്ണം | പട്ടികജാതി കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ |
| 1 | എൽ.പി.ജി.എസ്. വെളിയം | 123 | 141 | 264 | | | | | | | | | | 123 | 141 | 264 | 8 | 30 | 21 | 51 |
| 2 | എൻ.എം.എസ്. എൽ.പി.എസ്. ഓടനാവട്ടം | 94 | 92 | 186 | | | | | | | | | | 94 | 92 | 186 | 6 | 19 | 13 | 32 |
| 3 | ഗവ: എൽ.പി.എസ്. ഓടനാവട്ടം. | 60 | 71 | 131 | | | | | | | | | | 60 | 71 | 131 | 5 | 5 | 7 | 12 |
| 4 | ഗവ: എൽ.പി.എസ്. ചാലക്കോട്. | 119 | 91 | 210 | | | | | | | | | | 119 | 91 | 210 | 8 | 7 | 7 | 14 |
| 5 | ഗവ: എൽ.പി.എസ്. കളപ്പില. | 40 | 39 | 79 | | | | | | | | | | 40 | 39 | 79 | 3 | 2 | 1 | 3 |
| 6 | എൽ.പി.എസ്. കുടവട്ടൂർ. | 123 | 116 | 239 | | | | | | | | | | 123 | 116 | 239 | 9 | 41 | 40 | 81 |
| 7 | ഗവ: എൽ.പി.എസ് വെളിയം വെസ്റ്റ് | 55 | 51 | 106 | | | | | | | | | | 55 | 51 | 106 | 4 | 3 | 11 | 14 |
| 8 | ഗവ: എൽ.പി.എസ്. ചെപ്ര. | 51 | 50 | 101 | | | | | | | | | | 51 | 50 | 101 | 3 | 14 | 12 | 26 |
| 9 | എസ്.കെ.വി. യു.പി.എസ്. കായില | | | | 29 | 36 | 65 | | | | | | | 29 | 36 | 65 | 7 | 5 | 9 | 14 |
| 10 | എസ്.എ.ബി. യു.പി.എസ്. ചെപ്ര | | | | 121 | 101 | 222 | | | | | | | 121 | 101 | 222 | 11 | 31 | 26 | 57 |
| 11 | യു.പി.എസ്, കുടവട്ടൂർ | | | | 95 | 75 | 170 | | | | | | | 95 | 75 | 170 | 10 | 27 | 23 | 50 |
| 12 | വിവേകോദയം യു.പി.എസ്. വെളിയം | | | | 58 | 58 | 116 | | | | | | | 58 | 58 | 116 | 8 | 5 | 3 | 8 |
| 13 | ഗവ: വെൽഫെയർ യു.പി.എസ്. വെളിയം | 73 | 58 | 131 | 178 | 150 | 328 | | | | | | | 251 | 208 | 459 | 15 | 72 | 75 | 147 |
| 14 | വി.എച്ച്.എസ്.എസ്. ഓടനാവട്ടം. | | | | 164 | 132 | 296 | 198 | 201 | 399 | 124 | 65 | 189 | 486 | 398 | 884 | 52 | 66 | 68 | 134 |
| 15 | വി.എച്ച്.എസ്.എസ്. മുട്ടറ. | 143 | 112 | 255 | 210 | 150 | 360 | 185 | 203 | 388 | 68 | 72 | 140 | 606 | 537 | 1143 | 56 | 173 | 136 | 309 |
| 16 | ടി.വി.ടി.എം.എച്ച്.എസ്. വെളിയം. | | | | | | | 334 | 370 | 704 | – | – | – | 334 | 370 | 704 | 32 | 78 | 86 | 164 |
| | ആകെ. | 881 | 821 | 1702 | 855 | 702 | 1557 | 717 | 774 | 1491 | 192 | 137 | 329 | 2645 | 2434 | 5079 | 237 | 578 | 538 | 1116 |

### ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന മൊത്തം കുട്ടികളുടെ ക്ലാസ് തിരിച്ചുള്ള എണ്ണം.

| | I | | | II | | | III | | | IV | | | V | | | VI | | | VII | | | VIII | | | IX | | | X | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സർക്കാർ, എയിഡഡ് വിദ്യാലയങ്ങൾ | 197 | 205 | 402 | 223 | 180 | 403 | 237 | 210 | 447 | 224 | 226 | 450 | 280 | 227 | 507 | 279 | 226 | 505 | 296 | 249 | 545 | 288 | 265 | 553 | 244 | 275 | 519 | 185 | 234 | 419 |
| അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ | 114 | 112 | 226 | 117 | 110 | 227 | 102 | 81 | 183 | 82 | 78 | 160 | | | | | | | | | | | | | | | | | | |
| ആകെ | 311 | 317 | 628 | 340 | 290 | 630 | 339 | 291 | 630 | 306 | 304 | 610 | 280 | 227 | 507 | 279 | 226 | 505 | 296 | 249 | 545 | 288 | 265 | 553 | 244 | 275 | 519 | 185 | 234 | 419 |

ആകെ 2868+2678=5546.





**Govt. V. H. S. S.** മുട്ടറ
പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ

000058

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

നമ്മുടെ പഞ്ചവത്സരപദ്ധതികളിലൂടെ അഭിനന്ദനീയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ മേഖലയാണ് മൃഗസംരക്ഷണവും മത്സ്യബന്ധനവും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ഉൽപ്പാദനക്ഷമതയും സാധ്യമാക്കാൻ നമുക്ക് കഴിഞ്ഞു. ക്ഷീരോൽപ്പാദകരംഗത്ത് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും തൊഴിൽസാധ്യതകളും വർദ്ധിപ്പിക്കുന്നതിന് ആസൂത്രിതമായി നാം നടപ്പിലാക്കിയ ധവളവിപ്ലവം സഹായകരമായി.

ഭാരതത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 10 ശതമാനം സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണമേഖലയിലാണ്. കാർഷികമേഖലയിലാണെങ്കിൽ 25 ശതമാനം മൃഗസംരക്ഷണമേഖലയുടേതാണ്. എന്നാൽ മൊത്തം കാർഷിക മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നതിന്റെ 6.98 ശതമാനം മാത്രമേ മൃഗസംരക്ഷണമേഖലയ്ക്ക് ലഭിക്കുന്നുള്ളൂ. കേരളത്തിന്റെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ മൂല്യത്തെക്കാൾ അധികം രൂപയ്ക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്. പാലിന്റെ മൊത്തം മൂല്യം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമെന്നത് ശ്രദ്ധേയമാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം ചില തൊഴിൽമേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണം, ഗ്രാമീണജനതയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ, ദൈനംദിന വരുമാനവർദ്ധന, പോഷകപ്രധാനമായ ഭക്ഷ്യവസ്തുക്കൾ, ഊർജ്ജസ്രോതസ്, ജൈവവളങ്ങൾ, മൃഗശക്തി, ഔഷധ ഉൽപ്പാദം എന്നിവ മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. ജന്തുരോഗങ്ങളുടെ നിയന്ത്രണം സംശുദ്ധമായ മാംസോൽപ്പാദനം, മൃഗസംരക്ഷണമേഖലയുടെ വികാസം, മുട്ട, പാൽ, മാംസം മുതലായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സൊസൈറ്റി സർവ്വീസിന്റെ വികസനം, ആധുനികവത്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്.

നമ്മുടെ പഞ്ചായത്തിലെ മൃഗപരിപാലനം അവലോകനം ചെയ്യുമ്പോൾ ഉൽപ്പാദനക്ഷമത കുറഞ്ഞ നാടൻ പശുവിന് പ്രാമുഖ്യമുള്ള ഒരു കാലഘട്ടം ഉള്ളതായി കാണാം. സങ്കരവർഗ്ഗത്തിന്റെ ആവിർഭാവത്തോടുകൂടി ഈ മേഖലയിൽ പൊതുവായ ഒരു പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പശുവളർത്തൽ ലാഭകരമല്ലാത്ത തൊഴിലായി മാറിക്കൊണ്ടിരിക്കുന്നു. പാലിന്റെ ഉൽപ്പാദനച്ചെലവും ഉൽപ്പാദകന് കിട്ടുന്ന വിലയും പൊരുത്തപ്പെടുന്നില്ല. പാൽ വിപണനരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ബുദ്ധിമുട്ട് നേരിടുന്നില്ല. ഈ പഞ്ചായത്തിലെ 60 ശതമാനം കുടുംബങ്ങളിൽ കന്നുകാലികളെ വളർത്തുന്നുണ്ട്. എന്നാൽ കന്നുകാലിവളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളത് വെറും 30 ശതമാനം കുടുംബങ്ങൾ മാത്രമാണ്. പക്ഷേ അതിപുരാതനകാലം മുതൽ വെളിയം ഉൾപ്പെടുന്ന പ്രദേശത്ത് കന്നുകാലികളെ വളർത്തുകയും നല്ലയിനം കന്നുകാലികളെ സംരക്ഷിക്കുകയും ചെയ്യുക എന്നത് കാർഷികവൃത്തി കുലത്തൊഴിലാക്കിയ ഈ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യതൊഴിലാക്കിരുന്നു. ഏകദേശം 80 വർഷങ്ങൾക്കുമുമ്പു മുതൽ ഈ പഞ്ചായത്തിലെ പരുത്തിയറ എന്ന

സ്ഥലത്ത് ഉദിയന്നൂർ കുടുംബം വക സ്വകാര്യ കന്നുകാലി ചന്ത പ്രവർത്തിച്ചുവരുന്നു. തെക്കൻജില്ലകളിലെ വിവിധഭാഗങ്ങളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും

കാളക്കൂട്ടങ്ങളെ എല്ലാ മലയാളമാസവും 10-ാം തീയതി പരുത്തിയറ കന്നുകാലി ചന്തയിൽ എത്തിക്കുന്നു. പരുത്തിയറ ചന്ത ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ മൃഗസംരക്ഷണത്തിന്റെ ഉത്തമോദാഹരണമാണ്.

## മൃഗാശുപത്രി

വെളിയം ഗ്രാമപഞ്ചായത്തിൽ വെളിയം പടിഞ്ഞാറ്റിൻകര മേലേപ്പുര എന്ന സ്ഥലത്താണ് മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്. 1991 ഏപ്രിൽ 1 ാം തീയതിയാണ് ഈ ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. കൂടാതെ പഞ്ചായത്താഫീസിനോടുചേർന്ന് ഒരു ഐ.സി.ഡി.പി. സബ്സെന്റർ കൂടി പ്രവർത്തിക്കുന്നു. ആശുപത്രിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

പട്ടിക 1
വെളിയംപഞ്ചായത്ത്
മൃഗാശുപത്രിയെക്കുറിച്ചുള്ള വിവരങ്ങൾ

| | സ്ഥാപിതം:01.04.1991 |
|---|---|
| കെട്ടിടം | സർക്കാർവക |
| പഞ്ചായത്ത് | വെളിയം |
| ബ്ലോക്ക് | കൊട്ടാരക്കര |
| വില്ലേജ് | വെളിയം |
| *ആശുപത്രി സൗകര്യങ്ങൾ* | |
| ലാബ് | ഇല്ല |
| ഓപ്പറേഷൻ തീയറ്റർ | ഇല്ല |
| കർഷകപരിശീലന ഹാൾ | ഇല്ല |
| റഫ്രിജറേറ്റർ | ഉണ്ട് |
| സ്റ്റെബിലൈസർ | ഇല്ല |
| മൈക്രോസ്കോപ്പ് | ഇല്ല |
| ഫോൺ | ഇല്ല |
| പേജർ | ഇല്ല |
| വാഹനം | ഇല്ല |
| ഡോക്ടർ | ഒരാൾ |
| മറ്റുള്ളവർ | 3 |

## ആവശ്യങ്ങൾ

കൃത്രിമബീജസങ്കലനത്തിന് പശുക്കളെ കെട്ടുന്നതിന് ട്രവിസും, ചുറ്റുമതിൽ, കിണർ, വാഹനം, ഫോൺ, ലാബ്, സെൻട്രിഫ്യൂജ്, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ ആവശ്യമുണ്ട്.

| ആശുപത്രി സേവനം | |
|---|---|
| 1. ചികിത്സ | എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാണ്. |
| 2. സർജറി | ലഭ്യമാണ് |
| 3. കർഷകപരിശീലനം | ഉണ്ട് |
| 4. കൃത്രിമബീജാദാനം | ഉണ്ട് |
| 5. വന്ധ്യതാനിവാരണം | ഉണ്ട് |
| 6. പ്രതിരോധചികിത്സ | ക്യാമ്പ്നടത്തി കുത്തിവയ്പ് നടത്തുന്നു. |
| മറ്റ് ഉപകേന്ദ്രങ്ങൾ | ഉണ്ട് (1) |

## ക്ഷീരസഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വെളിയം, വെളിയം പടി. കര, കുടവട്ടൂർ, മുട്ടറ, ചെപ്ര എന്നീ ഭാഗങ്ങളിൽ ക്ഷീരസഹകരണസംഘങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്.

## മൃഗപരിപാലനരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. മേൽത്തരം സങ്കര ഇനം പശുക്കളുടെ അഭാവം
2. സങ്കരയിനം പശുക്കൾക്ക് അനുയോജ്യമായ തീറ്റക്രമത്തിന്റെ ന്യൂനത
3. കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ്
4. മേച്ചിൽ പുറങ്ങളുടെ അഭാവവും, തീറ്റപുൽകൃഷി ചെയ്യുന്നതിനുള്ള അലംഭാവവും.
5. ശാസത്രീയ മൃഗപരിപാലന രീതിയോടുള്ള അജ്ഞതയും അവജ്ഞയും.
6. പാലിനും ഉപോൽപ്പന്നങ്ങൾക്കും ന്യായമായ വിലയുടെ ലഭ്യതക്കുറവ്.
7. ശാസ്ത്രീയമായ കോഴിവളർത്തലിലുള്ള അജ്ഞതയും പ്രോത്സാഹനക്കുറവും.
8. നല്ലയിനം കോഴികളുടെ ലഭ്യതക്കുറവും തുടർച്ചയായി ഉണ്ടാകുന്ന രോഗങ്ങളും.

*പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ*

1. കൂടുതൽ വെറ്ററിനറി സബ് സെന്ററുകൾ ആരംഭിക്കുക,
2. കൃത്രിമ ബീജസങ്കലനം വ്യാപകമാക്കുകയും, നാടൻ വിത്തുകാളകളെ വന്ധീകരിക്കുകയും ചെയ്യുക.
3. കർഷകർക്ക് സൗജന്യ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക
4. കാർഷിമേഖലയും മൃഗസംരക്ഷണമേഖലയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ആരംഭിക്കുക.
5. ആടുവളർത്തൽ യൂണിറ്റുകൾക്ക് രൂപം നൽകുക.
6. കാലിത്തൊഴുത്ത് നിർമ്മാണം ഗോബർഗ്യാസ്പ്ലാന്റ് എന്നിവയ്ക്ക് ധനസഹായം നൽകുക.
7. അറവുശാലകളിൽ മാംസ പരിശോധന നടത്തുകയും, തോൽ, മാംസം, രക്തം, തുടങ്ങിയവ ഉപയോഗിച്ച് കൊണ്ടുള്ള ചെറിയ വ്യവസായ യൂണിറ്റുകൾക്ക് രൂപം നൽകുകയും ചെയ്യുക.
8. സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക
9. ഒരു വാർഡിൽ ഒരു ക്ഷീരസംഘം ഒരു വീട്ടിൽ ഒരു പശു എന്ന അവസ്ഥ ഉണ്ടാക്കുക.
10. നായ്ക്കൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക കൂടാതെ അലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക
11. പ്രതിരോധ കുത്തിവയ്പ്പ്, മറ്റ് ചികിത്സാ സൗകര്യങ്ങൾ എന്നിവ യഥേഷ്ടം ലഭിക്കുന്നതിനായി മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രാവർത്തികമാക്കുക.
12. ഓടനാവട്ടം ഐ.സി.ഡി.പി. സബ്സെന്റർ മൃഗാശുപത്രിയായി ഉയർത്തുക.

## മൃഗസംരക്ഷണമേഖലയിലെ ചില മാതൃകകൾ

*1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി*

4 മുതൽ 9 വമാസം വരെ പ്രായമായ സങ്കരയിനം പശുകുട്ടിക്ക് 32 മാസംവരെ സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നു. ഈ ആനുകൂല്യം എല്ലാ കർഷകർക്കും ലഭ്യമാക്കണം. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം. എല്ലാ കന്നുകുട്ടികളെയും പഞ്ചായത്തിൽ ഈ പദ്ധതയിൽകീഴിലാക്കുക.

*2. മിനി ഡയറി യൂണിറ്റുകൾ*

മൂന്നു പശുക്കൾ അടങ്ങുന്ന ഈ പദ്ധതിക്ക് പകുതി ബാങ്ക് വായ്പയും നാലിലൊന്ന് പ്രധാനസഹായവും ബാക്കി ഗുണഭോക്താക്കൾ വഹിക്കണം. മിക്ക കർഷകർക്കും ഇത് തൊഴിലായി നടത്താവുന്നതാണ്. ഈ പഞ്ചായത്തിൽ 6 യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

*3. കുടുംബപശുവളർത്തൽ രീതി*

ഓരോ വീട്ടിലും ഒരു കറവപശു എന്ന രീതിയിൽ നടപ്പിലാക്കാവുന്നതാണ്. പാൽ പോഷകാഹാരമായും, ചാണകം ജൈവവളമായും ഉപയോഗിക്കാം.

*4. വനിതാ സംരഭകർക്ക് പശുവളർത്തൽ*

പഞ്ചായത്തിലെ 15 വനിതകളുടെ സംഘമാണ് ഗുണഭോക്താക്കൾ. ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കാം. D.W.C.R.A. ആടുവളർത്തലും ലാഭകരമായി നടത്താവുന്നതാണ്. ഓരോ വാർഡിലും ഓരോ യൂണിറ്റുകൾ വച്ച് തുടങ്ങാം.

*5. കാളക്കുട്ടി വളർത്തൽ പദ്ധതി*

കാളക്കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി മാംസോൽപ്പാദനത്തിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. കേരളത്തിൽ ഏകദേശം 95 ശതമാനം ജനങ്ങളും മാംസഭുക്കുകളാണ് എന്ന കാര്യം ഇതിന്റെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നു.

*6. വീട്ടുമുറ്റത്തെ കോഴിവളർത്തൽ*

വീട്ടാവശ്യത്തിനുള്ള മുട്ട ഉൽപ്പാദനം ഉറപ്പുവരുത്തുന്നതു കൂടാതെ അധിക ച്ചെലവില്ലാതെ ഭക്ഷണത്തിന്റെ പോഷകമൂല്യം ഉയർത്തുന്നു. കൂടാതെ വീട്ടമ്മമാർക്ക് ഒരു വരുമാനമാർഗ്ഗം കൂടിയാണ്. 45 ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കി കുറഞ്ഞത് 1000 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കാം.

*7. എഗ്ഗർ നഴ്സറി*

ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ വീട്ടുമുറ്റത്തെ കോഴിവളർത്തലിനും പൗൾട്രി ക്ലബ്ബിനും വിതരണം ചെയ്യുകയാണ് ലക്ഷ്യം. 500 കുഞ്ഞുങ്ങൾ വീതമുള്ള ഈ യൂണിറ്റ് ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

*8. ഇറച്ചിക്കോഴി വളർത്തൽ*

7 മുതൽ 8 ആഴ്ചകളിൽ വിപണനത്തിന് യോഗ്യമാക്കുന്നതിനാൽ വർഷത്തിൽ 5 തവണ വരെ ഇറച്ചിക്കോഴികളെ വളർത്തെയെടുക്കാവുന്നതാണ്. കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവുസമയം ഉപയോഗപ്പെടുത്തി 250 കോഴികൾ വീതമുള്ള യൂണിറ്റ് ഉൽപ്പാദിപ്പിച്ചെടുക്കാം. ഗ്രാമീണ വനിതകൾക്കായുള്ള ചെറുകിടയൂണിറ്റുകൾ ആരംഭിക്കാം. നല്ലയിനം കോഴികുഞ്ഞുങ്ങളേയും തീറ്റയും കുറഞ്ഞവിലയ്ക്ക് പഞ്ചായത്ത് തലങ്ങളിൽ ലഭ്യമാക്കണം. കോഴികളുടെ വിപണനത്തിന് സഹകരണസംഘങ്ങൾ സ്ഥാപിക്കുക. നാല് യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

*9. ആടുവളർത്തൽ പദ്ധതി*

പാവപ്പെട്ടവരുടെ പശുവായ ആട് വളർത്തലിന് ഈ പഞ്ചായത്തിൽ ധാരാളം സാധ്യതകളുണ്ട്. മേച്ചിൽപ്പുറങ്ങളിൽ അഴിച്ചുവിട്ട് വളർത്താവുന്നതും സോഷ്യൽ ഫോറസ്ട്രി മുഖേന സുബാബുൾ, പ്ലാവ്, പേരാൽ തുടങ്ങിയവ തീറ്റാവശ്യങ്ങൾക്കായി വച്ചു പിടിപ്പിക്കാവുന്നതാണ്. ആട്ടിറച്ചിയുടെ ആവശ്യകത വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ മേഖലാടിസ്ഥാനത്തിൽ ആട്ടിറച്ചി സംസ്കരണ വിപണന സഹകരണസംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്. 5 യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

*10. സമ്മിശ്ര മൃഗപരിപാലനം*

കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി മൃഗപരിപാലനവും, കൃഷി മത്സ്യവളർത്തൽ, കോഴിവളർത്തൽ എന്നിവ സംയോജിപ്പിക്കാവുന്നതാണ്. കാർഷിക വിളകൾക്ക് ഒപ്പം 3 പശുക്കൾ, 5 ആടുകൾ, 5 + 1 പന്നികൾ 25 കോഴികൾ എന്നിവയെ വളർത്തുകയും തീറ്റപുൽകൃഷി ചെയ്യുകയുമാണ് ഈ രീതി. വിസർജ്യങ്ങൾ ജൈവവളമായും ഗോബർഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കാം. 3 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

*11. പേവിഷബാധനിർമ്മാജ്ജനപദ്ധതി*

പഞ്ചായത്തിലെ എല്ലാ നായകളേയും കുത്തിവയ്പിന് വിധേയമാക്കി ലൈസൻസില്ലാത്തവയെ നശിപ്പിക്കുക. വാക്സിൽ പകുതി വിലയ്ക്ക് ലഭ്യമാക്കുക.

*12. ചെറുകിട കാലിതീറ്റനിർമ്മാണയൂണിറ്റുകൾ*

പ്രാദേശികമായി ലഭിക്കുന്ന തേങ്ങാപിണ്ണാക്ക്, കപ്പ, പുളിങ്കുരു എന്നിവ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം നടത്താവുന്നതാണ്. പുറമ്പോക്കു സ്ഥലങ്ങളിൽ ലേലാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി ചെയ്യാവുന്നതാണ്. സോഷ്യൽ ഫോറസ്ട്രി മുഖേന സുബാബുൾ, പ്ലാവ് എന്നിവ വച്ച്പിടിപ്പിച്ച് തീറ്റപ്രശ്നങ്ങളും ചെലവും നിയന്ത്രിക്കാവുന്നതാണ്.

# വെളിയം ഗ്രാമപഞ്ചായത്ത്
## വളർത്തുമൃഗസംഖ്യ

| | കാളനാടൻ | | കാളസങ്കരം | | പശു നാടൻ | | പശുസങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | | 20 | | 40 | 50 | 60 | 250 | 200 | 2 | 1 | 4 | 250 | 300 | |
| II | | 10 | | 38 | 60 | 40 | 300 | 150 | 2 | 2 | 2 | 260 | 305 | |
| III | | 12 | | 20 | 50 | 40 | 350 | 120 | 2 | 1 | 4 | 310 | 396 | |
| IV | | 14 | 1 | 22 | 60 | 50 | 360 | 150 | 2 | 2 | 3 | 295 | 367 | |
| V | | 13 | | 20 | 72 | 80 | 350 | 168 | 1 | 1 | 5 | 300 | 380 | |
| VI | | 20 | | 26 | 50 | 140 | 400 | 200 | 2 | 2 | 6 | 265 | 375 | |
| VII | | 25 | 2 | 30 | 45 | 150 | 450 | 260 | 2 | 1 | 5 | 300 | 360 | |
| VIII | | 30 | | 40 | 60 | 120 | 360 | 450 | 1 | 1 | 4 | 305 | 350 | |
| IX | | 40 | | 50 | 50 | 140 | 350 | 450 | 2 | 3 | 6 | 350 | 300 | |
| X | | 30 | | 40 | 30 | 130 | 350 | 400 | 2 | 2 | 4 | 300 | 398 | |
| XI | | 20 | 2 | 40 | 45 | 125 | 330 | 400 | 2 | 1 | 5 | 298 | 360 | |
| XII | | 15 | 1 | 46 | 50 | 130 | 340 | 460 | 2 | 1 | 6 | 360 | 305 | |

**95 ലെ സോഷ്യോ ഇക്കണോമിക്**
**&**
**അനിമൽ സർവ്വേ**

# വെളിയം ഗ്രാമപഞ്ചായത്ത്
## വളർത്ത് പക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 400 | 450 | 250 | 5 | 12 | |
| II | 370 | 395 | 290 | | | |
| III | 420 | 400 | 260 | | | |
| IV | 300 | 420 | 285 | | | |
| V | 215 | 375 | 250 | 6 | 5 | 30 |
| VI | 207 | 320 | 275 | 2 | 1 | |
| VII | 200 | 365 | 284 | | | |
| VIII | 295 | 350 | 278 | | | |
| IX | 285 | 325 | 216 | 4 | 10 | |
| X | 200 | 279 | 232 | | | |
| XI | 260 | 300 | 285 | 2 | 6 | |
| XII | 310 | 370 | 268 | 4 | 10 | |



000064

## വെളിയം ഗ്രാമപഞ്ചായത്ത് പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | | | | 210 | | |
| കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 2 | | | 5 | | |

## വെളിയം ഗ്രാമപഞ്ചായത്ത് കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 2560 | 1287 | 54 |
| കിടാരി | 1320 | 250 | 20 |
| എരുമ | | | |

## വെളിയം ഗ്രാമപഞ്ചായത്ത് ജനന രജിസ്റ്റർ 95 96

| ഇനം | ജനിച്ചകുട്ടികളുടെ എണ്ണം ആൺ | പെൺ |
|---|---|---|
| പശു | 300 | 360 |
| എരുമ | 60 | 48 |

# വെളിയം ഗ്രാമപഞ്ചായത്ത് 1995 96
## രോഗവിവരങ്ങൾ

| ക്രമന. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായ | 504 | 60 | 180 | | | | | | |
| 2 | ശ്വാസകോശ സംബന്ധമായ | 216 | 24 | 96 | | | 288 | | | |
| 3. | ഉപാചയ സംബന്ധമായ | 114 | 24 | | | | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 288 | 60 | 192 | | | | | | |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 144 | 24 | 48 | | | | | | |
| 6 | പരാത രോഗങ്ങൾ | 60 | 24 | 36 | | | | | | |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 240 | | 144 | | | | | | |
| 8 | വന്ധ്യത | 48 | | 36 | | | | | | |
| 9 | അകിട്‌വീക്കം | 24 | | 36 | | | | | | |
| 10 | മുടന്തൻപനി | 180 | | | | | | | | |
| 11 | പകർച്ച വ്യാധികൾ | | | | | | 300 | | | |



000066




000067

## മത്സ്യ സമ്പത്ത്

പരിസ്ഥിതി മലിനീകരണം, അമിത മായ രാസവളപ്രയോഗം എന്നിവ നിലവിലുള്ള മത്സ്യ സമ്പത്തിനെ നശിപ്പിച്ച്കൊണ്ടിരിക്കുന്നു. നിലവിലുള്ള സാദ്ധ്യതകൾ പരിമിതമാണെങ്കിലും അവയെ ബോധപൂർവ്വം ഉപയോഗപ്പെടുത്തിയാൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഉപയോഗശൂന്യമായ കുളങ്ങളിൽ മത്സ്യകൃഷി നടത്തുക.
2. ചതുപ്പു പ്രദേശങ്ങളിൽ കുളങ്ങൾ തോണ്ടി മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കുക.
3. മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും, സാങ്കേതിക സഹായവും നൽകുക.
4. ഫിഷറിസ് വകുപ്പിന്റെ സഹായത്തോടെ ശാസ്ത്രീയ മത്സ്യകൃഷി വിപണനം, സംസ്കരണം തുടങ്ങിയവയെപ്പറ്റി പരിശീലനം നൽകുക.
5. ധനകാര്യ സ്ഥാപനങ്ങൾ മത്സ്യകൃഷിയ്ക്ക് വായ്പ്പ നൽകുക.
6. പൊതുകുളങ്ങൾ മത്സ്യകൃഷിയ്ക്കായി പാട്ടത്തിനു വിട്ടുകൊണ്ടുള്ള മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക.



000068

# ഗതാഗതം

ഒരുനാടിന്റെ വികസനത്തിന് റോഡുകളുടെ പങ്ക് അതിപ്രധാനമാണ്. ഒരു പഞ്ചായത്തിന്റെ വികസനത്തിന്റെ നെടുംതൂണാണ് ഗതാഗതസൗകര്യം. സാമൂഹ്യവും, സാമ്പത്തികവുമായ പുരോഗതിയ്ക്ക് അതിപ്രധാനമായ പങ്ക് വഹിക്കുന്നത് ഗതാഗതസൗകര്യങ്ങളാണ്. ഇക്കഴിഞ്ഞ കാലഘട്ടങ്ങളിൽ റോഡുകളുടേയും പാലങ്ങളുടേയും മറ്റും എണ്ണം കൂട്ടിയിട്ടുണ്ടെങ്കിലും, ഈ മേഖലയിൽ നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ ആകെയുള്ള ഗതാഗതമാർഗ്ഗം റോഡുകളാണ്. ഈ പഞ്ചായത്തിൽ ആകെ 162 കി.മീ. ഗ്രാമീണറോഡുകളും 26 കി.മീ. ടാർ ചെയ്ത പി.ഡബ്ല്യു.ഡി. റോഡുകളുമുണ്ട്. പൊതുവെ റോഡുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കാളവണ്ടി യുഗത്തിൽ നിന്നും കമ്പ്യൂട്ടർ യുഗത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ ഈ കാലഘട്ടത്തിൽ ഗതാഗത വാർത്താ വിനിമയരംഗത്ത് എത്രകണ്ട് പുരോഗതി യുണ്ടായാലും നമുക്ക് പൂർണ്ണമായി തൃപ്തിയാവുകയില്ല. മലമടക്കുകളും കുന്നിൽ ചരിവുകളും പച്ച വിരിച്ച നെൽപ്പാടങ്ങളും അതിവിസ്തൃതമായ വെളിയം പഞ്ചായത്തിന്റെ റോഡുകൾ സഞ്ചാരയോഗ്യമാക്കുക എന്നത് ദുഷ്കരമായ ഒരു യജ്ഞമാണ്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ ഓടനാവട്ടം വെളിയം ജംഗ്ഷനുകൾ വാഹനഗതാഗതത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. വെളിയം ജംഗ്ഷനിലെ റോഡുകളുടെ വിസ്തൃതിയില്ലായ്മ വാഹനങ്ങളുടെ ബാഹുല്യം എന്നിവ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുണ്ടാക്കുന്നു. വെളിയം ഓടനാവട്ടം എന്നിവിടങ്ങളിലെ ഓട്ടോ, ടാക്സി എന്നിവയുടെ പാർക്കിംഗ് സൗകര്യം പരിമിതമായതിനാൽ ഗതാഗതം വളരെയധികം ബുദ്ധിമുട്ടിലാണ്. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണവും റോഡുകളുടെ അപര്യാപ്തതയും വികസനത്തിന് വഴിമുടക്കായി നിൽക്കുകയാണ്. ഗ്രാമീണറോഡുകൾ പരസ്പരം ബന്ധിപ്പിക്കുക എന്നത് പഞ്ചായത്തിന്റെ കഴിഞ്ഞ കാലഘട്ടത്തിൽ ഒരു യജ്ഞമായിരുന്നു. ചുങ്കത്തറ പാലം, തുറവൂർ പാലം, പുല്ലാഞ്ഞിക്കാട്ടുപാലം, അറക്കടവുപാലം എന്നിവ ഒറ്റപ്പെട്ട പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പാലങ്ങളാണ്. പ്രദേശങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിന്നതിന്റെ പിന്നിൽ ഗതാഗതകുരുക്ക് പ്രധാനപ്പെട്ട കാരണമായിരുന്നു. കുടവട്ടൂരും വെളിയം പടിഞ്ഞാറ്റിൻകരയും തമ്മിൽ ബന്ധിപ്പിക്കുന്ന അറവലക്കുഴിപ്പാലം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു. 75 ലക്ഷം രൂപ ചെലവ് ചെയ്ത് പി.ഡബ്ല്യു.ഡി. യെക്കൊണ്ട് പ്രസ്തുത പാലത്തിന്റെ പണിചെയ്ത് കിട്ടുവാൻ ഈ പഞ്ചായത്ത് കമ്മിറ്റി തീവ്രശ്രമം നടത്തിവരികയാണ്. ജെ.ആർ.വൈ. സ്കീം അനുസരിച്ച് കഴിഞ്ഞ ആറ് വർഷക്കാലത്തിനുള്ളിൽ ഗതാഗതത്തിനുവേണ്ടി ചെലവഴിച്ച തുക ചുവടെച്ചേർക്കുന്നു. (ആറ് വർഷം കൊണ്ട് 2328817 രൂപാ ഇരുപത്തിമൂന്നു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി എണ്ണൂറ്റി പതിനേഴ്‌രൂപ ജെ.ആർ.വൈ. സ്കീമിൽ നിന്നുമാത്രം.

ഈ സാമ്പത്തികവർഷം ജെ.ആർ.വൈ. സ്കീമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 300000 രൂപയ്ക്ക് (തുറവൂർ, വാപ്പാലറോഡ്, അമ്പലത്തുംകാല യക്ഷിക്കുഴിറോഡ്, കുടവട്ടൂർ മുത്തൻപാറ) എന്നീ റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ കഴിയും. സംസ്ഥാനസർക്കാരിന്റെ ഫ്ലഡ്സ്കീമിൽ 5 ലക്ഷം രൂപ നമ്മുടെ പഞ്ചായത്തിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ അനുവദിച്ച് കിട്ടിയിട്ടുണ്ട്. എം.പി. യുടെ പ്രാദേശിക ഫണ്ടിൽ നിന്നും (1 കോടിപദ്ധതി) റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനായി 5 ലക്ഷം രൂപ

മാലയിൽ വേടർകോളനി റോഡിന്റെ നിർമ്മാണത്തിന് അനുവദിച്ചു. പണി പൂർത്തിയായി. 96-97 ൽ ഗ്രാമീണറോഡുകളുടെ മെയിന്റനൻസിനു വേണ്ടി 77283 രൂപ സർക്കാരിൽ നിന്നും കിട്ടി. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ അനുസരിച്ച് 656926 ആറ് ലക്ഷത്തി അമ്പത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ ലഭിക്കുകയുണ്ടായി.

## ജെ.ആർ.വൈ. സ്കീം
## വെളിയം ഗ്രാമപഞ്ചായത്ത്

| | വർഷം | റോഡുകളുടെ പേര് | ചെലവായ തുക |
|---|---|---|---|
| 1 | 89 - 90 | പരുത്തിയറ മുതൽ വെൽക്കോസ് റോഡ് | 121842.00 |
| 2 | 89 - 90 | ചുങ്കത്തറ പാലത്തിന്റെ അപ്രോച്ച്റോഡ് | 283996.00 |
| 3 | 90 - 91 | തുറവൂർപാലം (അപ്രോച്ച്റോഡ്) | 252000.00 |
| 4 | 90 - 91 | പരുത്തിയറ - മഞ്ചാടിറോഡ് കലങ്കുത്തിയം അപ്രോച്ച് | 270729.00 |
| 5 | 90 - 91 | കട്ടയിൽ സൊസൈറ്റി മുതൽ ചെറുകരകോണം റോഡ് | 244840.00 |
| 6 | 90 - 91 | അറക്കടവ്പാലം - കൊട്ടറ | 200000.00 |
| 7 | 91 - 92 | പുല്ലാഞ്ഞിക്കാട് - പൂവണത്തുംമൂട്റോഡ് | 115000.00 |
| 8 | 91 - 92 | മാലയിൽ - വാളിയോട്ട്റോഡ് | 82195.00 |
| 9 | 91 - 92 | ആരൂർകോണം വെൽക്കോസ് റോഡ് (കലുങ്ക് അപ്രോച്ച്) | 40350.00 |
| 10 | 91 - 92 | കട്ടയിൽ സൊസൈറ്റി ജംഗ്ഷൻ മുതൽ ചെറുകരക്കോണം | 85000.00 |
| 11 | 93 - 94 | മാലയിൽ വാളിയോട്ട് റോഡ് സൈഡ്വാൾ | 75000.00 |
| 12 | 93 - 94 | കണ്ണന്നൂർ ഏലാ ട്രാക്ടർ പാസേജ് | 32938.00 |
| 13 | 93 - 94 | പുല്ലാഞ്ഞിക്കാട്ട്പാലം | 300000.00 |
| 14 | 92 - 93 | കട്ടയിൽ സൊസൈറ്റിമുക്ക് മുതൽ ചെറുകരക്കോണം | 119927.00 |
| 15 | 95 - 96 | കൊട്ടറ - അറക്കടവ് പാലത്തിന്റെ പുനരുദ്ധാരണപണി | 55000.00 |

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. പി.ഡബ്ല്യു.ഡി. റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതുകൊണ്ട് ടാറിംഗ് ഇളകി സഞ്ചാരയോഗ്യമല്ല.

2. വെളിയം ഗ്രാമപഞ്ചായത്തിന് ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന വെളിയം നെടുമൺകാവ് റോഡ് യാതൊരു കാരണവശാലും വാഹന ഗതാഗതത്തിന് യോഗ്യമല്ല. കഴിഞ്ഞ വർഷം നെടുമൺകാവ് പാലത്തിന് കിഴക്കുവശത്തുള്ള മുസ്ലീംപള്ളിയ്ക്ക് പടിഞ്ഞാറ് ഭാഗത്തായി ഒരു പ്രൈവറ്റ് ബസ് മറിഞ്ഞ് മൂന്നുയാത്രക്കാർ മരണപ്പെടുകയുണ്ടായി. നിരവധി ആളുകൾക്ക് പരിക്കുകളും ഉണ്ടായി. ഈ വർഷവും അതേ സ്ഥലത്ത് ഒരു പാറലോറി മറിഞ്ഞ് അപകടമുണ്ടായി. റോഡിന്റെ വീതി കുറവും ഇറക്കവും അപകടം ഉണ്ടാക്കുന്നു.

3. പി.ഡബ്ല്യു.ഡി. റോഡായ ഓയൂർ കൊട്ടാരക്കര റോഡിന്റെ പല ഭാഗങ്ങളിലും അപകടം പതിയിരിക്കുന്നു. റോഡിന്റെ വീതിക്കുറവും പാലങ്ങളുടെ പഴക്കവും ഓയൂർ കൊട്ടാരക്കര റോഡിന്റെ ശാപങ്ങളായി തുടരുന്നു.

4. ഓടകൾ നികന്ന് ഗ്രാമീണറോഡുകൾ നശിക്കാൻ ഇടയാകുന്നു. കാലാകാലങ്ങളിൽ പുരയിടങ്ങളുടെ ആവശ്യത്തിനായി ഓടകൾ വെട്ടി നശിപ്പിച്ചും റോഡുകൾ നികത്തുന്നു. മെയിന്റനൻസ് സമയാസമയങ്ങളിൽ നടക്കാത്തതുമൂലവും റോഡുകൾ തകരുന്നു.

5. വെളിയം ജംഗ്ഷൻ ഏറ്റവും തിരക്കേറിയ ജംഗ്ഷനാണ്. അനവധി വാഹനങ്ങൾ നാല് ഭാഗത്തുനിന്നുമായി വന്നുപോകുന്നു. വഴിയാത്രക്കാർക്ക് കയറി നിൽക്കുവാൻ ഇടമില്ലാത്തതുമൂലം വലയുകയാണ്. ജംഗഷന്റെ ഇടക്കുറവും ഓടയുടെ പണി ഇഴഞ്ഞുനീങ്ങുന്നതും വെളിയം ജംഗ്ഷനെ നരകതുല്യമാക്കിയിരിക്കുന്നു. ഓയൂർ കൊട്ടാരക്കര റോഡിൽ മറ്റൊരു പ്രധാന ജംഗ്ഷനാണ് പരുത്തിയറ കാളചന്ത ജംഗ്ഷൻ. അവിടെയും വെയിറ്റിംഗ് ഷെഡ്ഡ് ജനങ്ങളുടെ ആവശ്യമാണ്.

6. ഗ്രാമീണ റോഡുകളുടെ കൈയ്യേറ്റം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന നിയമം മൂലം ഗ്രാമീണ റോഡുകളുടെ കൈയ്യേറ്റം തടയേണ്ടതാണ്.

7. വെളിയം ഓടനാവട്ടം ജംഗ്ഷനുകളിൽ ടാക്സി, ആട്ടോ, മിനി ലോറികൾ പാർക്കിംഗിന് സൗകര്യമില്ലാത്തതുമൂലം അപകടം പതിയിരിക്കുന്നു. ടാക്സി, ആട്ടോ, മിനി ലോറി സ്റ്റാന്റുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഏർപ്പെടുത്തേണ്ടത്.

8. കെ.എസ്.ആർ.ടി.സി. ബസ്സുകൾ

1. കൊട്ടാരക്കര വെളിയം തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ ബസ് നിർത്തൽ ചെയ്തതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിർത്തൽ ചെയ്ത പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം.

2. കൊല്ലം കുണ്ടറ കുഴിമതിക്കാട് വഴി വെളിയം നേരത്തെ സർവ്വീസ് നടത്തിയിരുന്ന ബസ് യാത്രക്കാർക്ക് ഒരു അനുഗ്രഹമായിരുന്നു. നിർത്തൽ ചെയ്ത പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം.

3. കൊട്ടാരക്കര വെളിയം പടിഞ്ഞാറ്റിൻകര സർവ്വീസ് ചൂരക്കോട് കലയക്കോട് ജംഗഷൻ വരെ ദീർഘിപ്പിക്കണം.

4. വെളിയം ജംഗ്ഷൻ വരെ സർവ്വീസ് അവസാനിക്കുന്ന വെളിയം സ്റ്റേ ട്രാൻസ്പോർട്ട് ബസ്സും മറ്റ് കൊല്ലം ട്രാൻസ്പോർട്ട് ബസ്സുകളും പരുത്തിയറ വഴി മലപ്പുത്തൂർ വരെ സർവ്വീസ് നീട്ടണം.

9.റെയിൽവേയുടെ ആവശ്യകത

നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന കായംകുളം തിരുവനന്തപുരം റെയിൽവേ ലൈനിന്റെ സർവ്വേ പൂർത്തീകരിച്ച് പണിപൂർത്തിയാക്കുവാൻ കഴിഞ്ഞാൽ വെളിയം പഞ്ചായത്തിന്റെ വ്യാവസായികരംഗത്തും യാത്രാരംഗത്തും വലിയയൊരു മാറ്റം നമുക്കൊ ഉണ്ടാക്കുവാൻ കഴിയും.

10. കൊട്ടറ അറക്കടവ് റോഡ് ചാർ ചെയ്യുന്നതിന് നിലവിലുണ്ടായിരുനന ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനും സത്വര നടപടി ഉണ്ടാകേണ്ടതാണ്

11. നമ്മുടെ പി. ഡബ്ല്യു.ഡി. റോഡുകൾ

| റോഡിന്റെ പേര് | ദൂരം |
|---|---|
| ഓടനാവട്ടം ഉളകോട് | 4 കി.മീ. |
| ചുങ്കത്തറ വെളിയം | 5 കി.മീ. |
| ചാമവിള കടയ്ക്കോട് | 2.5 കി.മീ. |
| അമ്പലപ്പുറം ചുങ്കത്തറ | 4 കി.മീ. |
| വാപ്പാല പുരമ്പിൽ | 1 കി.മീ. |
| നെടുമൺകാവ് കായില | 5 കി.മീ. |
| കുടവട്ടൂർ, ചന്തമുക്ക്, അറവലക്കുഴി, കലയക്കോട് | 4 കി.മീ. |
| ആകെ | 30 കി.മീ. |

12. ജെ.ആർ. വൈ. സ്കീമിൽപ്പെടുത്തി ടാറിംഗിനുവേണ്ടിയുള്ള പണി ആരംഭിച്ചതിനുശേഷം കെ.ഐ.പി. ഏറ്റെടുത്ത് ഇപ്പോൾ സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്ന ചെറുകരക്കോണം കടയ്ക്കോട് റോഡ് എത്രയും പെട്ടെന്ന് കെ.ഐ.പി. ഇടപെട്ട് പണി പൂർത്തുകരിക്കണം.

12. താന്നിമുക്ക് കൊട്ടറ റോഡ്

കെ.ഐ.പി. കനാൽ ക്രോസിംഗ് രണ്ടു സ്ഥലത്തുള്ള റോഡാണ് താന്നിമുക്ക് കൊട്ടറ റോഡ്. ഇതിന്റെ ഉപയോഗം കൂടുതലും കെ.ഐ.പി യ്ക്ക് ആയതുകൊണ്ട് പ്രസ്തുത റോഡ് കെ.ഐ.പി. ഏറ്റെടുത്ത് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

13. ചെന്നാപാറ കളപ്പിലാ റോഡ്

കെ.ഐ.പി. കനാൽ ക്രോസിംഗും അക്ക്വഡേറ്റും ഉള്ള ചെന്നാപ്പാറ പൊട്ടിമുക്ക് കളപ്പിലറോഡ് കെ.ഐ.പി. ഏറ്റെടുത്തതും മെറ്റൽ നിരത്തിയതുമാണ്. ഇപ്പോൾ കുണ്ടും കുഴിയുമായി ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഈ റോഡ് കെ.ഐ.പി. ഏറ്റെടുത്ത് എത്രയും പെട്ടെന്ന് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

14. മുക്കാലയിൽ അയണിക്കോട് റോഡ്

കെ.ഐ.പി. ഏറ്റെടുത്ത് പ്രാരംഭ പണികൾ തുടങ്ങുകയും ടണലിന്റെ പണി ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്ത പ്രസ്തുത റോഡ് കെ.ഐ.പി. ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കണം.

15. കനാലുകളുടെ അപ്രോച്ച്റോഡുകൾ എത്രയുംപെട്ടെന്ന് ടാറിംങ്ങ് പൂർത്തീകരിക്കണം.

### പഞ്ചായത്ത് റോഡ്

| വെട്ടറോഡ് | കി.മീ. |
|---|---|
| 1. ഓടനാവട്ടം മാർക്കറ്റുജംഗ്ഷൻ മുതൽ കോട്ടക്കുഴി | 1100 മീ. |
| 2. കോട്ടക്കുഴി മുക്കുമുതൽ കട്ടയിൽ തോട് | 250 |
| 3. എസ്. ആർ. മുക്കു മുതൽ തെക്കേവിളമുക്കുവരെ | 1100 |
| 4. അമ്പലത്തുംകാല മുതൽ യക്ഷിക്കുഴി | 1300 |
| 5. തേക്കുവിള ജം. മുതൽ മൂന്നാറ്റും മുക്ക് | 1000 |
| 6. തേക്കുവിള ജംഗ്ഷൻ മുതൽ നാഗരുകാവ് | 800 |
| 7. ആലുംകടവുവാതിക്കൽ മുതൽ മൂന്നാറ്റിൻ മുക്ക് | 250 |
| 8. വേങ്ങവിളമുക്കു മുതൽ വേടർ കോളനി | 500 |
| 9. കണ്ണോട്ടുകുന്നിൽ നിന്നും പരുത്തിയറ ഏല | 250 |
| 10. എഴിപ്പുരയിൽ മുക്കുമുതൽ എതിരംകോട്ടുകാവുവരെ | 900 |
| 11. വാപ്പാല മണ്ടയ്ക്കാട് മുതൽ പാറ | 2 കി. മീ. |
| 12. വാപ്പാല തുറവൂർ മുതൽ സ്വാമിമുക്ക് | 2.5 |
| 13. വാപ്പാല ഒറ്റതെങ്ങ് മുതൽ കല്ലുപാലം | 2 |
| 14. മണ്ടയ്ക്കാട്ടുപാറ തുറവൂർ വടയത്ത് കോണത്തേയ്ക്ക് | 1 |
| 15. ചെപ്ര പുള്ളാട്ടി കല്ലുപാലം റോഡ് | 2 |
| 16. പരുത്തിയ കാഷ്യൂ ഫാക്ടറിമുതൽ വലിയപണവരെ | 1500 മീ. |
| 17. ഫെയ്ത്ത് ഹോം മുതൽ പ്ലാവിളമുക്ക് | 800 |

18. ഫെയ്ത്ത് ഹോം മൂഴിയിൽ ഏലാവരെ 500 മീ.
19. ഗവ.എൽ.പി.എസ്. മുതൽ പണയിൽ ഭാഗം 300
20. ഗവ. എൽ.പി.എസ് മുതൽ കോടുവാളൂർ മുക്ക് 1 കി.മീ.
21. വെളിയം പഞ്ചായത്ത് ഓഫീസ് മുതൽ സിനിമാ തീയേറ്റർ വരെ 200 മീ.
22. പള്ളിമുക്കു മുതൽ നാഗരുകാവുവരെ 1200
23. കുന്നംപുറത്ത് വാതില്ക്കൽ മുതൽ മുന്നാറ്റും മുക്ക് 300
24. ഫെയ്ത്ത് ഹോം മുക്ക്മുതൽ നെടുകോട്ടു ഏലാ 300
25. നെല്ലിക്കാല മുക്കുമുതൽ സിനിമാ തീയേറ്റർ വരെ 250
26. നെല്ലിക്കാല മുതൽ കോട്ടൂർക്കോണം ഏലാ 800
27. നടുകുന്ന് അലിമുക്ക് 500
28. അലിമുക്ക് തുദിയൂർ 1 കി.മീ.
29. പറകുന്ന് മേലേപ്പുര 2
30 താന്നിമുക്ക് മുതൽ മുണ്ടുകോണം 1
31. താന്നിമുക്ക് മുണ്ടുകോണം പാറകോണം 1
32. മേലേപ്പുര നടുകുന്ന് 500 മീ.
33. കോടാട്ടു ഏലാറോഡ് 1 കി.മീ.
34. പരുത്തിയറ അമ്പലംമുക്ക് മുതൽ മഞ്ചാടി ഏലാ വരെ 1.5 കി.മീ.
35. കണ്ണോട്ടുമുക്ക് മുതൽ താമരശ്ശേരി ഏലാ വരെ 1200 മീ.
36. ചാമവിളമുക്ക് മുതൽ നെടുംപണ 1100 മീ.
37. മഞ്ചാടി മുക്ക് മുതൽ താമരശ്ശേരി വരെ 900 മീ.
38. മഞ്ചാടിമുക്ക് മുതൽ കട്ടകമ്പനി വരെ 500 മീ.
39. കൺമലറോഡ് 800 മീ.
40. വെൽക്കോസ് ജംഗ്ഷൻ മുതൽ പരുത്തിയറ ക്ഷേത്രംവരെ 3 കി. മീ.
41. വെൽക്കോസ് ജംഗ്ഷൻ മുതൽ ആരൂർകോണം വരെ 2 കി.മീ.
42. പറകുന്നു മുതൽ മുണ്ടുകോണം വരെ 2 കി.മീ.
43. ഇടപൊയ്ക ജംഗ്ഷൻ മുതൽ ആറ്റുവാരം 1 കി.മീ.
44. കുളമ്പി മുക്ക് മുതൽ വെള്ളച്ചാലിൽ വരെ 1 കി.മീ.
45. അലിമുക്ക് മുതൽ വലിയമണ്ണടി ഏലാ വരെ 1 കി.മീ.
46. ഇടപൊയ്ക മുതൽ വാഴോട്ട് ഏലാ വരെ 500 മീ.
47. മാദേവൻകോണം മുതൽ ഏലാ വരെ 500 മീ.
48. പനച്ചിവിളമുക്ക് മുതൽ കാരശ്ശേരി 500 മീ.
49. തൊടിയിൽ ഭഗവതിക്ഷേത്രംറോഡ് 1 കി.മീ
50. താന്നിമുക്ക് മുതൽ കൊട്ടറ അറക്കടവ് 2 കി.മീ.
51. തച്ചക്കോട് നടുക്കുന്ന് 1.5 കി.മീ.
52. തെങ്ങുവിള നടുക്കുന്ന് 1 കി.മീ.
53. തെങ്ങുവിള കോടാട്ടുറോഡ് 1 കി.മീ.
54. താന്നിമുക്ക് വെൽക്കോസ് 1.5 കി.മീ.
55. വെളിയം കോളനി ജംഗ്ഷൻ മാലയിൽ 1 കി.മീ.
56. കായില മേമംഗലം കോളനി (ഐ.എച്ച്.ഡി.പി.) 2 കി.മീ.
57. മാവിള ജംഗ്ഷൻ മുതൽ മാലയിൽ തുലവിള(കെ.ഐ.പി.) 1 കി.മീ.
58. പരുത്തിയറ അമ്പലം മറവൻകോട് (കെ.ഐ.പി.) 1.5 കി.മീ.
59. പരുത്തിയറ പുല്ലാഞ്ഞിക്കാട് 2 കി.മീ.
60. ഓടനാവട്ടം ജയമാതാ റോഡ് 1 കി.മീ.
61. സൊസൈറ്റിമുക്ക് മുതൽ മംങ്ങാരം 1 കി.മീ.
62. അലിമുക്ക് പടിഞ്ഞാറ്റിൻകര 2 കി.മീ.
63. കുളക്കോട് മുതൽ അയണിക്കോട് (കെ.ഐ.പി.) 2 കി.മീ.

64. ഓടനാവട്ടം തുറവൂർ 1 കി.മീ.
65. ചെന്നാപ്പാറ വാപ്പാല 1 കി.മീ.
66. ചെന്നാപ്പാറ കൊമ്പാറ 1.5 കി.മീ.
67. കുളക്കോട് മുതൽ
മാമ്പറ വരെ 2 കി.മീ.
68. മുക്കാല ജംഗ്ഷൻ മുതൽ
ഉല്ലാസവയൽ വരെ 1.5 കി.മീ.
69. ഉടയൻതുണ്ടിൽ വരിക്കംപള്ളിൽ 500 മീ.
70. ചെന്നാപ്പാറ തേറോട്ടുവയൽ 1 കി.മീ.
71. ചെന്നാപ്പാറ പള്ളി മുതൽ
വേട്ടക്കാട്ട് വരെ 1 കി.മീ.
72. പഞ്ചായത്ത് ആഫീസ് റോഡ് 1 കി.മീ.
73. ഓടനാവട്ടം എച്ച്.എസ്സ്. മുതൽ
പണ്യയിൽ വരെ 1 കി.മീ.
74. കുളക്കോട് ജംഗ്ഷൻ
കല്ലുംമുക്ക് 1 കി.മീ.
75. മാമ്പറ ഇലവൻകോട് 1 കി.മീ.
76. പള്ളിമുക്ക് അക്വഡക്ട്
മുതൽ നീലേശ്വരംറോഡ് 1 കി.മീ.
77. പുതുവാവിളമുതൽ ആര്യങ്കോട്
മുണ്ടാമൂട് റോഡ് 3 കി.മീ.
78. മുട്ടറ പഴങ്ങാലംറോഡ് 1.5 കി.മീ.
79. സൊസൈറ്റിമുക്ക് കട്ടയിൽകാവ് 800 മീ.
80. ഓടനാവട്ടംകാവു മുതൽ
ടാഗോർജംഗ്ഷൻ വരെ 1 കി.മീ.
81. അമ്പലത്തുംകാല മുതൽ
പഴങ്ങാലം 2 കി.മീ.
82. അറവലക്കുഴി മുതൽ
ചൂരക്കോട് 2 കി.മീ.
83. കണ്ണംകര കോളനിറോഡ് 700 മീ.
84. ചൂരക്കോട് കൽച്ചറോഡ് 2 കി.മീ.
85. മാമ്പൊയ്ക മുതൽ ആറ്റുവാരം 1 കിമീ.
86. കോയിപറമ്പ് കൊക്കോട് 1 കി.മീ.
87. പരുത്തിയറചന്ത
മാലയിൽവയൽ 1 കി.മീ.
88. മറവൻകോട് മിച്ചഭൂമി
വാളിയോട് 2 കി.മീ.
89. അമ്പലത്തുംകാല യക്ഷിക്കുഴി 1200 മീ.
90. തേക്കുവിള പുത്തുക്കാട് 1 കി.മീ.
91. നെടിയകോണം യക്ഷിക്കുഴി 1200 മീ.
92. ചാക്കൂർമുക്ക് പിച്ചക്കോട് 750 മീ.
93. ആശാൻമുക്ക് പിച്ചക്കോട് 1200 മീ.
94. പണയിൽമുക്ക് മണ്ണാത്തിൻകുഴി 1 കി.മീ.
95. പണയിൽമുക്ക് മൂത്താൻ
വാതുക്കൽ 500 മീ.
96. പുതിയവീട് മുതൽ
വാടപ്പള്ളിൽകര വരെ 500 മീ.
97. കുടവട്ടൂർ എൽ.പി.എസ്സ്. മുതൽ
യു.പി.എസ്സ്. വരെ 750 മീ.
98. ചന്തമുക്ക് അറവലക്കുഴി
കല്ലുപുറംറോഡ് 1200 മീ.
99. പഴനിലയ്ക്കൽ ചാവരുമല 500 മീ.
100. ചാമവിള ചൂരച്ചിറ 1 മീ.
101. പേങ്ങാട്ട് ചിറ കുരുവിള
പനയറമുകളിൽ 1 കി.മീ.
102. മഴവൻചേരിമുക്ക്
കുളത്തിൻകരോട് 1100 മീ.
103. യുപി.എസ്. മുട്ടമൂട്
പുളിയ്ക്കൽ 1200 മീ.
104. തുണ്ടിക്കട മീമ്പാട്ടറ 750 മീ.
105. പേരേത്തുവിള തെങ്ങുവിളമുക്ക്
തെക്കടം റോഡ് 500 മീ.
106. നരിവിളമുക്ക് ഷൺമുഖംറോഡ് 750 മീ.
107. കനാൽ ചൂലാമുക്ക് 500 മീ.
108. കുടവട്ടൂർ ചന്തമുക്ക്
അറവലക്കുഴി ആറ്റുവാരംറോഡ് 1200 മീ.
109. കോട്ടേകോണം വെളിയം
കാഷ്യൂ ഫാക്ടറിയ്ക്ക് സമീപം 1 കി.മീ.
110. കാഷ്യൂ ഫാക്ടറി വെളിയം
സർപ്പകാവ് 500 മീ.
111. കാഷ്യൂ ഫാക്ടറി,
വെള്ളാപ്പള്ളി റോഡ് 500 മീ.
112. ഉദിയന്നൂർ കോട്ടേപ്പാററോഡ് 1 കി.മീ.
113. വെളിയം തുണ്ടയത്ത്ക്ഷേത്രം 1.5 കി.മീ.
114. ആരൂർക്കോണം പുലരി
ജംഗ്ഷൻ റോഡ് 500 മീ.
115. ആരൂർക്കോണം പുതുവീട്
കോളനി 1.5 കി.മീ.
116. മാലയിൽ കോയിപ്പറമ്പ് 1 കി.മീ.
117. മാലയിൽ വൈദ്യൻകുന്ന് 2 കി.മീ.

118. കോയിപ്പറമ്പ് വാളിയോട് 2 കി.മീ.
119. കോഴിപ്പറമ്പ് പഴവറ 1 കി.മീ.
120. വൈദ്യൻകുന്ന് മലപ്പുത്തൂർ 1 കി.മീ.
121. മലപ്പുത്തൂർ മാലയിൽ 1 കി.മീ.
122. പരുത്തിയറ മലപ്പുത്തൂർ 1 കി.മീ.
123. മലപ്പുത്തൂർ മറവൻകോട് മിച്ചഭൂമി കോളനി 2.5 കി.മീ.
124. കോളനി അറയ്ക്കൽ ഏലാ റോഡ് 800 മീ.
125. മാവിള ജംഗ്ഷൻ ആരൂർകോണം റോഡ് 1.5 കി.മീ.
126. കോളനി ചൂരക്കാവ് റോഡ് 500 മീ.
127. കോളനി ചുടുകട്ട കമ്പിനി റോഡ് 400 മീ.
128. കോളനി അറയ്ക്കൽ ഏലായിൽ നിന്നും ഓയൂർ കൊട്ടാരക്കര റോഡ് 300 മീ.
129. മാലയിൽ അക്വഡറ്റ് പെരുംകുളം റോഡ് 500 മീ.
130. പൊങ്ങോട് ആരൂർകോണം മാവിള 2.300
131. മൊട്ടക്കുഴി തുലവിള 500 മീ.
132. മൊട്ടക്കുഴി പഴവറ കായില 2 കി.മീ.
133. ഞായപ്പള്ളി ആരൂർകോണം 1 കിമീ.
134. വെളിയംക്ഷേത്രം പുതുവീട് കോളനി 1 കിമീ.
135. ചെപ്ര വലിയകാവ് റോഡ് 1 കി.മീ.
136. മത്തായിമുക്ക് കല്ലുവെട്ടാംകുഴി പടിയാരംഏലാ വഴി ചെന്നാപാറ4 കി.മീ.
137. വാപ്പാല ചാങ്ങോട് വേട്ടക്കോട്1 കി.മീ.
138. പുള്ളാടി പടിയാരം റോഡ് 1.5 കി.മീ.
139. പുള്ളാടി ആങ്ങോട്ടുകോണം 1 കി. മീ.
140. തുറവൂർ കല്ലുപാലം 1 കി.മീ.
141. കുറ്റിക്കാട്ടുകോണം ഉടയൻകാവ്500 മീ.

## ഊർജ്ജം

ഒരു രാജ്യത്തിന്റെ വികസന പ്രക്രിയയിൽ അതി നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു ഘടകമാണ് ഊർജ്ജം. ഊർജ്ജത്തിന്റെ ഉപഭോഗത്തെക്കുറിച്ചും ഊർജ്ജശ്രോതസുകളുടെ ലഭ്യതയെക്കുറിച്ചുമുള്ള ശരിയായ ധാരണ ഉണ്ടെങ്കിൽ മാത്രമേ ഈ രംഗത്ത് നമുക്ക് മുന്നേറുവാൻ കഴിയൂ. ഊർജ്ജമെന്നാൽ വൈദ്യുതി ഉൽപ്പാദനവും വിതരണവുമെന്നാണ് പൊതുവേ മനസിലാക്കുന്നത്. വിറക്, ജൈവവാതകം, സൗരോർജ്ജം, വിൻഡ് എനർജി, ചാണകവരളി, ചപ്പുചവറുകൾ മറ്റ് ജൈവദ്രവ്യങ്ങൾ എന്നിവയെല്ലാം ഈ ഗണത്തിൽപ്പെടുത്താവുന്നവയാണ്. ഇവ പരിഗണിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഊർജ്ജരംഗത്ത് അതിരൂക്ഷമായ പ്രതിസന്ധി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് മനസിലാക്കാം. ഗാർഹിക ആവശ്യങ്ങൾക്കായി 90 ശതമാനം ആളുകളും വിറകാണ് ഇന്ധനമായി ഉപയോഗിച്ചുവരുന്നത്.

കൃഷി, വ്യവസായം ഗാർഹികം, സംസ്കാരം തുടങ്ങിയ രംഗങ്ങളിൽ ഗണ്യമായ തോതിൽ വൈദ്യുതി ഉപയോഗിക്കുന്നു. ഈ രംഗങ്ങളിൽ 50 ശതമാനം ആവശ്യങ്ങൾ മാത്രമേ വൈദ്യുതിയിലൂടെ പൂർത്തീകരിക്കപ്പെടുന്നുള്ളൂ. കൂടാതെ വിറകിന്റെ ദൗർലഭ്യവും നമ്മേ നേരിടുന്ന മറ്റൊരു ഭീഷണിയാണ്. പാചകവാതകം മണ്ണെണ്ണ എന്നിവ വളരെ പരിമിതമായ കുടുംബങ്ങൾ മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. കാർഷിക വ്യാവസായിക രംഗങ്ങളിൽ വികസനം മുരടിച്ചു നിൽക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വൈദ്യുതിയുടെ ദൗർലഭ്യമാണ്.

വെളിയം ഗ്രാമപഞ്ചായത്തിൽ 75 ശതമാനം കുടുംബങ്ങളിലും വൈദ്യുതി കണക്ഷൻ ലഭ്യമാണ്. 85 ശതമാനം ഹരിജൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമായ ഒരു നേട്ടമാണ്. എന്നാൽ ഇനിയും വൈദ്യുതി കടന്ന് ചെല്ലാത്ത നിരവധി മേഖലകൾ നമ്മുടെ പഞ്ചായത്തിലുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്. മുട്ടറ തേക്കുവിള സ്കൂൾ ജംഗ്ഷൻ, തോണ്ടൻകോണം, പുതുവാ

കുരിശാലഭാഗം, പടിഞ്ഞാറ്റിൻകര അറവലകുഴി, പുലരി, തുദിയൂർ, ചമ്പൻകുളം, പറകുന്ന്, വെളിയം കോളനിയിൽ പെരുംകുളം വെളിയം, ഞായപ്പള്ളിഭാഗം കളപ്പിലയിൽ വേട്ടയ്ക്കോട്, ആലയത്ത്, മലയാറ്റൂർ വടക്കേഭാഗം, കണ്ണമ്പള്ളിൽ തെങ്ങും പണയിൽഭാഗം, പിള്ളാരുകുഴി, ഓടനാവട്ടത്ത് കരിങ്ങോല, മാലയിൽ കൊക്കോട്, ചെപ്രയിൽ തുറവൂർ, വാപ്പാല, പൂവണംപൊയ്ക എന്നിവ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ചിലഭാഗങ്ങളാണ്.

| നിലവിലുള്ള ട്രാൻസ്ഫോർമറുകൾ | | | |
|---|---|---|---|
| സീരിയൽ നമ്പർ | സ്ഥലം | എണ്ണം | കപ്പാസിറ്റി |
| 1. | വെളിയം | 1 | 160 |
| 2. | വെളിയം | 1 | 100 |
| 3. | കുടവട്ടൂർ | 1 | 63 |
| 4. | കുടവട്ടൂർ | 1 | 100 |
| 5. | ഓടനാവട്ടം | 1 | 250 |
| 6. | ഓടനാവട്ടം | 1 | 63 |
| 7 | മുട്ടറ | 1 | 63 |
| 8 | മുട്ടറ | 1 | 100 |
| 9 | മുട്ടറ | 1 | 100 |
| 10 | മാലയിൽ | 1 | 63 |
| 11 | വൈദ്യൻകുന്ന് | 1 | 100 |
| 12 | കൈതയിൽ | 1 | 100 |
| 13 | പടിഞ്ഞാറ്റിൻകര പാറകോറി | 1 | 100 |
| 14 | വെൽക്കോസ് ജംഗ്ഷൻ | 1 | 100 |
| 15 | നടുക്കുന്ന് | 1 | 100 |
| 16 | അലിമുക്ക് | 1 | 100 |
| 17 | കലയക്കോട് | 1 | 100 |
| 18 | പരുത്തിയറ | 1 | 100 |
| 19 | കോണത്തുമുക്ക് | 1 | 100 |
| 20 | വാപ്പാല | 1 | 63 |
| 21 | തുറവൂർ | 1 | 63 |
| 22 | വാളിയോട് | 1 | 100 |
| | ആകെ | 22 | |

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി ലൈൻ എത്തിയിട്ടില്ല.
2. വോൾട്ടേജ് ക്ഷാമം
3. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ കറന്റ് കട്ട്
4. തെരുവു വിളക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല
5. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം
6. തെരുവിളക്കുകളുടെ കുറവ്
7. ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മ
8. ഉപഭോക്താക്കളുടെ വർദ്ധന
9. ആഡംബര ഉപകരണങ്ങളുടെ അമിതമായ ഉപയോഗം
10. വൈദ്യുതിയുടെ അനാവശ്യമായ ഉപയോഗം. വൈദ്യുതി ഉപഭോഗത്തെക്കുറിച്ചുള്ള ശരിയായ ബോധവത്കരണത്തിന്റെ അഭാവം
11. പാരമ്പര്യേതര ഊർജ്ജ ശ്രോതസുകൾ സ്വീകരിക്കുന്നില്ല.
12. പ്രസരണ വിതരണ - നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലുള്ള അനാസ്ഥ
13. വൈദ്യുതി ലൈനിലെ ട്രാൻഫോമറുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള കാലതാമസം.

*നിർദ്ദേശങ്ങൾ*

1. ദുർബ്ബല ജനവിഭാഗങ്ങൾക്ക് സർക്കാർ സൗജന്യമായി നൽകുന്ന വീടുകൾക്ക് ലൈൻ പിടിച്ച് വൈദ്യുതി സൗജന്യമായി നൽകുന്ന പരിപാടി പട്ടികേതര ജാതിക്കാർക്കു കൂടി ബാധകമാക്കുക.
2. അപ്രഖ്യാപിത കറണ്ട് കട്ട് നിർബന്ധിതമായി ഒഴിവാക്കണം.
3. ഓടനാവട്ടത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ള കളക്ഷൻ സെന്റർ സബ് എഞ്ചിനീയർ ഓഫീസായി ഉയർത്തുക.
4. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
5. വ്യവസായ യൂണിറ്റുകൾക്ക് കണക്ഷനുള്ള അപേക്ഷ കിട്ടിയാൽ 7 ദിവസത്തിനുള്ളിൽ കണക്ഷൻ നൽകാൻ വ്യവസ്ഥ ഉണ്ടാക്കുക.
6. ഇന്ധനക്ഷമതയുള്ളതും ഇല്ലാത്തതുമായ അടുപ്പുകൾ പ്രവർത്തിപ്പിക്കുക.
7. പാരമ്പരേതര ഊർജ്ജ ഉപകരണങ്ങളെക്കുറിച്ച് അനർട്ടിന്റെ സഹായത്തോടെ പ്രചരണം നടത്തുക.
8. ഓടനാവട്ടം കേന്ദ്രമാക്കി ഒരു പാചകവാതക ഏജൻസി അനുവദിക്കുക.
9. ബൽബുകൾക്ക് പകരം ഇല്കട്രോണിക് ചോക്ക് ഉപയോഗിച്ചുള്ള ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുന്നതു വഴി വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയ്ക്കാൻ കഴിയും.
10. ആയൂർ നിന്നും കൈതയിൽ വരെയുള്ള 11 കെ.വി. ലൈൻ സ്പീഡ് അഡ്വാന്റേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വെളിയം വരെ നീട്ടിയാൽ കൊട്ടാരക്ക ഫീഡറിൽ നിന്നുള്ള വൈദ്യുതി നിലച്ചാലും വെളിയത്തിന് വൈദ്യുതി ലഭ്യമാക്കാം.
11. പ്രധാന ജംഗ്ഷനുകളിൽ വൈദ്യുതി വിതരണം ടു വേ സംവിധാനം ഏർപ്പെടുത്തണം.
12. ഇപ്പോൾ നിലവിലുള്ള ട്രാൻഫോമറിന്റെ കപ്പാസിറ്റി പരമാവധി വർദ്ധിപ്പിക്കുക
13. താഴെപ്പറയുന്ന സ്ഥലത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
    1. ഓടനാവട്ടം പാലം
    2. വെളിയം ജംഗ്ഷൻ
    3. കായില
    4. ചെറുകരകോണം
    5. പുല്ലാഞ്ഞിക്കോട് ക്ഷേത്രത്തിനുസമീപം
    6. വെളിയം പടിഞ്ഞാറ്റിൻകര നാലാംവാർഡിൽ പറകുന്നു ഭാഗത്ത്
    7. വെളിയം വാർഡിൽ അരൂർകോണം ഭാഗത്ത്
14. വഴി വിളക്കുകൾ ഇല്ലാത്ത പ്രദേശത്ത് സ്ഥാപിക്കേണ്ടതാണ്.
15. വൈദ്യുതി ലൈൻ തട്ടികിടക്കുന്ന മരക്കൊമ്പുകൾ വെട്ടികളയുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക്

ബോധവത്കരണം നടത്തേണ്ടതാണ്.

16. സൗരോർജ്ജം, ബയോഗ്യാസ്, വായുവിൽ നിന്നുള്ള വൈദ്യുതി തുടങ്ങിയ പ്രകൃതിയുടെ വരദാനങ്ങളായ ഊർജ്ജസ്രോതസുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക

17. മുട്ടറ മരുതിമലയിലെ മുകൾപ്പരപ്പിൽ എപ്പോഴും സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്ന കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുണ്ട്.

18. സ്റ്റെപ്പ് അപ് സ്റ്റെബിലൈസറിന്റെ ഉപയോഗം കർശനമായി നിരോധിക്കുക.

19. കലയക്കോട് ജംഗ്ഷനിൽ നിന്നും ചൂരയ്ക്കോട് റോഡിൽ കൊല്ലായ്ക്കൽ ട്രാൻസ്ഫോർമർ സ്ഥിതിചെയ്യുന്ന സ്ഥലംവരെ പുരയിടങ്ങളിൽ കിടക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിൽകൂടി മാറ്റി സ്ഥാപിക്കുക.

## തെരുവു വിളക്കുകളുടെ വിവരങ്ങൾ

| നമ്പർ | വിളക്കുകളുടെ വിവരം | എണ്ണം | വോൾട്ടേജ് | കത്തുന്ന മണിക്കൂറുകൾ | ഒരുവിളക്കിൻെറ നിരക്ക് | ആകെതുക |
|---|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 620 | 40 | 6 | 11.00 | 6820.00 |
| 2 | ഓർഡിനറി ബൾബ് | 42 | 40 | 12 | 13.00 | 546.00 |
| 3 | ഓർഡിനറി ബൾബ് | 6 | 100 | 12 | 21.50 | 129.00 |
| 4 | ട്യൂബ്ലൈറ്റ് | 40 | 80 | 12 | 35.00 | 1400.00 |
| 5 | ഇരട്ടട്യൂബ്ലൈറ്റ് | 10 | 40 | 12 | 35.00 | 350.00 |
| 6 | എം.വി.ലാംബ് | 2 | 250 | 12 | 77.00 | 154.00 |
| 7 | ഓർഡിനറി ബൾബ് | 18 | 60 | 12 | 18.00 | 324.00 |
| | | | | ആകെ | | 9723.00 |

## കൃഷിയും ജലസേചനവും

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. ഭാരതത്തിന്റെ സ്ഥായിയായ പുരോഗതിയിൽ കാർഷികമേഖല അതിപ്രധാനമായ പങ്ക് വഹിക്കുന്നു. നാം രാഷ്ട്രത്തിന്റെ പുരോഗതിയ്ക്കുവേണ്ടി ഉറ്റുനോക്കുന്നത് വ്യവസായ മേഖലയെ ആണല്ലോ ? നിരവധി വ്യവസായങ്ങൾക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നത് കാർഷികമേഖലയിൽ നിന്നുമാണ്. ഭക്ഷ്യ എണ്ണ, പഞ്ചസാര, ചണം, റബ്ബർ, കയർ തുടങ്ങിയ വ്യവസായങ്ങളെല്ലാം അസംസ്കൃത വസ്തുക്കൾക്കുവേണ്ടി കൃഷിയെയാണ് ആശ്രയിക്കുന്നത്.

മുൻ പഞ്ചവത്സരപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയപ്പോൾ കാർഷികാഭിവൃദ്ധിയ്ക്ക് പ്രാമുഖ്യം നൽകിയിരുന്നെങ്കിലും ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ആസൂത്രണത്തിലെ അപാകതകൾ, പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ, പദ്ധതി ആസൂത്രണത്തിൽ കൃഷിക്കാർക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കാതിരുന്നത്, തുടങ്ങി പല ഘടകങ്ങളും ഇതിന് കാരണമായിരുന്നു. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യക്കുറവ്, ന്യായവില ലഭിക്കാത്തത്, കർഷകതൊഴിലാളികളുടെ അപര്യാപ്തത, വളത്തിന്റേയും കീടനാശിനിയുടേയും കാർഷിക ഉപകരണങ്ങളുടേയും അമിതമായ വിലവർദ്ധനവ്, കാർഷിക വിപണന രംഗത്തെ ഇടനിലക്കാരുടെ ചൂഷണം, ജൈവവളങ്ങളുടെ ലഭ്യതകുറവ്, രാസവളത്തിന്റെ അമിതപ്രയോഗം തുടങ്ങിയവ കാർഷികരംഗത്തെ തകർച്ചയ്ക്ക് കാരണമാണ്.

വെളിയം പഞ്ചായത്ത് പ്രദേശത്ത് ഭൂരിപക്ഷം ജനങ്ങളും കർഷകരാണ്. ഇതിൽ നാമമാത്രകർഷകരും ചെറുകിട കർഷകരും വൻകിട കർഷകരും ഉൾപ്പെടുന്നു. ജന്മിത്വത്തിന്റെ കാഠിന്യം ഈ പഞ്ചായത്ത് പ്രദേശത്ത് നിലനിന്നിരുന്നില്ല എങ്കിലും ഭൂപരിഷ്കാര നിയമങ്ങൾ വഴി കർഷകർക്ക് വളരെയധികം പ്രയോജനമുണ്ടായിട്ടുണ്ട്. കുറേ കുടികിടപ്പുകാർ ഭൂഉടമകളാകാൻ കഴിഞ്ഞുവെന്നുള്ളത് ഒരു വലിയ നേട്ടമായി കണക്കാക്കാം. കർഷക തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

മുൻകാലങ്ങളിൽ ഇടത്തരം കർഷക കുടുംബങ്ങളിൽ ഓരോ കുടുംബത്തിനും ഓരോ ജോഡി കാളയും കൃഷി ഉപകരണങ്ങളും ഉണ്ടായിരുന്നു. കർഷകന് പ്രോത്സാഹനം നൽകിയിരുന്ന മരമടി മത്സരങ്ങൾ ഇപ്പോൾ ഇല്ലാതായി വരികയാണ്. കഴിഞ്ഞ ദശകങ്ങളിലെ കാർഷിക രംഗത്തെ പ്രധാന സവിശേഷത നാടൻ വിത്തിനങ്ങളുടെ ഉപയോഗമായിരുന്നു. അറാംവെള്ള, കുറ്റിചേറാടി, കിളിക്കുറുവ, മുണ്ടകൻ, തവളക്കണ്ണൻ മുതലായവയായിരുന്നു പഴയ വിത്തിനങ്ങൾ. കിഴങ്ങ് വർഗ്ഗങ്ങളിൽ പ്രധാനം മരച്ചീനി, കാച്ചിൽ, ചേന, ചേമ്പ്, ചെറുവള്ളിക്കിഴങ്ങ് മുതലായവയായിരുന്നു. മരച്ചീനി കൃഷി മിക്കവീടുകളിലും ഉണ്ടായിരുന്നു. നെടുമങ്ങാടൻ, അരിമണിയൻ, കലികാലൻ, മുട്ടയരിയൻ, ചെമ്മരിക്കമ്പൻ തുടങ്ങിയവ പഴയകാലങ്ങളിൽ കൃഷി ചെയ്തിരുന്ന ഇനങ്ങളാണ്. പഞ്ചായത്ത് പ്രദേശത്തും പ്രധാന കാർഷിക വിളകൾ, തെങ്ങും, കമുകും, മുളകും, നെല്ലും, കിഴങ്ങുവർഗ്ഗങ്ങളുമാണ്. ഏകദേശം 59 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. കാറ്റുവീഴ്ച, മണ്ടചീയൽ തുടങ്ങിയവ തെങ്ങിന്റെ പ്രധാന രോഗങ്ങളാണ്. പരമ്പരാഗത കാർഷിക രീതി അനുവർത്തിച്ചിരുന്ന കാലത്ത് ചാണകവും ചാരവും പച്ചിലവളവും ഉപ്പും തെങ്ങിന് നൽകിയിരുന്നു. അമിതമായ രാസവളപ്രയോഗം തെങ്ങിന് നാശം വരുത്തിയിരിക്കുകയാണ്.

നെൽകൃഷിയെ ബാധിക്കുന്ന പ്രധാന കീടങ്ങൾ, തണ്ടുതുരപ്പൻ, ചാഴി, മുഞ്ഞ എന്നിവയാണ്. അമിതമായ രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും മൂലം കീടങ്ങളെ



000079

നശിപ്പിക്കുന്ന തവള, ചേര, മത്സ്യം തുടങ്ങിയ ജന്തുക്കൾ വളരെ കുറഞ്ഞു. പഴയകാലത്ത് പുഴുവിനെ നശിപ്പിക്കുവാൻ ചാള അഴുക്കി വെള്ളത്തിൽ കലക്കി തളിച്ചിരുന്നു. ചാഴിയ്ക്ക് ചാഴിവിലക്ക് എന്ന വിദ്യയും പ്രയോഗിച്ചിരുന്നു. അതുപോലെ രാത്രികാലങ്ങളിൽ ഏലായുടെ കരയ്ക്ക് തീ കുണ്ടങ്ങൾ കൂട്ടി പ്രാണികളെ ആകർഷിച്ച് നശിപ്പിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. എന്നാൽ നൂതന കൃഷി രീതികൾ ഈ സങ്കേതങ്ങളെ ഇല്ലാതാക്കി.

ജലസേചനത്തിന് ഏലായുടെ ഇരുവശങ്ങളിലും തോടുകളുണ്ടായിരുന്നു. ഇന്ന് അതൊക്കെ കരയായിക്കൊണ്ടിരിക്കുന്നു. ചിറകെട്ടിയും തടയണകൾ നിർമ്മിച്ചും ജലസേചനം നടത്തിയിരുന്നു.

*ഭൂവിനിയോഗം*

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3028 ഹെക്ടറാണ്. ഭൂപ്രകൃതി അനുസരിച്ച് ഇവയെ കുന്നിപുറങ്ങൾ ചരിവുകൾ, താഴ്വാരം, ഇടത്തരം ചെരിവുകൾ എന്നിങ്ങനെ നാലായി തരംതിരിക്കാം. ഇതിൽ കുന്നിപുറങ്ങൾ 483 ഹെക്ടറും ചെരിവുകൾ 756 ഹെക്ടറും ഇടത്തരം ചെരിവുകൾ 1256 ഹെക്ടറും താഴ്വാരം 533 ഹെക്ടറും ഉൾപ്പെടുന്നു.

വൻകിട കർഷക കുടുംബങ്ങൾ 96 ഉം, ചെറുകിട കർഷക കുടുംബങ്ങൾ 1472 ഉം നാമമാത്ര കർഷക കുടുംബങ്ങൾ 6634 ഉം ആണ്. മറ്റ് കൃഷികൾ ആദായം അല്ലാത്തതിനാൽ തെങ്ങിൻതോട്ടങ്ങളിൽപ്പോലും ഇപ്പോൾ റബ്ബർ കൃഷി ആരംഭിച്ചിരിക്കുകയാണ്. എന്നാൽ റബ്ബർ കൃഷിയുടെ അതിപ്രസരംമൂലം ഭാവിയിൽ കടുത്ത ഭക്ഷ്യക്ഷാമം നേരിടേണ്ടിവരും.

വളം കീടനാശിനി

സഹകരണമേഖലയിലും സ്വകാര്യമേഖല യിലുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വളവും, കീടനാശിനിയും വിൽപ്പന നടത്തുന്നുണ്ട്. കാർഷികവിളകളുടെ അടിസ്ഥാനത്തിലുള്ള *ഭൂവിനിയോഗം*

| നമ്പർ | വിളകൾ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | മിശ്രിതകൃഷികൾ | 1537.2 ഹെകടർ | 46.4 |
| 2 | തെങ്ങ് | 59 " | 01.94 |
| 3 | റബ്ബർ | 949 " | 31.23 |
| 4 | കശുമാവ് | 3 " | 00.08 |
| 5 | കൃഷിയ്ക്ക് ഉപയുക്തമായ തരിശുഭൂമി | 4 " | 00.13 |
| 6 | നെൽകൃഷി | 229 " | 07.56 |
| 7 | വയൽ നികത്തിയത് | 12 " | 00.42 |

(നെല്ല്, മരച്ചീനി, വാഴ, തെങ്ങ്, കമുക്, കുരുമുളക്, റബ്ബർ, കശുവണ്ടി, വെറ്റില, ഇഞ്ചി മുതലായവ മിശ്രിത കൃഷിയിൽ ഉൾപ്പെടുന്നു.)

വാട്ടർ ഷെഡ്ഡ്
(നീർമറി പ്രദേശവികസന പദ്ധതി)

മുഖ്യമായും കൃഷിയിൽ ഊന്നിനിന്നു കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നതാണ് വാട്ടർ ഷെഡ്ഡ് പദ്ധതി. ഏതെങ്കിലും ഒരു തോടിനേയോ ഏലായേയോ ആധാരമാക്കി മഴ പെയ്യുമ്പോൾ എവിടെ നിന്നൊക്കെ ജലം ഒഴുകി ആ തോടിലേക്കോ ഏലായിലേയ്ക്കോ

വരുന്നുവോ ആ പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ഒരു നീർമറി പ്രദേശം. ഈ പ്രദേശത്തെ യൂണിറ്റാക്കി എടുത്ത് വികസനം നടപ്പാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രകൃതിദത്തമായ നീരൊഴുക്കിനെ തടഞ്ഞുനിർത്തി ഭൂമിയുടെ ഗർത്തങ്ങളിൽ നീർതാഴ്ചയുണ്ടാക്കി കൃഷിയ്ക്ക് ഉപയുക്തമാംവിധം മണ്ണും ജലവും സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഇതിലൂടെ രൂപപ്പെടുത്തിയെടുക്കുന്നു.

മറവൻകോട്ടു കുന്നിൽ നിന്നും മൈലോട് തഴഞ്ഞിഭാഗത്തുനിന്നും ഉൽഭവിക്കുന്ന തണ്ണേറ്റ് വെളിയം എന്നീ തോടുകൾ അവസാനിക്കുന്ന യക്ഷിക്കുഴി ഭാഗം വരെയുള്ള 700 ഹെക്ടർ സ്ഥലം ഇതിൽപ്പെടുന്നു. ഈ പദ്ധതിമൂലം 5050 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കേണ്ടതാണ്.

കർഷക പരിശീലനം, കാർഷിക ഗവേഷണം, വളങ്ങളും കീടനാശിനികളും വിതരണം, വൃക്ഷത്തൈ വിതരണം തുടങ്ങി കർഷകർക്കുള്ള നാനാവിധമായ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ളതാണ് ഈ പദ്ധതി. കൂടാതെ തയ്യൽമെഷീൻ വിതരണം, പാറപണിയ്ക്കുള്ള ധനസഹായം എന്നിവയും ഉൾപ്പെടുന്നു. പഞ്ചായത്തിനെ ഏഴ് നീർമറി പ്രദേശങ്ങളായി തിരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾക്ക് ചിത്രം 8 നോക്കുക. വെളിയം പഞ്ചായത്തിലെ 4,5,6,9,10 എന്നീ വാർഡുകൾ ഭാഗീകമായും 7,8 എന്നീ വാർഡുകൾ പൂർണ്ണമായും വാട്ടർ ഷെഡ്ഡ് സ്കീമിൽപ്പെടുനന പ്രദേശങ്ങളാണ്.

### കൃഷിഭവൻ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1987 - 88 ൽ വെളിയം കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചു. ഓടനാവട്ടത്തുള്ള സ്വകാര്യ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിച്ചുവരുന്നു. കൃഷിഭവന്റെ കീഴിൽ ഒരു കേരകർഷകസമിതിയും ഒരു കുരുമുളക് സമിതിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ 10 പാടശേഖരസമിതികളും പ്രവർത്തിക്കുന്നു. തെങ്ങിൻതോട്ടങ്ങളിൽ ജലസേചനത്തിനായി പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും കിണറുകൾ കുഴിക്കുന്നതിനും ആവശ്യമായ വായ്പകൾ, സബ്സിഡിയോടുകൂടി കേരവികസന സമിതി മുഖേന അർഹരായ കർഷകർക്ക് ലഭ്യമാകുന്നുണ്ട്. ഇതിലേയ്ക്ക് പട്ടികജാതിയിൽപ്പെടുന്നവർക്ക് പ്രത്യേക സ്കീമുകളും നടപ്പിലാക്കിവരുന്നു. കർഷകർക്ക് രാസവളത്തിനുള്ള പെർമിറ്റുകളും സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നു. കേരകർഷകർക്ക് തെങ്ങ് കയറുന്നതിനുള്ള (ക്ലൈമ്പിംഗ് ഡിവൈസ്) 10 എണ്ണം ഈ വർഷം വിതരണം ചെയ്തു. രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകൾ വച്ചു പിടിപ്പിക്കുന്നതിനും കൃഷി വകുപ്പ് സഹായം നൽകുന്നുണ്ട്.

കുരുമുളക്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെ വികസനത്തിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകർക്കുള്ള വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 25 ഇനം വിളകൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതി കൃഷിഭവൻ വഴി ഈ പഞ്ചായത്ത് പ്രദേശത്തും നടപ്പിലാക്കി തുടങ്ങി. പച്ചക്കറികൃഷി, കശുമാവ് കൃഷി, നെൽകൃഷി എന്നിവയുടെ ഉന്നമനത്തിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. തൈകൾ യഥാസമയം കിട്ടാറില്ല എന്നത് ഒരു ന്യൂനതയായി കൃഷിക്കാർ കരുതുന്നു.

## *പ്രശ്ന പരിഹാരങ്ങളും നിർദ്ദേശങ്ങളും*

1. വെളിയം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മണ്ണു പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിനുള്ള അവസരം ഉണ്ടാക്കണം.

2. കാർഷികവിളകളുടെ സംഭരണവും വിപണനവും മെച്ചപ്പെടുത്തുവാൻ ആവശ്യമായ



000081

നടപടികൾ സ്വീകരിക്കുക.

3. ഈ പഞ്ചായത്തിലെ കാറ്റുവീഴ്ച ബാധിച്ച എല്ലാ തെങ്ങുകളും വെട്ടിമാറ്റുന്നതിന് നഷ്ടപരിഹാരമായി ഓരോ തെങ്ങിനും 500 രൂപാവീതം വിതരണം ചെയ്യുക. കൂടാതെ രോഗപ്രതിരോധ ശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനും നടപടികൾ എടുക്കേണ്ടതാണ്.

4. കാർഷികമേഖലയിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് ആദായം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ പുഷ്പകൃഷി, കൂൺ കൃഷി, വെറ്റിലകൃഷി, സുഗന്ധദ്രവ്യകൃഷി, പച്ചിലകൃഷി, വാഴകൃഷി, ഔഷധചെടികൃഷി എന്നിവയ്ക്ക് പുതിയ തൊഴിൽ സംരഭകരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സബ്സിഡിയോടുകൂടി ധനസഹായവും ലഭ്യമാക്കേണ്ടതാണ്.

5. ഈ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും ട്രാക്ടർ ഇറക്കാനുള്ള വഴികൾ അല്ലെങ്കിൽ ചപ്പാത്തുകൾ നിർമ്മിക്കണം. താഴെപ്പറയുന്നവ പ്രത്യേകം പരിഗണിക്കേണ്ടതുമാണ്. ആമ്പല്ലൂർ, തെന്നൂർ, ചിറക്കോണം, പുതുവാ എന്നീ ഏലാകൾ പരുത്തിയറ, മാലയിൽ എന്നീ ഏലാകൾ പെരുംങ്കുളം ഏലാ, കോട്ടൂർക്കോണം, പാലക്കോട്ട് ഏല താമരശ്ശേരി ഏലാ എളവൂർ ഏലാ കളപ്പില വാർഡിൽ പുല്ലാഞ്ഞിക്കാട്, കരിങ്ങോല, പൂവണത്തുംമൂട്, ഇടയംകോട് എന്നീ ഏലാകൾ ഓടനാവട്ടം വാർഡിൽ കുളക്കോട്, തേറോട് ഏലാകൾ

6. ഈ പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കി പമ്പുസെറ്റു സ്ഥാപിക്കുകയും, ആവശ്യമായരീതിയിൽ ജലസേചനസൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. രണ്ടാംവാർഡിലെ ചെറുകരക്കോണം, മാരൂർ, മുട്ടറ അമ്പലക്കുളങ്ങളിൽ പമ്പുസെറ്റ് സ്ഥാപിക്കണം. മൂന്നാം വാർഡിലെ ചിറവക്കോണം ഏലാതലയ്ക്കൽ കുളം നിർമ്മിച്ച കൃഷിയ്ക്ക് ഉപയുക്തമാക്കുക. അഞ്ചാംവാർഡിലെ തുതിയൂർ പ്രദേശത്ത് പമ്പുസെറ്റ് സ്ഥാപിക്കണം ഏഴാം വാർഡിലെ അറക്കര ഏല, പരുത്തിയറ ഏലാ, പെരുംങ്കുളം ഏലാ എന്നിവടങ്ങളിൽ തലക്കുളങ്ങൾ നിർമ്മിക്കണം. എട്ടാം വാർഡിൽ മാലയിൽ ദേവീക്ഷേത്രത്തിന്റെ മുൻവശത്തുള്ള കുളവും, കോട്ടേക്കോണം ഊറ്റുകുഴിയും വിപുലീകരിക്കുക. ഒൻപതാംവാർഡിലെ വൈദ്യൻകുന്ന് പ്രദേശത്ത് ജലസേചനസൗകര്യം ലഭ്യമാക്കുവാൻ വേണ്ടി ഇളമാട് പഞ്ചായത്തിലെ നെട്ടയം വാർഡിലെ രണ്ടു കുളങ്ങളും വിപുലപ്പെടുത്തുക. മലപുത്തൂർ കാരോട് ഏലകളിൽ തലകുളങ്ങൾ നിർമ്മിക്കുക. പത്താംവാർഡിലെ ആലയത്ത് ഏല, കളപ്പിലാ ഏല, കരിങ്ങോല ഏലാഎന്നിവടങ്ങളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുക. കൂടാതെ 11-ാം വാർഡിലെ ചെന്നാപ്പാറകുളം വലുതാക്കി പമ്പുസെറ്റ് സ്ഥാപിക്കുക. മാരൂർ വാർഡിൽ തൊണ്ടകോണം തലയ്ക്കൽ ഭാഗത്ത് നിലവിലുള്ള ചെറുതോട്ടിൽ ചിറകെട്ടി മാരൂർ, മുട്ടറ ഏലാകളിലെ നെൽകൃഷിയ്ക്കും മറ്റമ വിളകൾക്കും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

7. വെളിയം പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ കൂടിയും നിർമ്മിച്ചിട്ടുള്ള കെ.ഐ.പി. കനാലുകളിൽ കൂടി കൃഷിയ്ക്ക് ഉപയുക്തമായ രീതിയിൽ ജലം ഒഴുക്കിവിടുന്നതിനും പാടശേഖരങ്ങളിൽ തക്കസമയത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

8. തുറവൂർ സബ്കനാലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ മൂലവും അല്ലാതെയും വാർഡിന്റെ എല്ലാഭാഗത്തും ജലസേചന സൗകര്യം ലഭ്യമാക്കുക.

9. പരുത്തിയറ മാലയിൽ ഏലായിലെ കൊല്ലാ അടച്ച് നെൽകൃഷിക്കാരെ സഹായിക്കുക

10. വീടുകളിൽ ചപ്പുചവറുകളും, ചകിരിയും മറ്റും ഉപയോഗിച്ച് മണ്ണിരയുടെ സഹായത്താൽ ജൈവവളം നിർമ്മിക്കുന്നതിനുള്ള പരിശീലനം

കൃഷി ഡിപ്പാർട്ടുമെന്റുവഴി നടപ്പിലാക്കുക.

11. പതിനൊന്നാം വാർഡിൽ കാഞ്ഞിരക്കലുള്ള കലുങ്ക് പൊളിച്ച് വലുതാക്കി മഴക്കാലത്ത് ഏലാ മുങ്ങിപ്പോകുന്നത് തടയുക.

12. കാർഷിക യന്ത്രങ്ങളായ ട്രാക്ടർ, കൊയ്ത്തു മെതിയന്ത്രങ്ങൾ എന്നിവ എല്ലാ വാർഡുകളിലും ആവശ്യാനുസരണം ലഭ്യമാക്കുക

13. കുറഞ്ഞ പലിശയ്ക്ക് കർഷകർക്ക് വായ്പകൾ ലഭ്യമാക്കുക

14. ഉപയോഗപ്രദമല്ലാത്ത ക്രോസ്ബാറുകൾ പുനക്രമീകരിക്കുകയും ആവശ്യമുള്ളവ പുതുതായി നിർമ്മിക്കുകയും ചെയ്യുക.

15. കണ്ണനൂർ ഏലായിലേയ്ക്ക് കെ.ഐ.പി. കനാലിൽ നിന്ന് പൈപ്പുബന്ധം സ്ഥാപിക്കുക

16. മണ്ണൊലിപ്പ് തടയാനുള്ള മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമാക്കുക

17. ഏഴാം വാർഡിലെ അറക്കര ഏലായിലെ മടാ കെട്ടി കൃഷിക്കാരെ സഹായിക്കുക

18. ആറാം വാർഡിലെ കണ്ണോട്ടു ഏലാ വെള്ളക്കെട്ടുള്ളതിനാൽ അവിടെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ ആവശ്യമായ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കുക.

19. ഗ്രൂപ്പുഫാമിംഗ് കൂടുതൽ ഫലപ്രദമാക്കുക

20. ഏഴാം വാർഡിലെ ആരൂർകോണം തോട്, മാവിളതോട് എന്നിവ വെട്ടി കൃഷിയ്ക്ക് ഉപയോഗപ്രദമാക്കുക.

21. എല്ലാ വീടുകളിലും പച്ചക്കറിക്കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും വിത്തും വളവും സാങ്കേതികനിർദ്ദേശങ്ങളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ

25 വീടുകൾ വീതം ഗ്രൂപ്പു തിരിച്ച് വിവിധയിനം പച്ചക്കറികൾ കൃഷിചെയ്യുന്നതിന് കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭ്യമാക്കണം.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. പഞ്ചായത്തു പ്രദേശത്തുള്ള കുളങ്ങളും കിണറുകളും ജലസേചനത്തിന് അപര്യാപ്തമാണ്. എന്നാൽ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ജലവിതരണ ശൃംഖല പൂർണ്ണമായാൽ മിക്ക ഏലാകളിലും പറമ്പുകളിലും ജലലഭ്യത ഉറപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ കനാലിൽകൂടി ജലം ആവശ്യത്തിന് ഒഴുകിയാൽ സമീപപ്രദേശങ്ങളിൽ കുളങ്ങളും കിണറുകളും വറ്റാത്ത സ്ഥിതിയിൽ സംരക്ഷിക്കാൻ കഴിയും. കേരളത്തിലെ കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിയുംവിധം കാർഷികരംഗത്ത് വിപ്ലവകരമായ ഒരു സമൂല മാറ്റത്തിന് തുടക്കം കുറിക്കാൻ ഒമ്പതാംപദ്ധതി ലക്ഷ്യമിടുന്നു. മഹത്തായ ഈ യജ്ഞം സഫലീകരിക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിച്ച് ഒരു പുത്തൻ വികസന സംസ്കാരത്തിന് കളമൊരുക്കാൻ പ്രതിജ്ഞ എടുക്കാം.



000083

# വ്യവസായം

സ്വാതന്ത്ര്യാനന്തരം പദ്ധതികൾ പലതുകഴിഞ്ഞിട്ടും വ്യാവസായികമായി കാര്യമായി ഒന്നും അവകാശപ്പെടാൻ ആകാത്ത അത്യന്തം ആശങ്കാജനകമായ ഒരു അവസ്ഥയിലാണ് കേരളം. വിദ്യാഭ്യാസം, ആരോഗ്യം പൊതുവിവരണം, ഗതാഗതം എന്നിങ്ങനെ വിവിധ സേവനമേഖലകളിൽ വളരെ മുന്നോക്കം പോയിട്ടുള്ള നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പാദനമേഖല എവിടെ നിൽക്കുന്നു എന്ന് സഗൗരവം ചിന്തിച്ച് പ്രവർത്തിക്കേണ്ട് സമയമായി. വ്യവസായ വത്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന ആധുനിക ഭാരതത്തിന്റെ ശില്പിയായ ജവഹർലാൻ നെഹ്റുവിന്റെ വാചകം കേരളത്തെ സംബന്ധിച്ച് പ്രസക്തി നഷ്ടപ്പെടാതെ നിലനിൽക്കുന്നു.

ആയുർദൈർഘ്യം വർദ്ധിച്ചു, സാക്ഷരത 100 ശതമാനത്തിൽ എത്തി. സാർവ്വത്രിക സ്കൂൾ വിദ്യാഭ്യാസം, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണ നിരക്ക് എന്നിവ കൈവരിച്ചു. എന്നാൽ വ്യാവസായിക കാർഷിക മേഖലകളിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല ഉള്ളവ നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. കാർഷികമേഖലകളിൽ കൂടുതൽ ആളുകളെ നിയോഗിക്കുന്നത് ആശ്വാസ്യമല്ല. മറിച്ച് ഇപ്പോൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ കൂടുതൽ എക്യുപ് (ഉപകരണങ്ങളുടെനവീകരണം, യന്ത്രവത്കരണം, നവീനകൃഷി രീതികൾ, കൃഷി വിജ്ഞാനവ്യാപനം എന്നീ സജ്ജീകരണങ്ങൾ) ചെയ്ത് ഉൽപ്പാദനവർദ്ധനവ് കൈവരിക്കുകയാണ് വേണ്ടത്. നാം ഇന്ന് അഭിമുഖാകരിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നമായ അഭ്യസ്ഥവിദ്യരുടേയും അല്ലാത്തവരുടേയും സാങ്കേതിക പരിജ്ഞാനികളുടെയും വനിതകളുടെയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പുതിയ മേച്ചിപ്പുറങ്ങൾ തേടേണ്ടത് വ്യാവസായിക മേഖലകളിൽ തന്നെയാണ്. ഒരു പുതിയ വ്യാവസായിക സംസ്കാരം തന്നെ വളർത്തിയെടുത്തുകൊണ്ട് വളരെ ശ്രദ്ധയോടെ ഒരു കുതിച്ചുചാട്ടത്തിന് നാം സജ്ജരാകേണ്ടിയിരിക്കുന്നു. ഉപഭോക്തൃസംസ്കാരമെന്ന അപമാന്തതിന് പകരം ഒരു ഉൽപ്പാദനസംസ്കാരം വളർന്നുവരണം.

കാർഷികമേഖലയേയും വ്യവസായിക മേഖലയേയും പരസ്പരം സഹായിക്കുന്ന വ്യവസായ സമൂഹങ്ങളായിരിക്കണം നമ്മുടെ മാതൃക. ജനനിബിഢമായ ഭൂപ്രകൃതിയും, പരിമിതമായ വിഭവശേഷിയും, ഇനിയും ചൂഷണം ചെയ്യപ്പെടാത്ത മനുഷ്യശക്തിയും എല്ലാം പരിഗണിക്കുമ്പോൾ വിഷം തുപ്പുന്ന വൻകിട വ്യവസായങ്ങളേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങളോ വ്യവസായ സമൂഹങ്ങളോ ആണ് പഞ്ചായത്ത് പ്രദേശത്ത് അഭിലഷണീയം.

വെളിയം ഗ്രാമപഞ്ചായത്തിലെ വ്യാവസായിക മേഖലയുടെ ചരിത്രം അവലോകനം ചെയ്യുന്നത് ഉചിതമായിരിക്കും.

ചില പരമ്പരാഗത വ്യവസായങ്ങൾ 1950 കളിൽ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്. കശുവണ്ടി, കൈത്തറി, ഖാദി, ഉരുമ്പു പണി, ഈറ്റ പണി, കലം നിർമ്മാണം, ഫർണിച്ചർ നിർമ്മാം, സ്വർണ്ണ പണി എന്നിങ്ങനെ പൂർണ്ണമായും പാരമ്പര്യമായ ചില വ്യവസായ സംരംഭങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാൻ കഴിയുന്നത്. 50 കളുടെ മദ്ധ്യത്തോടെ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കപ്പെട്ട കൈത്തറി നെയ്ത്തും സഹകരണ വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന കൂട്ടായ്മയുടേയും സഹവർത്തിത്വത്തിന്റേയും പുരോഗമന സഹകരണമനോഭാവത്തിന്റെയും പ്രതീകങ്ങളായിരുന്നു. എന്നാൽ ഇന്ന് അവയുടെ ചിത്രം ക്യാൻവാസിനെ വികൃതമാക്കുന്നു.

ആധുനിക വ്യവസായങ്ങളൊന്നും തന്നെ

അവകാശപ്പെടാനില്ല. പാരമ്പര്യ വ്യവസായമായ കലം നിർമ്മാണം നമ്മുടെ മണ്ണിൽ നിന്ന് അന്യം നിന്ന് പോയിരിക്കുന്നു. കൈത്തറി നെയ്ത്ത്, ഈറ്റപ്പണികൾ മാത്രമാണ് അവശേഷിക്കുന്ന പാരമ്പര്യ വ്യവസായങ്ങൾ. ഹാൻവവീവിന്റെ നേതൃത്വത്തിൻ വെളിയം പൊങ്ങോട് പ്രവർത്തിക്കുന്ന കൈത്തറി ഉൽപ്പന്ന സംഭരണ ഡിപ്പോ നമ്മുടെ നെയ്ത്ത് തൊഴിലാളികൾക്കൊ ചെറിയ പ്രതീക്ഷ നൽകുന്നുണ്ട്. നെയ്ത്ത് ഉപേക്ഷിച്ച പലരും മടങ്ങി വരുന്നതായി മനസിലാക്കാൻ കഴിഞ്ഞു.

വീടുകളിൽ പ്രവർത്തിക്കുന്ന തറികളിലും പാവുകളുലുമായി ഉപജീവനം കണ്ടെത്തുന്ന 157 ഓളം നെയ്ത്ത് തൊഴിലാളികൾ നിലവിലുണ്ട്.

പുതുതായി കൂടുതൽ പേർ വിശേഷിച്ച് സ്ത്രീകൾ ഏർപ്പെടുന്ന ഒരു തൊഴിൽ മേഖലയാണ് തയ്യലും റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും. ആ രംഗത്ത് 160 ഓളം വ്യക്തിഗത യൂണിറ്റുകളും രണ്ട് ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളും മുട്ടറയിൽ പുതുതായി ആരംഭിച്ച റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാലയുമുണ്ട്.

അച്ചടി, ബുക്ക് ബയന്റിംഗ് മേഖലയിലായി 5 പ്രസ്സുകളും, ബുക്ക് ബയന്റിംഗിന് മാത്രം ഏർപ്പെട്ടിരികകുന്ന മുട്ടറ എസ്സ്.എം. ബുക്ക് ബയന്റിംഗ് എന്ന ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ചുടുകട്ട വ്യവസായം, സിമന്റ് ബ്ലോക്ക് നിർമ്മാണം എന്നീരംഗത്ത് പഞ്ചായത്തിന്റെ 8 യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. പാറകോറികൾ, വെട്ടുകല്ല് വ്യവസായം എന്നീ മേഖലകളിലും ധാരാളം പേർ പണിയെടുക്കുന്നണ്ട്. തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി യൂണിറ്റുകളും വെളിയത്ത് ഒരു തീപ്പെട്ടിക്കൊള്ളി വ്യവസായയൂണിറ്റും (കെ.വി. ഇൻഡസ്ട്രീസ്) പ്രവർത്തിക്കുന്നുണ്ട്.

സംരംഭകൻ തന്നെ അവകാശപ്പെട്ടതു പോലെ കേരളത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ആദ്യത്തെ റെഡി അട നിർമ്മാണശാല പരുത്തിയറ കാവേരി ചാരിറ്റബ്ൾ സൊസൈറ്റിയാണ്. വെർമസലി നിർമ്മാണവും അവിടെ നടക്കുന്നുണ്ട്.

ഫർണീച്ചർ നിർമ്മാണശാലകൾ ലെയ്ത്തുകൾ, എഞ്ചിനീയറിംഗ് വർഷോപ്പുകൾ, ടയർ റീ ബട്ടൻ ചെയ്യുന്ന സ്ഥാപനങ്ങൾ, ആട്ടോ മൊബൈൽ വർഷോപ്പുകൾ, ഫോട്ടോ സ്റ്റുഡിയോകൾ, മോട്ടോർ വയന്റിംഗ് റിപ്പയർ സ്ഥാപനങ്ങൾ, റേഡിയോ, വാച്ച് റിപ്പയർ, അസംബ്ലി യൂണിറ്റുകൾ വെളിയം ആപ്കോസ് (മിൽമ) മുട്ടറ ആപ്പോസ് (മിൽമ) എന്നീ പാൽ ഉൽപ്പന്ന നിർമ്മാണയൂണിറ്റുകൾ മാലയിൽ കോഴിപ്പറമ്പ് ബാബുവിന്റെ ഫോംബെഡ് നിർമ്മാണയൂണിറ്റ് സോഫാകംബഡ്, അപ്പോൾസ്റ്ററി യൂണിറ്റ് (ഓടനാവട്ടം ബോംബെ അപ്പോൾസ്റ്ററി വർക്സ്) ഇരുമ്പുപണിശാലകൾ, കൊപ്രാസംഭരണ സംസ്കരണയൂണിറ്റുകൾ, എണ്ണയാട്ടുമില്ലുകൾ (ലൂർദുമാതാ ഓയിൽ മിൽ, ഓടനാവട്ടം, എലൈറ്റ് ഓയിൽ മിൽ, അലിമുക്ക്) കൂലിയ്ക്ക് കൊപ്ര ആട്ടി കൊടുക്കുന്ന 7 എണ്ണ മില്ലുകൾ, നെല്ലുകുത്തിയും ധാന്യങ്ങൾ പൊടിച്ചും നൽകുന്ന 11 മില്ലുകൾ, 9 അരിയാട്ടു മില്ലുകൾ, 5 തടിയറപ്പുമില്ലുകൾ എന്നിവയും പഞ്ചായത്തിലെ വ്യവസായയൂണിറ്റുകളാണ്.

മേൽപ്പറഞ്ഞ യൂണിറ്റുകൾ മിക്കതും പീഢിതാവസ്ഥയിലാണ്. തുടങ്ങുകയും, കടക്കെണിയിൽപ്പെട്ട് പ്രവർത്തനം നിലച്ചുപോയ തുമായ രഞ്ചിത്ത് പ്ലാസ്റ്റിക്, പൊങ്ങോട്, വെളിയം, അയ്യനാംപൊയ്ക ഓയിൽ മിൽ തുടങ്ങി നിരവധി യൂണിറ്റുകളും ഉണ്ടായിരുന്നു.

ഇനി പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങളുടെ വിശദാംശത്തിലേയ്ക്ക് കടക്കാം.

*1. കശുവണ്ടി വ്യവസായം*

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടുംബങ്ങൾ പ്രത്യേകിച്ച് വനിതകൾ ആശ്രയിക്കുന്നതും എന്നാൽ യാതൊരു തൊഴിലുറപ്പുമില്ലാത്തതുമായ ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം.

ആദ്യത്തെ കശുവണ്ടി വ്യവസായ ഫാക്ടറി പരുത്തിയറ കരുണ കാഷ്യു ഫാക്ടറി ആയിരുന്നു. രണ്ടാമത്തേത് ഓടനാവട്ടത്ത് ശ്രീ. ശങ്കരൻ മുതലാളി ആരംഭിച്ചതും പിൽക്കാലത്ത് നമ്മുടെ ജില്ലയിലെ പ്രമുഖ വ്യവസായി ശ്രീമാൻ രവിമുതലാളി ഏറ്റെടുക്കുകയും ചെയ്ത വി.എൽ.സി. കമ്പനിയാണ്. ഇപ്പോൾ 7 ഫാക്ടറികൾ പ്രവർത്തനക്ഷമമാണ്. ഓടനാവട്ടം, അയണിക്കോട് ലക്ഷംവീട് ഭാഗത്ത് പുതുതായി ആരംഭിക്കുന്ന കശുവണ്ടി ഫാക്ടറിയുടെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ കശുവണ്ടി ഫാക്ടറികളും സ്വകാര്യമേഖലയിലാണ്. ഏകദേശം 2812 സ്ത്രീ തൊഴിലാളികളും, 100 പുരുഷന്മാരും കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്നു. ഇതര പഞ്ചായത്തുകളിലെ ഫാക്ടറികളിൽ പോകുന്ന കശുവണ്ടി തൊഴിലാളികൾ ഏകദേശം 750 വരും. നമ്മുടെ നാട്ടിലെ കശുവണ്ടി ഉൽപ്പാദനത്തിന്റെ കുറവുമൂലം ഇറക്കുമതിയെയാണ് മുഖ്യമായി ആശ്രയിക്കുന്നത്. കേരളത്തിന്റെ വിശിഷ്യാ കൊല്ലം ജില്ലയിലെ കുത്തകയായിരുന്ന കശുവണ്ടി വ്യവസായം അയൽസംസ്ഥാനത്തേയ്ക്ക് പറിച്ചുനട്ടുകൊണ്ടിരിക്കുകയാണ്. അതും ഇവിടത്തുകാരായ സംരംഭകർ തന്നെ. അത് എന്തുകൊണ്ടെന്നത് ചിന്തനീയമാണ്.

*2. വെൽടെക്സ്*

1969 ൽ സ്ഥാപിച്ചു. വെളിയം വീവേഴ്സ് ഇൻഡസ്ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി No. Q.H1 എന്നാണ് സ്ഥാപനത്തിന്റെ പൂർണ്ണമായ പേര്. 346 ഓഹരി ഉടമകൾ ഉണ്ട്. മൂലധനം ഏകദേശം 927441 രൂപയാണ്. 150 തറികളും വിശാലമായ വർക്ക്ഷെഡ്ഡും ഓഫീസും വിസ്തൃതമായ കാമ്പൗണ്ട് സ്വന്തമായി ഉണ്ട്. ഇപ്പോൾ 50 തറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. നിലവിൽ 46 തൊഴിലാളികൾ പണിയെടുക്കുന്നു. വളരെ കുറച്ചു ദിവസങ്ങളിൽ മാത്രമേ പ്രവർത്തനം നടക്കുന്നുള്ളു.

*3. വെൽക്കോസ്*

1955 ൽ പ്രവർത്തനം ആരംഭിച്ചു. വെളിയം പടിഞ്ഞാറ്റിൻകര കൈത്തറി നെയ്ത്ത് സഹകരണസംഘം ക്ലിപ്തം നമ്പർ എച്ച്. 43 എന്നാണ് പൂർണ്ണമായ പേര്. 434 ഓഹരി ഉടമകൾ ഉണ്ട്. അംഗീകൃത മൂലധനം 25 ലക്ഷം രൂപയാണ്. ഇപ്പോൾ ഏകദേശം 60 തൊഴിലാളികൾ പണിയെടുക്കുന്നു.

*4. കട്ടയിൽ ഹാൻഡ്ലൂം*

കട്ടയിൽ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 3703 എന്നാണ് പൂർണ്ണമായ പേര്. 150 ഓഹരി ഉടമകളുണ്ട്. അംഗീകത മൂലധനം 10 ലക്ഷേ രൂപയാണ്. ഇപ്പോൾ ഏകദേശം 15 തൊഴിലാളികൾ പണിയെടുക്കുന്നു. പുനരുദ്ധാരണം ആവശ്യമാണ്.

*5. കുടവട്ടൂർ ഹാന്റ്ലൂം*

കുടവട്ടൂർ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച്. 1 എന്നാണ് പൂർണ്ണമായ പേര്. 1955 ൽ പ്രവർത്തനം ആരംഭിച്ചു. 360 ഓഹരി ഉടമകളുണ്ട്. അംഗീകൃതമൂലധനം 10 ലക്ഷം രൂപയാണ്. ഇപ്പോൾ ഏകദേശം 15 തൊഴിലാളികളുണ്ട്. ഇപ്പോൾ പ്രവർത്തനം നടക്കുന്നില്ല. പുനരുദ്ധാരണം ആവശ്യമാണ്.

*6. ഖാദി വ്യവസായ യൂണിറ്റ്, ഓടനാവട്ടം*

1959 ൽ പ്രവർത്തനം ആരംഭിച്ചു. കൊട്ടാരക്കര ബ്ലോക്ക് ഖാദി ഇൻഡസ്ട്രിയൽ പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി ഐ എൻ ഡി ക്യു 141 എന്നാണ് പൂർണ്ണമായ പേര്. കേരളാ സ്റ്റേറ്റ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ അംഗീകാരമുണ്ട്. 225 ഓഹരി ഉടമകളുണ്ട്. ഓഹരി മൂലധനം 72532 രൂപയും സർക്കാർ അനുവദിച്ചു. ഷെയർ പാർട്ടിസിപ്പേഷൻ

ഗ്രാന്റ് 50000 രൂപയുമാണ്. സ്ഥാപനത്തിന് 125 ചർക്കകളും 31 തറികളുമുണ്ട്. ഏതാണ്ട് 62 സെന്റ് ഭൂമിയും കെട്ടിടങ്ങളുമുണ്ട്. ഓടനാവട്ടത്ത് ഒരു വിൽപ്പന ഡിപ്പോയും, നെല്ലിക്കുന്നത്ത് ഒരു ഏജൻസി ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സ്റ്റാഫ് ഉൾപ്പെടെ 13 അംഗീകൃത തൊഴിലാളികളുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിശ്ചലാവസ്ഥ ദീർഘകാലമായി തുടരുന്നു.

മൂലധനത്തിന്റെ കുറവ്, അശാസ്ത്രീയമായ റിബേറ്റ് സംമ്പ്രദായം, ബന്ധപ്പെട്ട സർക്കാർ ബോർഡ്, ഓഫീസുകളിലെ ചുവപ്പ്നാട, പഴയ ഉൽപ്പാദനരീതികൾ, തൊഴിലാളികൾക്ക് പരിശീലനസംവിധാനത്തിന്റെ കുറവ് എന്നിവ പരിഹരിക്കുകയും മാനേജ്മെൻറ്റും, ഖാദിബോർഡും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്താൽ ഈ സ്ഥാപനത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിന് സാധിക്കും. ഈ യൂണിറ്റിനെ ഒരു പീഢിത വ്യവസായ യൂണിറ്റായി പ്രഖ്യാപിച്ച് ഖാദിബോർഡിന്റെ കാര്യക്ഷമമായ മേൽനോട്ടത്തിൽ ഭരണസമിതി കൂടുതൽ ഊർജ്ജസ്വലമാക്കുകയും ചെയ്തുകൊണ്ട് പുനരുദ്ധരിക്കാവുന്നതാണ്.

(ഡി.ഡബ്ല്യു.സി.ആർ .എ. യൂണിറ്റ്)

ഡി.ഡബ്ല്യു.സി.കെ.എ. പദ്ധതി ഐ.ആർ.ഡി.പി. യുടെ ഉപപദ്ധതിയാണ്. ഗ്രാമീണരായ 10 നും 15 നും ഇടയ്ക്ക് അംഗങ്ങൾ ഉള്ള വനിതാ ഗ്രൂപ്പുകൾക്ക് തൊഴിലവസരം നൽകുകയും വനിതാ ശിശുക്ഷേമ പരിപാടികൾ നടത്തുകയുമാണ് ലക്ഷ്യം.

*8. എസ്സ്.എം. ബുക്ക് ബയന്റിംഗ് യൂണിറ്റ്, മുട്ടറ*

കൊട്ടാരക്കര വികസന ബ്ലോക്കിന്റേയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പുലമൺ ബ്രാഞ്ചിന്റേയും സഹായത്തിൽ പ്രവർത്തനം ആരംഭിച്ചു. 10 വനിതാ ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 44000 രൂപ സബ്സിഡിയും 76000 രൂപ വായ്പയും ലഭിച്ചിട്ടുണ്ട്. കൂടാതെ ഒരു റിവോൾവിംഗ് ഫണ്ട് ആനുകൂല്യം 15000 രൂപ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അംഗങ്ങൾ എല്ലാവരും തൊഴിലിൽ ഏർപ്പെടുന്നില്ല. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പും ഗുണഭോക്താക്കളും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

*9. മഹാത്മാഗാന്ധി ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ്, പരുത്തിയറ*

കൊട്ടാരക്കര വികസന ബ്ലോക്കിന്റേയും ഓടനാവട്ടം ഫെഡറൽ ബാങ്കിന്റേയും സഹകരണത്തിൽ പ്രവർത്തനം ആരംഭിച്ചു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണമാണ് തെരഞ്ഞെടുത്തിരിക്കുന്ന തൊഴിൽ. 10 വനിത ഗുണഭോക്താക്കളുണ്ടായിരുന്നു. 40000 രൂപ സ്ബ്സിഡിയും 80000 വായ്പയും റവോൾവിംഗ് ഫണ്ട് ഇനത്തിൽ 15000 രൂപയും ലഭിച്ചിട്ടുണ്ട്. മുഴുവൻ അംഗങ്ങളും തൊഴിലിൽ ഏർപ്പെടുന്നില്ല എന്നതുകൊണ്ട് പ്രവർത്തനം തൃപ്തികരമല്ല. 2 ഗുണഭോക്താക്കളെ കൊട്ടാരക്കര ബ്ലോക്കിൽ നിന്നും ട്രൈസം പരിപാടി അനുസരിച്ച് എംബ്രോയ്ഡറി പരിശീലനത്തിന് അയച്ചിട്ടുണ്ട്.

*10. നിറ്റ് ഇന്ത്യ ഡിയഡബ്ല്യു.സി.ആർ.എ. യൂണിറ്റ്, വെളിയം*

ഫെഡറൽ ബാങ്ക് ഓടനാവട്ടത്തിന്റേയും കൊട്ടാരക്കര ഗ്രാമവികസനബ്ലോക്കിന്റേയും സംയുക്താഭിമുഖ്യത്തിൽ 95-96 ൽ പ്രവർത്തനം ആരംഭിച്ചു. 11 വനിതാ ഗുണഭോക്താക്കൾ ഉള്ളതിൽ 10 പേർ പട്ടികജാതിക്കാരാണ്. 64000 രൂപ സബ്സിഡിയും 68000 രൂപ വായ്പയും 15000 രൂപ റിവോൾവിംഗ് ഫണ്ടും ലഭിച്ചിട്ടുണ്ട്. 15000 രൂപ ത്രിഫ്റ്റ് ഫണ്ടിന്റെ മാച്ചിംഗ് ഫണ്ട് ആനുകൂല്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ അംഗങ്ങളും ഒരുപോലെ കൃത്യമായി തൊഴിലിൽ ഏർപ്പെടുന്നില്ല. ബ്ലോക്കിൽ നിന്നും രണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ട്രൈസം പരിപാടി അനുസരിച്ച്

എംബ്രോയിഡറി പരിശീലനത്തിന് അയച്ചിട്ടുണ്ട്.

*11. ആർട്ടിസാൻസ് വ്യവസായിക സഹകരണസംഘം*

ക്ലിപ്തം നമ്പർ സി.ഐ.എൻ.ഡി. ക്യൂ. 43 ഓടനാവട്ടം 1959 ൽ കൊട്ടാരക്കര എൻ.ഇ.എസ്. ബ്ലോക്കിന്റെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ചു. വ്യവസായ വകുപ്പിന്റെ സഹായവും ലഭിച്ചിട്ടുണ്ട്. 250 ഓഹരി ഉടമകൾ ഉണ്ടായിരുന്നു. തടി അറുപ്പ്, തടി കടച്ചിൽ, ഫർണിച്ചർ നിർമ്മാണം ഗൃഹുപകരണനിർമ്മാമം എന്നീ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 25 പേർക്ക് തൊഴിൽ ചെയ്യാൻ അവസരമുണ്ടായിരുനനു. ഇപ്പോൾ 2 തൊഴിലാളികൾ മാത്രമേയുള്ളൂ. പ്രവർത്തനം ഏതാണ്ട് സ്തംഭനാവസ്ഥയിലാണ്. സ്വന്തമായി 15 സെന്റ് ഭൂമിയുണ്ട്. കെട്ടിടം നിലംപതിക്കാറായി. കറന്റ് കട്ട് ചെയ്തിരിക്കുകയാണ്.

*12. വനിത മെഴുകുതിരി വ്യവസായം*

കൊട്ടാരക്കര ബ്ലോക്ക് വനിതാ സമാജം എന്ന പേരിൽ ശ്രീമതി. സരസ്വതികുട്ടി കോവിലമ്മയുടെ നേതൃത്വത്തിൽ തുടങ്ങിയ ആദ്യത്തെ മഹിളാ സമാജത്തിന്റെ നേതൃതത്തിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ സൊസൈറ്റി മുക്കിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. മെഴുകുതിരി നിർമ്മാണം നടക്കുന്നുണ്ട്.

*13. കോയിപ്പുറമ്പ് ബീഡി. റോളിംഗ് യൂണിറ്റ്*

30 ഓളം വനിതകൾ പണിയെടുക്കുന്ന സ്വകാര്യസ്ഥാപനമാണിത്. തൃപ്തികരമായി പ്രവർതതിക്കുന്നു.

കൂടാതെ ഐ.ആർ.ഡി.പി. പരിപാടി അനുസരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള വ്യക്തിഗതവ്യവസായ യൂണിറ്റുകളും എസ്സ്.എസ്സ്.ഐ. യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. സാമ്പത്തികം

വായ്പകൾ ലഭിക്കുന്നതിനുള്ള പ്രയാസം ലഭ്യമായാൽ തന്നെ ആവശ്യത്തിന് തുക യഥാസമയം ലഭിക്കാത്ത അവസ്ഥപ്രവർത്തന മൂലധനം നിശ്ചയിക്കുന്നതിൽ ബാങ്കുകളുടെ വസ്തുനിഷ്ഠമല്ലാത്ത കണക്കുകൂട്ടൽ പലപ്പോഴും സ്വയംതൊഴിൽ യൂണിറ്റുകളെ പ്രതിസന്ധിയിലാക്കുന്നു.

## പരിഹാരങ്ങൾ

ബാങ്കുകളും സർക്കാർ വകുപ്പുകളും ഗൗരവമായി ചർച്ച ചെയ്ത് യാഥാർത്ഥ്യബോധത്തോടെ പരിഹാരം കണ്ടെത്തണം

2. വൻകിട വ്യവസായികൾ സൃഷ്ടിക്കുന്ന ഭീഷണി

അയൽസംസ്ഥാനത്തുള്ള വ്യവസായികൾ ഒരു വർഷം രണ്ടു വർഷം കഴിഞ്ഞു മാത്രം വില നൽകിയാൽ മതി എന്നുവരെ വ്യവസ്ഥ ചെയ്തുകൊണ്ട് നമ്മുടെ കമ്പോളം പിടിച്ചടക്കുമ്പോൾ സാമ്പത്തിക പരാധീനതമൂലം നട്ടം തിരിയുന്ന നമ്മുടെ ചെറുകിടക്കാർ പുറന്തള്ളപ്പെടുന്നു.

നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഒഴിവാക്കിയും റിബേറ്റ് സമ്പ്രദായം എന്നിവ ഏർപ്പെടുത്തിയും കുറഞ്ഞ വിലയ്ക്ക് വ്യവസായിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുവാൻ സഹായിക്കണം, പൊതു വിതരണശൃഖലവഴി ചെറുകിട കുടിൽ വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ ഏറ്റെടുതത് വിപണനം ചെയ്യുക



000088

| | |
|---|---|
| 3. സാങ്കേതികം<br>തൊഴിൽ വൈദഗ്ധ്യക്കുറവ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരക്കുറവ്, വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മ. | പുതിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രാതി നടപ്പിലാക്കുക, ടെക്നോപാർക്ക്, സാങ്കേതിക മ്യൂസിയം തുടങ്ങിയവ സ്ഥാപിക്കുക. |
| 4. സാംസ്കാരികം<br>സമൂഹം തൊഴിലിനും തൊഴിലാളിയ്ക്കും നൽകുന്ന സ്ഥാനം വിമർശനാത്മകമാണ്. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും മറ്റ് വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും മെച്ചപ്പെട്ട ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിന് ഗവൺമെന്റും രാഷ്ട്രീയപാർട്ടികളും ട്രേഡ് യൂണിയനുകളും ശ്രദ്ധിക്കുകയും പുതിയ ഒരു തൊഴിൽ സംസ്കാരത്തിന് വഴിതെളിക്കുകയും ചെയ്യുക. |
| 5. വിദ്യാഭ്യാസരീതി<br>ഇപ്പോഴുള്ള വിദ്യാഭ്യാസ രീതി ഉദ്യോഗാർത്ഥികളെ പടച്ചുണ്ടാക്കുന്നതിന് മാത്രമേ ഉപകരിക്കുന്നുള്ളു. | സ്കൂൾതലം മുതൽതൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. |
| 6. സ്ത്രീകൾ മുന്നോട്ടു വരാത്ത അവസ്ഥ | സാമൂഹ്യ വ്യവസ്ഥിതി പരിവർത്തന വിധേയമാക്കുകയും ബോധവത്കരണ പരിപാടികളും വനിതാ വ്യവസായങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള സഹായങ്ങളും ഏർപ്പെടുത്തുക. |
| 7. ദാരിദ്ര്യം<br>ചെറുകിട സംരംഭരുടെ ദാരിദ്ര്യവും പ്രാരാബ്ധങ്ങളും. | ഐ.ആർ.ഡി.പി, പി.എം.ആർ.വൈ., ആർ.എ.പി. എന്നീ പരിപാടികളിലൂടെ കൂടുതൽ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ പ്രാപ്തരാക്കുക.ധനസഹായതോത് ഉയർത്തുക. |
| 8. വൈദ്യുതി<br>വൈദ്യുതി ഉൽപ്പാദനക്കുറവ് വ്യാവസായിക, ആവശ്യത്തിന് കണക്ഷൻ കിട്ടുന്നതിനുള്ള നൂലാമാലകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ. | പുതിയ വൈദ്യുതി പദ്ധതികൾ ആരംഭിക്കുക, ഉള്ള വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം ഒഴിവാക്കു, കണക്ഷന് ഈടാക്കുന്ന ഫീസ് വെട്ടിക്കുറയ്ക്കുക. ഇതര ഊർജ്ജസ്രോതസുകൾ ഉപയോഗിക്കുക |
| 9. ഗതാഗതം<br>അസംസ്കൃതസാധനങ്ങളും ഉൽപ്പന്നങ്ങളും ട്രാൻസ്പോർട്ട് ചെയ്യുന്നതിന് | പുതിയ ഗതാഗത സൗകര്യങ്ങൾ സർക്കാർ ചുമതലയിൽ ഏർപ്പെടുത്തണം. നിർദ്ദിഷ്ട |

| | |
|---|---|
| ചെലവുകുറഞ്ഞ മെച്ചപ്പെട്ട സംവിധാനത്തിന്റെ അപര്യാപ്തത | കായംകുളം തിരുവനന്തപുരം റെയിൽപാത വെളിയം പഞ്ചായത്തിലൂടെ കടന്നുപോകുന്നത് വെളിയത്തിന്റെ വ്യവസായ പുരോഗതിയെ ഗണ്യമായി സഹായിക്കും. |
| 10. പരസ്യം | ആസൂത്രിത സ്വയംതൊഴിൽ പദ്ധതി (കൊല്ലം ജില്ലാ മാതൃക) യിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ ചെറുകിട യൂണിറ്റിന്റെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് പൊതുവായ ബ്രാന്റ് നെയിം നൽകി എ.എസ്.ഐ., എഫ.പി.ഒ., അഗ്മാർക്ക് മുദ്രകൾ നേടി ഗുണനിലവാരം ഉറപ്പാക്കി വിൽപ്പന നടത്താൻ കഴിയുന്ന പൊതുയൂണിറ്റുകൾ സർക്കാർ ചുമതലയിൽ സ്ഥാപിക്കണം. |
| 11. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം | വ്യവസായ യൂണിറ്റുകൾ തെരഞ്ഞെടുക്കുമ്പോൾ തന്നെ അസംസ്കൃതസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുക, വ്യവസായ സമൂഹങ്ങൾക്കായി പഞ്ചായത്തുതലത്തിലോ പ്രത്യേക മേഖലകളിലോ സംഭരണ ഡിപ്പോകൾ സ്ഥാപിക്കുക തുടങ്ങിയ സംവിധാനങ്ങളാകാം. |
| 12. സർക്കാർ നടപടികൾ | വിവിധ ലൈസൻസുകൾ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ, ക്ലീയറൻസ് സർട്ടിഫിക്കറ്റുകൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം. മറ്റ് പല സംസ്ഥാനങ്ങളിലുമെന്ന പോലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ലഘൂകരിച്ച് വ്യവസായികളെ പ്രോത്സാഹിപ്പിക്കുക, ഗ്രീൻചാനൽ പോലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുക |
| 13. സ്ഥലസൗകര്യത്തിന്റെ കുറവ് | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വ്യവസായികൾക്ക് പാട്ടത്തിന് ഭൂമി തുടങ്ങിയവ നടപ്പാക്കുക. |
| 14. മാനേജ്മെന്റിന്റെ കഴിവുകുറവ് | ജപ്പാനിലെ വ്യവസായയൂണിറ്റുകളിലെ ആഭ്യന്തര ഉപഭോക്താവ് സംസ്കാരം എന്ന നയം സ്വീകരിക്കാവുന്നതാണ്. സമഗ്ര ഗുണനിലവാരമാനേജ്മെന്റ് |

# റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്




കുറിപ്പ്

അനുബന്ധയൂണിറ്റുകൾക്ക് അംഗങ്ങളുടെ ഭവനം തന്നെ തെരഞ്ഞെടുക്കാവുന്നതാണ്.

ഉദാഹരണം 1.

**ഖരരൂപത്തിലുള്ള റബ്ബർ ഉപയോഗിച്ചുള്ള ഒരു
വ്യവസായ സമൂഹത്തിന്റെ മാതൃക**

# ആട്ടോമൊബൈൽ ബുഷ് കിറ്റ് യൂണിറ്റ്




കുറിപ്പ്

ഇവിടെ വിപണനവും പാക്കിംഗ്, ഡിസൈനിംഗ് എന്നിവയും മാതൃ യൂണിറ്റുകൾ തന്നെ നിർവ്വഹിക്കുന്നതുകൊണ്ട് പരസ്യത്തിനോ വിപണനത്തിനോ ചെറുകിട യൂണിറ്റുകൾ സമയമോ പണമോ പാഴാക്കേണ്ടതില്ല എന്നത് ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്.

ചെറുകിട യൂണിറ്റുകൾക്ക് ഗുണഭോക്താക്കളുടെ ഭവനങ്ങൾ തന്നെ ഉപയോഗപ്പെടുത്താവുന്നതാണ്



000092

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യസൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. വെളിയം ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ് കിണറുകളാണ്. 6634 വീടുകൾ ഉള്ളതിൽ 4976 കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകളുണ്ട്. 75 ശതമാനം ആളുകളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെയാണ് ആശ്രയിക്കുന്നത്. 15 ശതമാനം കുടുംബങ്ങൾ അയൽവീടുകളിലെ കിണറുകളെ ആശ്രയിക്കുമ്പോൾ പൊതുകിണറുകളേയും കുഴൽകിണറുകളേയും മറ്റ് പൊതുവിതരണ സംവിധാനം എന്നിവകളേയും ആശ്രയിക്കുന്ന 10 ശതമാനം കുടുംബങ്ങളുമുണ്ട്.

വെളിയം ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലും ഏപ്രിൽ മേയ് മാസങ്ങളിൽ 75 ശതമാനം കുടുംബങ്ങൾക്കും ശുദ്ധജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

### ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

| വാർഡ് No. | പേര് | സ്ഥലങ്ങൾ |
|---|---|---|
| 1 | കുടവട്ടൂർ | വട്ടമൺതറ, കുടവട്ടൂർ |
| 2 | മാരൂർ | മാരൂർ പുലയ്ക്കോട്ടുഭാഗം കോളനി,പൊങ്ങുവിള |
| 3. | മുട്ടറ | കട്ടയിൽ, മണികണ്ഠേശ്വരം |
| 4 | പടിഞ്ഞാറ്റിൻകര എ. | ചൂരക്കോട്, കണ്ണങ്കര, അറവലക്കുഴി,പുലരിമുക്ക്, കുളമ്പിമുക്ക്, കലയക്കോട് |
| 5 | പടി. ബി. | പറകുന്ന്, നടുക്കുന്ന്, ചമ്പൻകുളം, മേലേവിള, തുതിയൂർ, തച്ചക്കോട് |
| 6 | കട്ടയിൽ | നെടുംമ്പണ, കണ്ണോട്ട്, ചാമവിള |
| 7 | പരുത്തിയറ | കിഴക്കേകോളനി, പടിഞ്ഞാറേ കോളനി, ആരൂർക്കോണം, തുലവിള |
| 8 | വെളിയം | കോട്ടേക്കോണം, പൊങ്ങോട്,ഞായപ്പള്ളി, മുട്ടക്കുഴി, കൈലാസ്നഗർ |
| 9 | മാലയിൽ | കോഴിപ്പറമ്പ്, മലപ്പുത്തൂർ, വൈദ്യൻകുന്ന്, മറവൻകോട് മിച്ചഭൂമി |
| 10 | കളപ്പില | പുല്ലാഞ്ഞിക്കാട്, തണ്ണേറ്റ്മിച്ചഭൂമി, മലപ്പുത്തൂർ, ചിക്കൂർ,നിരപ്പുവിള, മൂർത്തിവിള, ഇടക്കെട്ടിൽ |
| 11 | ഓടനാവട്ടം | ചെന്നാപാറ, കുളക്കോട്ടുമുക്ക്, കൊമ്പാറ, മാമ്പറ |
| 12 | ചെപ്ര | പുള്ളാടി ജംഗ്ഷൻ, ആങ്ങോട്ടുകോണം, തുറവൂർ, പാലക്കരിക്കം, വടയത്തുഭാഗം, ചെപ്ര ഉടയൻകുന്ന്, എൽ.പി.എസ്. ജംഗ്ഷൻ, കളപ്പില വടക്കേമുക്ക്, തുറവൂർ കിഴക്കേമുക്ക്, മണ്ടക്കാട്പാറ |



000093

പഞ്ചായത്തിലെ 60 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകളുണ്ട്. 2609 കുടുംബങ്ങൾക്ക് ഇനിയും കക്കൂസുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

40 ശതമാനം കുടുംബങ്ങളിലും മലിനജലം കൈകാര്യം ചെയ്യുന്നത് അലക്ഷ്യമായിട്ടാണ്. ശരിരായവിധത്തിൽ മലിന ജലം നിക്ഷേപിക്കുവാൻ വേണ്ട ശ്രമം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ചില സ്ഥലങ്ങളിൽ കുടിവെള്ള സ്രോതസുകൾ മലിനീകരണം നേരിട്ടുകൊണ്ടിരിക്കുന്നു. പരുത്തിയറ, ഓടനാവട്ടം, വെളിയം എന്നീ സ്ഥലങ്ങളിലെ കശുവണ്ടി ഫാക്ടറികളിൽ നിന്നും പുറത്തുവരുന്ന പുകയും മലിനജലവും സമീപവാസികൾക്കും യാത്രക്കാർക്കും പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. ഓടനാവട്ടം കശുവണ്ടിഫാക്ടറിയിൽ നിന്ന് വരുന്ന പുക തൊട്ടടുത്തുള്ള എൽ.എം.എസ്.എൽ.പി.എസിലെ പിഞ്ചുകുഞ്ഞുങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന്നുള്ള പരാതി വർഷങ്ങളായി നിലനിൽക്കുന്നു. ഓടനാവട്ടം, വെളിയം മാർക്കറ്റുകളിലെ വലിയ അളവിലുള്ള മാലിന്യവും ഇറച്ചിവെട്ടുന്ന സ്ഥലങ്ങളിലെ അവശിഷ്ടങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിലും കൊതുകിന്റെ ശല്യം അനിയന്ത്രിതമായി തുടരുന്നു.

**നിലവിലുള്ള കിണറുകൾ**

| | പട്ടിക | | |
|---|---|---|---|
| വാർഡ് നമ്പർ | വറ്റാത്ത കിണറുകൾ | ഭാഗികമായി വറ്റുന്നവ | ആകെ |
| 1 | 168 | 254 | 422 |
| 2 | 148 | 230 | 378 |
| 3 | 151 | 235 | 386 |
| 4 | 177 | 220 | 397 |
| 5 | 175 | 266 | 441 |
| 6 | 160 | 243 | 403 |
| 7 | 118 | 177 | 295 |
| 8 | 122 | 189 | 311 |
| 9 | 154 | 235 | 389 |
| 10 | 162 | 245 | 407 |
| 11 | 150 | 230 | 380 |
| 12 | 172 | 261 | 433 |
| ആകെ | 1857 | 2785 | 4642 |

| പൊതു കിണറുകളുടെ വിവരം | |
|---|---|
| വാർഡ് നമ്പർ | എണ്ണം |
| 1 | 05 |
| 2 | 08 |
| 3 | 05 |
| 4 | 09 |
| 5 | 10 |
| 6 | 03 |
| 7 | 12 |
| 8 | 09 |
| 9 | 06 |
| 10 | 08 |
| 11 | 08 |
| 12 | 08 |
| ആകെ | 87 |

| കുഴൽകിണർ | |
|---|---|
| വാർഡ് നമ്പർ | എണ്ണം |
| 1 | 1 |
| 2 | 1 |
| 3 | 4 |
| 4 | 4 |
| 5 | 3 |
| 6 | 0 |
| 7 | 0 |
| 8 | 2 |
| 9 | 3 |
| 10 | 2 |
| 11 | 4 |
| 12 | 2 |
| ആകെ | 25 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ വട്ടമൺതറയും കുടവട്ടൂരും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. പരിഹാരമായി നെടിയകോണം ഏലായിൽ വലിയ ഒരു കുളം നിർമ്മിച്ച് കവുങ്ങോട്ട് കുന്നിലോ കോവിൽകുന്നിലോ ഒരു ടാങ്ക് ഉണ്ടാക്കി ഒരു മിനി ജലവിതരണ പദ്ധതി നടപ്പിലാക്കണം.

2. രണ്ടാം വാർഡിൽ പ്രാക്കുളം പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതിനായി തോണ്ടാക്കോണം ഭാഗത്തുള്ള തോട് അണകെട്ടി ടാങ്കിൽ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ജലവിതരണ സംവിധാനം ഏർപ്പെടുത്തണം.

3. മൂന്നാം വാർഡിൽ കട്ടയിൽ മുട്ടറ, മണികണ്ഠേശ്വരം പ്രദാശങ്ങളിൽ വ്യാപകമായി ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഈ സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാം. അമ്പീലഴികത്ത് കാവിനു സമീപമുള്ള പൊതുസ്ഥലത്ത് ഒരു കുളം കുഴിച്ച് ശുദ്ധജലം ലഭ്യമാക്കാം.

4. നാലും അഞ്ചും വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം പല പ്രദേശങ്ങളിലുമുണ്ട്. ഇതിന് പരിഹാരമായി കരീപ്ര പഞ്ചായത്തിലെ കൽച്ചിറ വാട്ടർസപ്ലൈ സ്കീം ഈ വാർഡുകളിൽകൂടി നീട്ടിയാൽ ജലക്ഷാമം ഭാഗികമായി പരിഹരിക്കാം. പറകുന്ന് മുണ്ടുകൊണം പ്രദേശം ലക്ഷ്യമാക്കി മുണ്ടുകോണം ഭാഗത്ത് നീരുറവ വിപുലപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാവുന്നതാണ്.

5. ആറാം വാർഡിൽ നെടുമ്പണ, കണ്ണോട്ട് ഭാഗങ്ങളിൽ ഓരോ കുഴൽ കിണർ സ്ഥാപിക്കണം.

6. ഏഴാം വാർഡിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം വിപുലപ്പെടുത്തണം.

7. എട്ടാം വാർഡിൽ കോട്ടേകോണം, ആരൂർകോണം, ഞായപ്പള്ളി, മൊട്ടക്കുഴി,



000095

കൈലാസ്നഗർ എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പരിഹാരമായി ഒരു മിനിവാട്ടർ സപ്ലൈ സ്കീമും നാല് കുഴൽകിണറും അനിവാര്യമാണ്.

8. ഒമ്പതാംവാർഡിൽ കോയിപ്പറമ്പ്, മലമ്പുത്തൂർ, വൈദ്യൻകുന്ന്, മറവൻകോട് മിച്ചഭൂമി തുടങ്ങിയ പ്രദേശങ്ങൾക്കുവേണ്ടി മേമംഗലം വാട്ടർസപ്ലൈ സ്കീം എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണം.

9. പത്താംവാർഡിൽ പുല്ലാഞ്ഞിക്കാട്, ചീക്കൂർ മിച്ചഭൂമി, മലപ്പുത്തൂർ, ചീക്കൂർ, നിരപ്പുവിള, മൂർത്തിവിള, ഇടക്കെട്ടിൽ, വേട്ടയ്ക്കാട് എന്നീ സ്ഥലങ്ങളിൽ കുഴൻകിണറുകളാണ് അനുയോജ്യമായിട്ടുള്ളത്.

10. പതിനൊന്നാം വാർഡിൽ കൊമ്പാറ, ചെന്നാപ്പാറ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം ഒഴിവാക്കാൻ കുഴൽകിണർ സ്ഥാപിക്കേണ്ടതാണ്.

11. പന്ത്രണ്ടാം വാർഡിൽ നിരവധി പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിനായി ആങ്ങോട്ട്, തുറവൂർ, കിഴക്കേമുക്ക്, തിരുവൂർ എന്നീ പ്രദേശങ്ങളിൽ പൊതു കിണറുകളും പുള്ളാടി, ആങ്ങോട്ട്കോണം, തുറവൂർ പാലകരിക്കം, ചെപ്ര, ഉടയൻകാവ്, എൽ.പി.എസ്സ്. ജംഗ്ഷൻ, കളപ്പില വടക്കേ മുക്ക് എന്നിവടങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മുക്കുകയും എൽ.പി.എസ്സിനോടു ചേർന്ന് ഒരു പമ്പ്സെറ്റ് സ്ഥാപിക്കുകയും വേണം.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഏപ്രിൽ മേയ് മാസങ്ങളിൽ ശുദ്ധജലക്ഷാമം അതിരൂക്ഷമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.
2. പൊതുകിണറുകളും നീരുറവകളും കുളങ്ങളും സംരക്ഷിക്കപ്പെടുന്നില്ല.
3. പഞ്ചായത്തിൽ ഒട്ടാകെ കിണറുകൾ കുഴിക്കുമ്പോൾ 30 ശതമാനം സ്ഥലങ്ങളിലും പാറകൾ കാണപ്പെടുന്നതുകൊണ്ട് ജലദൗർലഭ്യം അനുഭവപ്പെടാൻ ഇടയാകുന്നു.
4. നിലവിലുള്ള കുഴൽകിണറുകളിൽ നിന്ന് ലഭിക്കുന്ന വെള്ളത്തിന് ഗുണനിലവാരം കുറവാണ്. ഉള്ളതാണ്. കുഴൽകിണറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല.
5. നിലവിലുള്ള മാലയിൽ വാട്ടർ സപ്ലൈ സ്കീം പ്രവർത്തനക്ഷമമല്ല. ഓരുകലർന്ന ജലമാണ് ലഭിക്കുന്നതി.
6. വെളിയം ക്ഷേത്രത്തിന് സമീപമുള്ള ചിറകൾ ദുരുപയോഗം ചെയ്യപ്പെടുന്നു.
7. മേമംഗലം ഐ.എച്ച്.ഡി.പി. വാട്ടർ സപ്ലൈ സ്കീം ഒരു വർഷംകൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 6 വർഷമായിട്ടും വാട്ടർടാങ്കിന്റെ പണിപോലും പൂർത്തിയായിട്ടില്ല.

*സാധ്യതകൾ*

1. വാർഡ്തല ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ കിണറുകളും കുളങ്ങളും വൃത്തിയാക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകണം.

2. നിലവിലുള്ള കുഴൽകിണറുകളുടെ ഇരുമ്പ് പൈപ്പ് മാറ്റി പകരം പി.വി.സി. പൈപ്പിട്ട് അറ്റകുറ്റപണി നടത്തി പമ്പിംഗ് സൗകര്യം ഏർപ്പെടുത്തണം.

3. കരീപ്ര പഞ്ചായത്തിലെ കൽച്ചിറ വാട്ടർ സപ്ലൈ സ്കീം വെളിയം പഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടേണ്ടതാണ്.

4. പാറ കാണുന്നതുമൂലം ജലം ലഭ്യമല്ലാത്ത മുട്ടറ, വാപ്പാല, ചെപ്ര, മലപ്പുത്തൂർ, പുലരി, പറകുന്ന്, തച്ചക്കോട് എന്നീ പ്രദേശങ്ങളിൽ ബോർവെൽ സ്ഥാപിച്ച് മോട്ടോർ ഫിറ്റ് ചെയ്ത് കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തണം.

5. കളപ്പില, വാപ്പാല (1012 വാർഡുകൾ) കേന്ദ്രീകരിച്ച് വാപ്പാലയിൽ ഒരു വാട്ടൻ സപ്ലൈ സ്കീം നടപ്പിലാക്കണം. ഇതിനായി പുരമ്പിൽ തോണ്ടാംകോണം ഏലായിൽ കുളംകുഴിച്ച്

വാപ്പാലയിൽ വാട്ടർടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻവഴി ജലവിതരണം നടത്തണം.

6. കോട്ടേപാറയ്ക്ക് സമീപം വാട്ടർ ടാങ്ക് നിർമ്മിച്ച് വെളിയം ചിറയിൽ നിന്ന് ജലം ശേഖരിച്ച് ശുദ്ധീകരിച്ച് 6.7.8.9 എന്നീ വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി വെളിയം വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം.

7. മാലയിൽ (ഒമ്പതാം വാർഡ്) വാർഡിലുള്ള മേമംഗലം വാട്ടർ സപ്ലൈ സ്കീം പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്താൽ 600 കുടുംബങ്ങളിൽ കുടിവെള്ളം എത്തിയ്ക്കാം.

8. പ്രവർത്തനരഹിതമായിക്കിടക്കുന്ന പരുത്തിയറ ഐ.എച്ച്.ഡി.പി. കോളനി വാട്ടർ സപ്ലൈ സ്കീം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി പരുത്തിയറ കാളചന്തയ്ക്ക് മുകളിലുള്ള ഏലായിൽ കുളം കുഴിച്ച് പൈപ്പ് ലൈൻ വഴി ജലം ടാങ്കിൽ ശേഖരിച്ച് വിതരണം നടത്തണം.

9. അഞ്ചാം വാർഡിൽ ചമ്പൻകുളം തുതിയൂർ, തച്ചകോട് പ്രദേശങ്ങളിലെ 600 ഓളം കുടുംബങ്ങൾക്കുവേണ്ടി തുതിയൂർ വാട്ടർസപ്ലൈ സ്കീം നടപ്പിലാക്കണം. ഇതിനായി തുതിയൂർ ഏലായിൽ കുളം കുഴിച്ച് നടക്കുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് കുടിവെള്ളമെത്തിക്കണം.

10. മാർച്ച്, ഏപ്രിൽ, മേയ് ഈ മാസങ്ങളിൽ കെ.ഐ.പി. ഇടതുകരകനാൽ തുറന്നുവിട്ടാൽ നീരൊഴുക്കുമൂലം വെളിയം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ കിണറുകളിൽ ജലലഭ്യതയുണ്ടാകുന്നതാണ്.

## ആരോഗ്യം

ആരോഗ്യമാണല്ലോ നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. ആരോഗ്യരംഗത്ത് വളരെ ഉയർന്ന നിലവാരവും സുചിത്വബോധവും പുലർത്തുന്നവരാണ് കേരളീയർ. ശിശുമരണനിരക്കിലെ കുറവ്, ആയുർദൈർഘ്യം, ഉയർന്ന ജീവിതനിലവാരത്തോത്, സ്ത്രീകളിലെ ഉയർന്ന സാക്ഷരത എന്നിവയിൽ കേരളം ലോകത്ത് പല വികസിത രാജ്യങ്ങളോടൊപ്പമാണെന്ന പ്രശംസ നാം നേടിക്കഴിഞ്ഞു. നമ്മുടെ ലക്ഷ്യം 2000 മാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യമാണ്.

വെളിയം ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗത്തിപ്പെട്ട ആളുകളും മെച്ചപ്പെട്ട ആരോഗ്യനിലവാരം പുലർത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. പരിസര ശുചീകരണത്തിന്റെ കാര്യത്തിലും മറ്റ് കേരളീയരെപ്പോലെ വെളിയത്തെ ജനങ്ങളും തികഞ്ഞ ബോധവാന്മാരാണ്. എന്നാൽ ആരോഗ്യരംഗത്ത് ചില പ്രശ്നങ്ങളും വെല്ലുവിളികളും ഈ പഞ്ചായത്ത് നേരിടുന്നുണ്ട്. ജനങ്ങളുടെ വരുമാനത്തിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും ചികിത്സാരംഗത്തും മറ്റും ചിലവഴിക്കുന്നതായി മനസിലാക്കുന്നു. ഈ വെല്ലുവിളിയെ നേരിട്ട് മുറിച്ചുകടക്കുന്നതിന് ആരോഗ്യരംഗത്ത് ബോധപൂർവ്വമായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

1996 ലെ സർവ്വേ പ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിൽ 14424 പുരുഷന്മാരും 15503 സ്ത്രീകളും ഉൾപ്പെടെ 29997 ആളുകളാണുള്ളത്.

ഏതെങ്കിലും പ്രത്യേക രോഗമോ ഗുരുതരമായ ആരോഗ്യപ്രശ്നമോ പഞ്ചായത്തിന്റെ ഒരു ഭാഗത്തും കേന്ദ്രീകരിച്ച് കാണുന്നില്ല എന്നത് ആശ്വാസകരമാണ്. സമീപകാലത്തൊന്നും കാര്യമായ പകർച്ചാവ്യാധികൾ ഈ പഞ്ചായത്തിലെ ജനങ്ങളെ ബാധിച്ചിട്ടില്ല.

ജനങ്ങൾ എല്ലാതരത്തിലുമുള്ള ചികിത്സാരീതികളും ഉപയോഗപ്പെടുത്തുന്നണ്ട്. പഞ്ചായത്തിൽ വാപ്പാലയിൽ ഒരു പി.എച്ച്.സി. യും ആറ് സബ്സെന്ററുകളും പരുത്തിയറയിൽ ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയും കൂടാതെ സ്വകാര്യമേഖലയിൽ മൂന്ന് അലോപ്പതി ആശുപത്രികളും ഒരു ദന്താശുപത്രികളും ഒരു ഹോമിയോ കൺസൾട്ടന്റ് കേന്ദ്രവുമാണ്



000097

ആരോഗ്യരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

40 ശതമാനം കുടുംബങ്ങളിലും മൂന്നോ അതിലധികമോ കുട്ടികളുണ്ട്. മരണനിരക്ക് ഈ പഞ്ചായത്തിൽ സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. ശിശുമരണനിരക്ക് 2.5 ശതമാനമാണ് (സംസ്ഥാന ശരാശരി 3 ശതമാനമാണ്).

*പ്രശ്നങ്ങൾ*

1. 1,2,3,4,5,7,10 വാർഡുകളിൽ യാതൊരുവിതമായ ചികിത്സാ സൗകര്യങ്ങളും ഇല്ല.
2. പി.എച്ച്.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമല്ല. മതിയായ കെട്ടിടം, ഉപകരണങ്ങൾ, ആവശ്യത്തിനുള്ള മരുന്ന് എന്നിവയുടെ അപര്യാപ്തത പ്രകടമായിക്കാണാം. കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യവുമില്ല.
3. എല്ലാ വാർഡുകളിലും സബ്സെന്ററുകൾ ഇല്ല.
4. ആയുർവേദ ആശുപത്രിയ്ക്ക് സ്വന്തം കെട്ടിടം ഇല്ല. കുടിവെള്ളം, ആശുപത്രി ഉപകരണങ്ങൾ, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ പരിമിതമാണ്.
5. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമായി നടക്കുന്നില്ല.
6. തിമിരരോഗവും കാഴ്ചക്കുറവും ഗണ്യമായി വർദ്ധിച്ചുവരുന്നു.
7. മദ്യം മയക്കുമരുന്ന് പുകവലി എന്നിവ വലിയതോതിൽ വർദ്ധിച്ചുവരുന്നു.
8. വിദഗ്ധ ചികിത്സാ സൗകര്യം ഈ പഞ്ചായത്തിൽ ലഭ്യമല്ല.
9. ചികിത്സാ ചെലവ് ക്രമാതീതമായി ഉയരുന്നതുമൂലം ദുർബലജനവിഭാഗങ്ങൾക്ക് മേജർ ആശുപത്രികളിൽ പോകാൻ കഴിയുന്നില്ല.
10. ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമല്ല.
11. ഹോമിയോ ചികിത്സാ സൗകര്യമില്ല
12. ആരോഗ്യക്ലാസുകൾ നടക്കുന്നില്ല.

*സാധ്യതകൾ*

1. വാപ്പാല പി.എച്ച്. സെന്റർ 20 കിടക്കളുള്ള ആശുപത്രിയായി ഉയർത്തണം. ഒന്നിലധികം ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കണം.
2. എല്ലാവാർഡുകളിലും ഫാമിലി വെൽഫെയർ സെന്ററുകളും സബ്സെന്ററുകളും ആരംഭിക്കണം
3. പരുത്തിയറയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയ്ക്ക് 10 കിടക്കകളുള്ള കെട്ടിടം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കണം.
4. കുടവട്ടൂരിൽ ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണം.
5. മുട്ടറ ഹൈസ്കൂൾ ജംഗ്ഷന് സമീപം ഒരു ഹോമിയോ ഡിസ്പെൻസറി ആവശ്യമാണ്.
6. വെളിയം, ഓടനാവട്ടം എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഒരു പ്രൈമറി ഹെൽത്ത് സെന്ററും പടിഞ്ഞാറ്റിൻകര ഒരു ഹോമിയോ ഡിസ്പെൻസറിയും ആവശ്യമാണ്.
7. വെളിയം ഗ്രാമപഞ്ചായത്തിൽ കക്കൂസില്ലാത്ത 2609 കുടംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി തയ്യാറാക്കണം.
8. പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുകയും അങ്ങനെ ആയുർവേദ ചികിത്സാസൗകര്യത്തിന് അനുപൂരകമായി പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കണം.
9. മാസത്തിലൊരിക്കൽ നേത്രചികിത്സാക്യാമ്പ് സംഘടിപ്പിച്ച് കാഴ്ചക്കുറവുള്ളവരേയും തിമിരരോഗബാധിതരേയും വിദഗ്ദ്ധ ചികിത്സയ്ക്ക് വേണ്ട സൗകര്യങ്ങൾ ചെയ്യണം.
10. ദുർബലജനവിഭാഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കേണ്ടതാണ്.
11. മദ്യം, മയ്കകുമരുന്ന്, പുകവലി എന്നിവയ്ക്കെതിരെ ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കണം.
12. വാപ്പാല പി.എച്ച്. സെന്ററിനോടനുബന്ധിച്ച് പ്രസവവാർഡുകൂടി അനുവദിക്കണം.
13. സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകളും

ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകളും സംഘടിപ്പിക്കണം.

14. ഹെൽത്ത് ഇൻസ്പെക്ടർമാർ, കുടുംബക്ഷേമ പ്രവർത്തകർ എന്നിവരുടെ സേവനം മാസത്തിലൊരിക്കൽ എല്ലാ വീടുകളിലും ലഭ്യമാക്കണം.

പ്രായാടിസ്ഥാനത്തിൽ ദമ്പതികൾ

പട്ടിക 1

| ക്ര.നമ്പർ | സ്ത്രീയുടെ പ്രായക്രമം | എണ്ണം |
|---|---|---|
| 1 | 15 - 19 | 92 |
| 2 | 20 - 24 | 460 |
| 3 | 25 - 29 | 1126 |
| 4 | 30 - 34 | 989 |
| 5 | 35 - 39 | 591 |
| 6 | 40 - 44 | 145 |
| ആകെ | | 3403 |

പട്ടിക 3

ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 401

| | |
|---|---|
| പ്രതിരോധ കുത്തിവയ്പ് നടത്തിയവർ | 398 |
| ആകെ ഗർഭിണികൾ | 440 |

പട്ടിക 2

അമ്മമാരുടെ എണ്ണം

| ക്ര.നമ്പർ | ജീവിച്ചിരിക്കുന്ന കുട്ടികളുടെഎണ്ണത്തിന്റെ അടിസ്ഥാനത്തിൽ | എണ്ണം |
|---|---|---|
| എ | 1 കുട്ടി | 493 |
| ബി | 2 കുട്ടികൾ | 1298 |
| സി | 2 ൽ കൂടുതൽ കുട്ടികൾ | 961 |
| ആകെ | | 2752 |

പട്ടിക 4

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ

| | | |
|---|---|---|
| എ | 1 കുട്ടി | 375 |
| ബി | 2 കുട്ടികൾ | 1180 |
| സി | 2 ൽ കൂടുതൽ കുട്ടികൾ | 737 |
| ആകെ | | 2292 |

പട്ടിക 5

## പകർച്ചവ്യാധികളുടെ വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993 - 94 | 15 | 6 | 3 | 2 |
| 1994 - 95 | 19 | 9 | 6 | 7 |
| 1995 - 96 | 31 | 26 | 9 | 10 |

പട്ടിക 6

## ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരശേഖരണം

### അലോപ്പതി

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ |
| 1992 - 93 | 2045 | 47130 | 2500 | 8041 | 317 | 18 | 38219 |
| 1993 - 94 | 3143 | 38101 | 2101 | 7153 | 413 | 39 | 30583 |
| 1994 - 95 | 1895 | 41062 | 1893 | 6319 | 375 | 44 | 34326 |
| 1995 - 96 | 2536 | 42018 | 2184 | 6738 | 832 | 56 | 33788 |



000100

# ആയുർവേദം

പട്ടിക 7

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | |
|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | മറ്റുള്ളവ |
| 1992 - 93 | | 22670 | 2008 | 19818 | 860 |
| 1993 - 94 | | 24008 | 1980 | 20018 | 2010 |
| 1994 - 95 | | 26918 | 2110 | 22862 | 1946 |
| 1995 - 96 | | 26375 | 2865 | 21500 | 2010 |

പട്ടിക 8

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | 2-ാം ഗ്രേഡ് | 3-ാം ഗ്രേഡ് |
|---|---|---|---|---|---|
| | ആൺ | പെൺ | | | |
| 1 വയസിൽ താഴെ | 184 | 187 | 13 | 17 | |
| 1-3 വയസ് | 238 | 244 | 28 | 37 | |
| 3-6 വയസ് | 566 | 580 | 63 | 79 | |

ഒന്നാം ഗ്രേഡ് ലഘുവായ പോഷണക്കുറവ്
രണ്ടാം ഗ്രേഡ് മിതമായ പോഷണക്കുറവുള്ളവർ
മൂന്നാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവർ

KERALA INSTITUTE ... LIBRARY THRISSUR-680



000101
4208

പട്ടിക 9

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | B.C.G. | D.T.P. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസിനു താഴെ | 401 | 68 | 165 | 168 | | 68 | 165 | 168 | | | | | | 265 |
| 1-3 | | | | | 727 | | | | 727 | | | | | 576 |
| 3-6 | | | | | | | | | | | | | 1308 | 123 |

## ടെറ്റനസ് ഡോക്സോയ്സ് (T.T.)

| | ID | 2D | 3D |
|---|---|---|---|
| ഗർഭിണികൾ | 131 | 287 | 22 |

| | | |
|---|---|---|
| ഇരുമ്പ്/പോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | : | 231. |
| ഇരുമ്പ്/പോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | : | 706 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | : | 651 |
| ആശുപത്രികളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | : | 127 |
| വീടുകളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | : | 13 |



000102

# ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

## ഭവനനിർമ്മാണം

"അന്തിയുറങ്ങാൻ ഒരു ഇടം- മാളിക വേണമെന്നില്ല മാടം എങ്കിലും" - എല്ലാവർക്കും ഉണ്ടാവുക എന്നത് ഒരു നാടിന്റെ പരിമിതമായ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. അതില്ലാത്ത കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ 500 ന് പുറത്തു വരുന്നു എന്ന വസ്തുത മനസിൽ വച്ചുകൊണ്ട് മാത്രമേ ഈ രംഗത്തെ വികസനത്തെക്കുറിച്ച് ചിന്തിക്കുവാൻ നമുക്ക് കഴിയൂ. ആകെയുള്ള 6634 ഭവനങ്ങളിൽ വാസയോഗ്യമല്ലാത്തവ 2700 നടുത്താണ്. ഈ രണ്ട് വിഭാഗങ്ങളിൽ കൂടി, ഇപ്പോഴത്തെ നിലയിൽ 3200 ഓളം ഭവനങ്ങൾ ഉണ്ടായിരിക്കുമ്പോൾ, അടുത്ത 5 വർഷങ്ങൾ കൊണ്ട് ഉണ്ടാകാവുന്ന ഭവന രഹിതരുടെ എണ്ണം കൂടി കണക്കിലെടുത്താൽ പുതുതായി ഉണ്ടാകേണ്ട പാർപ്പിടങ്ങളുടെ സംഖ്യ ഇതിലുംകൂടും. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ഭവനം എന്ന മുദ്രാവാക്യം എറ്റെടുക്കാതിരിക്കാൻ നമുക്കും കഴിയില്ല. ഒരു വശത്തൊ ഓലമേഞ്ഞ നാല്കെട്ടുകളും, നിരപ്പുരകളും, അറപ്പുരകളും, പടിപ്പുരകളുടെ അകമ്പടിയോടെ പ്രൗഢി കാണിച്ച് നിലകൊണ്ടപ്പോൾ മറുവശത്ത് ആശാൻ പാടിയതുപോലെ

"കാണാം ചെറുംതായകലെനിന്നാലൊരു
കൂണെന്നപോലെ വയൽ വരമ്പിൽ
..............................................................
കോണും മുഴകളും തീർന്നിട്ടില്ലായതിൽ
കാണുന്നു കൈവിരൽപാടുപോലും."

ഇത്തരത്തിലുള്ള വീടുകളുമായിരുന്നു ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇന്ന് ആ സ്ഥിതി പാടേ മാറിയിരിക്കുന്നു. കേവലം 15 വർഷങ്ങൾക്കുമുമ്പ് നാട് വിട്ടുപോയ ഒരാൾ ആദ്യമായി മടങ്ങിയെത്തുമ്പോൾ സ്വന്തം ഗ്രാമം തിരിച്ചറിയാൻ മറ്റൊരാളുടെ സഹായം വേണ്ടി വരുന്ന തരത്തിൽ ഭവനങ്ങളുടെ എണ്ണവും വണ്ണവും വർദ്ധിച്ച ഒരു സ്ഥിതി വിശേഷമാണ് സംജാതമായിട്ടുള്ളത്. ഗൾഫ് പണവും നാണ്യവിളസമ്പത്തും ഭവനനിർമ്മാണരംഗത്തു വമ്പിച്ച മാറ്റത്തിന് വഴിതെളിയിച്ചിട്ടുണ്ട്. എന്നാൽ രണ്ടിലുംപെടാത്ത ഇടക്കരക്കാരും അതിനുതാഴെയുള്ളവരും ഇക്കാര്യത്തിൽ വീർപ്പുമുട്ടുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇത്തരക്കാരെ ഒഴിവാക്കിയാൽ ആകെ കുടുംബങ്ങളുടെ മൂന്നിലൊന്നിൽ പുറത്തുവരുന്ന താഴ്ന്ന വരുമാനക്കാരുടെ ഭവനനിർമ്മാണപ്രശ്നം ഗൗരവമേറിയ ഒരു സാമൂഹ്യബാധ്യതയായി അവശേഷിക്കുന്നു.

N.R.E.P., RLEGP., JRY., OLH., KAIRALEE, I.A.Y.., R.M.H.S മൈത്രീഭവനം എന്നീ പദ്ധതികളിലൂടെയും എസ്.സി.- എസ്.റ്റി. ഡവലപ്മെന്റ് കോർപ്പറേഷൻ, എസ്.സി.- എസ്.റ്റി. ഡവലെപ്മെന്റ് ഡിപ്പാർട്ടുമെന്റ്, കേരളസംസ്ഥാന ഭവനനിർമ്മാണബോർഡ് എന്നീ ഏജൻസികളിലൂടെയുമായി നമ്മുടെ പഞ്ചായത്തിൽ ഇന്നോളം 400 ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 47 ഭവനങ്ങൾ നിർമ്മാണത്തിലിരിക്കുന്നു. ശ്രീമാൻ. എം.എൻ. ഗോവിന്ദൻനായർ പ്രധാനം ചെയ്ത ലക്ഷം വീട് പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ 40 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്.

*പ്രശ്നങ്ങൾ*

1. വീടുവയ്ക്കാൽ ഭൂമിയില്ലാത്തവർ പരിമിതമെങ്കിലും പഞ്ചായത്തിലുണ്ട്.
2. ഉള്ള വീടുകൾ വാസയോഗ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു.
3. സർക്കാരിന്റെ വിവിധ പദ്ധതികൾ അനുസരിച്ച് ലഭിച്ചിട്ടുള്ള വീടുകൾ

നിർമ്മാണത്തിലെ പോരായ്മകൾ മൂലം ചോർന്നൊലിച്ചും ഇടിഞ്ഞ്പൊളിഞ്ഞ് വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്നു.

4. കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവയുടെ അഭാവം

5. ദുർബലവിഭാഗക്കാർ മാത്രം കോളനികളിൽ സംഘം ചേർന്ന് ജീവിക്കുന്നതുമൂലം അവരുടെയിടയിൽ അപകർഷതാബോധം ഉടലെടുത്തിരിക്കുന്നു.

6. കോളനികൾ സ്ഥാപിച്ചിട്ടുള്ളത് ഒഴിഞ്ഞ കോണുകളിലായതിനാൽ കോളനി നിവാസികൾക്ക് സുരക്ഷിതത്വം ഇല്ലാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു.

7. കോളനികളിൽ ശുചിത്വം പാലിക്കാൻ കഴിയാത്ത സ്ഥിതി

8. കോളനിയിലെ വീടുകൾ ഉറപ്പില്ലാത്തതാകായാൽ അവയ്ക്ക് താമസക്കാരുടെ സൗകര്യം അനുസരിച്ചുള്ള വികസനം വരുത്താൻ കഴിയാത്ത സ്ഥിതി.

9. ഭവന നിർമ്മാണത്തിന് അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തത

10. ഓരോ ഘട്ടം കഴിയുമ്പോഴും തുക ലഭിക്കുന്നതിന് ഡിപ്പാർട്ട്മെന്റ്തലത്തിൽ ഉണ്ടാകുനന കാലതാമസം.

11. ഭവനനിർമ്മാണ സാമിഗ്രികളുടെ ക്രമാതീതമായ വിലവർദ്ധന

12. ഭവനനിർമ്മാണതൊഴിലാളികളുടെ വേതന വർദ്ധന

13. പാറ, മെറ്റൽ, മണൽ എന്നിവയുടെ അളവിൽ ഉണ്ടാകുന്ന കുറവ്

14. പാവപ്പെട്ടവർക്ക് വൈദ്യുതി ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം

15. ഭവനനിർമ്മാണ വസ്തുക്കൾ സൈറ്റിൽ തലച്ചുമടായി എത്തിക്കുന്നതിലുള്ള ബുദ്ധിമുട്ട്.

### *സാധ്യതകൾ*

1. വീടുവയ്ക്കാൻ ഭൂമിയില്ലാത്ത 166 കുടുംബങ്ങൾക്ക് 4 സെന്റ് ഭൂമി വീതം നൽകണം.

2. നിലവിലുള്ള വാസയോഗ്യമല്ലാത്ത 2668 വീടുകൾക്ക് പകരം വാസയോഗ്യമായ പുതിയ വീടുകൾ നിർമ്മിക്കണം.

3. ഭൂമി നൽകിയ 166 പേർക്ക് പുതിയ ഭവനങ്ങൾ നൽകണം.

4. തകരാറുള്ള വീടുകളുടെ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്തണം.

5. ഭവനദാനപദ്ധതിയനുസരിച്ച് വീടുകൾ ലഭിച്ചിട്ടുള്ളവരിൽ കക്കൂസ് ഇല്ലാത്തവർക്കും മറ്റ് ദുർബലവിഭാഗങ്ങൾക്കും കക്കൂസ് നിർമ്മിക്കണം.

6. കോളനി സമ്പ്രദായം പുനരാരംഭിക്കരുത്.

7. കോളനി നിവാസികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് കൂടെകൂടെ പോലീസിന്റെ ബീറ്റ് ഏർപ്പെടുത്തണം

8. കോളനികളിൽ ട്രയിനേജുകൾ ഏർപ്പെടുത്തണം.

9. ഉറപ്പില്ലാത്ത വീടുകൾ പൊളിച്ചു മാറ്റി പകരം ഉറപ്പുള്ള വീടുകൾ നിർമ്മിക്കുകയും പുതുതായി ഉറപ്പുള്ള വീടുകൾ മാത്രം നിർമ്മിക്കുകയും ചെയ്യണം. വികസന സാധ്യതകൾ കൂടി കണക്കിലെടുത്തുവേണം പുതിയ വീടുകൾ സംവിധാനം ചെയ്യേണ്ടത്.

10. ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും വേലക്കൂലിയിൽ ഉണ്ടായിട്ടുള്ള ഉയർച്ചയും കണക്കിലെടുത്ത് കക്കൂസ് കിണർ ഉൾപ്പെടെ ഒരു വീടിനു 60000 രൂപയിൽ കുറയാതെ അനുവദിക്കണം. സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് ഈ തുകയിൽ നേരിയ വർദ്ധന ഉണ്ടാകേണ്ടതാണ്.

11. തുക ലഭിക്കുന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കണം.

12. ഭവന നിർമ്മാണ വസ്തുക്കളുടെ വില വർദ്ധന തടയണം. സിമന്റ്, കമ്പി തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കണം.

13. പാറ, മെറ്റൽ, മണൽ തുടങ്ങിയ സാധനങ്ങളുടെ ലോഡിന്റെ അളവ് നിജപ്പെടുത്തണം.

14. വൈദ്യുതി ലൈനുള്ള സ്ഥലങ്ങളിൽ 6 മാസത്തിനകവും അത് ഇല്ലാത്ത സ്ഥലങ്ങളിൽ ഒരു വർഷത്തിനകവും കണക്ഷൻ നൽകുന്നതിനുള്ള വിശേഷാൽ പദ്ധതികൾ ആവിഷ്കരിക്കണം.

15. കഴിവുള്ളിടത്തോളം വഴികൾ വാഹനഗതാതഗത്തിന് യോഗ്യമാക്കണം.

16. മാലയിൽ, കൊട്ടറ, അമ്പലപ്പുറം, വാപ്പാല ഭാഗങ്ങളിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കണം.

17. ഭവനിനിർമ്മാണ സഹകരണസംഘങ്ങൾ സ്ഥാപിച്ചു അവയുടെ ചുമതലയിൽ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുക.

18. ന്യാവിലയ്ക്കു പാറ, മെറ്റൽ, ഇഷ്ടിക, ഹോളോബ്ലോക്ക്, മണൽ തുടങ്ങിയ ഭവന നിർമ്മാണ സാമിഗ്രികൾ വിതരണം ചെയ്യാൻ കഴിയുന്നതരത്തിൽ സഹകരണാടിസ്ഥാമത്തിൽ ചെറുകിട ഫാക്ടറികൾ സ്ഥാപിക്കുക.

# സാമൂഹികക്ഷേമം

സമൂഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് ഏത് ഗവൺമെന്റിന്റേയും കടമയാണ്. അതനുസരിച്ച് നമ്മുടെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒട്ടേറെ ക്ഷേമപദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വാർദ്ധക്യകാലപെൻഷൻ, വിധവാ പെൻഷൻ, വികലാംഗപെൻഷൻ, അഗതി പെൻഷൻ, ക്ഷയരോഗപെൻഷൻ, വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട പെൻഷനുകൾ തൊഴിലില്ലായ്മാ വേതനം, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, തുടങ്ങിയവർക്കുള്ള പോഷകാഹാര പരിപാടികൾ, രോഗപ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയവയാണ് മുഖ്യമായും നിലവിലുള്ള സാമൂഹ്യക്ഷേമപദ്ധതികൾ. ഇത്തരം ക്ഷേമപദ്ധതികൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിൽ മറ്റ് പദ്ധതികൾക്കുള്ളതുപോലെ വിവേചനങ്ങളൊന്നുമില്ല. ആയതിനാൽ എല്ലാ വിഭാഗം ജനങ്ങളും ഇതിന്റെ പരിധിയിൽ വരുന്നു എന്നുള്ളതാണ് ഇത്തരം ക്ഷേമപദ്ധതികളുടെ പ്രധാന പ്രത്യേകത.

മേൽപ്പറയപ്പെട്ട വിവിധ ഇനങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ നിരവധിപേർക്ക് സഹായങ്ങൾ ലഭിക്കുന്നുണ്ട്. ഇനിയും വളരെപ്പേർക്ക് ലഭിക്കുവാൻ ഇതുവരെയും വില്ലേജ് ഓഫീസ്, റവന്യൂ ഇൻസ്പെക്ടർ ഓഫീസ്, തഹസീൽദാർ ഓഫീസ് എന്നിവിടങ്ങളിലെ പരിശോധനകൾക്കും തീരുമാനങ്ങൾക്കം വിധേയമായി ലഭിച്ചുകൊണ്ടിരുന്ന പല പെൻഷനുകളും ഇനി മുതൽ പഞ്ചായത്തുകൾ വഴി ലഭിക്കുമെന്ന പുതിയ സംവിധാനം ആശ്വാസകരമാണ്. അർഹതയുള്ള എല്ലവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും അനർഹരായ ആർക്കെങ്കിലും ഇപ്പോൾ ലഭിക്കുന്നതെങ്കിൽ അവ കുറവു ചെയ്യുന്നതിനും തുടർന്ന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തുന്നതോടുകൂടി ഈ വിഷയത്തിൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത അഞ്ച് വർഷം കൊണ്ട് കൈവരിക്കാൻ കഴിയുന്ന വികസനത്തിന്റെ രൂപരേഖ ഉണ്ടാകുന്നതാണ്. ആകയാൽ പ്രശ്നങ്ങൾ കണ്ടെത്തുന്ന ജോലിയിലേയ്ക്ക് നമുക്ക് ആദ്യമായി കടക്കാം.

*പ്രശ്നങ്ങൾ*

1. ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏഴ് അംഗൻവാടികളും അഞ്ച്



000105

ക്രഷ് സെന്ററുകളും പഞ്ചായത്തിലെ ആവശ്യങ്ങൾക്ക് മതിയാകുന്നതല്ല.

2. അംഗൻവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്.

3. കിണർ, കക്കൂസ്, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഇല്ലാത്ത അംഗൻവാടികളും ക്രഷ് സെന്ററുകളും ഉണ്ട്.

4. ഒരു അംഗൻവാടിയ്ക്കും ചുറ്റുമതിലോ കമ്പി വേലികളോ ഇല്ല.

5. അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇപ്പോൾ നൽകിവരുന്ന ഓണറേറിയം തൃപ്തികരമല്ല.

6. അംഗൻവാടികളിലെ കുട്ടികൾക്കിരിക്കാൻ ചെറിയ കസേരകളും അവർക്ക് കളിപ്പാട്ടങ്ങളും വിതരണം ചെയ്യണം.

7. അംഗൻവാടികളിൽ എത്തുന്ന ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ശിശുക്കൾ എന്നിവർക്ക് ഇപ്പോൾ നൽകിവരുന്ന പോഷകാഹാരങ്ങളുടെ അളവും ഗുണനിലവാരവും ആവുന്നത്ര ഉയർത്തണം.

8. വിവിധ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ 3 മാസത്തിനകം തീരുമാനമെടുക്കണം. അതിനു സഹായകരമായവിധത്തിൽ വി.ഇ.ഓ. മാർ അപ്പപ്പോൾ റിപ്പോർട്ട് നൽകണം.

9. വിവിധ പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തി അവരുടെ അപേക്ഷകൾ വേണ്ടവിധത്തിൽ തയ്യാറാക്കി പഞ്ചായത്തിൽ എത്തിക്കുന്ന ചുമതല ഗ്രാമസഭാകമ്മിറ്റികൾ ഏറ്റെടുകകണം.

10. സ്വയംതൊഴിൽ സംരംഭകർക്ക് അനുവദിക്കപ്പെടുന്ന ബാങ്ക് വായ്പകൾ നിസാരമായ സാങ്കേതിക തടസവാതങ്ങൾ ഉന്നയിച്ച് നിഷേധിക്കുന്ന ബാങ്ക് അധികൃതരുടെ മനോഭാവം മാറ്റണം.

11. കുടവട്ടൂർ, തുറവൂർ ക്രഷ് സെന്ററുകൾക്ക് സ്ഥലവും കെട്ടിടവും അടിയന്തിരമായി ലഭ്യമാക്കണം.

12. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.



000106

കുടവട്ടൂർ മുരളി



വെളിയത്തിന്റെ
സാംസ്കാരിക ചക്രവാളത്തിലെ
ഒരു വെള്ളിനക്ഷത്രം.

000107

000108

# സംസ്കാരം

സമുന്നതമായ സാംസ്കാരിക പാരമ്പര്യമുള്ള മഹത്തായ ഒരു രാഷ്ട്രമാണ് ഭാരതം. ഈ വിഷയത്തിൽ നമ്മോടൊപ്പം നിൽക്കാൻ ചൈനക്കല്ലാതെ മറ്റൊരു രാഷ്ട്രത്തിനും കഴിയില്ല. ലോക ജനസംഖ്യയിൽ മുമ്പിൽ നിൽക്കുന്ന ഈ രണ്ട് രാഷ്ട്രങ്ങളുടെയും സാംസ്കാരികാഭിവൃദ്ധിയ്ക്ക് കാരണങ്ങളായ പൊതു ഘടകങ്ങൾ ഒട്ടേറെയുണ്ട്. ഇപ്പോൾ അതിലേയ്ക്കു കടക്കുന്നില്ല. "യഥായഥാഹി ധർമ്മസ്യ..........." ഉപദേശിച്ച ഭഗവാൻ കൃഷ്ണനും, "മാനിഷാദ........". പാടിയ വാൽമീകിയും "ലോകമേ തറവാടു തനിക്കിച്ചെടികളും പുൽക്കളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ ത്യാഗമെന്നതേ നേട്ടം താഴ്മതാൻ അഭ്യുന്നതി യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുനാഥൻ" എന്നു വള്ളത്തോൾ വരച്ചുകാട്ടിയ മഹാത്മജിയും, അയലുതഴപ്പതിനായ് അതിപ്രയത്നം.............. എന്ന് ഉപദേശിച്ച ശ്രീനാരായണനും, "അന്തണനെ ചമച്ചുള്ളോരു കൈയല്ലോ..........." എന്നുപാടിയ കുമാരനാശാനും ഊട്ടിവളർത്തിയ സാംസ്കാരിക സമ്പത്തിന്റെ അനന്തരാവകാശികളാകാനുള്ള അർഹത നമ്മുടെ പഞ്ചായത്തിനുമുണ്ട്. സംസ്കാരത്തിന്റെ ശ്രീകോവിലിലേയ്ക്കുള്ള കോണിപ്പടിയാണു വിദ്യാഭ്യാസമെങ്കിൽ അതു ചവിട്ടി കയറാനുള്ള ഭാഗ്യം വളരെ പണ്ടുതന്നെ നമുക്കു സിദ്ധിച്ചിട്ടുള്ളതാണ്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ക്ഷേത്രങ്ങളും, പള്ളികളും, മസ്ജിദുകളും നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രതീകങ്ങളായി തലയുയർത്തി നിൽക്കുന്നു. ഉൽപ്പന്നങ്ങൾ കൊടുത്ത് ഉൽപ്പന്നങ്ങൾ വാങ്ങുന്ന ക്രയവിക്രയരീതി നിലനിന്നിരുന്ന കാലത്തുതന്നെ നമ്മുടെ നാട്ടിൽ പൊതു ചന്തകൾ ഉണ്ടായിരുന്നതായി പറഞ്ഞുകേൾക്കുന്നു. കേരളത്തിൽ വർത്തമാനപത്രങ്ങൾക്ക് പ്രചാരത്തിലായ ആദ്യനാളുകളിൽ നമ്മുടെ പഞ്ചായത്തിൽ വരിക്കാരുണ്ടായിരുന്നതായി തെളിവുകളുണ്ട്. വായനശാലകളും ഗ്രന്ഥശാലകളും ആരംഭിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ആരോഗ്യകരമായ ഒരു മത്സരം പണ്ടുമുതലേ ഉണ്ടായിരുന്നതായി കാണാം. കേരളത്തിന്റെ തനതുകലയായ കഥകളി കൊട്ടാരക്കരയിൽ ഉദയം ചെയ്തതിന്റെ തൊട്ടുപിന്നാലെ നമ്മുടെ പഞ്ചായത്തിൽ ഒരു കഥകളിയോഗം രൂപം കൊണ്ടിരുന്നതായി പറയപ്പെടുന്നു. കൊട്ടാരക്കരയിൽ അരങ്ങേറിയിരുന്ന ഏത് കഥകളിവേഷവും വളരെ താമസിയാതെ ഇവിടെ പൂങ്ങോട്ടു കുടുംബത്തിന്റെ വിശാലമായ മുറ്റത്ത് ആടിയിരുന്നതായി കേൾവിയുണ്ട്. എന്തിനേറെപ്പറയുന്നു മഹാകവി വള്ളത്തോളും ഉള്ളൂരും സരസകവി മൂലൂരും മറ്റ് സാഹിത്യനായന്മാരും സംബന്ധിച്ചചടങ്ങുകൾ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് 100 വർഷത്തെ ചരിത്രമുള്ള പഞ്ചായത്താണ് നമ്മുടേത്. അതിനുമുമ്പ് അനൗപചാരികമായിട്ടാണെങ്കിലും 'മാഘം' വരെ പഠിപ്പിച്ചിരുന്ന ഒരു സംസ്കൃതവിദ്യാലയം ഗുരുകുലമാതൃകയിൽ പ്രവർത്തിച്ചിരുന്നതായി തെളിവുകളുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെങ്കിലും വൊക്കേഷണൽ ഹയർ സെക്കന്ററി തലംവരെയായി 18 വിദ്യാലയങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്നു. വളരെ പഴക്കമുള്ള വായനശാലകളും ഗ്രന്ഥശാലകളും നമ്മുടെ സാംസ്കാരികസമ്പത്തിന്റെ പ്രതീകങ്ങളായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലകൊള്ളുന്നു. കലാകായികസമിതികൾ നിരവധിയാണ്. അടുത്തകാലത്തായി ഒരു പ്രൊഫഷണൽ നാടകവേദിയും ഉദയം



000109

ചെയ്തിട്ടുണ്ട്. ജോണും മുഹമ്മദും ശങ്കരപിള്ളയും ഒരമ്മ പെറ്റ മക്കളെപ്പോലെ ഐക്യത്തോടും സ്നേഹത്തോടും അയൽക്കാരായി കഴിയുന്ന കാഴ്ച നമ്മുടെ പഞ്ചായത്തിലെ മതസൗഹാർദ്ദത്തിന്റെ പ്രതീകമാണ്. ശിവരാത്രിയും ക്രിസ്ത്മസും റംസാനും എല്ലാവരുടേയും ഓണമാണ്. ഭിന്ന മതങ്ങളിൽപ്പെട്ട യുവതീയുവാക്കളുടെ വിവാഹങ്ങൾ അവരുടെ കുടുംബങ്ങളുടെ പൂർണ്ണസഹകരണത്തോടെ നടന്നിട്ടുള്ള നിരവധി സംഭവങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ സാക്ഷ്യപത്രങ്ങളായി നിലനിൽക്കുന്നു. വേഷത്തിലോ ഭാഷയിലോ വ്യത്യാസമില്ലാത്ത 30000 ത്തിൽപ്പരം ജനങ്ങൾ ജാതിമതഭേദമെന്യേ ഇടകലർന്നു കഴിയുന്ന നമ്മുടെ പഞ്ചായത്ത് സാംസ്കാരികരംഗത്തിന് ഒരു മാതൃകതന്നെയാണ്.

*പ്രശ്നങ്ങൾ*

1. കലാകായിക അഭ്യസനങ്ങൾക്ക് പഞ്ചായത്തിൽ പൊതു വേദികളില്ല.
2. വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും നൽകിവരുന്ന ഗ്രാന്റുകൾ അപര്യാപ്തമാണ്.
3. പഞ്ചായത്തിന്റെ ചുമതലയിൽ ഹെഡ്ക്വാർട്ടേഴ്സായ ഓടനാവട്ടത്ത് പ്രവർത്തിക്കുന്ന വായനശാലയിൽപ്പോലും നല്ല റഫറൻസ് ഗ്രന്ഥങ്ങളില്ല.
4. പഞ്ചായത്തുതല കേരളോത്സവം ഓണാഘോഷം കായികമത്സരങ്ങൾ എന്നിവ ഒരു ചടങ്ങ് എന്ന നിലയിൽ മാത്രമാണ് ഇപ്പോൾ നടക്കുന്നത്.
5. ബാലകലോത്സവ- യുവജനോത്സവ വേദികളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന പ്രതിഭകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
6. നിർധനകുടുംബങ്ങളിലെ കുട്ടികർക്ക് അവരുടെ കലാകായിക വാസനകൾ പരിപോഷിപ്പിക്കാൻ എവിടെനിന്നും ധനസഹായം ലഭിക്കുന്നില്ല.
7. വിദ്യാലയങ്ങളിൽ കലാ കായിക അഭ്യസനത്തിനു വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.
8. കായികരംഗത്തെ പെൺകുട്ടികളുടെ സാന്നിദ്ധ്യത്തെ സമൂഹം സർവ്വാത്മനാ സ്വാഗതം ചെയ്യുന്നില്ല.
9. നിർധനകുടുംബങ്ങളിലെ കായിക പ്രതിഭകൾക്ക് വേണ്ടത്ര പോഷകാഹാരം ലഭിക്കുന്നില്ല.
10. മിക്കക്ഷേത്രങ്ങളിലും ആരാധനയ്ക്ക് എത്തുന്ന ഭക്തജനങ്ങൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.
11. കായിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം മന്ദീഭവിച്ചുകൊണ്ടിരിക്കുന്നു.

*സാധ്യതകൾ*

1. പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്ന കാമ്പൗണ്ടിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.
2. പഞ്ചായത്തിന്റെ മധ്യഭാഗത്തു (പരുത്തിയറയ്ക്കും ഓടനാവട്ടത്തിനും ഇടയിൽ) ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണം.
3. പഞ്ചായത്തുവക ഗ്രന്ഥശാലയിൽ പരമാവധി റഫറൻസ് ബുക്കുകളും ശാസ്ത്രഗ്രന്ഥങ്ങളും ശേഖരിക്കണം.
4. വേണ്ടത്ര മുന്നൊരുക്കങ്ങളോടുകൂടി കേരളോത്സവം, ഓണാഘോഷം, കായികമത്സരങ്ങൾ എന്നിവ കാര്യക്ഷമമായി നടത്തണം.
5. കലാകായിക പ്രതിഭകൾക്ക് പഞ്ചായത്തിന്റെ വകയായി പാരിതോഷികങ്ങൾ നൽകുകയും അവരെ അനുമോദിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കുകയും വേണം.
6. നിർധനരായ കലാ കായിക പ്രതിഭകൾക്ക് പഞ്ചായത്തു ധനസഹായം നൽകണം.
7. വിദ്യാലയങ്ങളിൽ കലാകായിക അഭ്യസനത്തിനു പ്രത്യേക പ്രാധാന്യം നൽകണം. എല്ലാ സ്കൂളുകളിലും കലാകായിക അദ്ധ്യാപകരെ നിയമിക്കണം.



000110

8. വനിതകളായ കായികതാരങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകണം.

9. നിർധന കുടുംബങ്ങളിലെ കായികതാരങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ഗ്രാന്റ് നൽകണം.

10. എല്ലാ ക്ഷേത്രങ്ങളോടനുബന്ധിച്ചും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

11. അവശകലാകാരന്മാർക്കു നൽകി വരുന്ന പെൻഷന്റെ പരിധിയിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യണം.



000111

# വനിതാക്ഷേമം

നമ്മുടെ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന വനിതകളെ അവഗണിക്കുന്ന ഒരു വികസന സമീപനം നമ്മെ എവിടെയും എത്തിക്കില്ല. നമ്മുടെ ഉൽപ്പാദന സേവനമേഖലകളിൽ മിക്കവയിലും ഇന്ന് വനിതകൾ കടന്നുവന്നിരിക്കുകയാണ്. അധ്യപനം, ആതുരസേവനം, രാജ്യഭരണം, മറ്റ് ഔദ്യോഗികമേഖലകൾ എന്നിവയിലെല്ലാംതന്നെ വനിതകൾ മുൻനിരയിലുണ്ട്. ഫാക്ടറികളിലും കെട്ടിടനിർമ്മാണരംഗത്തും കാർഷികവൃത്തിയിലുമൊക്കെ നമ്മുടെ വനിതകൾ പുരുഷന്മാർക്കൊപ്പം തന്നെയുണ്ട്. എന്നാൽ സാർവത്രികമായി പരിശോധിച്ചാൽ ബഹുഭൂരിപക്ഷം വനിതകളും പൊതുധാരയിൽ നിന്നും ഇപ്പോഴും അകന്ന് കഴിയുന്നു എന്ന് മനസിലാകും.

നമ്മുടെ നാടിന്റെ ആസൂത്രണവികസന പ്രക്രീയയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ കുറവ് ഗുരുതരമായ ഒരു പ്രശ്നമാണ്. പഞ്ചായത്തിരാജ് നിയമത്തിലെ 33.33 ശതമാനം പ്രാതിനിധ്യം വനിതകൾക്ക് സംവരണം ചെയ്തിരിക്കുന്നു. തന്മൂലം 4000 ഓളം വനിതാ പ്രതിനിധികൾ നമ്മുടെ ത്രിതലഭരണ സംവിധാനത്തിന്റെ ഭാഗമായി കഴിഞ്ഞു. പഞ്ചായത്തീരാജ് വിഭാവനം ചെയ്യുന്ന അബലകളെ പ്രബലകളാക്കുക എന്ന ലക്ഷ്യം നേടുന്നതിൽ ഇതിനകം തന്നെ ഒരു മുന്നേറ്റം നടന്നുകഴിഞ്ഞു. എന്നാൽ സമ്പത്ത് ഉൽപ്പാദനരംഗത്തുകൂടി സ്ത്രീകളെ പങ്കെടുപ്പിക്കുന്നു എങ്കിൽ മാത്രമേ ഇനിയും ഫലപ്രദമായി ചൂഷണം ചെയ്യാൻ കഴിയാത്ത സ്ത്രീ ശക്തി നാടിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉപകരിക്കൂ.

ഇപ്പോൾ സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (ഡി.ഡബ്ല്യു.സി.ആർ.എ) ഗ്രാമവികസന വകുപ്പിലൂടെ പാവപ്പെട്ട സ്ത്രീകൾക്ക് വരുമാനവും കുട്ടികൾക്ക് ക്ഷേമവും പ്രദാനം ചെയ്യുന്ന ഒരു ക്ഷേമപരിപാടിയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ മൂന്ന് ഡി.ഡബ്ല്യു.സി.ആർ.ഐ. യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ വകുപ്പിന്റെ വനിതാ സഹായപരിപാടികളും ശ്രദ്ധേയമാണ്.

അംഗൻവാടികൾ ഇന്ന് വനിതാ ക്ഷേമത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ്. അംഗൻവാടികളിലൂടെ ശിശുക്കൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പൂരകപോഷണവും, പോഷണവിദ്യാഭ്യാസവും ആരോഗ്യവിദ്യാഭ്യാസവും ഫലപ്രദമായി നടപ്പാക്കിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഏഴ് അംഗൻവാടികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള 25 അംഗൻവാടികളും പ്രവർത്തനക്ഷമമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്തിൽ വനിതകൾ ഒട്ടും പിന്നിലല്ല. ഏറ്റവും കൂടുതൽ സംഘടിതതൊഴിൽ മേഖലയായ കശുവണ്ടി വ്യവസായം വനിതകൾ കൈയ്യടക്കിയിരിക്കുകയാണ്. കെട്ടിടനിർമ്മാണം, പൊതുമരാമത്തുപണി ഉൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു.

വിവിധമേഖലകളിലായി ധാരാളം വനിതാക്ഷേമപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ലക്ഷ്യം കൈവരിച്ചിട്ടില്ല. പലപ്രശ്നങ്ങളും പരിഹരിക്കേണ്ടതായുണ്ട്.



000112

## പ്രശ്നങ്ങൾ പരിഹാരങ്ങൾ

വികസന പ്രശ്നങ്ങൾക്ക് പ്രതിബന്ധങ്ങളായി ഭവിക്കുന്ന സ്ത്രീ സഹജങ്ങളായ ചില പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഇവിടെ പ്രതിപാദിക്കുന്നു.

| *പ്രശ്നങ്ങൾ* | *പരിഹാരങ്ങൾ* |
|---|---|
| 1. നിസ്സഹായതാബോധം | നിസ്സഹായതാബോധം സാങ്കൽപ്പികമാണ്. സ്വയാർജിതമായ ആത്മബലം ആർജിച്ചാൽ നിസ്സഹായതാബോധം ഇല്ലാതാകും. |
| 2. സാമുഹ്യനീതി നിഷേധം | നീതിനിഷേധത്തിനെതിരായ പോരാട്ടം നടക്കുകയും സംഘശക്തി ആർജിക്കുകയും വേണം. പഞ്ചായത്ത്തലത്തിൽ വനിതാ പ്രതിനിധികളെയും സാമൂഹ്യപ്രവർത്തകരായ വനിതകളേയും സന്നദ്ധപ്രവർത്തന സന്നദ്ധരായ വനിതാ വക്കീലന്മാരേയും ഉൾപ്പെടുത്തി ലീഗൽ സെൽ രൂപീകരിക്കുകയും പഞ്ചായത്ത്തലത്തിൽ കൗൺസലിംഗ് സെന്റർ സ്ഥാപിക്കുകയും വേണം. |
| 3. നിരക്ഷരത | രക്ഷകർത്താക്കൾ തന്നെ പെൺകുട്ടികളെ അവഗണിക്കുന്നത് ഒഴിവാക്കുകയും ആൺകുട്ടികൾക്കൊ തുല്യമായ വിദ്യാഭ്യാസ സൗകര്യങ്ങളും മറ്റും പെൺകുട്ടികൾക്കും ഉറപ്പാക്കുകയും വേണം. |
| 4. ആത്മബലമില്ലായ്മ | അനാചാരങ്ങളിലും അന്തവിശ്വാസങ്ങളിലും കുടുങ്ങി അടിച്ചേൽപ്പിക്കപ്പെട്ട അബലസങ്കൽപ്പം ഒഴിവാക്കി ധൈര്യം ആർജിക്കണം. |
| 5. സാമ്പത്തിക ഭദ്രതയില്ലായ്മ | വീട്ടിലെ സാമ്പത്തിക പ്രശ്നങ്ങളിൽ ഇടപെടുന്നതിനും സ്വന്തമായി വരുമാനം ഉണ്ടാക്കാൻ കഴിയുന്ന തൊഴിലുകളിൽ ഏർപ്പെടുന്നതിനും തയ്യാറാകണം. |
| 6. അസംഘടിതരായ വനിതകൾ | സ്ത്രീകൾക്ക് സംഘടനാബോധം ഉളവാക്കുകയും സംഘശക്തി പകരുകയും വേണം. മാധ്യമങ്ങളിലൂടെയും അല്ലാതെയും സംഘബോധം വളർത്തണം. |



00011

| | |
|---|---|
| 7. ചൂഷണം | ചൂഷണങ്ങളിൽ നിന്നും രക്ഷനേടാനുള്ള സാമർത്ഥ്യം ബുദ്ധിശക്തി, അറിവ് എന്നിവ വായനയിലൂടെയും സമ്പർക്കത്തി ലൂടെയും ആർജിക്കുക. |
| 8. നിരാശ | ലക്ഷ്യബോധത്തിന്റെ അഭാവവും ശുഭാപ്തി വിശ്വാസത്തിന്റെ കുറവും പരിഹരിക്കുതിന് സാമൂഹിക പരിഷ്കരണം ആവശ്യമാണ്. |
| 9. അനാരോഗ്യം | അംഗൻവാടികൾ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്തനം പണിശാലകളിലെ മലിനീകരണ നിർമ്മാർജനം എന്നിവ ഉറപ്പാക്കുക. പ്രസവാനുകൂല്യം, രോഗചികിത്സയ്ക്കുള്ള സഹായം എന്നിവ സ്ത്രീ തൊഴിലാളികൾക്ക് യഥാവിധി നൽകുക. |
| 10. നേതൃത്വപരമായ കഴിവില്ലായ്മ | സന്നദ്ധസംഘടനകളുടെ പ്രവർത്തനത്തിലൂടെയും സാമൂഹ്യക്ഷേമവകുപ്പുകളുടെ പ്രവർത്തനങ്ങളിലൂടെയും സ്ത്രീകൾക്ക് നേതൃത്വപരമായ കഴിവ് പ്രധാനം ചെയ്യുന്ന പരിപാടികൾ നടപ്പാക്കുക. സ്കൂൾതലം മുതൽ പെൺകുട്ടികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിന് ശ്രദ്ധിക്കുക. പഞ്ചായത്തീരാജ് മാതൃകയിൽ നിയമസഭകളിലും പാർലമെന്റുകളിലും വനിതകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുക. |
| 11. ആസൂത്രണത്തിൽ സ്ത്രീകളുടെ പങ്കാളിത്വക്കുറവ് | പദ്ധതി ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും സ്ത്രീകളുടെ പങ്കാളിത്വം ഉറപ്പാക്കുക. ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ജനകീയ ആസൂത്രണപ്രക്രീയയിൽ സ്ത്രീകൾക്ക് നൽകിയ പ്രാധാന്യം അഭിലഷണീയമാണ്. |

*പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ*

1. ഇപ്പോൾ തന്നെ കൊട്ടാരക്കര ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്നും അനുവദിച്ചിട്ടുള്ള 17 അംഗൻവാടികൾക്ക് വരുന്ന ഒരു വർഷത്തിനുള്ളിൽ തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സത്വര ശ്രദ്ധനൽകണം. 12 വാർഡുകളിലായി അനുവദിച്ചിട്ടുള്ള ഈ അംഗൻവാടികൾക്ക് കെട്ടിടം ഒന്നിന് 50000 രൂപാ ക്രമത്തിൽ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് സംഭാവനകളിലൂടെ ഭൂമി കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സമിതിയും വികസന സമിതിയും ശ്രദ്ധിക്കണം.

2. ഓരോ കുടുംബത്തിലെയും ഓരോ വനിതയ്ക്കെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിന് ഒരു വീട്ടിൽ ഒരു വ്യവസായം എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തും വിവിധ സർക്കാർ വകുപ്പുകളും ഒൻപതാം പദ്ധതികാലത്ത് നടപടികൾ സ്വീകരിക്കണം.

3. വനിതാക്ഷേമ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രാമീണ വനിതകൾക്ക് ബോധവത്കരണം നടത്തുന്നതിന് പഞ്ചായത്ത് ചുമതലയിൽ സെമിനാറുകളും പഠനക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണ്.

"വെള്ളത്താമര പോൽ വിശുദ്ധി വഴിയും സ്ത്രീ ചിത്തമേ ജീവിതം
പൊള്ളുമ്പോൾ അമൃതം തളിച്ച് തടവും തൽസാന്ത്വനസ്വപ്നമേ
മുള്ളേറ്റുള്ളമലിഞ്ഞ് രക്തമൊഴുകുമ്പോഴും പുമാനുന്മദ
ത്തള്ളിച്ചയ്ക്ക് തുണച്ചിടും സഹനതാസങ്കേതമേ വെൽക നീ !"

# സഹകരണം

നമ്മുടെ സഹകരണമേഖല സാമ്പത്തികം വ്യവസായം, കൃഷി, ഹരിജനക്ഷേമം, വനിതാക്ഷേമം, വിദ്യാഭ്യാസം, കൈത്തറി, ഭവനനിർമ്മാണം, തൊഴിൽ എന്നീ മേഖലകളിൽ വലിയ പ്രതീക്ഷ നൽകി പ്രവർത്തിച്ചുവരുന്നു. ഒരു പൊതുമേഖലയുടെ കെടുകാര്യസ്ഥതയിലും സ്വകാര്യമേഖലയുടെ ചൂഷണത്തിലും പെട്ട് ഉഴലുന്ന ജനത്തിന് അത്താണിയായി ഒരു പുത്തൻ സാമ്പത്തിക വിനിയോഗക്രമം സഹകരണമേഖലയ്ക്ക് കൈവരിയ്ക്കാൻ കഴിഞ്ഞു. 1904 ൽ നിയമംമൂലം സഹകരണപ്രസ്ഥാനം ഇന്ത്യയിൽ ആരംഭിച്ചെങ്കിലും 1955 മുതലാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണസ്ഥാപനം പ്രവർത്തിച്ചുതുടങ്ങിയത്. വാപ്പാല, കുടവട്ടൂർ, കട്ടയിൽ, വെളിയം പടി. കര, പരുത്തിയറ, ഓടനാവട്ടം എന്നിവടങ്ങളിൽ കൈത്തറിമേഖലയിൽ സഹകരണപ്രസ്ഥാനം പ്രവർത്തിച്ചു തുടങ്ങി.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന കാർഷിക വികസനരംഗത്തെ സഹകരണസ്ഥാപനങ്ങളുടെആവിർഭാവത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ വെളിയം റീജിയണൽസർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്ന സ്ഥാപനം 1957 ൽ പ്രവർത്തനംതുടങ്ങി. തുടർന്ന് വ്യവസായ വ്യാപാരരംഗത്ത് സഹകരണമേഖലയുടെ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിൽ പ്രവർത്തിച്ചുവന്നിരുന്ന പല സഹകരണസ്ഥാപനങ്ങളും പിൽക്കാലത്ത് പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. നിലവിൽ 12 സഹകരണസ്ഥാപനങ്ങൾ ഉള്ളതിൽ ക്ഷീരക്രഡിറ്റ് സംഘങ്ങളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റെ പരുത്തിയറ ശ്രീ. ആർ. കാർത്തികേയൻ ആയിരുന്നു. കാർഷിക വായ്പാ വിതരണമായിരുന്നു മുഖ്യപ്രവർത്തനം. പഞ്ചായത്തിലെ 6 റേഷൻകടകൾ സംഘത്തിന്റെ ചുമതലയിൽ നടത്തിയിരുന്നു. ഏതാനും വർഷങ്ങൾക്കകം വായ്പാ പ്രവർത്തനം മുടങ്ങുകയും മറ്റ് പ്രവർത്തനങ്ങൾ സ്തംഭനത്തിൽ ആവുകയും ചെയതു. 1982 ൽ ഓടനാവട്ടം കേന്ദ്രമാക്കി ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ച് നല്ലരീതിയിൽ നടത്തിവരുന്ന ഈ സ്ഥാപനത്തിന് ഓടനാവട്ടത്തും പരുത്തിയറയിലും കെട്ടിടങ്ങൾ സ്വന്തമായിട്ടുണ്ട്. വിവിധയിനം വായ്പകൾ, സ്വർണ്ണപ്പണയം, ചിട്ടികൾ എന്നിവ ബാങ്കിന്റെ ചുമതലയിൽ നടന്നുവരുന്നു. ലഭ്യമായ സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് 10406 അംഗങ്ങളും 713490 രൂപ ഓഹരി മൂലധനവും 8988180 രൂപ നിക്ഷേപവും ഉണ്ട്. ജില്ലാസഹകരണബാങ്കിൽ നിന്നും 560927 രൂപ വായ്പ എടുത്തിട്ടുണ്ട്. വിവിധയിനം വായ്പയായി 8076158 രൂപ നൽകിയിട്ടുണ്ട്. നൽകിയ വായ്പയിൽ 1588275 രൂപ കാലാവധികഴിഞ്ഞിട്ടും പിരിഞ്ഞുകിട്ടാനുള്ള തുകയാണ്.

### *പ്രശ്നങ്ങൾ*

1. കാർഷികേതരമില്ല.
2. പഞ്ചായത്തിന്റെ മുഴുവൻ മേഖലയിലുള്ള ആളുകൾക്ക് ദൈനംദിന ഇടപാടിൽ ബന്ധപ്പെടുവാൻ ബുദ്ധിമുട്ടുണ്ട്.
3. കർഷകർക്ക് സൗകര്യപ്രദമായി വളം ഡിപ്പോകൾ പ്രവർത്തിക്കുന്നില്ല.
4. സാധ്യതയ്ക്ക് അനുസരിച്ച് സഹകരണബാങ്കിംഗ് അഭിവൃദ്ധിപ്പെടുത്താനും ഉപയോഗിക്കാനുമുള്ള വിമുഖത

5. യഥാർത്ഥസമയം വായ്പകൾ തിരിച്ചടയ്ക്കുന്ന പ്രവണതയില്ല.

6. സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ ഉയർത്തുന്ന വെല്ലുവിളി

*സാധ്യതകൾ*

1. പച്ചതൊണ്ട് സംസ്കരണവ്യവസായ സഹകരണസംഘം

2. റബ്ബർ വ്യവസായ സംസ്കരണ വ്യവസായ സഹകരണസംഘം

3. ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്ന സഹകരണ ആശുപത്രി

4. കരിങ്കൽ തൊഴിലാളി സഹകരണസംഘം

5. വനിതാ സഹകരണസംഘം

6. സാധാരണക്കാരന് കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നതിന് സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

7. ഫാർമേഴ്സ് സഹകരണസംഘങ്ങൾ പ്രവർത്തിപ്പിക്കേണ്ടതാണ്.

*തൊഴിൽ സഹകരണസംഘങ്ങൾ*

1. വെളിയം ഹരിജൻ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ ക്യു. 65, വെളിയം പി.ഒ.

1959 ൽ ആരംഭിച്ചു. 8954 അംഗങ്ങളുണ്ട്. പഞ്ചായത്തതിർത്തിയാണ് പ്രവർത്തന പരിധി. ഓഹരി മൂലധനം 30500 രൂപയാണ് പിരിഞ്ഞ് കിട്ടിയത് 20500, സർക്കാർ ഓഹരി 10000. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. സംഘം വകായായുള്ള ടാക്ടർ പ്രവർത്തന രഹിതമാണ്. സർക്കാരി നിന്നും കിട്ടുന്ന ഗ്രാന്റുകൾ സംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ വായ്പയായി നൽകുന്നതാണ്. പ്രധാന പ്രവർത്തനം 97000 രൂപ വായ്പ കൊടുത്തതിൽ 96300 രൂപ കുടിശികയുണ്ട്.

*പ്രശ്നങ്ങൾ*

1. വായ്പത്തുക യഥാസമയം പിരിഞ്ഞുകിട്ടാത്തതുകൊണ്ട് പ്രവർത്തനം തുടർന്നു നടക്കുന്നില്ല.

2. വായ്പ തിരിച്ചടപ്പിക്കുന്നതിൽ സംഘം ഊർജിത പ്രവർത്തനം നടത്തുന്നില്ല.

കൊട്ടാരക്കര ബ്ലോക്ക് ഖാദി വ്യവസായ സഹകരണസംഘം (വ്യവസായത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്)

കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം

1955 ലാണ് പഞ്ചായത്തിൽ കൈത്തറി നെയ്ത്ത് വ്യവസായസഹകരണസംഘങ്ങൾ ആരംഭിച്ചത്. വെളിയം പടി. കരയിൽ രണ്ടും കട്ടയിൽ, കുടവട്ടൂർ ഇവിടങ്ങളിൽ ഓരോന്നു വീതവും കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നു. അതിൽ രണ്ടെണ്ണം (വെൽടെക്സ്, വെൽക്കോസ്) ഫാക്ടറി ടൈപ്പാണ്. 450 പേർക്ക് തൊഴിൽ ലഭിച്ചിരുന്ന സംഘങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. എല്ലാ കൈത്തറിസംഘങ്ങളുടേയും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. 250 പേർക്ക് മാത്രമേ ഈ സംഘങ്ങളിൽ തൊഴിൽ അവസരം ലഭിക്കുന്നുള്ളൂ. സർക്കാർ പ്രഖ്യാപിക്കുന്ന റിബേറ്റ് കഴിച്ചാണ് തുണി വിൽക്കുന്നത്. കഴിഞ്ഞ 4 വർഷമായി സർക്കാരിൽ നിന്നും ലഭിക്കേണ്ട റിബേറ്റ് തുക കുടിശ്ശികയാണ്. അതുമൂലം സംഘങ്ങൾക്ക് പ്രവർത്തനമൂലധനമില്ല.

നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

കൈത്തറി *തൊഴിലാളികളുടെ കൂലി നിരക്ക്*

മറ്റു മേഖലകളെ അപേക്ഷിച്ച് വളരെക്കുവാണ്. നവീന തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള പരിശീലനം സിദ്ധിച്ച തൊഴിലാളികളില്ല. മിതമായ വിലയ്ക്ക് നൂൽ ലഭിക്കുന്നില്ല.

പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ

1. നഷ്ടപരിഹാരത്തിന് ഗ്രാന്റ് നൽകുക
2. റിബേറ്റ് കുടിശ്ശിക നൽകുക
3. കുറഞ്ഞ വിലയ്ക്ക് നൂൽ നൽകുക

4. ഡൈയിംഗിലും ഡിസൈനിംഗിലും പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക.

ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 1989 മുതൽ 5 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു. പ്രതിദിനം ശരാശരി 1992 ലിറ്റർ പാൽ സംഘങ്ങൾ മൊത്തത്തിൽ ശേഖരിക്കുകയും അതിൽ 670 ലിറ്റർ പാൽ ഇവിടെ തന്നെ വിൽക്കുകയും, ശേഷിക്കുന്ന 1322 ലിറ്റർ പാൽ പുറത്തേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ 5 ശതമാനം കുടുംബങ്ങൾ മാത്രമേ പാൽ ഉൽപ്പാദനം ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ളൂ. ക്ഷീരോൽപ്പാദനരംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ക്ഷീരവ്യവസായം ലാഭകരമാക്കി കൂടുതൽ ആളുകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാവുന്നതാണ്.

***പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ***

1. കാലിത്തീറ്റയുടെ അമിതമായ വില
2. സങ്കരവർഗ്ഗത്തിലുള്ള നല്ല ഇനം കന്നുകുട്ടികളെ ആവശ്യാനുസരണം ലഭിക്കുന്നില്ല.
3. ചികിത്സാ സംവിധാനത്തിന്റെ അപര്യാപ്തത
4. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങളുടെ പരിമിതി
5. ആവശ്യാനുസരണം വായ്പ ലഭിക്കുന്നില്ല.
6. ക്ഷീരോൽപ്പാദകർക്ക് അർഹമായ വില ലഭിക്കുന്നില്ല.

ഡയറി, മൃഗസംരക്ഷണം, കൃഷി, സഹകരണം എന്നീ വകുപ്പുകളുടെകൂട്ടായ പ്രവർത്തനം കൊണ്ട് ക്ഷീരോൽപ്പാദനം വർദ്ധിപ്പിച്ചും ക്ഷീരകർഷകർക്ക് വേണ്ടി കഴിയുന്ന ക്ഷേമപ്രവർത്തനങ്ങൾ നടത്തുവാൻ സംഘം ഭരണസമിതികൾ ആത്മാർത്ഥമായ പരിശ്രമിച്ചാൽ ഈ രംഗം കൂടുതൽ കുടുംബങ്ങളുടെ ജീവനോപാധിയായി മാറ്റുവാൻ കഴിയുന്നതാണ്.




സഹകരണം

സർവ്വീസ് സഹകരണബാങ്കിന്റെ പുതിയ കെട്ടിടം

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

## പട്ടികജാതി വികസനം

നമ്മുടെ പുരാതന സംസ്കാരത്തിന്റെ പേരുദോഷം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ചാതുർവർണ്ണ്യ വ്യവസ്ഥിതിയിലൂടെ സൃഷ്ടിക്കപ്പെട്ട സാമൂഹ്യ ഉച്ചനീചത്വത്തിന്റെ വേലിക്കെട്ടിലകപ്പെട്ടുപോയ നിന്ദിതരും പീഡിതരുമായ ഒരു സമൂഹത്തിന്റെ ഉയർത്തെഴുനേൽപ്പ് തുടങ്ങികഴിഞ്ഞു. പട്ടികജാതി സമൂഹം അടിച്ചമർത്തപ്പെട്ടിരുന്ന കറുത്തനൂറ്റാണ്ടുകൾ സ്മരണകൾക്ക് പിറകിൽ ആക്കിക്കൊണ്ട് മണ്ണിനെ പൊന്നാക്കി മാറ്റിയ, ചോരയും നീരും വിയർപ്പൊഴുക്കി ഈ പ്രദേശത്തിന്റെ സാമൂഹ്യമാറ്റത്തിന്റെ പോരാട്ടത്തിൽ അണിയറയിൽ മാത്രം ഒതുങ്ങേണ്ടി വന്നിരുന്ന മണ്ണിന്റെ മക്കളാണ് പട്ടികജാതിക്കാർ.

സാമൂഹ്യസ്ഥിതി സമത്വം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞുപോയ 8 പഞ്ചവത്സരപദ്ധതികളും വളരെ പ്രാധാന്യം നൽകിയിരുന്നു. സാമൂഹ്യമാറ്റത്തിലൂടെ മാത്രമേ പ്രശ്നപരിഹാരം ഉണ്ടാകൂ എന്ന് നമ്മുടെ സാംസ്കാരിക രാഷ്ട്രീയ ആചാര്യന്മാർ ഉറച്ചുവിശ്വസിച്ചിരുന്നു. സാമുദായിക സംവരണം അത്തരത്തിലുള്ള പ്രധാനപ്പെട്ട ഒരു നടപടിയായിരുന്നു.

രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ എന്നും അണിയറയിൽ മാത്രം ഒതുങ്ങി സ്തുത്യർഹമായ സേവനങ്ങളിൽ വിശ്വസ്തതയോടെ പങ്കുചേർന്നിരുന്ന ഈ സമൂഹം ഇന്ന് നമ്മുടെ മുഖ്യധാരയിൽ നേതൃനിരയിൽ ജ്വലിച്ചുനിൽക്കുന്ന കാഴ്ച അഭിമാനകരമാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് ജന്മം നൽകിയ ഡോ. അംബേദ്കറും കേരളത്തിന്റെ നവോത്ഥാനത്തിന് പുതിയമാനങ്ങൾ നൽകാൻ കഴിഞ്ഞ അയ്യങ്കാളിയും നമ്മുടെ ബഹു. ഉപരാഷ്ട്രപതിയും നയതന്ത്രവിദഗ്ദ്ധനുമായ കെ.ആർ. നാരായണനുമൊക്കെ അവരിൽ ചിലരുമാത്രം.

അടിസ്ഥാനവർഗ്ഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് അയിത്തത്തിനും സാമൂഹ്യ അടിച്ചമർത്തലിനും എതിരായ പോരാട്ടത്തിന് നേതൃത്വം കൊടുത്തുകൊണ്ട് പിന്നോക്ക സമുദായത്തിലെ വനിതകൾക്ക് മാറ് മറക്കുന്നതിനും മുട്ടു മറയ്ക്കുന്നതിനും കല്ലുമാല ഉപേക്ഷിക്കുന്നതിനും കളമൊരുക്കിയ കേരളനവോത്ഥാന പോരാട്ടത്തിന് ചുക്കാൻ പിടിക്കാൻ കഴിഞ്ഞ സാമൂഹ്യവിപ്ലവകാരി ശ്രീ. അയ്യങ്കാളിയ്ക്ക് ശക്തിയും ഊർജ്ജവും പകർന്ന ഒരു തലമുറ വെളിയത്തുണ്ടായിരുന്നു. എന്നാൽ അതിന്റെ പിൻമുറക്കാർ ഇന്ന് നിരാശയിലും നിഷ്ക്രിയത്വത്തിലും അല്ലേ.

വളരെ വൈകിയാണെങ്കിലും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയ പഞ്ചായത്തീരാജ് നിയമം പട്ടികജാതി സമൂഹത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവരണം സാമൂഹ്യമാറ്റത്തിന്റെ സ്ഥിതി സമത്വത്തിലേയ്ക്കുള്ള പ്രയാണത്തിലെ അതിനിർണ്ണായകമായ നാഴികകല്ലാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പൊതുവേ പട്ടികജാതിക്കാർ മറ്റുള്ളവരോടൊപ്പം സഹകരിക്കുകയും മറ്റും ചെയ്യുന്നു. ജാതിപ്പേര് പറഞ്ഞ് ആക്ഷേപിക്കാറില്ല. എന്നാൽ പട്ടികജാതി കോളനികൾ പലപ്പോഴും അക്രമത്തിന് ഇരയാകുന്നു. ഒറ്റപ്പെട്ട അക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അവർക്ക് നീതി നിഷേധിക്കപ്പെടുന്നതായും പരാതിയുണ്ട്.

വെളിയം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 29056 ആണ്. അതിൽ 4483 പേർ പട്ടികജാതിക്കാരാണ്. ഏകദേശം 15.42 ശതമാനം പേരും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കണക്ക് പരിശോധിച്ചാൽ പഞ്ചായത്തിന്റെ ആകെയുള്ള



000119

3144 കുടുംബങ്ങളിൽ 600 ഓളം കുടുംബങ്ങൾ പട്ടാകജാതിക്കാരാണ്. ആകെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 19.08 ശതമാനം പട്ടികജാതിക്കാരാണ്. പട്ടികവർഗ കുടുംബങ്ങളൊന്നും തന്നെയില്ല.

*പട്ടികജാതി വികസനപ്രവർത്തനങ്ങൾ*

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെ പരിരക്ഷയ്ക്ക് കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും പ്രാധാന്യം നൽകി ബഹുമുഖവികസന പരിപാടികൾ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രധാനമായും

1. വിദ്യാഭ്യാസപരിപാടികൾ
2. സാമ്പത്തിക വികസന പരിപാടികൾ
3. സാമൂഹിക ഉന്നമന പരിപാടികൾ

എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1994 ൽ നിലവിൽ വന്ന ത്രിതലപഞ്ചായത്ത് സംവിധാനത്തിൻപ്രകാരം വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*1. ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ*

എ. ഓലമേയുന്നതിനുള്ള ധനസഹായം.

ഓലമേഞ്ഞ വീടുകളുടെ മേൽക്കൂര കെട്ടിമേയുന്നതിന് ഒരു വീടിന് 500 രൂപാ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ബി. ഓടുമേയാനുള്ള ധനസഹായം.

മേൽക്കൂരബലപ്പെടുത്തി വീട് ഓട് മേയുന്നതിന് 3000 രൂപ ധനസഹായമായി നൽകിവരുന്നു. 8000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാം.

സി. വിവാഹധനസഹായം

നിർധനരായ പട്ടികജാതി രക്ഷകർത്താക്കൾക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ 2000 രൂപ ധനസഹായമായി നൽകുന്നു. 8000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാം.

*ഡി. ചികിത്സാ ധനസഹായം*

ഏറ്റവും നിർധനരായ പട്ടികജാതിക്കാർക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാലചികിത്സയ്ക്കായി ഒരു വ്യക്തിയ്ക്ക് 100 രൂപാ ധനസഹായമായി നൽകുന്നു. 8000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ഇ. എഴുത്തുപരിക്ഷ ഇന്റർവ്യൂവിന് ഹാജരാകാൻ ധനസഹായം

കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ, എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേയ്ക്ക് എഴുത്തുപരിക്ഷ ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലം വരെ പോയി മടങ്ങിവരുവാൻ യാത്രാബത്ത നൽകിവരുന്നു. ഫാസ്റ്റ് പാസഞ്ചർ, റെയിൽവേ രണ്ടാംക്ലാസ് നിരക്കുകളാണ് നൽകുന്നുത്.

*എഫ്. നഴ്സറി സ്കൂളുകൾ*

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളിൽ ഒരു കുട്ടിയ്ക്ക് അഞ്ച് രൂപാവീതം പ്രതിദിനം ഭക്ഷണചെലവിനായും 200 രൂപ രണ്ട് ജോഡി വസ്ത്രങ്ങൾക്കും നൽകിവരുന്നു. ആധുനികരീതിയിലിള്ള എൽ.കെ.ജി, യു.കെ.ജി വിദ്യാഭ്യാസവും നൽകിവരുന്നു.

*ജി. പ്രൈവറ്റ് നഴ്സറി സ്കൂളുകൾ*

മെച്ചപ്പെട്ട അധ്യയന നിലാവരം ഉള്ള പ്രൈവറ്റ് നഴ്സറി സ്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് എൽ.കെ.ജി, യുകെ.ജി. സംവിധാനത്തിൽ പഠിപ്പിക്കുന്നതിന്

ഒരു വർഷം 2200 രൂപയിൽ (ഒരു കുട്ടിയ്ക്ക്) അധികരിക്കാതെ ചെലവ് സർക്കാർ വഹിക്കുന്നു. അഡ്മിഷൻ 12000 രൂപ വാർഷികവരുമാന പരിധിയിൽപ്പെടുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്ക് മാത്രമാണ്.

**2. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**1. സംയോജിത ഭവനനിർമ്മാണധനസഹായം**

എ. ഭവനനിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമായി 15000 രൂപ ധനസഹായം നൽകുന്നു.

ബി. പട്ടികജാതിയിപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടർ, നായാടി, കരിമ്പാലൻ, മാവിലൻ തുടങ്ങിയ ജാതിയിൽപ്പെട്ടവർക്കായി 1995 '96 മുതൽക്ക് പ്രത്യേകഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ധനസഹായ തുക 15000 രൂപ.

മേൽവ്യക്തമാക്കിയ രണ്ട് പദ്ധതികൾക്കും വരുമാനപരിധി 8000 രൂപയാണ്.

**2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി**

എ. സ്വന്തമായി വീടും സ്ഥലവുമില്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങി വീടു വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭൂമി വാങ്ങുന്നതിന് 10000 രൂപയും ഭവനനിർമ്മാണത്തിന് 15000 രൂപയും ഉൾപ്പെടെ ആകെ 25000 രൂപ ധനസഹായമായി നൽകുന്നു. ധനസഹായതുക ഉപയോഗിച്ച് മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിയും, ഗ്രാമപ്രദേശങ്ങളിൽ 4 സെന്റ് ഭൂമിയും വാങ്ങിയിരിക്കണം. വരുമാന പരിധി 8000 രൂപയിൽ അധികരിക്കരുത്.

ബി. പട്ടികജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, മാവിലൻ, കരിംപാലൻ തുടങ്ങിയ ജാതിക്കാർക്കായിട്ട് 95 96 മുതൽ പ്രത്യേക പദ്ധതിയും നടപ്പഅലാക്കി വരുന്നു. ഭൂമിവാങ്ങുന്നതിന് 15000 രൂപയും ഭവനനിർമ്മാണത്തിന് 15000 രൂപയും ഉൾപ്പെടെ 30000 രൂപ ധനസഹായമായി നൽകുന്നു. ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന നിയമങ്ങൾ ഈ പദ്ധതിയ്ക്കും ബാധകമാണ്.

**3. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം**

പട്ടികജാതിക്കാരുടെ വീട് വൈദ്യുതീകരിക്കുന്നതിന് 400 രൂപ, കക്കൂസ് നിർമ്മാണത്തിന് 1000 രൂപ, കുളിമുറി നിർമ്മാണത്തിന് 8000 രൂപ, അഴുക്ക്ചാലുകളുടെ നിർമ്മാണത്തിന് 300 രൂപ, പൈപ്പിടുന്നതിന് 500 രൂപ, വെള്ളം കെട്ടുന്ന പ്രദേശങ്ങളിൽ വീടുകളുടെ അടിത്തറ കെട്ടുറപ്പുള്ളതാക്കുന്നതിന്റെ സാങ്കേതിക വിദഗ്ദ്ധന്റെ അഭിപ്രായപ്രകാരമുള്ള തുക എന്നിവ ധനസഹായമായി നൽകുന്നു. വരുമാനപരിധി 800 രൂപയിൽ അധികരിക്കരുത്.

**4. തീവ്രസങ്കേത വികസനപദ്ധതി (ഐ.എച്ച്.ഡി.പി.)**

പട്ടികജാതി സങ്കേതങ്ങളിൽ വികസനപ്രവർത്തനങ്ങളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമല്ലാത്തവരുടെ സർവ്വതോന്മുഖമായ വികസനത്തിനായി സംസ്ഥാനസർക്കാർ തീവ്രസങ്കേത വികസന പിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗതം, ശുദ്ധജലം, വൈദ്യുതി, ആരോഗ്യസംരക്ഷണം, കൃഷി വികസനം, ഭവനനിർമ്മാണം, സാമ്പത്തികോന്നമന പരിപാടികൾ മുതലായ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കി പട്ടികജാതി സങ്കേതങ്ങളുടെ സമ്പൂർണ്ണ വികസനം കൈവരിക്കുകയാണ് ലക്ഷ്യം. പ്രത്യേകഘടകപദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി, ജവഹർ റോസ്ഗാർ യോജന എന്നിവയിൽ നിന്നുള്ള വിഹിതം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയനുസരിച്ച് പട്ടികജാതി അധിവാസകേന്ദ്രങ്ങൾ

തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.

1. സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ

2. കുടിവെള്ളം, വെളിച്ചം, വീട് എന്നിവ എല്ലാമോ ഏതെങ്കിലുമോ ഇല്ലാത്തഅധിവാസകേന്ദ്രങ്ങൾ

3. സങ്കേതങ്ങളിലേയ്ക്ക് സഞ്ചാരയോഗ്യമായ പാത ഉണ്ടായിരിക്കണം.

4. പ്രത്യേക കോളനൈസേഷൻ പരിപാടികൾ നടപ്പിലാക്കിയിട്ടുള്ള വലിയ കോളനികൾ ഒഴിവാക്കും.

5. ഇതുവരെ യാതൊരി വികസന പരിപാടികളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്ത പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങൾക്ക് മുൻഗണന നൽകും.

6. തെരഞ്ഞെടുക്കപ്പെടുനന സങ്കേതങ്ങളിൽ കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം.

7. പട്ടികജാതി ജനസംഖ്യ കൂടുതലായുള്ള പഞ്ചായത്ത് വാർഡ് എന്നിവയ്ക്ക് മുൻഗണന നൽകും.

### 3. ജില്ലാ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. മെച്ചപ്പെട്ട വിദ്യാഭ്യാസരീതി

മെച്ചപ്പെട്ട അധ്യയന നിലവാരമുള്ള സ്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട 50 ൽപ്പരം വിദ്യാർത്ഥികൾക്ക് 5-ാം സ്റ്റാൻഡേർഡ് മുതൽ 12-ാം സ്റ്റാൻഡേർഡ് വരെ സ്കൂളുകളിലെ എല്ലാ ചെലവും വഹിച്ച് സംസ്ഥാന ത്തൊട്ടാകെയായി നടപ്പിലാക്കിവരുന്നു. 4. താലൂക്ക് പട്ടികജാതി വികസന ആഫീസുകകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

*1. പ്രീമെട്രിക് വിദ്യാഭ്യാസം*

പ്രീമെട്രിക് വിദ്യാഭ്യാസം (1 മുതൽ 10 ക്ലാസുകൾ വരെ) നടത്തുന്ന പട്ടികജാതി മറ്റർഹ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികൾ

5. പ്രീമെട്രിക് ഹോസ്റ്റലുകൾ

സ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി താമസിച്ച് പഠിക്കുന്നതിനുവേണ്ടി ഹാസ്റ്റലുകൾ നടത്തി വരുന്നു. ഒരു കുട്ടിയ്ക്ക് പ്രതിമാസം 300 രൂപ. ആഹാരച്ചെലവിന് 35 രൂപ പോക്കറ്റ്മണിയായും നൽകിവരുന്നു. വർഷത്തിൽ രണ്ട് ജോഡി വസ്ത്രം വാങ്ങി നൽകുന്നു.

| ലംപ്സം ഗ്രാന്റ് വിവരങ്ങൾ | |
|---|---|
| നഴ്സറി സ്കൂളുകൾ | 50 രൂപ |
| I to II Std. | 70 |
| Std. IV | 75 |
| Std. V | 110 |
| Std. VI to VII | 125 |
| VIII to X | 175 |

മേൽത്തരത്തിലുള്ള തുക സ്കൂൾ വർഷാരംഭത്തിൽ തന്നെ ബന്ധപ്പെട്ട സ്കൂൾ മുഖേന നൽകുന്നു. കൂടാതെ വേടർ, നായാടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതിമാസ സ്റ്റൈഫന്റും നൽകിവരുന്നു.

| സ്റ്റൈഫെന്റ് നിരക്ക് | | | |
|---|---|---|---|
| I | to | IV | Rs. 25 |
| V | to | VII | Rs. 30 |
| VIII | to | X | Rs. 35 |

ട്യൂഷൻ സമ്പ്രദായം

പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ഇംഗ്ലീഷ്, കണക്ക്, ഹിന്ദി എന്നീ വിഷയങ്ങളിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനായി ട്യൂഷൻ നൽകി വരുന്നു. 8 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന

കുട്ടികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുക. 3.എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷയിൽ തോറ്റ പട്ടികജാതിവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിനുള്ള ധനസഹായം

എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷയിൽ പരാജിതരായ 30 ശതമാനം മാർക്കെങ്കിലും വാങ്ങിയ പട്ടിക ജാതിവിദ്യാർത്ഥികൾക്ക് ടൂട്ടോറിയൽ കോളേജുകളിൽ ചേർന്ന് പഠിച്ച് പരീക്ഷ എഴുതി വിജയിക്കുന്നതിന് എസ്.എസ്.എൽ.സി. യ്ക്ക് 400 രൂപാ ക്രമത്തിലും പ്രീഡിഗ്രിയ്ക്ക് അവർ എഴുതുന്ന വിഷയങ്ങൾ കണക്കിലെടുത്തും ധനസഹായം നൽകുന്നു.

*4. മിശ്ര വിവാഹധനസഹായം*

മിശ്രവിവാഹം ചെയ്തതുമൂലം കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 2000 രൂപ ധനസഹായമായി നൽകുന്നു. ദമ്പതിമാരിൽ ഒരാൾ പട്ടികജാതി വിഭാഗതതിൽപ്പെടുന്ന ആളായിരിക്കണം. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. വരുമനാപരിധി 8000 രൂപയിൽ കവിയരുത്.

5. ജില്ലാ പട്ടികജാതി വികസനആഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

എ. പട്ടികജാതിവിഭാഗം അല്ലെങ്കിൽ മറ്റർഹ സമുദായം കോളേജ് തലത്തിലും ഉപരിപഠനവുമായി ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് 140 രൂപ മുതൽ 1100 രൂപ വരെ ലംപ്സെന്റ്ഗ്രാന്റും 175 രൂപ മുതൽ 250 രൂപ വരെ നിരക്കിൽ പ്രതിമാസ സ്റ്റൈഫന്റും ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. ബി. പിന്നോക്ക അല്ലെങ്കിൽ മുന്നോക്ക വിഭാഗം.

പട്ടിജാതിക്കാരല്ലാത്ത പിന്നോക്ക മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് തലത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു.

*2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ*

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (കോളേജ്തലം) വേണ്ടി ഹോസ്റ്റലുകൾ നടത്തിവരുന്നു. ഭക്ഷണച്ചെലവിനായി വിദ്യാർത്ഥികൾക്ക് ഒരു മാസത്തേക്ക് രൂപ 400 ഉം പോക്കറ്റ് മണിയായി രൂപ 50 പ്രതിമാസം നൽകിവരുന്നു.

3. പ്രോത്സാഹന സമ്മാനം

എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി പ്രൊഫ. കോഴ്സുകൾ എന്നിവയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് രൂപ 500 മുതൽ രൂപ 1500 വരെ ക്രമത്തിൽ പ്രോത്സാഹനസമ്മാനം നൽകി വരുന്നു.

4. ബുക്ക് ബാങ്ക് പദ്ധതി

സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ്, വെറ്ററിനറി, അഗ്രിക്കൾച്ചർ, പോളി ടെക്നിക്ക് എന്നീ കോഴ്സുകൾക്കായി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു സെറ്റ് പുസ്തകം വാങ്ങുന്നതിന് രൂപ 2400 മുതൽ രൂപ 7500 വരെയും, അലമാര വാങ്ങുന്നതിന് രൂപ 2000 ഉം ബന്ധപ്പെട്ട മേധാവികളുടെ അവശ്യപ്രകാരം അനുവദിച്ചുവരുന്നു.

5. പലിശരഹിത വ്യവസായ വായ്പ

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി രൂപ 15000 വരെ പലിശ രഹിത വായ്പയായി നൽകി വരുന്നു.

6. പലിശ രഹിത ഭവനനിർമ്മാണ വായ്പ

പലിശയില്ലാത്ത ഈ വായ്പ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു.

| | |
|---|---|
| രൂപ 4000 ഉം അതിനുതാഴെയും | രൂപ 7500 വായ്പ |
| രൂപ 4001 മുതൽ തുക 6000 | രൂപ 10000 വായ്പ |
| തുക 6000 മുതൽ തുക 10000 | രൂപ 15000 വായ്പ |

6. പട്ടികജാതി വികസന ഡയറക്ടർ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന പദ്ധതികൾ

*1. പരിശീലനപദ്ധതി*

വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഏറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പട്ടിജാതിയിൽ ഉദ്യോഗാർത്ഥികൾക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബി.എസ്.ആർ.ബി, പി.എസ്.സി.,യു.പി.എസ്.സി മുതലായവ നടത്തുന്ന മത്സരപരീക്ഷകൾ എഴുതി വിജയിക്കുന്നതിനുവേണ്ട ഹൃസ്വകാല പരിശീലനം നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

കൂടാതെ ഇവരെ ഐ.എ.എസ്., സെൻട്രൽ സർവ്വീസ് തുടങ്ങിയ പരീക്ഷകൾ എഴുതി ജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി ഒരു സിവിൽസർവ്വീസ് പരീക്ഷപരിശീലനകേന്ദ്രം തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

മേൽവ്യക്തമാക്കിയ രണ്ട് പരിശീലന പരിപാടികൾക്കും പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കും പ്രതിമാസ സ്റ്റൈഫന്റും താമസസൗകര്യവും നൽകുന്നുണ്ട്.

*2. ഭാരതദർശൻ അല്ലെങ്കിൽ ദക്ഷിണേന്ത്യൻ പഠനപരിപാടികൾ*

രാജ്യത്തിന്റെ വിവിധ മേഖലകളിലെ വികസനപ്രവർത്തനങ്ങളെപ്പറ്റി പട്ടികജാതി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന്, കോളേജ്തലത്തിൽ ആൺകുട്ടികൾക്കായി ഭാരതദർശൻ എന്ന പരിപാടിയും പെൺകുട്ടികൾക്ക് ദക്ഷിണേന്ത്യൻ പര്യടന പരിപാടിയും നടത്തിവരുന്നു. ഇതിലേയ്ക്ക് ആവശ്യമായ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

*3. മോഡൽ റസിഡൻഷ്യൽ സ്കൂൾ*

സമർത്ഥരായ പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായി പബ്ലിക്സ്കൂൾ മാതൃകയിൽ പെൺകുട്ടികൾക്കായി തിരുവനന്തപുരത്തും, ആൺകുട്ടികൾക്കായി വയനാട്ടിലും ഓരോ റസിഡൻഷ്യൽ സ്കൂളുകൾ നടത്തിവരുന്നു. കുട്ടികളുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

*4. ക്ഷേത്രപ്രവേശന വിളംബരസ്മാരക സ്കോളർഷിപ്പ്*

വർഷംതോറും ആഘോഷിക്കുന്ന ക്ഷേത്രപ്രവേശന വിളംബരസ്മാരകത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി, മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ പരീക്ഷകളിൽ ഒന്നാം ക്ലാസോടെ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ബഹു. മുഖ്യമന്ത്രിയുടേതുൾപ്പെടെ 5 ൽപ്പരം സ്കോളർഷിപ്പുകൾ ഈ ഇനത്തിൽ നൽകുന്നുണ്ട്.

*5. സ്പോർട്സ് ഹോസ്റ്റലുകൾ*

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായികരംഗത്ത് അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിപ്രകാരം തിരുവനന്തപുരത്ത് ആൺകുട്ടികൾക്കായും പെൺകുട്ടികൾക്കായും ഓരോ സ്പോർട്സ് ഹോസ്റ്റലുകൾ നടത്തിവരുന്നു. അവരവർക്ക്

പ്രാവീണ്യമുള്ള മേഖലകളിൽ പ്രത്യേകം പരിശീലനം നൽകുവാനുള്ള ഏർപ്പാടുകളും നിലവിലുണ്ട്.

6. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ

വകുപ്പിന്റെ നിയന്ത്രണത്തിൽ 41 ഐ.റ്റി.സി. കൾ പ്രവർത്തിച്ചുവരുന്നു. എൻ.സി.വി.റ്റി. അംഗീകാരമുള്ള മെക്കാനിക് റേഡിയോ, ടെലിവിഷൻ, ഇലക്ട്രോണിക് മെക്കാനിക്, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പെയിന്റിംഗ്, പ്ലംബ്ബർ, വെൽഡർ, കാർപ്പെന്റർ, കട്ടിംഗ് ആന്റ് ടെയിലറിംഗ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിവരുന്നു.

*7. കമ്മ്യൂണിറ്റി ഹാൾ*

പട്ടികജാതിക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിൽ പൊതുസൗകര്യങ്ങളായ കമ്മ്യൂണിറ്റിഹാൾ, റേഡിയോ ടെലിവിഷൻ, കിയോസ്ക് എന്നി നിർമ്മിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു.

7. ജില്ലാ കളക്ടർമാർ മുഖേന നടത്തുന്ന പദ്ധതികൾ

*1. പ്രത്യേക ഘടകപദ്ധതി*

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക പട്ടികജാതിക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി മാത്രം നീക്കി വച്ചിരിക്കുന്നു. വിവിധ വികസന വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട്, റോഡ്, വൈദ്യുതി, കുടിവെള്ളം, മണ്ണ്സംരക്ഷണം, കൃഷി, വ്യവസായം, സഹകരണസംഘങ്ങൾ, ചെറുകിട ജലസേചനം, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭവനനിർമ്മാണം തുടങ്ങി വിവിധ വികസനപ്രവർത്തനങ്ങൾ പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന സങ്കേതങ്ങളിൽ നടത്തിവരുന്നു. ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇത്തരം വികസനപദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്നത്.

7. മേൽ വ്യക്തമാക്കിയ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് പുറമേ സാമൂഹ്യസുരക്ഷിതത്വം ഉറപ്പിലാക്കു ന്നതിലേക്കായി

1. പൗരാവകാശ സംരക്ഷണനിയമം 1955
2. പാവപ്പെട്ടവർക്ക് നിയമസഹായപദ്ധതി
3. അതിക്രമങ്ങൾതടയുന്നതിനുള്ള നിയമം 1989
4. അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമപ്രകാരധനസഹായപദ്ധതി
5. നിർമ്മാണത്തിലിരിക്കുന്ന തിരുവനന്തപുരത്തെ പോസ്റ്റൽ കോംപ്ലക്സ്
6. കോളേജ്തല വിദ്യാഭ്യാസത്തിന് പ്രത്യേക സംവരണം (ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 15 ശതമാനവും പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതികസ്ഥാപനങ്ങളിൽ 8 ശതമാനം) നൽകുന്ന പദ്ധതി.
7. അംഗീകൃത പ്രൈവറ്റ് ഹോസ്റ്റലുകളിൽ (കോളേജ്തലത്തിലും പുറമേയും) താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് അല്ലെങ്കിൽ ലോഡ്ജിംഗ് ധനസഹായപദ്ധതി
8. സംസ്ഥാനത്തെ എല്ലാ പാരലൽ കോളേജിലും പഠിക്കുന്ന പട്ടികജാതി മറ്റർഹസമുദായങ്ങളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന പദ്ധതി
9. നാടൻകലാമേള, സാഹിത്യശില്പശാല, വികാസ് എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ പട്ടികജാതി വികസനവകുപ്പ് മുഖേനയും ജില്ലാ കളക്ടർമാർ മുഖേനയും നടപ്പിലാക്കി വരുന്നു.

## വെളിയം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വാർഡ്നമ്പർ | കോളനികൾ | കുടുംബങ്ങളുടെ എണ്ണം | ലഭിച്ചിട്ടുള്ള വീടുകളുടെ എണ്ണം | വീടില്ലാത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 1 | കുടവട്ടൂർലക്ഷംവീട് | 20 | 20 | ഇല്ല |
| 2 | 1 | പനച്ചക്കൽ | 10 | 4 | 6 |
| 3 | 1 | പോളച്ചിറ | 25 | 5 | 20 |
| 4 | 1 | കുടവട്ടൂർ വേടർകോളനി | 20 | 5 | 15 |
| 5 | 1 | മുള്ളൻപാറ | 11 | 7 | 4 |
| 6 | 2 | ചെറുകരക്കോണം | 30 | 10 | 20 |
| 7 | 2 | പൊങ്ങുവിള | 40 | 10 | 30 |
| 8 | 2 | മുട്ടറ വേടർകോളനി | 40 | 24 | 10 |
| 9 | 3 | മണികണ്ഠേശ്വരം | 30 | 10 | 10 |
| 10 | 3 | മുട്ടറ | 22 | 19 | 2 |
| 11 | 3 | പുവൻവിള | 12 | 3 | 7 |
| 12 | 3 | മുണ്ടാംമൂട് | 25 | 2 | 15 |
| 13 | 3 | ആക്കെകോണം | 20 | 10 | 10 |
| 14 | 4 | അറവലക്കുഴി | 30 | 5 | 15 |
| 15 | 5 | നടുക്കുന്ന് | 10 | 5 | 3 |
| 16 | 5 | തുദിയൂർ | 27 | 13 | 12 |
| 17 | 5 | മേലേവിള | 6 | 2 | 3 |
| 18 | 5 | മാത്തിക്കോണം | 5 | 2 | 3 |
| 19 | 7 | പരുത്തിയറ (ഐ.എച്ച്.ഡി.പി.) | 250 | 43 | 70 |
| 20 | 8 | ഞായപ്പള്ളി | 12 | 2 | 10 |
| 21 | 8 | പുതുവീട് | 10 | 5 | 4 |
| 22 | 8 | കോട്ടേക്കോണം | 45 | 3 | 22 |
| 23 | 8 | കായില കുറവർകോളനി | 15 | 10 | 5 |
| 24 | 9 | മേമംഗലം ഐ.എച്ച്.ഡി.പി. | 35 | 17 | ഇല്ല |
| 25 | 9 | മറവൻകോട് മിച്ചഭൂമി | 45 | 2 | 40 |
| 26 | 9 | മാലയിൽ വേടർകോളനി | 18 | 5 | 4 |
| 27 | 10 | നിരപ്പുവിള | 15 | 7 | 5 |
| 28 | 11 | അയണിക്കോട് ലക്ഷംവീട് | 20 | 20 | ഇല്ല |
| ആകെ | | | | 201 | 344 |

കോളനികളിലല്ലാതെ 1994 - 95 മുതൽ മേൽപ്പട്ടികയിൽ പറഞ്ഞിട്ടുള്ളതിനു പുറമേ നമ്മുടെ പഞ്ചായത്തിൽ 149 വീടുകൾ ജവഹർ റോസ്കാർ യോജന പദ്ധതികളിൽ നൽകിയിട്ടുണ്ട്. അതിൽ 30 വീടുകൾ കൃഷിഭവനിൽ നിന്നും ഫാം ഹൗസ് പരിപാടി പ്രകാരവും 40 വീടുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ളതാണ്. കൂടാതെ പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പയിലും സബ്സിഡി നൽകുന്ന പദ്ധതിയിലും ഹരിജനക്ഷേമ വകുപ്പിന്റെ സൗജന്യഭവനദാന പദ്ധതിയിലുംപെടുത്തി ധാരാളംപേർക്ക് വീട് നൽകിയിട്ടുണ്ട്.

ഇപ്പോൾ ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ 40 ശതമാനം പട്ടികേതര ദുർബ്ബല വിഭാഗങ്ങൾക്കും അനുവദിക്കുന്നുണ്ട്.

ദശലക്ഷം കിണർപദ്ധതി പ്രകാരം വെളിയം പഞ്ചായത്തിൽ നൽകിയ സഹായം സംബന്ധിച്ച പട്ടിക ചുവടെച്ചേർക്കുന്നു. തുടർന്ന് വിശദീകരണം നൽകിയിട്ടുണ്ട്.

പട്ടിക 2

| സഹായം നൽകിയ വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1990 - 91 | 24 | 216000 |
| 1991 - 92 | 72 | 578000 |
| 1992 - 93 | 27 | 234000 |
| 1993 - 94 | ഇല്ല | ഇല്ല |
| 1994 - 95 | 13 | 117000 |
| 1995 - 96 | 5 | 45000 |
| | ആകെ | 11190000.00 |

## *മില്യൻ വെൽസ് സ്കീം*

കേന്ദ്ര ആവിഷ്കൃതപദ്ധതിയായ ജെ.ആർ.വൈ. പദ്ധതിയാണ് മില്ല്യവെൽ പദ്ധതി. ദശലക്ഷം കിണർ പദ്ധതി എന്നാണ് പൂർണ്ണമായും പേര്. ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള ദുർബ്ബലജനവിഭാഗങ്ങൾക്ക് കൃഷി ആവശ്യത്തിന് സൗജന്യമായി ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ്. ബ്ലോക്ക് ഓഫീസ് മുഖേനയാണ് സഹായം നൽകുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷം മില്യൻവെൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്താണ്. കിണർ കുഴിക്കുന്നതിനും കുളം കുഴിക്കുന്നതിനുമാണ് സഹായം നൽകുന്നത്. ചെലവാകുന്ന മുഴുവൻതുക പി.ഡബ്ള്യു.ഡി. റേറ്റിൽ ബ്ലോക്ക് എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തുന്ന തുകമുഴുവനും ഗുണഭോക്താക്കൾക്ക് ലഭിക്കും. 1995 96 വരെ കേരളത്തിൽ പട്ടികജാതിക്കാർക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിരുന്നത്. ഇപ്പോൾ ഗുണഭോക്താക്കളുടെ മൂന്നിലൊന്ന്ഭാഗം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്കും കിട്ടുന്നുണ്ട്. ഭവന നിർമ്മാണം, മില്യൻവെൽ എന്നിവയ്ക്ക് പുറമേ ബ്ലോക്കിൽ നിന്നും സിഡി. സ്കീമിൽ കക്കൂസും, കക്കൂസും കുളിമുറിയും നിർമ്മിക്കുന്നതിനും സി.ആർ.എസ്.പി. പദ്ധതി പ്രകാരം ഇരട്ടകുഴിയുള്ള ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിക്കുന്നതിന് ഒരു കക്കൂസിന് 2000 രൂപ എന്ന ക്രമത്തിലും നൽകി വരുന്നു. എസ്.സി.പി. പദ്ധതിയുലുൾപ്പെടുത്തി കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം നമ്മുടെ പഞ്ചായത്തിലെ ധാരാളം പട്ടിക ജാതിക്കാർക്ക് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും കക്കൂസ് നിർമ്മിക്കുന്നതിന് പട്ടികജാതിക്കാർക്ക് സഹായം നൽകിയിട്ടുണ്ട്. പട്ടികജാതി കുട്ടികളുടെ വിദ്യാഭ്യാസത്തിന് ലെംസംഗ്രാന്റ്, സ്റ്റൈഫെന്റ്, ഹോസ്റ്റൽഫീ, സീറ്റ് റിസർവേഷൻ തുടങ്ങി അനവധി ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

കൃഷിഭവനിൽ നിന്ന് വാട്ടർഷെഡ്, എസ്.സി.പി. തുടങ്ങി വിവിധ പദ്ധതികളിൽ തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും വളം, വൃക്ഷതൈ
എന്നിവ വിതരണം ചെയ്യുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്.

ബ്ലോക്കിൽ നിന്നും ഐ.ആർ.ഡി.പി., ഡി.ഡബ്ല്യു.സി.ആർ.എ., ട്രൈസം എന്നീ പദ്ധതികളിൽ 50 ശതമാനം പട്ടികജാതിക്കാർക്ക് മാത്രം നീക്കിവച്ചിട്ടുണ്ട്.

ജെ.ആർ.വൈ. ചെലവഴിക്കുന്ന തുകയുടെ 50 ശതമാനത്തിന്റെ ഗുണഭോക്താക്കൾ പട്ടികജാതിക്കാർക്കായിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

### *പ്രശ്നങ്ങൾ*

പട്ടികജാതി വികസനവകുപ്പ് നടത്തിയ പദ്ധതികൾ ഒന്നും ലക്ഷ്യം കൈവരിക്കുകയോ കോടിക്കണക്കിന് കേന്ദ്രവിഹിതം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. വഞ്ചി വീണ്ടും തിരുനക്കരയ്ക്ക് തന്നെ. വിവിധ പദ്ധതികൾ പാളിപ്പോകുന്നുനെന്നതുകൊണ്ട് ചർച്ചയിൽ പൊന്തിവന്ന പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു.

1. ദാരിദ്ര്യം

കുടുംബത്തിന്റെ ദാരിദ്ര്യവും പ്രാരാബ്ധവും ഏറ്റെടുക്കുന്ന പദ്ധതികളുടെ പരാജയത്തിന് കാരണമാകുന്നു.

2. പാർപ്പിടം

സ്വന്തമായി പാർപ്പിടമില്ല, ഭൂമിയില്ല, വിവിധ പദ്ധതികളിൽ വീടുവയ്ക്കുന്നതിന് അനുവദിക്കുന്ന തുക പര്യാപ്തമല്ല. സർക്കാർ സഹായം സ്വീകരിച്ചിട്ട് വീട് പൂർത്തീകരിക്കാൻ കഴിയാതെ ഉള്ള കുടിലും നഷ്ടപ്പെട്ട് തെരുവാധാരമാകുന്നവരും കൂട്ടത്തിലുണ്ട്. വിവിധതരം ചൂഷണത്തിന് ഇരയാകുന്നതുമൂലവും ഇങ്ങനെ

സംഭവിക്കുന്നുണ്ട്.

3. വിദ്യാഭ്യാസം

ഇവിടെയും ദാരിദ്ര്യ പ്രശ്നമാണ്. പഠിക്കാൻപോകുന്നതിനുപകരം പണിയെടുത്ത് കുടുംബം പോറ്റേണ്ട സ്ഥിതിയും വന്ന് ഭവിക്കുന്നു. വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളുടെ കുറവും കാരണങ്ങളായി ഭവിക്കുന്നു.

4. പരിസരശുചിത്വം

പരിസരശുചീകരണത്തിന്റെ കുറവ് അനാരോഗ്യവും പകർച്ചവ്യാധികളും സമ്മാനിക്കുന്നു. കുടിവെള്ളം തുടങ്ങിയ അത്യാവശ്യസൗകര്യങ്ങൾപോലും ലഭിക്കുന്നില്ല.

5. തൊഴിലില്ലായ്മ

വരുമാനക്കുറവ് ഭദ്രതയില്ലാത്ത കുടുംബത്തെയും അനുബന്ധ വിഷയങ്ങൾക്കും കാരണമാകുന്നു.

6. പ്രാഥമിക വിദ്യാഭ്യാസം

സമ്പന്നവിഭാഗം എൽ.കെ.ജി., യു.കെ.ജി. പോലെ ചെലവേറിയ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ അനുഭവിക്കുന്നു. പട്ടിക ജാതിക്കാർ പിൻതള്ളപ്പെടുന്നു.

7. സംസ്കാരികം

പരമ്പരാഗതമായി വൃക്ഷാരാധനയുൾപ്പെടെ പല അന്ധവിശ്വാസങ്ങളും വച്ചു പുലർത്തുന്നു.

8. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റേയും തന്മൂലം തൊഴിൽ വൈദഗ്ധ്യക്കുറവും പട്ടികജാതിക്കാരെ നേരിടുന്നു.

9. വിവിധ മേഖലകളിൽ ചൂഷണം ചെയ്യപ്പെടുന്നു.

10. സാമൂഹികമായ ഉച്ചനീചത്വങ്ങൾമൂലം അനുഭവിക്കുന്ന പലപ്രശ്നങ്ങളും അനുഭവിക്കുന്നു.

നിർദ്ദേശങ്ങൾ സാധ്യതകൾ

1. ഭൂരഹിതരുടെ ഭവനനിർമ്മാണത്തിനും മറ്റുള്ളവരുടെ ഭവനനിർമ്മാണത്തിനും അനുവദിക്കുന്ന തുക 35000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

2. കുടിവെള്ളപദ്ധതികൾ നടപ്പിലാക്കണം. മാലയിൽ വാർഡിൽ പണിനിശ്ചലാവസ്ഥയിലായിട്ടുള്ള കുടിവെള്ള പദ്ധതിയും ജലസേചനപദ്ധതിയും പൂർത്തീകരിക്കുക.

3. വഴിയില്ലാത്തവർക്ക് വഴി ലഭ്യമാക്കുന്നതിന് തീവ്രയത്നശ്രമദാനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

4. തൊഴിൽദാനപദ്ധതികളായ ഐ.ആർ.ഡി.പി., ഡി.ഡബ്ല്യു.സി.ആർ.എ., ട്രൈസം പരിപാടികൾ കൂടുതൻ ഫലവത്താക്കാൻ എല്ലാവിധ ശ്രദ്ധയും നൽകണം.

5. വിവിധ സർക്കാർ സഹായങ്ങളെക്കുറിച്ച് അവബോധം നൽകുന്ന ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കണം.

6. ലക്ഷ്യബോധവും ആത്മവിശ്വസവും നൽകുന്ന വിജ്ഞാനവ്യാപന സെമിനാറുകളും ക്യാമ്പുകളും പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

7. പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ സംവിധാനം നിർബന്ധമായി കോളനികൾ കേന്ദ്രീകരിച്ച് ഏർപ്പെടുത്തണം.

8. കായിക പരിശീലനത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും തെരഞ്ഞെടുത്ത പട്ടികജാതി കുട്ടികൾക്ക് കായികപരിശീലനത്തിന് സാമ്പത്തിക സഹായം നൽകണം.

9. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് വായനശാലകൾ, റ്റി.വി.കിയോസ്ക്, ആഗ്രോസെന്റർ എന്നിവ ആരംഭിക്കണം. വെളിയം, പരുത്തിയറ കോളനി പ്രവർത്തിച്ചിരുന്ന വായനശാല വക ഒന്നര സെന്റ് സ്ഥലത്ത് കെട്ടിടം പണികഴിപ്പിക്കുക.

10. പട്ടികജാതി വികസന വകുപ്പിന്റെ വാടകകെട്ടടത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളിന് കോളനി ജംഗ്ഷനിൽ പൊതു കിണറിനോട് അനുബന്ധിച്ചുള്ള സർക്കാർ ഭൂമിയിൽ കെട്ടിടം പണി നടത്തുക.

11. പട്ടികജാതി വികസന വകുപ്പിന്റെ ചുമതലയിൽ പരുത്തിയറ കോളനിയിലോ മറ്റ് കോളനികളിലോ ഐ.റ്റി.സി, പോളിടെക്നിക് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നത് പ്രയോജനപ്രദമായിരിക്കും.

12. പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വ്യവസായ സമൂഹങ്ങൾ തുടങ്ങാവുന്നതാണ്.

13. പട്ടികജാതി കോളനികളിൽ ജെ.ആർ.വൈ. പദ്ധതി പ്രകാരം വർക്ക്ഷെഡ്ഡുകൾ തുടങ്ങുന്നതിന് സ്വയം തൊഴിൽ ചെയ്യുന്നതിന് സഹായകകരമായിരിക്കും.

14. എല്ലാ പട്ടികജാതികുടുംബങ്ങളിലും പച്ചക്കറി തോട്ടം തുടങ്ങാവുന്നതാണ്. കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുക.

പട്ടികജാതി ക്ഷേമപരിപാടികളിൽ ഗുണപരമായ ലക്ഷ്യം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ജനകീയസമിതികളും നിതാന്ത ജാഗ്രത പുലർത്തുമെങ്കിൽ പട്ടികജാതി ക്ഷേമം ഉറപ്പാക്കാം.



മാലയിൽ വേടർകോളനി റോഡ്
എം.പി. ഫണ്ടിൽ നിന്നും പണി നടന്നു വരുന്നു.

# വിഭവസമാഹരണം

സാമ്പത്തിക വിഭവലഭ്യതയും ഭൂവിഭവസ്രോതസും പരമാവധി തിട്ടപ്പെടുത്തി ഒരു പദ്ധതി നിർദ്ദേശത്തിലേയ്ക്ക് കടന്നുകയറുവാനുള്ള പരിശ്രമമാണ് ഈ റിപ്പോർട്ടുകളിലൂടെയും ചർച്ചയിലൂടെയും നമുക്ക് സാധിക്കേണ്ടത്.

ഭൂവിഭവങ്ങളായ മനുഷ്യൻ, മണ്ണ്, ജലം, മൃഗങ്ങൾ, സസ്യങ്ങൾ, പാറകൾ എന്നിവയുടെ കിട്ടാവുന്നത്ര വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ പലഭാഗത്തും ചേർത്തിട്ടുണ്ടല്ലോ. വെളിയം പടിഞ്ഞാറ്റിൻകരയിലെ പാറയാണ് കൊല്ലത്തെ തുറമുഖനിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നത്. അറബിക്കടലിൽനിന്നും കേരളക്കരയെ കാത്തുസൂക്ഷിക്കുക എന്നതിനുപരി ഈ വിഭവസമ്പത്ത് ഉപയോഗിച്ച് വിദേശനാണ്യം തന്നെ നേടാൻ കഴിയുന്ന ഗ്രാനൈറ്റ് വ്യവസായം പോലുള്ള മേഖലയ്ക്കും വൻസാദ്ധ്യതകൾ ഒരുക്കുന്നു. കല്ലട പദ്ധതി വിവക്ഷിക്കുന്ന ജലവിതരണശൃംഖല പൂർണ്ണമാകുമ്പോൾ ജലവിഭവശേഷി മറ്റൊരു കാർഷികവിപ്ലവത്തിന് പഞ്ചായത്ത് പ്രദേശത്ത് കളമൊരുക്കുമെന്ന് തറപ്പിച്ചു പറയുവാൻ കഴിയും.

മനുഷ്യസമ്പത്തും മറ്റ് വിഭവസമ്പത്തും പരമാവധി ചൂഷണം ചെയ്യുന്നതിന് ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. ഇവിടെ വളരെ പ്രസ്താവ്യമായ ഒരു ചർച്ചാവിഷയം മനുഷ്യാധ്വാനശേഷിയുടെ പകുതിയലധികവും വ്യക്തിയ്ക്കും സമൂഹത്തിനും ഒരു പ്രയോജനവുമില്ലാതെ പാഴാവുകയാണ്. ഈ രംഗത്ത് ആഴത്തിലുള്ള വിചിന്തനവും ബോധപൂർവ്വമായ പരിവർത്തനത്തിന് തലമുറയെ പരിപക്വപ്പെടുത്തിയാൽ മാത്രമേ ഇനി മുന്നോട്ട് ഒരിഞ്ച് നീങ്ങാൻ നമുക്ക് കഴിയൂ. സർക്കാരുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിഹിതം എവിടെ എന്ന വികസന സങ്കൽപ്പം കരാറുകാരുടെ സ്വാധീനവലയത്തിൽ വികസനപ്രക്രിയയെ കൊണ്ടെത്തിച്ചുവെന്നു പറഞ്ഞാൽ നിഷേധിക്കുവാൻ കഴിയില്ല.

ഇവിടെ പ്രാദേശിക വികസന കാര്യങ്ങളിൽ ഗുണഭോക്താവിന് ഉണ്ടാകാവുന്ന വികാരപരമായ ആഭിമുഖ്യം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി നിർവ്വഹണചുമതല കരാറുകാരന് പകരം ഏറ്റവും മുന്തിയ ആവശ്യക്കാരനെയോ ഗ്രൂപ്പിനേയോ ഏൽപ്പിക്കുക എന്നതാണ് സന്നദ്ധസേവന തൽപ്പരതയും പൊതുജനസംഭാവനയും സ്വരൂപിച്ച് പദ്ധതി നിർവ്വഹണത്തിന് വകകൊള്ളിക്കുന്ന സർക്കാർ വിഹിതത്തിന് തുല്യമോ ഇരട്ടിയോ ലക്ഷ്യം നേടാൻ കഴിയുന്ന മാർഗ്ഗം. അത്തരമൊരു രാജ്യസ്നേഹപരമായ വികസനസംസ്കാരം നമുക്ക് എത്തിപ്പിടിക്കാൻ കഴിയില്ല.

**പഞ്ചായത്തിന്റെ തനത് വിഭവശേഷി**

(വരവ് വിവരങ്ങൾ 1995 96)

| | |
|---|---|
| 1. കെട്ടിടനികുതി | 2,09,378.60 |
| 2. തൊഴിൽ നികുതി | 1,67,815.00 |
| 3. വിനോദനികുതി | 60,077.00 |
| 4. നികുതിയേതര വരുമാനം | 5,04,557.00 |
| 5. സംസ്ഥാനനികുതി വിഹിതം | 86,618.00 |
| 6. അൺടൈഡ്ഫണ്ട് 1995 | 3,03,750.00 |
| 7. ജവഹർതൊഴിൽ ധാന പദ്ധതി | 6,13,053.00 |
| 8. ഡെപ്പോസിറ്റുകൾ | 16,300.00 |
| ആകെ | 19,61,548.60 |

**വിഭവവിനിയോഗക്രമം (ചെലവ്)**

| | |
|---|---|
| 1. എസ്റ്റാബ്ലിഷൻ | 4,86,001 |
| 2. വൈദ്യുതി | 1,06,376 |
| 3. പ്രസിഡന്റ്, മെമ്പേഴ്സ്, സ്റ്റാഫ് | 75102 |
| 4. വിദ്യാഭ്യാസം | 6,324 |
| 5. കടം തിരിച്ചടവ് (ആർ.ഡി.ബി.) | 3,64,679 |
| 6. പൊതുമരാമത്ത് | 30,000 |
| 7. സാമൂഹ്യക്ഷേമം | 34,152 |
| 8. തപാൽ, ഫോൺ | 24838 |
| 9. തെരഞ്ഞെടുപ്പ് | 9,716 |
| 10. മറ്റ് ചെലവുകൾ | 12,103 |
| 11. ജെ.ആർ.വൈ. | 4,27,083 |
| 12. അൺടൈഡ് | 2,92,370 |
| ജെ.ആർ.വൈ അൺടൈഡ് സ്കീമിന്റെ ചെലവ് 1654613 | |

## 1989 ൽ ആരംഭിച്ച ജവഹർ തൊഴിദാന പദ്ധതി വെളിയം പഞ്ചായത്ത്

| Year | Opening Balanace | Receipt | Total | Payment | Closing Balance |
|---|---|---|---|---|---|
| 1989 - 90 | | 5,45,000 | 5,45,000 | 2,94,925 | 2,50,075 |
| 1990 - 91 | 2,50,075 | 4,98,489 | 7,48,564 | 3,55,530 | 3,93,034 |
| 1991 - 92 | 3,93,034 | 5,03,610 | 8,96,644 | 7,56,298 | 1,40,466 |
| 1992 - 93 | 1,40,446 | 5,61,664 | 7,02,110 | 5,31,314 | 1,70,796 |
| 1993 - 94 | 1,70,796 | 5,25,008 | 6,95,804 | 6,46,481 | 49,323 |
| 1994 - 95 | 49,323 | 4,23,190 | 4,72,513 | 1,96,752 | 2,75,761 |
| 1995 - 96 | 2,75,761 | 3,37,292 | 6,13,053 | 4,27,083 | 1,85,970 |

J.R.Y. '93 - '94 വർഷത്തിൽ അഡ്വാൻസ് പേമെന്റ് ചെയ്തിട്ട് പണിചെയ്യാൻ കഴിയാത്ത
**Rs. 70,000/- = 18%** പലിശ ചേർത്ത് വരുംവർഷങ്ങളിൽ മടക്കി കിട്ടേണ്ടതായിട്ടുണ്ട്.
**1991 - 92** ലും 9000 രൂപ ഈ ഇനത്തിൽപ്പെട്ടിട്ടുണ്ട്

## അൺടൈഡ് ഗ്രാന്റ് അവസാനത്തെ അഞ്ച് വർഷത്തെ നിരക്ക്

| 1. ജനറൽ സെക്ഷൻ | | | | എസ്.ഡി.പി. സെക്ഷൻ | | |
|---|---|---|---|---|---|---|
| വർഷം | അനുവദിച്ചതുക | ചെലവായ തുക | ബാക്കി | അനുവദിച്ച തുക | ചെലവായ തുക | ബാക്കി |
| 1990 91 | 2,44,000 | 2,44,000 | ഇല്ല | 50,000 | 50,000 | ഇല്ല |
| 1991 92 | 1,30,000 | 1,30,000 | ഇല്ല | 61,250 | 20,000 | 41,250 |
| 1992 93 | 1,32,500 | 49,989 | 82,511 | 66,650 | 58,565 | 8,085 |
| 1993 94 | 1,22,280 | 1,19,591 | 2,689 | 83,300 | ഇല്ല | 83,300 |
| 1994 95 | 1,89,850 | 1,89,850 | ഇല്ല | 95,380 | 84,000 | 11,350 |
| 1995 96 | 1,70,870 | 34,575 | 1,36,295 | 1,35,000 | 1,21,500 | 13,500 |

*തൊഴിൽ നികുതി*

തൊഴിൽ നികുതിയിൽ 80 ശതമാനവും പഞ്ചായത്ത് പ്രദേശത്ത് ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്. എന്നാൽ സ്വകാര്യ മേഖലയിലെ തൊഴിൽ സംരംഭകരാണ് മൃഗീയപങ്ക് സമ്പത്തും കയ്യാളുന്നത്. ഇവിടെ ഒരു സമഭാവന കൈവരിക്കാൻ നിയമം വഴികാണുമെങ്കിൽ ഇന്നുള്ള 167815 രൂപ എന്നത് ഇരട്ടിയോ അതിലധികമോ ആക്കാൻ കഴിയും. ലക്ഷങ്ങൾ നേടുന്നവരിൽ നിന്ന് ചില്ലറകൾ നികുതി ചുമത്തുന്നതു വഴി പാവപ്പെട്ടവനും നാടിനും വികസനമെത്തിക്കാൻ കഴിയുമ്പോൾ തികച്ചും അഭികാമ്യമല്ലേ ?.

*കെട്ടിടനികുതി*

ഇന്നുള്ള വീടുകളിൽ 70 ശതമാനം വരെ നികുതി ചുമത്തുന്നവയായുണ്ട്. 5 വർഷത്തിലൊരിക്കൽ 25 ശതമാനം വർദ്ധനവാണ് ഇന്ന് ഏർപ്പെടുത്തിവരുന്നത്. കൂടുതൽ നികുതി ചുമത്തുന്നത് ജനാധിപത്യഭരണക്രമത്തിൽ പലപ്പോഴും ബുദ്ധിമുട്ടാണ്. ബിൽഡിംഗ് റൂൾസ് ഇതുവരെയും നടപ്പിലാക്കിയിട്ടുമില്ല. ഇവിടെ വിദേശമലയാളികളും നാടൻ സമ്പന്നരും ഉയർത്തുന്ന താജ്മഹാൾ സംസ്കാരം നമ്മുടെ സാമ്പത്തിക വിഭവത്തിന്റെ പ്രത്യുൽപ്പാദനപരമായ വിനിയോഗത്തിനുപകരം ഡെഡ് ഡിപ്പോസിറ്റുകളാക്കി മാറ്റുന്ന പ്രവണതയാണ് ഇന്ന് കാണുന്നത്. ലക്ഷങ്ങൾ കുഴിച്ചുമൂടുന്ന പ്രവണത തടയാനും ആ രംഗത്ത് പിഴ ഈടാക്കാനും കഴിയുന്ന ഒരു നടപടി പഞ്ചായത്തിന്റെ തനത് വിഭവശേഷി വർദ്ധിപ്പിക്കാൻ ഉപകരിക്കും.

*വിനോദനികുതി*

രണ്ട് സിനിമാ ശാലകളിൽ നിന്നുള്ള 60,077 രൂപയാണ് പ്രധാനമായി ഈ രംഗതത് വരുമാനം. വീഡിയോ വിഷന്റെ സ്വാധീനം വിനോദനികുതി വരുമനാത്തെ ബാധിക്കുന്നതിന് പരിഹാരം കാണേണ്ടതുണ്ട്. സ്വകാര്യവീഡിയോ ലൈസൻസ് ചുമത്താവുന്നതാണൊന്ന് ആലോചിക്കണം. അൺടൈഡ് ഫണ്ട്, ജവഹർ റോസ്കാർയോജന, വിവിധ ഗ്രാന്റുകൾ എന്നിവ വഴിഏറ്റെടുത്തിട്ടുള്ള മരാമത്തുപ്രവർത്തനങ്ങളുടെ നിർവഹണത്തിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ക്രമക്കേടുകൾ ഒഴിവാക്കിയാൽ ആ രംഗത്തെ നേട്ടം വളരെ വലുതായിരിക്കും. ഓരോ സ്കീമിന്റേയും എസ്റ്റിമേറ്റും, ചെലവും അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതുൾപ്പെടെ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യത ഉയർത്തിപിടിക്കാൻ സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസന താൽപ്പര്യം വളർത്തുവാനും സന്നദ്ധസേവനത്തിലൂടെ, ഒരു സന്നദ്ധ സംസ്കാരത്തിനു തന്നെ വിത്തുപാകാനും കഴിയും. അധികനികുതി സമാഹരണത്തിന് പാറലേലം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുന്നത് റവന്യൂ വകുപ്പ് നിർവ്വഹിക്കുന്നതിനേക്കാൾ സുതാര്യതവും ആദായകരവുമായിരിക്കുകയും ചെയ്യും. ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ സൂചനകൾ അനുസരിച്ച് കേരളത്തിന്റെ പദ്ധതി വിഹിതം 11,000 കോടി രൂപയായും 1997 98 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി വിവിഹതം 960 കോടിരൂപ ത്രിതല പഞ്ചായത്തുകൾക്ക് ലഭിച്ചു. പഞ്ചായത്തിന് 57.6 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 80.5 ലക്ഷത്തിൽ കുറഞ്ഞത് 16 ലക്ഷേ രൂപയുടെ ആളോഹരി വിഹിതവും ജില്ലാപഞ്ചായത്തിന്റെ പദ്ധതി കൂടാതെ തന്നെ ഏതാണ്ട് 75 ലക്ഷം രൂപാ വരെ പ്രതീക്ഷിക്കാം. അധികാരവികേന്ദ്രീക രണത്തിലൂടെ രൂപംകൊണ്ട് പഞ്ചായത്ത്രാജ് വിവക്ഷിക്കുന്ന ഭാരിച്ച അധിക ചുമതലയെടുക്കേണ്ടി വരുന്നുവെങ്കിലും പദ്ധതി വിഹിതം ജന പങ്കാളിത്വത്തോടുകൂടി നിർവഹിക്കപ്പെടുന്ന ഒരു സാഹചര്യം സംജാതമാകുന്നത് ജനകീയാസൂത്രപ്രസ്ഥാനത്തെ ചരിത്രത്തിന്റെ താളുകളിലേയ്ക്ക് ആലേഖനം ചെയ്യപ്പെടുന്നതിന് യോഗ്യമാക്കും.









# ഉപസംഹാരം

"ഒമ്പതാംപദ്ധതി"
ജനകീയ പദ്ധതി"

"അധികാരം ജനങ്ങളിലേക്ക്" എന്ന വികസനപ്രക്രിയയുടെ തുടക്കം കുറിക്കുക മാത്രമാണ് നമ്മൾ ഇതുവരെ ചെയ്തിട്ടുള്ളത്. ഏറ്റവും നിർണ്ണായകമായ പദ്ധതി ആസൂത്രണവും നിർവ്വഹണവുമാണ് അടുത്ത രണ്ട് ഘട്ടങ്ങൾ. രാജ്യത്തിനാകെ മാതൃകയാകേണ്ട ഈ സംരംഭം സാധിതപ്രായമാക്കാൻ ബഹുദൂരം ഇനിയും നാം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഈ ചങ്ങലയിലെ കണ്ണികളാകാൻ എല്ലാ രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, സന്നദ്ധസംഘടനകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മ ഒരു പുത്തൻ പ്രതീക്ഷ ജനിപ്പിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചയാത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് എല്ലാവരുടേയും സഹായവും സഹകരണവും ഒരിക്കൽ കൂടി പ്രതീക്ഷിച്ചുകൊണ്ട് സാദരം ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കട്ടെ

ജനകീയാസൂത്രണ സമിതി,
വെളിയം ഗ്രാമപഞ്ചായത്ത്.

000136


SURVEY
MAP OF
VELIYAM PANCHAYAT
ODANAVATTOM VILLAGE BLOCK. 30 PART & 31.
VELIYAM VILLAGE BLOCK 30 PART & 32
KOTTARAKARA VILLAGE
NEDUVATHOOR VILLAGE
Block No.8
KAREEPRA
BLOCK NO. 31
ODANAVATTOM VILLAGE
BLOCK 30 (PART)
BLOCK NO. 32
Block No.24
Block No.25
Block No.29
Block No.7



BLOCK NO.31
Block No.24
Block No.7
Kareepra Village
ODANAVATTOM VILLAGE
Block No.25
KAREEPRA
BLOCK.30 (PART)
Block No.29
BLOCK NO.32
Block No.7
Kareepra Village
VELIYAM VILLAGE
BLOCK.30(PART)
Block No.29
POOYAPPALLY VILLAGE
TO POOYAPPALLY
N. REVEENDRAN ACHARY
F.G.D.